കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്



OFFICE OF THE KIZHAKKOTH GRAMA PANCHAYATH

"സ്വയം പരിവർത്തനം ചെയ്യുന്നത് വരെ ഒരു സമൂഹത്തെയും ദൈവം പരിവർത്തിപ്പിക്കുകയില്ല."

- വിശുദ്ധ ഖുർആൻ

"നീ നിന്നെത്തന്നെ ഉദ്ധരിക്കൂ. സ്വയം അധ:പതിക്കാതിരിക്കൂ. നിന്റെ ബന്ധു നീ തന്നെയാണ് നിന്റെ ശത്രുവും നീ തന്നെ"

- ഭഗവത് ഗീത


"നാം ഒരു മഹത്തായ യജ്ഞത്തിലാണ് എർപ്പെട്ടിരിക്കുന്നത്. പ്രതിജ്ഞ നിറവേറ്റുന്നത് വരെ നമുക്ക് വിശ്രമമില്ല."

- ജവഹർലാൽ നെഹ്രു

134-3

കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്



''നിങ്ങൾ കണ്ടിട്ടുള്ളതിൽ
വെച്ച് ഏറ്റവും ദരിദ്രനായ,
ഏറ്റവും നിസ്സഹായനായ
മനുഷ്യന്റെ മുഖം
സങ്കല്പിച്ചു നോക്കുക.
എന്നിട്ട് നിങ്ങൾ
ചെയ്യാനുദ്ദേശിക്കുന്ന കാര്യം
അയാൾക്ക് എന്തെങ്കിലും
രീതിയിൽ പ്രയോജനപ്പെടുമോ
എന്ന് സ്വയം ചോദിച്ചു
നോക്കുക.''

- ഗാന്ധിജി

☆

''കർമ്മമാണ് ജീവിതം.
കർമരാഹിത്യം മരണമത്രെ''

- ഇഖ്ബാൽ

എഡിറ്റോറിയൽ ബോർഡ്

• •

എഡിറ്റർ:

പി.പി. അബ്ദുറഹിമാൻ മാസ്റ്റർ

• •

സബ് എഡിറ്റർമാർ:

എൻ.കെ. അഹമ്മദ്
കെ.സി.എം. ബഷീർ
സി.സുബൈർ
എം.എസ്. മുഹമ്മദ്
സി. അബൂബക്കർ
പി.സി.എ. സലാം

•

ഡി.ടി.പി & ലേഔട്ട്
സാബ് ഡസ്ക്ക് ടോപ്പ് പബ്ലിഷേർസ്
കോഴിക്കോട് - 673 002.

•

പ്രിൻറിംഗ്
അലിഫ്/ലിബർട്ടി അഡ്വർടൈസേർസ്
& സ്ക്രീൻ ആർട്സ്
കോഴിക്കോട് - 673 002.



താളുകളിൽ.....


1.	ആമുഖം	5
2.	പൊതുവിവരങ്ങൾ	7
3.	സാമൂഹിക സാംസ്കാരിക ചരിത്രം	11
4.	ഭൂപ്രകൃതിയും വിഭവങ്ങളും	13
5.	വികസന മേഖലകൾ	15
5.1.	കൃഷിയും ജലസേചനവും	16
5.2..	മൃഗസംരക്ഷണം	25
5.3.	വ്യവസായം	28
5.4.	വിദ്യാഭ്യാസം	32
5.5.(a)	കുടിവെള്ളം	38
5.5.(b)	ആരോഗ്യം, പരിസരശുചീകരണം	42
5.6.(a)	ഗതാഗതം	44
5.6.(b)	ഊർജ്ജം	55
5.7.(a)	സാമൂഹ്യക്ഷേമം	59
5.7.(b)	ഭവനനിർമ്മാണം	65
5.8.	സംസ്കാരം	68
5.9	വനിതാക്ഷേമം	75
5.10	സഹകരണം	77
5.11	പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം	81
5.12	വിഭവസമാഹരണം	85
6.	ഉപസംഹാരം	87

കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്


ഭരണസമിതി



പി.പി. അബ്ദുറഹിമാൻ മാസ്റ്റർ
പ്രസിഡണ്ട്



പി.കെ.മുഹമ്മൂദ്
വൈ.പ്രസിഡണ്ട്



എം.എ.റസാഖ് മാസ്റ്റർ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ

അംഗങ്ങൾ

എൻ.സി. സുബൈദ
നൗഫിറാ മുഹമ്മദ്
കെ. ആലിമാസ്റ്റർ
സി.ടി. ജമീല
മണ്ണിൽ ചേക്കുഹാജി
എം.എൻ. ലീല
കെ.കെ. ഗോപാലൻ
സി. പോക്കർ മാസ്റ്റർ

1. ആമുഖം

വൈദേശിക ആധിപത്യത്തിലായിരുന്ന ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി പൊരുതിയ സാധാരണക്കാരന്റെ പ്രതീക്ഷയിലുണ്ടായിരുന്നത് സമ്പൽ സമൃദ്ധമായ ഒരു ഭാരതമായിരുന്നു. എന്നാൽ അവന്റെ പ്രതീക്ഷ നാളിതുവരെയായി സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല. എട്ട് പഞ്ചവത്സര പദ്ധതികൾ പിന്നിടുകയും, സ്വതന്ത്ര ഇന്ത്യ അൻപതാം വാർഷികത്തിന്റെ കേളി കൊട്ടിന് കാതോർക്കുകയും ചെയ്യുന്ന ഈ സന്ദർഭത്തിലാണ് ഒമ്പതാം പഞ്ചവത്സര പദ്ധതി കരുപ്പിടിപ്പിക്കാൻ നാം ശ്രമിച്ചു കൊണ്ടിരിക്കുന്നത്. കഴിഞ്ഞുപോയ വർഷങ്ങളത്രയും നിഷ്ഫലമായിപ്പോയെന്നോ എട്ടു പഞ്ചവത്സര പദ്ധതികൾ പരാജയമായിപ്പോയെന്നോ ഇതിനർത്ഥമില്ല. നമ്മോടൊപ്പം സ്വാതന്ത്ര്യം നേടിയ അയൽ രാജ്യമായ പാക്കിസ്ഥാനുമായി താരതമ്യം ചെയ്യുമ്പോൾ നാം ബഹുദൂരം മുന്നിലാണെന്ന് കാണാം. നാം നേടിയ വികസനത്തിന്റെയും അഭിവൃദ്ധിയുടെയും പ്രതിഫലനം സാധാരണക്കാരനിലേക്ക് എത്തിയിട്ടില്ല എന്ന വസ്തുത അംഗീകരിക്കുമ്പോൾ നമ്മുടെ ആസൂത്രണ ശൈലിയെ സംബന്ധിച്ച് ഒരു പുനരാലോചന നടത്താൻ നാം നിർബന്ധിതരായിരിക്കയാണ്. ഈ വൈരുദ്ധ്യത്തിനുള്ള കാരണം നമ്മുടെ പദ്ധതികളത്രയും കേന്ദ്രീകൃതമായി ആസൂത്രണം ചെയ്യപ്പെട്ടതായിരുന്നു എന്നതാണ്. അടിത്തട്ടിലുള്ള സാധാരണക്കാരന്റെ വികാരങ്ങളും ആവശ്യങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള ഒരു ആസൂത്രണത്തിന് മാത്രമേ പൂർണ്ണവിജയം കൈവരിക്കാൻ സാധിക്കുകയുള്ളൂ.

പഞ്ചായത്തിരാജ് സംവിധാനം നിലവിൽ വന്നത് വികേന്ദ്രീകൃത ആസൂത്രണത്തെ സംബന്ധിച്ച് ചിന്തിക്കാൻ നമുക്ക് സൗകര്യം നൽകി. അധികാരങ്ങളും ആസൂത്രണവും താഴെക്കിറങ്ങി വന്നു. പിന്നീട് ജനകീയാവശ്യങ്ങളുടെ ഒരു കൂലംകുത്തിയൊഴുക്കായിരുന്നു വിശേഷാൽ ഗ്രാമസഭകളിൽ നാം കണ്ടത്. ഇവിടെയാണ് ജനകീയാസൂത്രണത്തിന്റെ പ്രസക്തി.

ഒൻപതാം പഞ്ചവത്സര പദ്ധതി ഒരു ജനകീയ പദ്ധതി ആക്കി തീർക്കാനുള്ള പരിശ്രമത്തിലാണ് നാം ഏർപ്പെട്ടിരിക്കുന്നത്. മൊത്തം പദ്ധതി വിഹിതത്തിന്റെ 35- 40 ശതമാനത്തോളം പഞ്ചായത്തുകൾക്ക് നൽകപ്പെടുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാവുകയാണെങ്കിൽ ബഹുജനതാല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന സ്ഥി

തി വിശേഷം വളർന്നു വരും. കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാറുകളിൽ നിന്നു കിട്ടുന്ന വിഹിതവും, പഞ്ചായത്തിന്റെ സ്വന്തം വരുമാനവും എല്ലാം കൂടി വരുമ്പോൾ ഒരു നല്ല സാമ്പത്തിക അടിത്തറ നമുക്ക് ലഭ്യമാവാം.

നികുതി വരുമാനത്തിന്റെ കാര്യത്തിൽ ജില്ലയിൽ തന്നെ ഏറ്റവും പിന്നിൽ നിൽക്കുന്ന ഒന്നാണ് കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത്. ഈ വസ്തുത നമ്മെ അലോസരപ്പെടുത്തുന്നുണ്ട്. ബഹുജന പങ്കാളിത്തം പരമാവധി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞാൽ ഈ വൈകല്യം ഒരളവോളം പരിഹരിക്കാൻ സാധിക്കും.

1995 ഒക്ടോബർ 2 ന് അധികാരത്തിൽ വന്ന ഗ്രാമപഞ്ചായത്തിന് വലിയ നേട്ടങ്ങളൊന്നും ഉണ്ടാക്കാൻ സാധിച്ചു എന്നവകാശപ്പെടുന്നില്ല. മലയോര പഞ്ചായത്തുകൾക്ക് പ്രത്യേക പദ്ധതികളുണ്ട്. സമുദ്രതീര പഞ്ചായത്തുകൾക്കും ഇതുപോലെ ചില ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. പ്രസ്തുത രണ്ടിനത്തിലും പെടാത്തതിനാൽ അത്തരം ആനുകൂല്യങ്ങൾ ഈ പഞ്ചായത്തിന് ലഭിക്കുന്നില്ല. സംസ്ഥാനത്തിലെ ചില പഞ്ചായത്തുകളെ സ്വാശ്രയ പഞ്ചായത്തുകളായി പ്രഖ്യാപിച്ച് പ്രത്യേകാനുകൂല്യങ്ങൾ നൽകുന്ന പദ്ധതി കഴിഞ്ഞകാലത്ത് നിലവിലുണ്ടിയിരുന്നു. പ്രസ്തുത പദ്ധതിയിലും നമ്മുടെ പഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ല.

വ്യവസായ പുരോഗതിയിൽ വളരെ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ ജീവനോപാധി കൃഷിയാണ്. കാർഷിക രംഗത്ത് സമഗ്രമായ ഒരു വികസന പദ്ധതിക്ക് പഞ്ചായത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. വ്യാവസായിക രംഗത്തും തത്തുല്യമായ പരിപാടികൾ ആവിഷ്കരിച്ചു കൊണ്ടിരിക്കുകയാണ്. പഞ്ചായത്തിന്റെ ഏറ്റവും വലിയ നേട്ടം സേവന സന്നദ്ധരായ നിരവധി യുവതീയുവാക്കളുടെ നിർലോഭമായ സഹകരണമാണ്.

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് വ്യത്യസ്ഥ മേഖലകളിൽ വിദഗ്ദരായ ഒട്ടനവധി വ്യക്തിത്വങ്ങളുടെ ദിവസങ്ങളോളമുള്ള നിരന്തരപ്രയത്നം ആവശ്യമാണ്. ചുരുങ്ങിയ സമയത്തിനുള്ളിൽ ഇത്തരമൊരു സാഹസത്തിനു മുതിരുമ്പോൾ ഉണ്ടായേക്കാവുന്ന പരിധികളും, പരിമിതികളും ഒട്ടേറെയാണ്. ദ്വിതീയ സ്ഥിതിവിവരക്കണക്കു ശേഖരണം, ഗ്രാമപര്യടനം, നാട്ടറിവ് ശേഖരണം, ഗ്രാമസഭാ ചർച്ചകളുടെ ക്രോഡീകരണം എന്നിവയിലേർപ്പെട്ട റിസോഴ്സ് പേഴ്സൺസ്, ഈ മഹായജ്ഞത്തിൽ സഹകരിച്ച ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ, നാട്ടിലെ പ്രായം ചെന്നവർ, വ്യത്യസ്ത മേഖലകളിലെ അപൂർവ്വ വിവരങ്ങൾ നൽകിയ വിശേഷ വ്യക്തികൾ, മറ്റ് സഹകാരികൾ ഇവരോടെല്ലാം ഞങ്ങൾക്ക് കടപ്പാടുണ്ട്. പഞ്ചായത്തിന്റെ ഒരു ചരിത്രരേഖയാണിതെങ്കിലും എല്ലാ അർത്ഥത്തിലും സമ്പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല.

കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാ വിഭാഗം ആളുകളുടെയും സഹായം ലഭിച്ചതിനാൽ ജനകീയാസൂത്രണ പരിപാടി ഒരു ജനകീയാവേശമാക്കി മാറ്റാൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ ഭാവിയെ സംബന്ധിച്ച് ഞങ്ങൾക്ക് നല്ല പ്രതീക്ഷയും പ്രത്യാശയും ഉണ്ട്. ഇത് യാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ നമുക്കൊന്നായ് അണിനിരക്കാം.

2.കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് - പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:	കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	:	കിഴക്കോത്ത്
ബ്ളോക്ക് പഞ്ചായത്ത്	:	കൊടുവള്ളി
താലൂക്ക്	:	കോഴിക്കോട്
അസംബ്ളി മണ്ഡലം	:	കൊടുവള്ളി
വിസ്തീർണ്ണം	:	19.84 ച.കി.മീ.
അതിരുകൾ	:	വടക്ക് : ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത് തെക്ക് : മടവൂർ ഗ്രാമപഞ്ചായത്ത് കിഴക്ക് : പൂനൂർ പുഴ, താമരശ്ശേരി, കൊടുവള്ളി ഗ്രാമപഞ്ചായത്തുകൾ പടിഞ്ഞാറ്: മടവൂർ, നരിക്കുനി ഗ്രാമ പഞ്ചായത്തുകൾ
ജനസംഖ്യ	:	25,184 (1991 ലെ സെൻസസ്)
പുരുഷൻമാർ	:	12,704
സ്ത്രീകൾ	:	12,480
വാർഡുകൾ	:	11
പ്രസിഡണ്ട്	:	പി.പി. അബ്ദുറഹിമാൻ മാസ്റ്റർ
വൈ:പ്രസിഡണ്ട്	:	പി.കെ. മുഹമ്മൂദ്
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	:	എം.എ. റസാക്ക് മാസ്റ്റർ.

ഭരണചരിത്രം

1961 ൽ നടന്ന പഞ്ചായത്ത് പുന: സംഘടനയോട് കൂടി ആവിലോറ പാലക്ക മണ്ണിൽ ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന എളേറ്റിൽ പഞ്ചായത്തും കിഴക്കോത്ത് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന കിഴക്കോത്ത് പഞ്ചായത്തും സംയോജിപ്പിച്ച് കിഴക്കോത്ത് ആസ്ഥാനമായി കിഴക്കോത്ത് പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു.

ഭരണസമിതികൾ

പഞ്ചായത്ത് പുന:സംഘടനയോടനുബന്ധിച്ച് 1963 ൽ നടന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ സി.കെ. കാദിരിക്കുട്ടി ഹാജി പ്രസിഡണ്ടായുള്ള ഭരണസമിതി അധികാരത്തിൽ വന്നു. താഴെപറയുന്നവരായിരുന്നു ഭരണ സമിതി അംഗങ്ങൾ.

1. ഡോ. സെയ്ത് ഹസ്സൻ
2. പി. ചന്തു
3. കെ. ആലി മാസ്റ്റർ
   വെള്ളൻ കുട്ടി (സംവരണം)

4. സി.കെ. കാദിരിക്കുട്ടി ഹാജി
5. ടി. കുമാരൻ നായർ
6. കെ.പി. അബൂബക്കർ ഹാജി
7. വി.കെ. ഖാദർ ഹാജി
8. പി. യശോദമ്മ (നോമിനേറ്റഡ്)

ഭരണസമിതി നിലവിൽ വന്ന് ഏകദേശം രണ്ട് വർഷം കഴിഞ്ഞ്, പ്രസിഡണ്ടായിരുന്ന കാതിരിക്കുട്ടി ഹാജിയുടെ മരണത്തെത്തുടർന്ന് 4 ാം വാർഡിൽ ഉപതെരഞ്ഞെടുപ്പ് നടക്കുകയും മുൻ പ്രസിഡണ്ടിന്റെ സഹോദരൻ ചക്കിട്ടകണ്ടിയിൽ സെയ്ത് തെരഞ്ഞെടുക്കപ്പെടുകയും പ്രസിഡണ്ടാവുകയും ചെയ്തു. കെ. ആലിമാസ്റ്ററായിരുന്നു വൈസ് പ്രസിഡണ്ട്. സ്വകാര്യ സ്ക്കൂൾ അദ്ധ്യാപകർക്ക് പഞ്ചായത്തിൽ അംഗമായി തുടരുന്നതിനുള്ള ചില സാങ്കേതിക പ്രശ്നങ്ങളാൽ ശ്രീ. ആലി മാസ്റ്റർ രാജിവെക്കുകയും ഉപതെരഞ്ഞെടുപ്പിനെ തുടർന്ന് മേലേടത്ത് മുഹമ്മദ് തെരഞ്ഞെടുക്കപ്പെടുകയും വൈസ് പ്രസിഡണ്ടാവുകയും ചെയ്തു. ഈ ഭരണ സമിതി 1979 വരെ നിലനിന്നു.

1979 ൽ നടന്ന തെരഞ്ഞെടുപ്പിൽ പി.ഡി. അബ്ദുറഹിമാൻ കുട്ടി മാസ്റ്റർ പ്രസിഡണ്ടായുള്ള ഭരണസമിതി അധികാരത്തിൽ വരികയുണ്ടായി.

മെമ്പർമാർ:
1. പി.കെ.മുഹമ്മൂദ്
2. ഡോ: തങ്കമ്മ
3. സി. രാമൻ
4. കെ. ആലിമാസ്റ്റർ
5. സി.മമ്മുണ്ണി ഹാജി
6. എം.ആലി മാസ്റ്റർ
7. പി.ഡി. അബ്ദുറഹിമാൻ കുട്ടി മാസ്റ്റർ
8. എം. ചേക്കു ഹാജി.
9. പി. അഹമ്മദ് ഹാജി.

ഈ ഭരണസമിതി 1988 വരെ നിലനിന്നു. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ പി.ഡി. അബ്ദുറഹിമാൻ കുട്ടി മാസ്റ്ററുടെ നേതൃത്വത്തിൽ വീണ്ടും ഭരണസമിതി അധികാരത്തിൽ വന്നു.

മെമ്പർമാർ
1. വി. റുഖിയ
2. കെ. കുഞ്ഞിമുഹമ്മദ് മാസ്റ്റർ
3. എൻ. കൃഷ്ണൻ
4. കെ. ആലി മാസ്റ്റർ
5. കോന്നാലിൽ അബ്ദുറഹിമാൻ
6. എം. ചേക്കു ഹാജി
7. പി.ഡി. അബ്ദുറഹിമാൻകുട്ടി മാസ്റ്റർ
8. എം.എ. റസാക്ക് മാസ്റ്റർ
9. കെ. നഫീസ്സ
10. പി. അബൂബക്കർ

1995 ൽ പി.പി. അബ്ദുറഹിമാൻ മാസ്റ്ററുടെ നേതൃത്വത്തിൽ പുതിയ ഭരണസമിതി അധികാരത്തിൽ വരുന്നത് വരെ ഈ സമിതി തുടർന്നു. പുതിയ സമിതി മെമ്പർമാർ.

1. പി.കെ. മുഹമ്മൂദ്
2. എൻ.സി. സുബൈദ
3. നൗഫിറ മുഹമ്മദ്
4. കെ. ആലിമാസ്റ്റർ
5. സി.ടി. ജമീല
6. എം. ചേക്കു ഹാജി
7. എം.എൻ. ലീല
8. എം.എ. റസാക്ക് മാസ്റ്റർ
9. കെ.കെ. ഗോപാലൻ
10. സി. പോക്കർ മാസ്റ്റർ
11. പി.പി. അബ്ദുറഹിമാൻ മാസ്റ്റർ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ

1930 ൽ സ്ഥാപിതമായ കൂട്ടാക്കിൽ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന വില്ലേജ് ഓഫീസാണ് കിഴക്കോത്ത് പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന സർക്കാർ ഓഫീസ്. പഞ്ചായത്തിന്റെ തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന സ്ഥിരം കെട്ടിടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. ഒരു വില്ലേജ് ഓഫീസറടക്കം നാല് ജീവനക്കാർ ഇവിടെ സേവനമനുഷ്ഠിക്കുന്നു.

1961 ൽ സ്ഥാപിതമായ പഞ്ചായത്ത് ഓഫീസ് പന്നൂരിൽ സ്ഥിരം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സെക്രട്ടറി അടക്കം ഒൻപത് ജീവനക്കാരാണ് ഇവിടെ ജോലി ചെയ്യുന്നത്.

എളേറ്റിൽ ഈസ്റ്റിൽ പ്രവർത്തിക്കുന്ന ഗവണ്മെൻറ് ആയുർവേദ ഡിസ്പെൻസറി 1972 ലാണ് സ്ഥാപിതമായത്. ഒരു മെഡിക്കൽ ഓഫീസറടക്കം നാല് ജീവനക്കാർ ജോലി ചെയ്യുന്ന ഈ സ്ഥാപനം വാടകക്കെട്ടിടത്തിലാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. മർഹും മുതുവാട്ടുശ്ശേരി അബൂബക്കർ ഹാജി സൗജന്യമായി നൽകിയ സ്ഥലത്ത് ഡിസ്പെൻസറിയുടെ സ്ഥിരം കെട്ടിടത്തിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്.

1887 ൽ കൃഷിവകുപ്പ് പുന: സംഘടിപ്പിച്ചപ്പോഴാണ് പഞ്ചായത്തിൽ കൃഷിഭവന്റെ പ്രവർത്തനം ആരംഭിച്ചത്. എളേറ്റിൽ അങ്ങാടിയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ഒരു അഗ്രിക്കൾച്ചർ ഓഫീസറടക്കം നാല് ജീവനക്കാരാണ് സേവനമനുഷ്ഠിക്കുന്നത്.

1.7.96 ന് സ്ഥാപിക്കപ്പെട്ട സർക്കാർ മൃഗാശുപത്രിയാണ് ഈ പഞ്ചായത്തിലെ ഏറ്റവും പുതിയ സ്ഥാപനം. എളേറ്റിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ ബാലാരിഷ്ടതകൾ ഇനിയും പരിഹരിക്കപ്പെടേണ്ടിയിരിക്കുന്നു.

ഇവയ്ക്കു പുറമെ കിഴക്കോത്ത്, എളേറ്റിൽ, വലിയ പറമ്പ്, ആവിലോറ എന്നിവിടങ്ങളിൽ നാല് പോസ്റ്റ് ഓഫീസുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കേരളപിറവിക്കു മുമ്പും പിമ്പുമായി മദിരാശി അസംബ്ളിയിൽ പത്മപ്രഭാഗൗഡരും,

കേരള അസംബ്ളിയിൽ മറിവീട്ടിൽ ഗോപാലൻകുട്ടി നായർ, വി.കുട്ടികൃഷ്ണൻ നായർ, പി.വി.എസ്.മുസ്ലഫ പൂക്കോയ തങ്ങൾ, ഇ.അഹമ്മദ്, പി.വി.മുഹമ്മദ്, പി.എം.അബൂബക്കർ എന്നിവർ വിവിധ കാലയളവുകളിൽ ഈ പഞ്ചായത്ത് ഉൾപ്പെട്ടിരുന്ന കുന്നമംഗലം, കൊടുവള്ളി നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിച്ച വരാണ്. സി.മോയിൻകുട്ടിയാണ് ഇപ്പോൾ നമ്മുടെ പ്രദേശത്തെ അസംബ്ളിയിൽ പ്രതിനിധീകരിക്കുന്നത്. മേൽപ്പറഞ്ഞവരിൽ പരേതനായ മറിവീട്ടിൽ ഗോപാലൻകുട്ടി നായർ നമ്മുടെ പഞ്ചായത്തുകാരനാണെന്നത് അഭിമാനാർഹമാണ്.

ഡോ.കെ.ബി.മേനോൻ, എ.വി.രാഘവൻ, ഇബ്രാഹിം സുലൈമൻസേട്ട്, ഡോ.വി.എ.സെയ്തുമുഹമ്മദ്, ഇ.കെ.ഇമ്പിച്ചിബാവ, ഡോ.കെ.ജി.അടിയോടി, കെ.മുരളീധരൻ എന്നിവർ കഴിഞ്ഞകാലത്തെ നമ്മുടെ ലോക്സഭാ പ്രതിനിധി കളായിരുന്നു. ഇപ്പോൾ എം.പി.വീരേന്ദ്രകുമാറാണ് നമ്മെ പ്രതിനിധീകരിക്കുന്നത്.

"വെല്ലുവിളികളും അവയോടുള്ള പ്രതികരണവുമാണ്
ചരിത്ര നിർമിതിയുടെ ആസ്പദങ്ങൾ"
ആർനോൾഡ് ടോയൻബി
-ഫ്രഞ്ച് പഴമൊഴി

വെല്ലുവിളികളും അവയോടുള്ള പ്രതികരണവുമാണ് ചരിത്ര നിർമ്മിതിയുടെ ആസ്പദങ്ങൾ

- ആർനോൾഡ് ടോയൻബി

3. സാമൂഹിക സാംസ്ക്കാരിക ചരിത്രം

മദിരാശി സംസ്ഥാനത്തിന് കീഴിലുള്ള പഴയ മലബാർ ജില്ലയിലെ കോഴിക്കോട് താലൂക്കിൽ ഏളേറ്റിൽ കിഴക്കോത്ത് എന്നീ പേരുകളിലുണ്ടായിരുന്ന രണ്ടു പഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് രൂപം കൊടുത്തതാണ് ഇന്നത്തെ കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്. എളേറ്റിൽ പഞ്ചായത്തിന്റെ ആസ്ഥാനം ആവിലോറയും കിഴക്കോത്ത് പഞ്ചായത്തിന്റെ ആസ്ഥാനം കിഴക്കോത്തുമായിരുന്നു. 1961 ലെ സർക്കാർ ഉത്തരവ് നമ്പർ 196/61 തീയതി 26-12-61 പ്രകാരമാണ് പുതിയ പഞ്ചായത്ത് നിലവിൽ വന്നത്. ഏളേറ്റിൽ പ്രദേശത്ത് ഇപ്പോഴും നിലവിലുള്ള കച്ചേരിയിൽ, കച്ചേരിക്കുന്ന് എന്നീ പേരുകൾ പഴയകാല അധികാരികളുടെ ആസ്ഥാനങ്ങളെ സൂചിപ്പിക്കുന്നവയാണ്. 20-ാം നൂറ്റാണ്ടിന്റെ ആരംഭ വർഷങ്ങളിൽ വില്ലേജ് കച്ചേരി എന്ന പേരിൽ ഒരു സർക്കാർ ആപ്പീസ് ''കൂട്ടാക്കിൽ'' എന്ന സ്ഥലത്ത് പ്രവർത്തിച്ചിരുന്നു. ഈ ആപ്പീസ് നില നിന്നിരുന്ന സ്ഥലം പിന്നീട് കച്ചേരിമുക്ക് എന്ന പേരിൽ അറിയപ്പെട്ടു. വില്ലേജ് ഭരണത്തലവൻ അധികാരി (പാർവത്യക്കാർ) എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്. പരിമിതമായ തോതിലാണെങ്കിലും റവന്യു ഭരണത്തോടൊപ്പം നീതി നിർവഹണവും നിയമ പാലനവും ഇവരുടെ അധികാര പരിധിയിലായിരുന്നു. അധികാരിമാർ, ഗ്രാമമുൻസിഫ്, ഗ്രാമമജിസ്ട്രേട്ട്, ജനനമരണ രജിസ്ട്രാർ, പൗണ്ട് കീപ്പർ എന്നിങ്ങനെ പല പേരുകളിലും അറിയപ്പെട്ടത് അവരുടെ വിപുലമായ അധികാരത്തെ കാണിക്കുന്നു. അധികാരം പാരമ്പര്യമായി സനദ് കൊടുക്കാറായിരുന്നു പതിവ്. എളേറ്റിൽ അണ്ടിക്കുണ്ടിൽ കുടുംബവും, കിഴക്കോത്ത് മറിവീട്ടിൽ കുടുംബവും പാരമ്പര്യമായി അധികാരിപ്പട്ടം കയ്യാളിയവരായിരുന്നു. അവസാനത്തെ എളേറ്റിൽ അധികാരി ഏ.കെ.തറുവെയ്കുട്ടിയും, കിഴക്കോത്ത് അധികാരി മറിവീട്ടിൽ കേളുകുട്ടി നായരുമായിരുന്നു. 1955 ന് ശേഷം ഒരു സർക്കാർ ഉത്തരവിലൂടെ ഈ സമ്പ്രദായം അവസാനിച്ചു.

വിദ്യാർത്ഥികൾ കോളേജ് ബഹിഷ്ക്കരിക്കുക എന്ന മഹാത്മജിയുടെ ആഹ്വാനം ഉൾകൊണ്ട് 1942-ൽ മലബാർ ക്രിസ്ത്യൻ കോളേജിൽ നിന്ന് ഇറങ്ങിപ്പോന്ന സി.കൃഷ്ണൻകുട്ടിനായർ, ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്ത കരുപ്പാപ്പുറത്ത് നാരായണൻ നായർ എന്നിവർ സ്വാതന്ത്ര്യസമരത്തിന് കിഴക്കോത്തിന്റെ സംഭാവനകളായിരുന്നു.

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണവും തുടർന്ന് ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിനെതിരെ നടത്തപ്പെട്ട ധീരോദാത്തമായ പോരാട്ടങ്ങളും ഇന്ത്യയാകമാനം കൊടുമ്പിരിക്കൊണ്ടപ്പോൾ കിഴക്കോത്ത് കാര്യമായ ചലനങ്ങളൊന്നും തന്നെ ഉണ്ടായില്ല. ഖിലാഫത്ത് പ്രസ്ഥാനം ആരംഭിക്കുകയും രാജ്യത്തുടനീളം ശക്തിപ്രാപിക്കുകയും ചെയ്തപ്പോൾ അതിന്റെ അനുരണനങ്ങൾ ചെറിയതോതിൽ ഇവിടെയും ഉണ്ടായി. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പ്രചാരകർ മുഖ്യമായും മുസ്ളീം മത പണ്ഡിതന്മാർ ആയിരുന്നെങ്കിലും സഹോദരസമുദായത്തിൽ പെട്ട പലരും

പ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെട്ടിട്ടുണ്ട്. നാടിന്റെ സ്വാതന്ത്ര്യസമരചരിത്രവുമായി ബന്ധപ്പെട്ടവരിൽ പ്രാസംഗികനായ വാഴക്കാട് അബ്ദുള്ളമൗലവിയും സംഘാടകനായ പത്തായക്കണ്ടി കുഞ്ഞികൃഷ്ണനായരും പ്രത്യേകം സ്മരിക്കപ്പെടേണ്ടവരാണ്.

മുന്നോക്ക സമുദായത്തിൽപ്പെട്ടവരുടെ ഇടയിൽ ജാതിചിന്തയും അയിത്താചാരണവും നിലവിലുണ്ടായിരുന്നെങ്കിലും പിന്നോക്ക സമുദായത്തിന് ഭൂരിപക്ഷമുള്ള ഈ പ്രദേശത്ത് അതിന്റെ തിന്മകൾ കൂടുതൽ രൂക്ഷമായിരുന്നില്ല.

വ്യവസ്ഥാപിതമായ മാർഗ്ഗത്തിലുള്ള ട്രേഡ് യൂണിയൻ പ്രസ്ഥാനം വളരെ അടുത്തകാലത്ത് മാത്രമാണ് നിലവിൽ വന്നത്. വിവിധ ആശയക്കാരായ തൊഴിലാളി സംഘടനകൾ പരസ്പരം സംഘട്ടനമില്ലാതെ ഐക്യത്തിലും രമ്യതയിലും വർത്തിക്കുന്നു. തൊഴിലുടമകളുമായി എറ്റുമുട്ടുന്ന ഒരുവസ്ഥാവിശേഷം ഈ രംഗത്ത് ഉണ്ടായിട്ടില്ല. ഈ ഒരവസ്ഥ തൊഴിൽ രംഗത്ത് സമാധാനാന്തരീക്ഷം സൃഷ്ടിക്കാൻ സഹായകമായിട്ടുണ്ട്.

ഭൂപരിഷ്ക്കരണനിയമം നടപ്പിലായതോടു കൂടി ഭൂടമാസമ്പ്രദായത്തിൽ വന്ന സമഗ്രമായ മാറ്റം ഈ പഞ്ചായത്തിലും പൂർണ്ണമായി പ്രതിഫലിച്ചിട്ടുണ്ട്. പഞ്ചായത്തിൽ കൃഷിഭൂമിയുടെ മുക്കാൽ ഭാഗവും കുടിയാന്മാരുടെ കൈവശത്തിലായിരുന്നു. കാണക്കുടിയാൻ, വെറുംപാട്ടക്കുടിയാൻ, കീഴനുഭവക്കുടിയാൻ എന്നിങ്ങനെ 3 വിഭാഗം കുടിയാൻമാരായായിരുന്നു നിലവിലുണ്ടായിരുന്നത്. ഭൂരിഭാഗം കർഷകർക്കും തങ്ങളുടെ കൃഷിഭൂമിയിലെ ജന്മാവകാശം സിദ്ധിച്ചത് അനുരഞ്ജനത്തിലൂടെയും പരസ്പര ധാരണയിലൂടെയും ഉള്ള സന്ധി സംഭാഷണത്തിലൂടെ ആയിരുന്നു. അവഗണിക്കാൻ പറ്റാത്ത ചെറിയൊരു ശതമാനം വ്യവഹാരങ്ങൾ വഴിയായും പരിഹരിച്ചിട്ടുണ്ട്. വളരെച്ചുരുങ്ങിയ ഒരു ഭാഗം സമരങ്ങളിലൂടെ പരിഹരിക്കപ്പെട്ടു. കുടികിടപ്പ് സമരത്തിന്റെയും വളച്ച് കെട്ട് സമരത്തിന്റെയും മിച്ചഭൂമി സമരത്തിന്റെയും ചില സംഭവങ്ങളെങ്കിലും ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്.

ഓത്തുപള്ളികളിലും, കുടിപ്പള്ളിക്കൂടങ്ങളിലും ഒതുങ്ങിനിന്ന പ്രാഥമിക വിദ്യാഭ്യാസം ഔപചാരിക തലത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടത്. 19-ാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ നിലവിലുണ്ടായിരുന്നതും പിന്നീട് നശിച്ചുപോയതുമായ പന്നൂർ - പുത്തലത്ത് പറമ്പിന് സമീപത്തെ വിദ്യാലയവും, 1900-ആണ്ടിൽ സ്ഥാപിതമായ എളേറ്റിൽ ബോർഡ് സ്ക്കൂളും നിലവിൽ വന്നതോടെയാണ് അക്കാലത്തെ വിദ്യാഭ്യാസ തൽപരരായിരുന്ന കുറുന്തോറ്റിൽ അബൂബക്കർ മുസ്ല്യാർ, മന്നത്ത് ചെറുമോൻ മുസ്ല്യാർ, സി.കെ കാദിരിക്കുട്ടി ഹാജി, തിയ്യക്കണ്ടി കൃഷ്ണൻ നായർ എന്നിവരുടെ ശ്രമഫലമായാണ് ഏഴോളം എൽ.പി സ്കൂളുകൾ സ്ഥാപിതമായത്. തുടർന്ന് എളേറ്റിൽ, പന്നൂർ, വലിയപറമ്പ്, ആവിലോറ എന്നീ സ്ഥലങ്ങളിലെ സ്കൂളുകളിൽ അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ നിലവിൽ വന്നു. 1979-ൽ എം.ജെ.ഹൈസ്ക്കൂൾ നിലവിൽ വരികയും 1980-ൽ പന്നൂർ യു.പി.സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തപ്പെടുകയും ചെയ്തതോടെ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിച്ചു. ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ഇപ്പോഴും സൗകര്യങ്ങൾ ഇല്ല.

ഭവന നിർമ്മാണ രംഗത്ത് പൊതുവെ കണ്ട് വരുന്ന ആധുനിക പ്രവണത അക്ഷരംപ്രതി ഈ പ്രദേശത്തും പ്രകടമാണ്. വാസഗൃഹങ്ങളുടെ നിർമ്മാണം ഗുണത്തിലും അളവിലും വർദ്ധിച്ചുകൊണ്ടിരിക്കയാണെങ്കിലും സമൂഹത്തിലെ താഴെക്കിടയിലുള്ളവരിൽ അനുയോജ്യമായ വീടുകളുടെ അഭാവം പ്രശ്നമായി തന്നെ നിലനിൽക്കുന്നു. വീടുനിർമ്മിക്കാൻ ആവശ്യമായ ഭൂമിയുടെ ദൗർലഭ്യവും ഒരു പ്രധാനപ്രശ്നമാണ്.

അന്ധവിശ്വാസത്തിലധിഷ്ഠിതമായ പ്രാകൃത ചികിത്സാരീതിയിൽനിന്ന് പാരമ്പര്യവൈദ്യന്മാരുടെ ആയുർവേദ ചികിത്സാ രംഗത്തേക്കും തുടർന്ന് അലോപ്പതി ഹോമിയോപ്പതി ചികിത്സാ രീതികളിലേക്കുമുള്ള മാറ്റം കാലോചിതമായിരുന്നു. സർക്കാർ മേഖലയിൽ ഈ പഞ്ചായത്തിലുള്ള ഏക ചികിത്സാകേന്ദ്രം ഏളേറ്റിൽ ഈസ്റ്റിലുള്ള ആയുർവേദ ഡിസ്പൻസറിയാണ്. സ്വാകാര്യരംഗത്ത് പ്രവർത്തിക്കുന്ന ചെറിയൊരു ആശുപത്രിമാത്രമാണ് ആധുനിക ചികിത്സാ രംഗത്തെ ഏക ആശ്രയം ഒരു പ്രൈമറി ഹെൽത്ത് സെൻററിന്റെ അഭാവം ചികിത്സാരംഗത്ത് എന്നപോലെ രോഗപ്രതിരോധ രംഗത്തും ഒരു മുഖ്യ പ്രശ്നമാണ്.

ജീവിതത്തിന്റെ നാനാതുറകളിലും ക്രമപ്രവൃദ്ധമായ പുരോഗതിയും ഇതിന്നാവശ്യമായ പശ്ചാത്തല സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി ജനകീയ ആസൂത്രണത്തിന്റെ പുതിയ ഉണർവിലൂടെ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനായി നിശ്ചയദാർഢ്യത്തോടെ നമുക്ക് മുന്നേറാം.

"മലമാറ്റിയ മനുഷ്യൻ തുടങ്ങിയത്. ചെറിയ കല്ലുകൾ ചുമന്നുകൊണ്ടാണ്."

- ഫ്രഞ്ച് പഴഞ്ചൊല്ല്

4. ഭൂപ്രകൃതിയും വിഭവങ്ങളും

പ്രകൃതി സുന്ദരമായ കേരളത്തിന്റെ വാണിജ്യ ചരിത്രത്തിൽ കോഴിക്കോടിന്റെ സ്ഥാനം വളരെ വലുതാണ്. ഈ നഗരത്തിൽ നിന്നും 25 കി.മീ വടക്കു കിഴക്കായി കോഴിക്കോട്- വയനാട് റോഡിന്റെയും പൂനൂർ പുഴയുടേയും പടിഞ്ഞാറ് ഭാഗത്ത് തെക്ക്-വടക്ക് 7കി.മീ. നീളത്തിലും കിഴക്ക്- പടിഞ്ഞാറ് 2.75കി.മീ. വീതിയിലും സ്ഥിതിചെയ്യുന്ന ഒരു ഭൂപ്രദേശമാണ് കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്.

ഗ്രാമ പഞ്ചായത്തിന്റെ അതിരുകൾ താഴെ പറയുന്നവയാണ്. കിഴക്ക് : കൊടുവള്ളി, താമരശ്ശേരി; തെക്ക്: മടവൂർ; പടിഞ്ഞാറ്: മടവൂർ, നരിക്കുനി; വടക്ക്: ഉണ്ണിക്കുളം എന്നീ ഗ്രാമപഞ്ചായത്തുകൾ. ഈ പഞ്ചായത്തിന്റെ കിഴക്കെ അതിരിലൂടെ പൂനൂർ പുഴ ഒഴുകുന്നു.

കടലോരമോ മലയോരമോ അല്ലാത്ത ഈ പഞ്ചായത്ത് ഒരു ഇടനാടായിട്ടാണ് പരിഗണിക്കപ്പെടുന്നത്. ഈ നാടുകൾ സ്വാഭാവികമായും സമതലങ്ങളാണെങ്കിലും ഇരുപത്തഞ്ചോളം ചെറുതും വലുതുമായ കുന്നുകളും അതിന്റെ ചെരിവുകളും താഴ്വരകളും വയലുകളുമടക്കം 20% മാത്രമാണ് സമതലങ്ങൾ ഉള്ളത്. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 19.84 ചതുരശ്ര കിലോമീറ്ററാണ്. പഞ്ചായത്തിന്റെ ഭൂപ്രകൃതി താഴെ കൊടുക്കുന്ന വിധം സംഗ്രഹിക്കാവുന്നതാണ്.

കുന്നിൻ മണ്ട -	10.5%
സമതലം -	20%
കുത്തനെയുള്ള ചെരിവ് -	22.5%
സാവധാനമുള്ള ചെരിവ് -	47%

ഈ പഞ്ചായത്തിനെ നെടുകെ ഛേദിച്ച് കൊണ്ട് വടക്ക് ഇയ്യാട് നിന്നും ആരംഭിച്ച് തെക്ക്, പാലക്കുറ്റിക്ക് സമീപം പൂനൂർ പുഴയിൽ ചെന്നു ചേരുന്ന സുപ്രധാനമായ ഒരു തോടാണ്, എളേറ്റിൽ ആവിലോറ തോട്. ഏകദേശം 7 കി.മീ. നീളം വരുന്നതും ശരാശരി 7 മീറ്റർ വീതിയുള്ളതുമായ ഈ തോട് നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ജീവനാഡിയാണ്. ജലസേചനം, കന്നുകാലി വളർത്തൽ, തെങ്ങോല കുതിർക്കൽ, കുളി അലക്ക്, തുടങ്ങിയ ആവശ്യങ്ങൾക്ക് ഈ തോടിനെയാണ് സമീപവാസികൾ ആശ്രയിക്കുന്നത്. വേനൽക്കാലത്ത് കിണറുകൾ വറ്റുമ്പോൾ കുടിവെള്ളത്തിന്റെ പ്രശ്നത്തിന്നും ഇത് ചെറിയതോതിൽ പരിഹാരമാവാറുണ്ട്. പഞ്ചായത്തിന്റെ കിഴക്കെ അതിരിലൂടെ ഒഴുകുന്ന പൂനൂർ പുഴയും ജനങ്ങൾക്ക് ഏറെ പ്രയോജനപ്പെടുന്നു. ഇവയെക്കൂടാതെ 8 തോടുകളുമുണ്ട്. ആകെ 19 കുളങ്ങളാണ് വിവിധ വാർഡുകളിലായി പഞ്ചായത്തിലുള്ളത്. ഇങ്ങനെയൊക്കെയാണെങ്കിലും കുന്നുകളും, പാറകളും നിറഞ്ഞ പഞ്ചായത്ത് ജലലഭ്യതയുടെ കാര്യത്തിൽ വളരെ പിന്നിലാണ്. 2 കുന്നുകളുടെ ഇടയിലുള്ള താഴ്വരകളിൽ എക്കാലവും പ്രയോജനപ്പെടുത്താവുന്ന ജല സമൃദ്ധമായ നീരുറവകളുണ്ട്. പ്രസ്തുത സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ജലക്ഷാമത്തിന് പരിഹാരം കാണാൻ സാധിക്കുന്നതാണ്. ശുദ്ധജലത്തിന് ജനങ്ങൾ മുഖ്യമായി ആശ്രയിക്കുന്നത് 3500- ഓളം കിണറികളെയാണെങ്കിലും ഇവയിൽ മിക്കതിലും 6 മാസത്തിൽ കൂടുതൽ വെള്ളം

ലഭിക്കാറില്ല

തോടിന്റെയും പുഴയുടെയും പാർശ്വങ്ങളിൽ മണൽ കലർന്ന എക്കൽ സ്വഭാവമുള്ള മണ്ണ് ചെറിയൊരു ശതമാനം ഉണ്ടെന്നതൊഴിച്ചാൽ ശേഷിച്ചത് ചെങ്കൽ മണ്ണാണ്. ഫലപുഷ്ടിയുടെ കാര്യത്തിൽ മികച്ചതെങ്കിലും പൊതുവെ അമ്ലത കൂടുതലാണ്. കൂടാതെ ചെറുപാറകളും താഴെ പറയുന്ന പ്രധാന പാറകളും ഭൂപ്രകൃതിയുടെ പ്രധാന ഭാഗമാണ്. കുന്നിൻ ചെരിവുകളിലായിട്ടാണ് പാറകൾ സ്ഥിതി ചെയ്യുന്നത്.

1.നാരോത്തിങ്ങൽ പാറ 2.കോന്നാലിൽ പാറ 3. നുച്ചിപ്പോയിൽ പാറ 4.ചീടിക്കുളങ്ങരപ്പാറ 5.കോട്ടോപ്പാറ 6.വീണ പാറ 7.ചാഞ്ഞ പാറ 8.നാട്ടിക്കല്ല് പാറ 9.കുണ്ടത്തിൽ പാറ 10.പാറച്ചാലിൽ പാറ 11.ആശാരിപ്പാറ 12.തൊള്ളം പാറ 13. ചുഴലിക്കരപ്പാറ 14.പുലിവലം പാറ 15. പുതുശ്ശേരിപ്പാറ 16.പുളിയാറക്കൽ പാറ 17.ചീത്തപ്പാറ 18.ചെവിടൻ പാറ 19.മൈലാടിപ്പാറ

പൊതുവെ ഈ പഞ്ചായത്തിൽ മിതശീതോഷ്ണ കാലാവസ്ഥയാണ്. വാർഷിക വർഷപാതം 292 സെ. മീ റും താപനില കുറഞ്ഞത് 22^0Cഉം കൂടിയത് 32^0C ഉം ആണ് . മഴയുടെ ഗണ്യമായ ഭാഗവും ലഭിക്കുന്നത് തെക്കു പടിഞ്ഞാറൻ മൺസൂൺ കാലവസ്ഥ അനുഭവപ്പെടുന്ന ജൂൺ- സെപ്റ്റംബർ കാലയളവിലാണ്.

പഞ്ചായത്തിലെ മൊത്തം ഭൂവിസ്തൃതിയുടെ 95% ത്തിലധികം കൃഷിക്ക് ഉപയോഗിക്കുന്നു. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പാറകൾ ഒഴിച്ചുള്ള മുഴുവൻ പ്രദേശങ്ങളും കൃഷിയോഗ്യമാണ്. കാർഷികേതര ഭൂമി, തരിശ് സ്ഥലങ്ങൾ എന്നിവ പഞ്ചായത്തിലില്ല. പഞ്ചായത്തിലെ മുഖ്യവിള നാളികേരമാണ്. രണ്ടാം സ്ഥാനത്ത് നിൽക്കുന്നത് അടക്കയും. കൂടാതെ റബ്ബർ, ഉൾപ്പെടെയുള്ള എല്ലാ വിളകളും ഇവിടെയുണ്ട്.

ഇടവിള കൃഷിയുടെ കാര്യത്തിൽ ഇടക്കാലത്ത് മാന്ദ്യം സംഭവിച്ചിട്ടുണ്ടെങ്കിലും നല്ല സാദ്ധ്യതകളുള്ളതും പ്രോത്സാഹനം അർഹിക്കുന്നതുമാണ്. ഉത്പാദന ക്ഷമതയുടെ കാര്യത്തിൽ സംസ്ഥാന ശരാശരിയുടെ മുന്നിൽ നിൽക്കുന്നു. ജില്ലയിൽ 1995 ലെ ഏറ്റവും നല്ല നെൽകൃഷിക്കാരനുള്ള സമ്മാനം ഈ പഞ്ചായത്തിലെ പി.സി. മൊയ്തീൻ ഹാജി എന്ന കർഷകനാണ് ലഭിച്ചത് എന്നത് അഭിമാനകരമാണ്.

ജൈവ സമ്പത്തിനെ സംബന്ധിച്ചിടത്തോളം ഈ പഞ്ചായത്തിന് ഒരു ശരാശരി കേരളീയ ഗ്രാമത്തിന്റെ സ്ഥിതിയിൽ നിന്ന് വ്യത്യസ്തമായ പ്രത്യേകതകൾ ഒന്നും തന്നെ പറയാനില്ല.


ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 1991 ലെ സെൻസസ് അനുസരിച്ച് 25,184 ആണ്. ഇതിൽ 12,480 സ്ത്രീകളും 12,704 പുരുഷന്മാരുമാണ്. ജനസംഖ്യാ വർദ്ധനവിന്റെ തോത് സംസ്ഥാന ശരാശരിക്കൊപ്പമാണ്. സ്കൂൾ പ്രായത്തിലുള്ള മുഴുവൻ കുട്ടികളും പഠനത്തിൽ വ്യാപൃതരാണ്. സാങ്കേതിക വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും നേടിയവർതാരതമ്യേന കുറവാണെങ്കിലും SSLC വരെയെങ്കിലും പഠിക്കണമെന്ന പ്രവണത പൊതുവെ കണ്ട് വരുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് കടക്കുന്നതിൽ സ്ത്രീകൾ പൊതുവെ വിമുഖരാണ്. പഞ്ചായത്തിൽ പുരുഷന്മാരിൽ 80.01% വും സ്ത്രീകളിൽ 74.73% വും ആണ് സാക്ഷരതാ നിരക്ക്.

അഭിരുചിക്കൊത്ത ജോലി ലഭിക്കുന്നില്ല എന്ന പരാതി നമ്മുടെ പഞ്ചായത്തിൽ നിന്നും ഉയരാതില്ല. ജോലി തേടി വിദേശങ്ങളിൽ പോകുന്ന പ്രവണത ഒരു പതിറ്റാണ്ടിലധികമായി ഇവിടെയും കാണപ്പെടുന്നു. നമ്മുടെ പഞ്ചായത്തിൽ നിന്നും ഗൾഫിലുള്ളവരിൽ ഏറിയ കൂറും സാങ്കേതിക പരിജ്ഞാനമില്ലാത്തവരാകയാൽ ഉയർന്ന ജോലികളിൽ എത്തിപ്പിടിക്കാനവർക്ക് കഴിഞ്ഞിട്ടില്ല. ഇവരിൽ 95% ന്റെയും വരുമാനം ആശാവഹവുമല്ല.

താമരശ്ശേരി, പുതുപ്പാടി എന്നീ സമീപ പഞ്ചായത്തുകളിൽ കൃഷിഭൂമിയുള്ളവരും അവിടങ്ങളിൽ കൃഷി നടത്തി നേട്ടമുണ്ടാക്കുന്നവരും നമ്മുടെ പഞ്ചായത്തിൽ അപൂർവ്വമായുണ്ട്.

തൊഴിൽ രംഗത്ത് കർഷകത്തൊഴിലാളികളുടെ എണ്ണം കുറയുകയും വെള്ളക്കോളർ ജോലികളോടുള്ള ആഭിമുഖ്യം യുവാക്കളിൽ കൂടി വരികയും ചെയ്യുന്നു. നിരവധി തൊഴിൽ സാധ്യതകൾ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടാണുള്ളതെങ്കിലും ഇത്തരം തൊഴിലുകളോടുള്ള താൽപര്യക്കുറവാണ് പ്രധാന പ്രശ്നം. തൊഴിലില്ലായ്മ ഒരു വശത്ത് പ്രശ്നമാവുമ്പോൾ തന്നെ ആവശ്യത്തിന് തൊഴിലാളികളെ കിട്ടാനില്ല എന്ന സ്ഥിതിയും ഉണ്ട്. തൊഴിലിന്റെ മഹത്വവും, കാർഷിക ജോലിയുടെ മാന്യതയും യുവാക്കളെ ബോധ്യപ്പെടുത്താനുള്ള ശ്രമം ഉണ്ടാവുകയും നാടിന്റെ നട്ടെല്ലായ കർഷകൻ സമൂഹത്തിൽ അംഗീകരിക്കപ്പെടുകയും ചെയ്യുന്ന ഒരവസ്ഥ സംജാതമാവുകയും ചെയ്താൽ മാത്രമെ മേൽപറഞ്ഞ ദു:സ്ഥിതിക്ക് പരിഹാരം കാണാൻ സാധിക്കുയുള്ളൂ.

5. വികസന മേഖലകൾ


വള്ളിയോത്ത്
പുനൂർ
ഉണ്ണികുളം
താമരശ്ശേരി
പാലങ്ങാട്
പരപ്പൻപൊയിൽ
നരിക്കുനി
കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത്
കൊടുവള്ളി
നരിക്കുനി
കൊടുവള്ളി
ആരാമ്പ്രം
1
2
3
4
5
6
ഗ്രാ. പഞ്ചാ. ഓഫീസ്
1. ചളിക്കോട്
2. എളേറ്റിൽ
3. കുറ്റ്യേങ്ങുവയൽ
4. കച്ചേരുമുക്ക്
5. ആവിലോറ
6. കത്തറമ്മൽ
പുഴ
തോട്
നിരത്ത്
പഞ്ചാ. നിരത്ത് ടാർ

മറ്റുള്ളവർ ഉറങ്ങുമ്പോൾ ആഴത്തിൽ ഉഴുതുമറിക്കുക.
നിങ്ങൾക്ക് വിൽക്കാനും സൂക്ഷിച്ചുവെക്കാനുമുള്ള
ധാന്യം കിട്ടും.

- ഫ്രഞ്ച് പഴഞ്ചൊല്ല്

5.1. കൃഷിയും ജലസേചനവും

പരമ്പരാഗതമായി കൃഷി മുഖ്യ തൊഴിലായി ഉപജീവനം നടത്തിപ്പോന്ന ഒരു പഞ്ചായത്താണ് കിഴക്കോത്ത്. ഇവിടത്തെ ഭൂപ്രദേശം മുമ്പ് ജന്മിത്തം നിലനിന്ന കാലഘട്ടത്തിൽ മറിവീട്ടിൽ അണ്ടിക്കുണ്ടിൽ 'കുന്നത്ത്', 'വട്ടക്കുണ്ടുങ്ങര', 'അത്തോളികേയി' എന്നീ കുടുംബങ്ങളുടെ അധീനതയിലായിരുന്നു. ചെറുതും വലുതുമായ ഇരുപതോളം കുന്നുകളും താഴ്വരകളും സുമാറ് 9% വയലും പുഴയോരവും ഉൾപ്പെട്ടതാണ് ഭൂപ്രദേശം. മുഖ്യകൃഷി തെങ്ങാണ്. കൂടാതെ കവുങ്ങ്, പ്രധാന ഇടവിള കൃഷിയാണ്. കുരുമുളകും കൃഷി ചെയ്തുവന്നിരുന്നു. ഹൃസ്വവിളയായ മരച്ചീനി, വാഴ, കാച്ചിൽ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയും കൃഷിചെയ്യുന്നുണ്ട്. ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ സുഗന്ധ വിളകളും ചുരുങ്ങിയ അളവിൽ കൃഷി ചെയ്തു വരുന്നുണ്ട്. പഞ്ചായത്തിന്റെ ഏകദേശം മധ്യത്തിലൂടെ ഇയ്യാട് - ആവിലോറ തോട് ഒഴുകുന്നു. പഞ്ചായത്തിന്റെ കിഴക്കു ഭാഗത്ത്കൂടെ പൂനൂർ പുഴയും ഒഴുകുന്നുണ്ട്. മിക്ക ഉപതോടുകളും ഒഴുകി പൂനൂർ പുഴയിലാണ് പതിക്കുന്നത്.

ഭൂരിഭാഗം ഭൂഉടമസ്ഥരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ഇത് സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു. (പട്ടിക - 1)

പഞ്ചായത്തിൽ പ്രധാനമായും ഏഴ് പാടശേഖരങ്ങളിലായി 302.5 ഏക്കർ വയലുകളാണ് നിലവിലുള്ളത്. ഇവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 2.

ക്രമ:	പാടശേഖരത്തിന്റെ പേര്	വിസ്തീർണ്ണം
1.	ആവുപ്പാട് പാടശേഖരം	15ഹെക്ടർ
2.	പുളിയാറക്കൽ താഴം "	10 "
3.	പുതുവയൽ "	40 "
4.	ചെറുവന്നൂർ "	45 "
5.	പുതുവയലിനടുത്ത് "	3 "
6.	ചെറ്റക്കടവ്, കണ്ണിറ്റമാക്കിൽ	5 "
7.	കോട്ടക്കൽതാഴം ആവിലോറ	3 "

കൂടാതെ കുടിയേറ്റ പഞ്ചായത്തായ പുതുപ്പാടിയിലേയും താമരശ്ശേരിയിലേയും ഭൂരിഭാഗം വയലുകളുടെ ഉടമസ്ഥരാവകാശവും കൃഷിയും ഈ പഞ്ചായത്തിലെ കർഷകർക്കായിരുന്നു. നെൽകൃഷി ലാഭക

പട്ടിക 1. ഭൂമി സംബന്ധിച്ച വിവരങ്ങൾ

ആകെ വിസ്തീർണ്ണം ഏക്കർ	1-10 സെൻറ്	10-25 സെൻറ്	25-50 സെൻറ്	50-100 സെൻറ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറിനു മുകളിൽ
4918.53	2100	1700	2100	1200	550	300	50

രമല്ലാതായപ്പോൾ മിക്കവാറും കർഷകർ പാടം വിൽക്കുകയോ കൃഷി നടത്താതിരിക്കുകയോ ചെയ്തു. മൊത്തം ഭൂമിയുടെ ഏഴ് ശതമാനം മാത്രമേ നെൽകൃഷി ചെയ്യുന്നുള്ളു. 1970 കളോട് കൂടി അത്യുല്പാദന ശേഷിയുള്ള നെൽവിത്തിനങ്ങളോട് കർഷകർക്ക് ആഭിമുഖ്യം വർദ്ധിച്ചു. പഴയ വിത്തായ 'ചിറ്റിയേനി', 'തവളക്കണ്ണൻ', 'കരുണ്ടം', 'കുട്ടിക്കണ്ടപ്പൻ', 'ചെമ്പാവ്' എന്നിവ കൃഷി ചെയ്തിരുന്നു. ഇപ്പോൾ 'പി.ടി.ബി', 'ജ്യോതി', 'ത്രിവേണി' എന്നീ അത്യുല്പാദന ശേഷിയുള്ള വിത്തുകളാണ് കൃഷി ചെയ്യുന്നത്. രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്നുണ്ട്. മഴയെ ആശ്രയിച്ചാണ് നെൽകൃഷി ചെയ്യുന്നത്. ഇരിപ്പു നിലങ്ങളാണധികവും. നെൽകൃഷി ലാഭകരമല്ലാതായതോട് കൂടി പാടത്ത് മരച്ചീനിയും, വാഴയും ദീർഘവിളയായ കവുങ്ങും കൃഷി ചെയ്യുവാനാരംഭിച്ചിട്ടുണ്ട്. നേരത്തേ വേനൽക്കാലത്ത് ചേമ്പും ചേനയും പാടത്ത് കൃഷി ചെയ്തിരുന്നു.

ജലസേചനത്തിനായ് രണ്ടാം വിളക്ക് തോടുകളിൽ ചെറ്റകെട്ടി വെള്ളം തടഞ്ഞ് നിർത്തി പാടത്തേക്ക് തിരിച്ചുവിട്ടിരുന്നു. ഓല, കവുങ്ങ്, പന, തെങ്ങ്, എന്നിവ ഉപയോഗിച്ചായിരുന്നു തടയണ കെട്ടിയിരുന്നത്. എലികളെ നശിപ്പിക്കുന്നതിന് തെങ്ങിൻമട്ടൽ പാടത്ത് അങ്ങിങ്ങായി സ്ഥാപിച്ചിരുന്നു. രാത്രിയിൽ കൂമൻ വന്നിരുന്ന് എലികളെ പിടിച്ച് നശിപ്പിച്ചിരുന്നു. കീടബാധ നിയന്ത്രിക്കുന്നതിന് മുറം വീശൽ, ആര് മുളള് നെല്ലിന്റെ മുകൾഭാഗത്ത് കൂടി വലിക്കൽ, വെണ്ണീർ പറപ്പിക്കൽ, കയറ് നെല്ലിന്റെ മുകൾഭാഗത്ത് കൂടി വലിക്കൽ എന്നീ പ്രാദേശിക വിദ്യകളാണ് ഉപയോഗിച്ചിരുന്നത്. ഞാറ് പറിച്ചു നടുന്ന കൃഷിരീതിയാണ് നടത്തിയിരുന്നത്. കൊയ്ത്തിന് കൂലി പതം പത്തിന് ഒന്ന് എന്ന തോതിലും പിന്നീട് 7 ന് ഒന്ന് എന്ന തോതിലുമായിരുന്നു കൊടുത്തിരുന്നത്.

നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ തെങ്ങും കവുങ്ങും കുരുമുളകും പരമ്പരാഗത രീതിയിൽ കൃഷി ചെയ്തിരുന്നു. ചെറുകിട നാമമാത്ര കർഷകർ പ്രാദേശിക ആഴ്ച ചന്തയിലായിരുന്നു ഉല്പന്നങ്ങൾ വിറ്റിരുന്നത്. കൂടാതെ ചുമടായും കാളവണ്ടിയിലും സാധനങ്ങൾ കോഴിക്കോട്ടങ്ങാടിയിലും വിറ്റിരുന്നു. കർഷകർ നേരിട്ടും കച്ചവടക്കാർ മുഖേനയും വിപണനം നടത്തിയിരുന്നു. ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചതോട് കൂടി പ്രാദേശിക ആഴ്ച ചന്തകൾ നാമാവശേഷമായി.

വർത്തമാന കാലത്ത് കൃഷിയോട് താല്പര്യം കുറവാണ്. ജനപ്പെരുപ്പം വർദ്ധിച്ചതോടെ കൃഷി ഭൂമി തുണ്ടംതുണ്ടമായി വിഭജിച്ചതും കൃഷിയെ മാത്രം ആശ്രയിച്ച് കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ജീവിക്കാൻ കഴിയാതെ വന്നതും ഈ രംഗത്തെ അനാകർഷകമാക്കി. 1983-ൽ നിലവിലുണ്ടിയിരുന്ന വിലയാണ് ഇപ്പോഴും നിലവിലുള്ളത്. അതേ സമയം മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിലയും രണ്ടിരട്ടി വർദ്ധിച്ചു. കൂടാതെ തെങ്ങിൽ നിന്നും ലഭിച്ചിരുന്ന തെങ്ങോല ഈ പഞ്ചായത്തിലെ ഏതാനും കുടുംബങ്ങളുടെ ജീവനോപാധിയായിരുന്നു. വയനാട്ടിൽ പുരമേയുന്നതിന് ഇവിടെ നിന്നും ഓലകയറ്റി അയച്ചിരുന്നു. ഇത് സ്ത്രീകളുടേയും കുട്ടികളുടെയും വരുമാനമാർഗ്ഗമായിരുന്നു.

1970 കളുടെ ആരംഭത്തിൽ തന്നെ വിദേശ രാജ്യങ്ങളിലേക്ക് തൊഴിലന്വേഷകരുടെ പ്രവാഹം തുടങ്ങി. ഗൾഫിൽ നിന്നും നാട്ടിലേക്ക് പണമൊഴുകിയത് കൃഷിയോട് താൽപര്യം കുറയാനിടയായി. ഇപ്പോൾ കൃഷി ഒരു ഉപതൊഴിൽ മാത്രമാണ്. കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങൾ വളരെ പരിമിതമാണ്. അവരുടെ ജീവിതസാഹചര്യം വളരെ പ്രയാസങ്ങൾ നിറഞ്ഞതുമാണ്. പഞ്ചായത്തിലെ മിക്ക കുടുംബങ്ങളേയും പ്രത്യക്ഷമായോ പരോക്ഷമായോ ഗൾഫ് പണം സ്വാധീനിക്കുന്നുണ്ട്. ഇതിന്റെ ഫലമായി 1980 കളോട് കൂടി കെട്ടിട നിർമ്മാണ മേഖല സജീവമായി വളർന്നുവന്നു. ഈ മേഖലയിൽ ആകർഷകമായ കൂലി ലഭിക്കുന്നത് കൊണ്ട് കർഷകതൊഴിലാളികൾ നിർമ്മാണ രംഗത്തേക്ക് മാറാൻ തുടങ്ങി.

സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസനയം മൂലം പരമ്പരാഗത തൊഴിലാളികളുടെ പിൻതലമുറക്കാർ വിദ്യാസമ്പന്നരായതും കർഷകത്തൊഴിലാളികളുടെ കുറവിന് കാരണമായി. കാർഷിക വൃത്തിയോട് സമീപകാലത്ത് വന്ന മനോഭാവവും പറമ്പിൽ കൃഷി ചെയ്തു വന്ന ഇടവിളയായ ചേമ്പ്, ചേന, മരച്ചീനി, മധുരക്കിഴങ്ങ് എന്നിവയുടെ ഉല്പാദനത്തെ ഗണ്യമായി ബാധിച്ചു. ഇത് ഉപഭോക്തൃ സംസ്ക്കാരത്തെ ത്വരിതപ്പെടുത്തി. തെങ്ങ് ഒഴികെയുള്ള ഇടവിള കൃഷികളെല്ലാം നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്.

ജൈവവളത്തിന്റെ അപര്യാപ്തത

പഞ്ചായത്തിലെ ജനസാന്ദ്രതയേറിയത് കൊണ്ട് ഭൂമി തുണ്ടമായി മുറിക്കുകയും പുരയിടങ്ങളായി മാറുകയും ചെയ്തപ്പോൾ പച്ചിലവളങ്ങൾ ലഭ്യമല്ലാതെയായി. നിരന്തരമായ കൃഷിമൂലം ഭൂമിയുടെ ഫലപുഷ്ടി കുറഞ്ഞുവരികയും ചെയ്തു. ജൈവവളം ലഭിച്ചിരുന്ന അനുബന്ധ മേഖലയായ കാലിവളർത്തൽ ഗണ്യമായി കുറഞ്ഞതും വളലഭ്യതയെ ബാധിച്ചു.

രാസവളങ്ങളുടെ വിലയിലുള്ള അടിക്കടിയുള്ള

വർദ്ധനവ് കൃഷിയുല്പാദനത്തെ കാര്യമായി ബാധിക്കുന്നു.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 4919.01 ഏക്കർ ആണ്. ഇത് ഇരുപതോളം ചെറുതും വലുതുമായ കുന്നും താഴ്വരകളും വയലുകളും പുഴകളും തോടുകളും ഉൾപ്പെട്ടതാണ്. ഇതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക - 3

ഭൂപ്രകൃതി	വിസ്തീർണ്ണം	ശതമാനം
നിലം	302.5 ഏക്കർ	6.15
പുരയിടം	4527.11 ഏക്കർ	0.31
പുറംപോക്ക്	74.1 ഏക്കർ	1.51
കൃഷിയോഗ്യ മല്ലാത്ത തരിശ്	15.3 ഏക്കർ	0.31

മണ്ണ്

പഞ്ചായത്തിലെ പ്രധാന മൺതരം ചെങ്കൽ മണ്ണാണ്. സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളിലെ പോലും നമ്മുടെ മണ്ണും അമ്ള ഗുണമുള്ളതാണ്. മണ്ണിന്റെ പി.എച്ച് മൂല്യം 4.9 മുതൽ 5.4 വരെയാണ്.

രാസവള പ്രയോഗം സാർവ്വത്രികമായിട്ടില്ലെങ്കിലും നെൽകൃഷിയിൽ പൂർണ്ണമായും രാസവളം പ്രയോഗിക്കുന്നുണ്ട്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തുന്നത്. കീടനാശിനി പ്രയോഗവും ശാസ്ത്രീയമായിട്ടല്ല നടത്തുന്നത്. കീടനാശിനി പ്രയോഗവും ശാസ്ത്രീയമായിട്ടല്ല നടത്തുന്നത്.

കൃഷി - പട്ടിക - 4

നമ്പർ	വിള	വിസ്തീർണ്ണം
1.	നെല്ല് 1ാം വിള	200 ഏക്കർ
2.	രണ്ടാംവിള	250 ഏക്കർ
3.	പുഞ്ച	5 ഏക്കർ

നെൽകൃഷിയുടെ ഉല്പാദനം ഹെക്ടറിന് 1ാം വിളക്ക് 1-5 ടണ്ണും രണ്ടാം വിളക്ക് 3.75 ടണ്ണുമാണ്. നാടൻ വിത്തിനങ്ങൾ കൃഷി ചെയ്യുന്നുണ്ടെങ്കിലും പൊതുവിൽ അത്യുല്പാദന ശേഷിയുള്ള സങ്കരയിനം നെൽവിത്തിനോടാണ് കർഷകർക്ക് കൂടുതൽ ആഭിമുഖ്യം. ജ്യോതി നെൽവിത്ത് കൃഷിഭവനിൽ നിന്ന് 1993 -94ൽ 180 കി.ഗ്രാമും 94-95 ൽ 2280 കി.ഗ്രാമും 95-96 ൽ 700 കി.ഗ്രാമും 96-97 ൽ970 കി.ഗ്രാമും വിതരണം ചെയ്തിട്ടുണ്ട്. ത്രിവേണി 1993- 94 ൽ 600 കി.ഗ്രാമും 96- 97 ൽ150 കി.ഗ്രാമുമാണ് വിതരണം ചെയ്തത്.

വിളപരിവർത്തന പരിപാടികൾ മുൻകാലങ്ങളിൽ നടത്തിയിരുന്നത് പോലെ ഇപ്പോൾ നടത്തുന്നില്ല. വേനൽക്കാല പച്ചക്കറി കൃഷി ചുരുങ്ങിയ പ്രദേശങ്ങളിൽ നടക്കുന്നുണ്ട്. രണ്ടാം വിളക്കു ശേഷം പയറുകൃഷി നടത്തുന്നുണ്ട്.

പട്ടിക - 5

ക്രമനമ്പർ	ഇടവിളകൾ	വിസ്തീർണ്ണം
1.	പച്ചക്കറി	10 ഏക്കർ
2.	പയർ	10 ഏക്കർ
3.	മരച്ചീനി	10 ഏക്കർ
4.	വാഴ	15 ഏക്കർ
5.	കുരുമുളക്	50 ഏക്കർ
6.	കവുങ്ങ്	200 ഏക്കർ
7.	ഇഞ്ചി	7 ഏക്കർ
8.	മഞ്ഞൾ	3 ഏക്കർ

മുഖ്യ വിളയായ തെങ്ങിന്റെ വാർഷിക ഉല്പാദനക്ഷമത 56 നാളികേരമാണ്. ഇത് ശരാശരി കേരളത്തിലെ ഉല്പാദന ക്ഷമതയേക്കാൾ കൂടുതലാണ്. രാസവളങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരികയാണ്. ശാസ്ത്രീയമായ വിള പരിപാലനം നടത്തുകയാണെങ്കിൽ ഉല്പാദനം വർദ്ധിപ്പിക്കാം. തെങ്ങുകൃഷിക്ക് പ്രത്യേക പരിചരണങ്ങളൊന്നും ശാസ്ത്രീയമായി ചെയ്യുന്നില്ല. ജല ദൗർലഭ്യം മൂലം ജലസേചനം വ്യാപകമല്ല. അപൂർവ്വമായി പമ്പ്സെറ്റ് ഉപയോഗിച്ച് ജലസേചനം നടത്തിവരുന്നു. മറ്റൊരു ഇടവിളയായ കവുങ്ങ് കൃഷി വ്യാപകമാകുന്നുണ്ട്. അടക്കക്കുള്ള ഇപ്പോഴത്തെ ആകർഷകമായ വിലയാണ് കാരണം. മണ്ണൊലിപ്പ് തടയുന്നതിന് വേണ്ടി വയൽ വരമ്പിൽ കവുങ്ങ് കൃഷിചെയ്തു വന്നിരുന്നു. വയലിൽ ഉല്പാദനം കൂടുതൽ കണ്ടുവരുന്നത് കൊണ്ട് ഇപ്പോൾ വയൽ നികത്തി കവുങ്ങു കൃഷി ചെയ്യുന്ന പ്രവണത വർദ്ധിച്ചു വരുന്നുണ്ട്. ഈ പ്രവണത തടയപ്പടേണ്ടതാണ്.

വളം

സഹകരണ മേഖലയിൽ 3 രാസവളഡിപ്പോയും സ്വകാര്യ മേഖലയിൽ 2 ഡിപ്പോയും പ്രവർത്തിക്കുന്നുണ്ട്. രാസവള ഉപയോഗം വർദ്ധിച്ചു വരുന്നു. അശാസ്ത്രീയമായ രാസവള ഉപയോഗം കാർഷിക ചെ

ലവ് അനാവശ്യമായി വർദ്ധിക്കാൻ കാരണമാകുന്നു. ജൈവവള ലഭ്യത കുറവാണ്.

കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിക്കുന്നത്. കീടനാശിനികൾ തളിക്കുമ്പോൾ ആവശ്യമായ മുൻകരുതലുകളൊ ശാസ്ത്രീയമായ രീതിയോ പരിഗണിച്ചു കാണുന്നില്ല. കർഷകർക്ക് ഇതിൽ അവബോധം സൃഷ്ടിക്കേണ്ടതുണ്ട്.

കാർഷികോപകരണങ്ങൾ

കാർഷിക മേഖലയിൽ ഉപയോഗിപ്പെടുത്താവുന്ന തരത്തിൽ താഴെ പറയുന്ന കാർഷിക പണിയായുധങ്ങൾ പഞ്ചായത്തിൽ ലഭ്യമാണ്. (പട്ടിക-6 കാണുക)

കൂടാതെ 30 ജോഡിയോളം ഉഴവുകാളകൾ പഞ്ചായത്തിൽ ഉണ്ട്. എങ്കിലും ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതിൽ കർഷകർക്ക് താല്പര്യം വർദ്ധിച്ചു വരുന്നുണ്ട്.

പാടശേഖര സമിതികളും മറ്റു കാർഷിക വികസന സമിതികളും

മൂന്ന് പാടശേഖര സമിതികൾ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കുരുമുളക് സംരക്ഷണ സമിതി പ്രവർത്തിക്കുന്നുണ്ട്. സമിതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക – 7

ക്രമ നമ്പർ	സമിതികളുടെ പേര്	വിസ്തീർണ്ണം
1.	പുതുവയൽ പാടശേകരസമിതി	100 ഏക്കർ
2.	ആവുപ്പാട് പാടശേഖരസമിതി	37.5 ഏക്കർ
3.	പുളിയാറക്കൽ താഴം പാടശേഖരസമിതി	25 ഏക്കർ
4.	കുരുമുളക് സംരക്ഷണ സമിതി	

കാർഷിക പണിയായുധങ്ങൾ, പട്ടിക – 6

ക്രമ ന.	ഉപകരണത്തിന്റെ പേര്	എണ്ണം	കൈവശ സ്വഭാവം	റിമാർക്സ്
1.	റോക്കർ സ്പ്രെയർ	3	അഗ്രോ സർവ്വീസ് സെന്റർ	കൃഷി വകുപ്പ് കൊടുത്തത്
2.	റോക്കർ സ്പ്രെയർ	1	പട്ടികജാതി കോളനി	കൃഷിവകുപ്പ് കൊടുത്തത്
3.	നാപ്ഡാക്ക് സ്പ്രെയർ	5	അഗ്രോ സർവ്വീസ് സെന്റർ	കൃഷി വകുപ്പ് കൊടുത്തത്
4.	നാപ്ഡാക്ക് സ്പ്രെയർ	1	പട്ടികജാതി കോളനി	കൃഷിവകുപ്പ് കൊടുത്തത്
5.	ബോഡ് മല	5	അഗ്രോ സർവ്വീസ് സെന്റർ	കൃഷി വകുപ്പ് കൊടുത്തത്
6.	പിക്കാസ്	5	അഗ്രോ സർവ്വീസ് സെന്റർ	കൃഷി വകുപ്പ് കൊടുത്തത്
7.	കൂന്താലി	20	അഗ്രോ സർവ്വീസ് സെന്റർ	കൃഷി വകുപ്പ് കൊടുത്തത്
8.	ട്രോളി (കൈവണ്ടി)	1	അഗ്രോ സർവ്വീസ് സെന്റർ	കൃഷി വകുപ്പ് കൊടുത്തത്
9.	പവ്വർ ട്രില്ലർ	1	പുതുവയൽ പാടശേഖരസമിതി	കൃഷി വകുപ്പ് കൊടുത്തത്
10.	പോർട്ടബിൾ പമ്പ് സെറ്റ്	1	ആവുപ്പാട് പാടശേഖരസമിതി	കൃഷി വകുപ്പ് കൊടുത്തത്

കൂലി നിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസ സാമൂഹിക മാറ്റങ്ങളാണ് ഇതിന്ന് പ്രധാന കാരണം. ഏകദേശം 1281 പേരാണ് കർഷക തൊഴിലാളികളായി പഞ്ചായത്തിലുള്ളത്. ഇതിൽ 128 പേർ സ്ത്രീകളും 1153 പേർ പുരുഷന്മാരുമാണ്. ഇവരുടെ ശരാശരി കൂലി നിരക്ക് പുരുഷന് 100 രൂപയും സ്ത്രീക്ക് 65 രൂപയും ആണ്. നിലവിൽ ഒരു ഏകീകൃത നിരക്കില്ല. കാള ഉഴവിന് 170 രൂപയാണ് കൂലി. ട്രില്ലർ ഉഴവിന് മണിക്കൂറിൽ 120 മുതൽ 130 രൂപ വരെയാണ് കൂലി കൊടുക്കുന്നത്.

കാർഷിക വായ്പ

കനറ ബാങ്കിന്റെ ഒരു ശാഖയും 3 സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കടക്കം 4 ബാങ്കുകളാണ് പഞ്ചായത്തിന്റെ പരിധിയിൽ ഉള്ളത്. കൂടാതെ കൊടുവള്ളി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും പഞ്ചായത്തിന്റെ 2 വാർഡുകൾക്ക് കാർഷിക വായ്പ നൽകുന്നുണ്ട്. കൂടാതെ താമരശ്ശേരി കാർഷിക വികസന ബാങ്ക് പഞ്ചായത്തിൽ ലോൺ കൊടുക്കുന്നുണ്ട്. പതിനായിരം രൂപവരെ ഒരു ഹെക്ടറിന് ഒരു വർഷം ശരാശരി ലോൺ കൊടുക്കുന്നുണ്ട്.

ബാങ്ക് വായ്പകളെ സംബന്ധിച്ച വിവരങ്ങൾ

പട്ടിക - 8

ക്രമ നമ്പർ	ബാങ്കിന്റെ പേര്	കൊടുത്ത വായ്പതുക
1	കനറാബാങ്ക്, എളേറ്റിൽ	ലഭ്യമല്ല
2	വലിയപറമ്പിൽ സർവ്വീസ് സഹകരണ ബാങ്ക്	3,86,217.00
3	ആവിലോറ സർവ്വീസ് സഹകരണ ബാങ്ക്	3,42957.00
4.	കിഴക്കോത്ത് സർവ്വീസ് സഹകരണ ബാങ്ക്	1,63,000.00

ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ചു കൃഷി നടത്തുന്ന പഞ്ചായത്തിൽ രണ്ട് ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും സെപ്തംബർ മുതൽ നവംബർ വരെ ലഭിക്കുന തുലാവർഷവും ശരാശരി 292 സെ. മി. മഴ ഇവിടെ ലഭിക്കുന്നു. 131.49 ഏക്കർ കൃഷിഭൂമി ജലസേചന യോഗ്യമാക്കുന്നതിന് വേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് ധനസഹായം നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ കഴിഞ്ഞ കൊല്ലത്തെ വർഷപാതത്തിന്റെ അളവു താഴെ ചേർക്കുന്നു.

(പട്ടിക.9 നോക്കുക)

പത്താം വാർഡിൽ പാടശേഖര സമിതി നിർമ്മിച്ച ഒരു കുളവും 18 മറ്റുകുളങ്ങളും പഞ്ചായത്തിൽ ഉണ്ട്. കൂടാതെ പഞ്ചായത്തിന്റെ മദ്ധ്യത്തിലൂടെ ഇയ്യാട് - ആവിലോറ തോടും ഒഴുകുന്നു. 7 ഉപതോടുകളും പഞ്ചായത്തിലൂടെ ഒഴുകുന്നു. വർഷം മുഴുവനും തോട്ടിൽ ജലം ലഭ്യമല്ല. മിക്ക തോടുകളും ജനുവരി മാസത്തോടെ വറ്റിപ്പോകുന്നു. പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്ത് കൂടെ പൂനൂർ പുഴ ഒഴുകുന്നു. സ്വകാര്യ വ്യക്തികൾ പമ്പ്സെറ്റ് ഉപയോഗിച്ച് തെങ്ങിനും, മറ്റ് ഇടവിളകൾക്കും ജലസേചനം നടത്തുന്നുണ്ട്. സ്വകാര്യ കിണറുകളും ജലസേചനത്തിന്നായ് ഉപയോഗിക്കുന്നു. മൂന്ന് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതികൾ കൃഷിഭവന്റെ സഹായത്തോടെ ആരംഭിച്ചു എങ്കിലും പണി പൂർത്തീകരിച്ചിട്ടില്ല. കുളങ്ങളുടെ പട്ടിക-10 ൽ നോക്കുക.

മണ്ണ് ജല സംരക്ഷണം

കയ്യാലകൾ കെട്ടി പറമ്പ് തട്ടുകളായി തിരിച്ചിട്ടുണ്ട്.. കൂടാതെ മണ്ണ് കൊത്തി ഇളക്കിയും ഉഴുതുമാണ് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നത്. പുഴയോരത്തും തോട്ടിൻ തീരത്തും കൈതകളും കുളവാഴയും വെച്ചുപിടിപ്പിച്ചിട്ടുണ്ട്. വയൽ തീരങ്ങൾ കല്ലും ചെളിയും കൊത്തിവെച്ച് മണ്ണൊലിപ്പ് തടയുന്നു.

നഴ്സറികൾ

നടീൽ വസ്തുക്കൾ ലഭ്യമാക്കാൻ മേൽത്തരം നഴ്സറികളൊന്നും പഞ്ചായത്തിൽ നിലവിലില്ല കൃഷിഭവൻ മുഖേന ലഭിക്കുന്ന നടീൽ വസ്തുക്കളാണ് ഏക ആശ്രയം. കർഷകർ തെങ്ങിൻ തൈ കവുങ്ങിൻതൈ എന്നിവ ഉല്പാദിപ്പിച്ച് സ്വയം ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

കൃഷിഭവൻ

1987 സപ്തംബർ 1-ാംന് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നു. കൃഷിഭവന്റെ പ്രവർത്തനത്തെപ്പറ്റി പഞ്ചായത്തിലെ മുഴുവൻ കർഷകരും ബോധവാന്മാരല്ല.. സ്ഥിരമായി ആനുകൂല്യം ലഭിക്കുന്നവർ തന്നെയാണ് അധിക ആനുകൂല്യവും കൈപ്പറ്റുന്നത്. ജീവനക്കാരായി 3 കൃഷി അസിസ്റ്റൻറും ഒരു കൃഷി ഓഫീസറുമുള്ള കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തിലെ മുഴുവൻ ഭാഗത്തും വ്യാപിപ്പിക്കേണ്ടതുണ്ട്. കൃഷി

പട്ടിക- 9. പഞ്ചായത്തിലെ കഴിഞ്ഞ 5 വർഷത്തെ വർഷപാതത്തിന്റെ അളവ് മി.മീറ്റർ

വർഷം	ജനു.	ഫിബ്രു.	മാർ.	ഏപ്രി.	മെയ്	ജൂൺ	ജൂലായ്	ആഗ	സപ്തം	ഒക്ടോ.	നവം.	ഡിസം	മൊത്തം.
1987	–	–	–	78	139.2	830.8	401	350.4	184	225.7	238.1	19.8	2396
88	–	–	14.6	89.6	283.8	654.1	663.8	530	415.5	69.6	71.1	77	2865.1
89	–	–	6.8	59.4	242.3	920.4	475.1	365.2	213.8	216.2	55.2	1.4	2549.8
90	–	–	–	–	592.9	537.9	705.1	331.1	77.3	356.1	112.8	–	2724
91	–	–	3.4	61.6	34.2	1002	1001.1	539.9	14.7	336.7	91.8	–	3139.4
92	–	–	–	19.0	161.4	918.9	895.5	592.6	244.6	349	193.5	–	3374.5
93	–	–	–	16.4	210.3	737.6	836.4	352.4	52.5	307.8	104.8	65.2	2683.4
94	–	–	–	138.7	109	1035.3	1343	484	200.6	432.8	71.2	8.6	3823.7
95	1.6	–	10.8	59.8	198.7	917.4	716	463	267.8	168.5	112.6	–	2716.6
96.	–	–	47.6	32.8	64.2	719.8	723.6	339.6	381.4	Up.to oct.24 288.4			

പട്ടിക- 10, കുളങ്ങളുടെ വിവരം

ക്രമ നമ്പർ	പേര്	വിസ്തീർണ്ണം	കൈവശ സ്വഭാവം	
1	നമ്പ്യാറമ്പത്ത് കുളം	2 സെൻറ്	സ്വകാര്യം	വാർഡ് 2ൽ
2.	മുളിയഞ്ചേരി "	1 സെൻറ്	"	"
3.	കുറുന്താറ്റിൽ "	1 സെൻറ്	"	"
4.	വെള്ളപൊടിപ്പിൽ	1 സെൻറ്	"	വാർഡ് -1 ൽ
5.	വരിക്കിയങ്ങിൽത്താഴം	1 സെൻറ്	"	വാർഡ് -3 ൽ
6.	തിയ്യക്കണ്ടിയിൽ കുളം	$1^1/_2$ സെൻറ്	"	"
7.	പുന്നപ്പിലക്കിയിൽ കുളം	"	"	"
8.	ചെറുമല നീരുറവ	1 സെൻറ്	"	"
9.	ചെറുപന്നൂര്	2 സെൻറ്	പൊതുവായുള്ളത്	"
10.	വെള്ളത്തിങ്ങൽ	1 സെൻറ്	സ്വകാര്യം	വാർഡ് 5
11.	കുറ്റ്യേണ്ടുവയൽ കുളം	$1^1/_2$ സെൻറ്	സ്വകാര്യം	വാർഡ്4
12.	എടപ്പകുത്തി കുളം	2 സെൻറ്	പൊതുവായുള്ളത്	"
13.	കുന്നോത്ത് കുളം	$1^1/_2$ സെൻറ്	സ്വകാര്യം	"
14.	കിപ്പേടത്ത് കുളം	$1^1/_2$ സെൻറ്	സ്വകാര്യം	"
16.	കുളങ്ങരപറമ്പുകുളം	3 സെൻറ്	അമ്പലകുളം	വാർഡ് 4
17.	വലിയതൊടുകയിൽ	3 സെൻറ്	സ്വകാര്യം	വാർഡ് 8
18.	കുന്നത്ത് കുളം	$1^1/_2$ സെൻറ്	അമ്പലകുളം	,,
19.	ഞേളിക്കുന്നുമ്മൽ കുളം	2 സെൻറ്	പൊതു.	വാർഡ്10

ഭവന് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ വിത്തും നടീൽ വസ്തുക്കളും സൂക്ഷിക്കുന്നതിന് പ്രയാസമുണ്ട്.

പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുകൂടി ഒഴുകുന്ന പൂനൂർ പുഴയുടെ തീരത്ത് മണ്ണൊലിപ്പ് തടയുന്നതിന് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനും സൈഡ് ഭാഗം കെട്ടി ആവശ്യമായ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കേണ്ടതാണ്.

ചെറുപന്നൂർ മൂനമണ്ണിൽ എന്ന തോട് ജലസേച ന യോഗ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരി ക്കണം.

തെങ്ങ്, കവുങ്ങ്, കശുമാവ്, കുരുമുളക്, നെല്ല്, കിഴങ്ങുവർഗ്ഗങ്ങൾ എന്നീ കൃഷികളുടെ ഉൽപ്പാദന ക്ഷമത കുറവാണ്. കൃഷിഭവൻ മുഖേനയുള്ള സഹാ യങ്ങൾ യഥാസമയം ലഭിക്കുന്നില്ല. കൃഷി അഭിവൃദ്ധി പ്പെടുത്തുന്നതിന് അടിസ്ഥാനസൗകര്യങ്ങളും ജല സേചന സൗകര്യവും എർപ്പെടുത്തണം. അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കളും, രാസവളങ്ങളും, കീടനാശിനിയും കൃഷിഭവൻ മുഖേന യഥാസമയം സഹായവിലക്കു ലഭ്യമാക്കണം.

ചെറുവന്നൂർ, മരുതാട് പൊയിൽ കുളങ്ങളിൽ നിന്നും ജലസേചന സൗകര്യം വർദ്ധിപ്പിക്കണം. മറി വീട്ടിൽ താഴം ഒരു പൊതുകുളം കുഴിക്കണം. കച്ചേ രിമുക്ക്, പുത്തലത്ത് പറമ്പ്, മറുവീട്ടിൽ താഴം, എന്നി വിടങ്ങളിൽ കിണർ, കുളം എന്നിവ കുഴിച്ച് പമ്പു സെറ്റ് സ്ഥാപിച്ച് ജലസേചനം മെച്ചപ്പെടുത്തണം. 3-ാം വാർഡിൽ ഒരു കൊപ്ര സംഭരണ സംസ്ക്കരണ യൂ ണിറ്റ് സ്ഥാപി ക്കണം.

തെങ്ങ്, കവുങ്ങ് എന്നിവയുടെ വിളവെടുപ്പിന് തൊഴിലാളികളെ ലഭ്യമാവുന്നതിന് തെങ്ങ്, കവുങ്ങ് കയറ്റ പരിശീലനം ഏർപ്പെടുത്തണം.

നെൽകൃഷി ലാഭകരമല്ലാത്തിതിനാൽ ഉല്പാദന ബോണസ് ഹെക്ടറിന് 2500 രൂപയായി വർദ്ധിപ്പി ക്കണം.

4ാം വാർഡിൽ നിലവിലുള്ള കുളം ജലസേചന ത്തിന് പര്യാപ്തമാക്കുക. ചീപ്പേടത്ത് താഴത്ത് പുതിയ കുളം കുഴിക്കുകയും കുന്നോത്ത് വയലിൽ നിലവി ലുള്ള കിണർ അറ്റകുറ്റപണികൾ നടത്തുകയും ചെയ്യുക.

പാടങ്ങളിൽ വേനൽക്കാലത്ത് പച്ചക്കറികൾ സമി തികൾ രൂപീകരിച്ച് കൃഷി ചെയ്യാനുള്ള വിത്തും വള വും കീടനാശിനികളും സൗജന്യ നിരക്കിൽ ലഭ്യമാ ക്കണം.

കാർഷികാവശ്യത്തിന് കിണർ കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് നിലവിലുള്ള ഭൂപരിധി 30സെൻറിൽ നിന്നും 10 സെൻറായി കുറക്കണം. പറക്കുന്ന് ഭാഗത്ത് ഒരു കുളം കുഴിച്ച് ജലസേചനത്തിന് ജല ലഭ്യത ഉറപ്പാക്കണം. പ്രകൃതിക്ഷോഭം മൂലം വിള നശിച്ചാൽ കൊടുക്കുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കണം. പറക്കുന്ന് പ്രദേശത്ത് ശുദ്ധ ജലമത്സ്യ കൃഷി ആരംഭി ക്കണം.

പൊന്നും തോറ, തൂവ്വക്കുന്ന്, പൊമ്പ്രമല എന്നീ തെങ്ങുകൃഷിക്ക് അനുയോജ്യമല്ലാത്ത കുന്നിൽ പ്രദേശങ്ങളിൽ മേത്തരം കശുമാവ്, മാവ്, എന്നിവ കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

മുമ്പ് കാലങ്ങളിൽ പറമ്പിൽ കൃഷി ചെയ്തി രുന്ന ചോമാല ചെന്നെല്ല് തുടങ്ങിയ നാടൻ വിത്തി നങ്ങൾ ലഭ്യമാക്കണം. കൊപ്ര സംഭരണ സംസ്ക്കര ണ യൂണിറ്റ് സ്ഥാപിക്കണം.

ആവുപ്പാട് മുതൽ കുളരാന്തരി വരെ പാടവരമ്പ് കെട്ടി ജലസേചനസൗകര്യം വർദ്ധിപ്പിക്കണം. കുന്നത്ത് കോട്ടയിൽ ഒരു പൊതുകുളം നിർമിക്കണം.

കണ്ണിറ്റമാക്കിൽ ഭാഗത്ത് ഒരു കുളം കുഴിച്ച് ജല സേചന സൗകര്യം വർദ്ധിപ്പിക്കണം.

ചെറുവത്ത് തെറ്റത്ത് എന്നീ സ്ഥലങ്ങളിൽ ജല സേചനത്തിന് കുളം കുഴിക്കണം. തറോൽ നിലവിലു ള്ള കുളം വിപുലീകരിച്ച് പമ്പുസെറ്റ് സ്ഥാപിക്കണം. പുളിയാറക്കൽ താഴം വയലിൽ തോടിന്റെ തീരം കെട്ടി പവ്വർ ടില്ലർ ഉറക്കുന്നതിന് സ്ലേബ് ഇട്ട് സൗകര്യ പ്പെടുത്തണം. ഇടവിളയായി പറമ്പുകളിൽ വാഴ കുരു മുളക് എന്നിവ കൃഷി ചെയ്യാൻ കൃഷിഭവനിൽ നിന്ന് ഉപദേശം നൽകണം.

കുളരാന്തരി മുതൽ ആവിലോറ വരെ തോടിന്റെ തീരം കെട്ടണം. ജൈവ വളങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

സാദ്ധ്യതകൾ

നെൽകൃഷിയിൽ ഉൽപാദനം വർദ്ധിപ്പിക്കുക മാത്രമാണ് ഭക്ഷ്യ കാര്യത്തിൽ സ്വയാശ്രയ തോത് വർദ്ധിപ്പിക്കുവാൻ പറ്റിയ ഏകമാർഗ്ഗം രാസവളങ്ങളു ടേയും ജൈവവളങ്ങളുടേയും ശാസ്ത്രീയമായ ഉപ യോഗം വഴി നിലവിലുള്ള ഉൽപാദന ക്ഷമത വർദ്ധി പ്പിക്കാം. വേനൽക്കാലത്ത് പാട ശേഖരത്തിൽ വേനൽ കാല പച്ചക്കറി കൃഷി ആരംഭിച്ചു പച്ചക്കറിയുടെ സ്വയാശ്രയതോത് വർദ്ധിപ്പിക്കുവാൻ കഴിയും. ആയതി ന് അത്യുല്പാദന ശേഷിയുള്ള പച്ചക്കറി വിത്തും രാസ വളങ്ങളും സാങ്കേതിക വിദ്യയും ലഭ്യമാക്കണം.

പ്രധാന വിളയായ തെങ്ങ് കൃഷിയിൽ ഇപ്പോഴത്തെ ഉൽപ്പാദന ക്ഷമത നിലവിലുള്ള 56-ൽ നിന്ന് ചുരുങ്ങിയത് 80 നാളികേരം ഏങ്കിലും ആക്കാൻ കഴിയും. ഇതിന്നായി ശാസ്ത്രീയ വിള പരിപാലനം നടത്തിയാൽ ഇത് സാദ്ധ്യമാകും. നാളികേരത്തിന്റെ വിലയിടിവ് പരിഹരിക്കുന്നതിന് നിലവിലുള്ള ഉല്പാദനം വർദ്ധിപ്പിക്കുകയും കൂടാതെ ഒരു സമ്മിശ്ര കൃഷി രീതിയും അവലംബിക്കാവുന്നതാണ്! പരിമിതമായ കൃഷിസ്ഥലം കാര്യക്ഷമമായ വിനിയോടത്തിലൂടെ ഒന്നിൽ കൂടുതൽ കൃഷി ചെയ്യാവുന്നതാണ്. കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കശുമാവ് എന്നിങ്ങനെ വിവിധയിനം കൃഷികൾ ശാസ്ത്രീയമായി ചെയ്യാവുന്നതാണ്. ഉല്പന്നങ്ങളുടെ വിലക്കുറവ് കൃഷിയിലെ വൈവിദ്ധ്യവൽക്കരണത്തിലൂടെ പരിഹരിക്കാൻ കഴിയും. തെങ്ങിൽ തോട്ടങ്ങളിൽ പഴ വൃക്ഷസസ്യങ്ങളായ കൈതചക്ക വാഴ എന്നിവയും സ്ഥിരവിളയായ മാവ് എന്നിവയും കൃഷി ചെയ്ത് പഴത്തിന്റെ കാര്യത്തിൽ സ്വയാശ്രയത്തം വർദ്ധിപ്പിക്കാം.

അലങ്കാര സസ്യകൃഷിയും പുഷ്പകൃഷിയും

വിവിധയിനം അലങ്കാര ചെടികൾക്ക് ഇപ്പോൾ ഈ പ്രദേശത്ത് പ്രിയം കൂടിവരികയാണ്. എല്ലാവിടിന്റെ മുറ്റത്തും ഒരു ചെറിയ പൂന്തോട്ടം വെച്ച് പിടിപ്പിക്കുക എന്നത് എല്ലാ വീട്ടുകാരുടെയും ഒരാഗ്രഹമാണ്. ഗൾഫ് പണത്തിന്റെ സ്വാധീനത്തിൽ ജീവിത നിലവാരം ഉയർന്ന സാഹചര്യത്തിൽ സൗന്ദര്യ ബോധവും വർദ്ധിച്ചിട്ടുണ്ട്. അലങ്കാര സസ്യങ്ങൾക്ക് ആഗോളതലത്തിൽ തന്നെ ഇന്ന് പ്രിയം ഏറി വരികയാണ്. വിപണനത്തിന് പറ്റിയതും ഉദ്യാന നിർമ്മിതിക്ക് അനുയോജ്യവുമായ തെരഞ്ഞെടുത്ത സസ്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയത്. പന്നൽച്ചെടി ഭംഗിയുള്ള ഇലകളോട് കൂടിയ ചെടികൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടും. ഉദ്യാന നിർമ്മിതിക്കു വേണ്ട സാങ്കേതിക ഉപദേശങ്ങളും പരീശീലനങ്ങളും ആവശ്യമാണ്. കേരളത്തിൽ പുഷ്പകൃഷിക്ക് അനുയോജ്യമായ മണ്ണും കാലാവസ്ഥയും ഉണ്ടെങ്കിലും കേരളത്തിലേക്കാവശ്യമായ പൂക്കൾ ഇന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. സാമ്പത്തിക ലാഭം നേടിത്തരാൻ കഴിവുള്ള പുഷ്പകൃഷി അനുയോജ്യമായവ തെരഞ്ഞെടുത്ത് നമ്മുടെ പഞ്ചായത്തിൽ ഒറ്റക്കും കൂട്ടായും നടപ്പിലാക്കാൻ കഴിയും. കുറ്റിമുല്ല. ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയവയുടെ കൃഷി ഇതിലുൾപ്പെടുത്താം.

ഔഷധ സസ്യകൃഷി

ഇരുപത്തി ഒന്നാം നൂറ്റാണ്ട്, സസ്യ ഔഷധങ്ങളുടെ സുവർണ്ണ കാലഘട്ടമായിരിക്കുമെന്ന് ലോകമെമ്പാടും അംഗീകരിച്ചിരിക്കുന്ന ഇക്കാലത്ത് ഔഷധ സസ്യകൃഷിക്കുള്ള പ്രസക്തി വളരെ വർദ്ധിച്ചിരിക്കയാണ്. വന നശീകണം ഔഷധ സസ്യങ്ങളുടെ തിരോധാനത്തിന് ആക്കം കൂട്ടിയിരിക്കുന്നതിനാൽ ഔഷധ സസ്യകൃഷിയും പ്രാദേശികമായി അവയുടെ സംരക്ഷണവും അനിവാര്യമായി തീർന്നിരിക്കുന്നു. ഗ്രാമതലത്തിൽ ഔഷധ സസ്യകൃഷി രണ്ടു തരത്തിൽ പ്രയോജനപ്പെടുത്താം.

(1) പ്രാഥമികാരോഗ്യ സംരക്ഷണത്തിന്.

(2) വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്തു സാമ്പത്തിക ലാഭം നേടുന്നതിന്.

കൂൺ കൃഷി

സംപുഷ്ടമായ പോഷക ഗുണം പ്രധാനം ചെയ്യുന്ന ഒന്നാണ് കൂൺ. വീടുകളിൽ എളുപ്പം വലിയ മുതൽ മുടക്കില്ലാതെ സ്ത്രീകൾക്ക് ചെയ്യാവുന്ന ഒരു ഉപതൊഴിലാണ് കൂൺ കൃഷി. 15 ദിവസം കൊണ്ട് വിളവെടുപ്പിന് സാദ്ധ്യമാകും. കൂണിന് പ്രാദേശികമായി ഉപഭോഗം വർദ്ധിച്ചു വരികയാണ്. ഇതിന്നുള്ള സാങ്കേതിക വിദ്യയും പ്രായോഗിക പരിശീലനവും സൗജന്യമായി നൽകേണ്ടതാണ്.

ജൈവവള നിർമ്മാണവും വ്യാപനവും

ജൈവ വളത്തിന്റെ ലഭ്യത കുറഞ്ഞു വരുന്ന ഈ സാഹചര്യത്തിൽ ശാസ്ത്രീയമായി ഉല്പാദിപ്പിക്കുന്ന മണ്ണിര കമ്പോസ്റ്റിന്റെ നിർമ്മാണവും വ്യാപനവും ത്വരിതപ്പെടുത്തേണ്ടതാണ്. പച്ചക്കറികളും പഴവർദഗ്ങളും വിഷ മുക്തമാക്കാൻ ഇത്തരം വള നിർമ്മാണത്തിന് പഞ്ചായത്തിൽ വർദ്ധിച്ച സാദ്ധ്യതയാണ് ഉള്ളത്. കൂടാതെ ജീവാണുവളത്തിന്റെ ഉപയോഗ രീതിയും ലഭ്യതയും കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ഉറപ്പു വരുത്തേണ്ടതാണ്. കൃഷിയിൽ പ്രധാനമായും ഒരു പ്രശ്നം ജൈവവളത്തിന്റെ ദൗർലഭ്യമാണ്. കർഷകരെ ബോധവൽക്കരണത്താൽ ശീമക്കൊന്ന ചണമ്പ് ഡയിഞ്ച തുടങ്ങിയ പച്ചില വളച്ചെടികൾ കൃഷി ചെയ്ത് ആവശ്യമായ ജൈവ വളങ്ങൾ പുരയിടങ്ങളിൽ തന്നെ ഉല്പാദിപ്പിക്കാൻ കഴിയും.

പഞ്ചായത്തിലെ കുന്നിൻ പ്രദേശങ്ങളിൽ കശുമാവ് കൃഷിക്ക് വർദ്ധിച്ച സാദ്ധ്യതയുണ്ട്. അത്യുല്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കണം. കൂടാതെ ലോക വിപണിയിൽ കുരുമുളകിന് വൻ ഡിമാൻറാണ് ഉണ്ടാകാൻ പോകുന്നത്. ഇത് കണക്കിലെടുത്ത് ദ്രുതവാട്ടം മൂലം നാമാവശേഷമാകുന്ന കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി പ്രത്യേക താല്പര്യം

കാണിക്കേണ്ടതാണ്.

ജലസേചനം

ഇയ്യാട് ആവിലോറ തോടിന്റെ രണ്ട് ഓരങ്ങളും കെട്ടി തോട്ടിൽ ആവശ്യമായ സ്ഥലങ്ങളിലൊക്കെ തടയണ നിർമ്മിച്ചാൽ മണ്ണൊലിപ്പ് തടയുന്നതിന് സമീപ കീണറുകളിലെ ജലവിതാനം ക്രമാതീതമായി കുറയുന്നത് തടയുവാനും സഹായിക്കും. കൂടാതെ ആവുപ്പാട്ടു ഭാഗത്ത് കുന്നത്ത് കോട്ടയിൽ നിന്നും ഒഴുകുന്ന പ്രകൃതിദത്ത നീരുറവയിലെ വെള്ളം ഒരു കുളം കുഴിച്ച് ശേഖരിച്ചാൽ ആവുപ്പാട്ട് ഭാഗത്ത് പാടങ്ങളിൽ വേനൽകാല പച്ചക്കറികൾ ഉല്പാദിപ്പിക്കാൻ കഴിയും. കൂടാതെ പഞ്ചായത്തിലുള്ള പതിനഞ്ചോളം സ്വകാര്യകുളങ്ങളിലെ ജലലഭ്യത ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ ജലസേചന സൗകര്യം വ്യാപിപ്പിക്കാൻ കഴിയും.

നീർതട വികസന പദ്ധതി

പഞ്ചായത്തിലെ 2,3,4 വാർഡുകളിൽപ്പെട്ട 392 ഹെക്ടർ സ്ഥലത്ത് ഒപേക്ക് രാജ്യങ്ങളുടെ സഹായത്തോടുകൂടി നീർത്തട വികസന പദ്ധതി കൃഷിഭവൻ മുഖേന നടപ്പിലാക്കി വരുന്നു. നീർത്തട വികസന പദ്ധതിയുടെ യഥാർത്ഥ ഉദ്ദേശമായ മണ്ണ് ജല സംരക്ഷണത്തിന് ഊന്നൽ നൽകിയുള്ള പദ്ധതിയല്ല ഇന്ന് നടത്തിവരുന്നത്. ഇത് ശാസ്ത്രീയമായി പുന :സംവിധാനം ചെയ്യുകയും ബാങ്ക് വായ്പകൾ ഉപയോഗപ്പെടുത്താൻ കർഷകർ തയ്യാറാകുകയും ചെയ്താൽ കൂടുതൽ ഫലപ്രദമാക്കാൽ കഴിയും.


ഇയ്യാട് ആവിലോറ തോടിനെ അടിസ്ഥാനമാക്കി ഒരു നീർത്തട വികസന പദ്ധതിക്കുള്ള പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കിയാൽ പഞ്ചായത്തിലെ ഭൂരിപക്ഷം പ്രദേശത്തും ഇതിന്റെ ഗുണം ലഭിക്കാനുള്ള സാധ്യതയുണ്ട്.

പട്ടിക. 11

1992 മുതൽ 1996 വരെ രാസവള ഉപയോഗത്തിന്റെ വിവരം

വർഷം	പാക്യജനകം (N)	ഭാവഹം (P)	ക്ഷാരകം (K)
1992- 93	14098.14	11608.02	30139.71
1993- 94	11084.38	7525.75	21224.84
1994- 95	19558.54	11181.27	22747.22
1995- 96	16097.48	10913.51	26527.22

"പുറം കറോരം. പരിശുഷ്കമൊട്ടു-
മുള്ളൊമ്പുമുമ്പാട് രസാനുവിദ്ധം
നാടൻ കൃഷിക്കാരൊരു നാളികേര
പാകത്തിലാണിങ്ങനെ മിക്കപേരും."



5.2. മൃഗസംരക്ഷണം

1996-ലെ സ്ഥിതി വിവര കണക്കുകൾ പ്രകാരം 2281 പശുക്കൾ, 95-കാളകൾ, 1452 ആടുകളും 18 എരുമകൾ, 6 പോത്തുകൾ, 285 പട്ടികൾ എന്നിവയാണ് പഞ്ചായത്തിലെ വളർത്തുമൃഗങ്ങൾ. മുൻകാലത്തെ അപേക്ഷിച്ച് കന്നുകാലി വളർത്തലിൽ നല്ല പുരോഗതി ഉണ്ടായിട്ടുണ്ട്. ഈ മുന്നേറ്റം പ്രധാനമായും ഉണ്ടായത് കറവമാടുകളെ വളർത്തുന്നതിലാണ്. ക്ഷീരവികസന സംഘങ്ങളുടെ ആവിർഭാവം ഇതിന് സഹായകമായിട്ടുണ്ട്. 80% വീടുകളിലും വീട്ടുമുറ്റങ്ങളിലെ കോഴിവളർത്തൽ നിലവിലുണ്ട്. കൂടാതെ ബ്രോയിലർ കോഴികുഞ്ഞുങ്ങളെ ഡീപ്ലിറ്റർ സമ്പ്രദായത്തിൽ വളർത്തുന്ന 6-ഫാമുകളും ഇറക്കുമതി കോഴികൾ വിൽപ്പന നടത്തുന്ന 30 വിൽപന കേന്ദ്രങ്ങളും നിലവിലുണ്ട്. പഞ്ചായത്തിലെ ജനങ്ങൾക്കിടയിൽ മാംസാഹാരത്തിനുള്ള പ്രാമുഖ്യമാണ് ഈ ഉയർച്ചക്ക് കാരണം. പതിനായിരക്കണക്കിന് മുട്ടകൾ ഓരോ ആഴ്ചയിലും പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്നുണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനവും ജനങ്ങളുടെ മൊത്തം ജീവിത നിലവാരത്തിലുള്ള ഉയർച്ചയും മൂലം എൺപതുകളിലാണ് ഈ പുരോഗതി ഉണ്ടായിത്തുടങ്ങിയത്.

ആദ്യമായി പഞ്ചായത്തിൽ നിലവിൽ വന്ന പെതുസ്ഥാപനം ഇപ്പോൾ പഞ്ചായത്തിന്റെ വടക്കേ അറ്റത്ത് ചളിക്കോട്ടുമ്മൽ സ്ഥിതിചെയ്യുന്ന ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രമാണ്. ഇതുകൊണ്ടുള്ള പ്രയോജനം എളേറ്റിൽ ഭാഗത്തുള്ള നാലോളം വാർഡുകളിലെ കർഷകർക്കുമാത്രമേ ലഭിക്കുന്നുള്ളു. 96 ജൂലൈ ഒന്നാം തീയ്യതി എളേറ്റിൽ അങ്ങാടിയിൽ സർക്കാർ വെറ്റിനറി ഡിസ്പൻസറി സ്ഥാപിതമായി. അതോടുകൂടി പഞ്ചായത്തിലെ 75% ഭാഗത്തുള്ള കർഷകർക്കും പ്രയോജനം ലഭിക്കുന്നുണ്ട്. മൃഗസംരക്ഷണ രംഗത്തെ പ്രശ്നങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഡിസ്പൻസറി സ്ഥാപിതമായിട്ടുണ്ടെങ്കിലും സ്ഥിരം ഡോക്ടറുടെയും ഫർണീച്ചർ, ഫ്രിഡ്ജ്, കൃത്രിമ ബീജദാനസൗകര്യം എന്നിവയുടെ അഭാവം പ്രശ്നങ്ങളായി നിലനിൽക്കുന്നു.

2. പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകളിലെ കർഷകർ മൃഗസംരക്ഷണാവശ്യത്തിന് ഇപ്പോഴും കൊടുവള്ളി മൃഗാശുപത്രിയെയാണ് ആശ്രയിക്കുന്നത്.

3. കോഴി-കാലിത്തീറ്റകളുടെ വിലക്കൂടുതൽ

4. രോഗപ്രതിരോധ പദ്ധതികളുടെ അഭാവം; വിശിഷ്യാ, കോഴികളുടെ കൂട്ടമരണം ഒരു പ്രധാന പ്രശ്നമാണ്.

5. ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.

6. അലഞ്ഞു നടക്കുന്ന പട്ടികളിൽ നിന്നുള്ള ഭീക്ഷണി.

7. കാലി വളർത്തലിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രയാസം.

സാദ്ധ്യതകൾ

1. കോഴിവളർത്തൽ :-

a) വീട്ടുമുറ്റത്തെ കോഴിവളർത്തൽ:-

വീട്ടാവശ്യത്തിനുള്ള മുട്ടയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് വേണ്ടി 45-ദിവസം പ്രായമുള്ള അഞ്ച് മുട്ടക്കോഴികളെ വീതം ഓരോ നിർദ്ധനകുടുംബത്തിനും നൽകുക. അടുക്കളയിൽ നിന്നും ഒഴിവാക്കുന്ന ആഹാരാവശിഷ്ടങ്ങൾ തീറ്റയായി നല്കിയാൽ മതിയാകും. നമ്മുടെ പഞ്ചായത്തിൽ കുറഞ്ഞത് 1000 യൂണിറ്റുകൾ സ്ഥാപിക്കാം. ഈ പദ്ധതി നടപ്പാകുന്ന പക്ഷം വീട്ടമ്മമാർക്ക് വരുമാനമാർഗ്ഗം ഉണ്ടാവുകയും പഞ്ചായത്തിൽ പോഷകാഹാരത്തിന്റെ തോത് ഉയരുകയും ചെയ്യും.

b)എഗ്ഗർ നഴ്സറി

ഗുണമേന്മയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിന് ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിപണനത്തിന് തയ്യാറാക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഇത്തരം കോഴിക്കുഞ്ഞുങ്ങൾക്ക് പ്രാദേശിക മാർക്കറ്റിൽ നല്ല ഡിമാൻറാണ് ഇപ്പോൾ തമിഴ്നാട്ടിലെ നാമക്കല്ലിൽ നിന്നും കൊണ്ട് വന്ന് വില്പന നടത്തുന്ന ഇത്തരം കുഞ്ഞുങ്ങൾക്ക് ഉയർന്ന വില നല്കേണ്ടി വരുന്നുണ്ട്. കൂടാതെ എല്ലാ കാലത്തും ഇത്തരം ഗുണനിലവാരമുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല. അഭ്യസ്ത വിദ്യരായ തൊഴിലന്വേഷകർക്ക് ഈ പദ്ധതി ഉപകരിക്കും. ഗുണഭോക്താക്കൾക്ക് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നിന്നും പരിശീലനം കൊടുക്കണം. 500 കുഞ്ഞുങ്ങൾ വീതമുള്ള രണ്ടോ നാലോ യൂണിറ്റുകൾക്ക് നമ്മുടെ പഞ്ചായത്തിൽ സാധ്യതയുണ്ട്.

c) മുട്ടക്കോഴി വളർത്തൽ സഹകരണാടിസ്ഥാനത്തിൽ

ഈ പഞ്ചായത്തിലെ തൊഴിൽ രഹിതരും അഭ്യസ്ത വിദ്യരും സന്നദ്ധതയുള്ളവരുമായ ചെറുപ്പക്കാർക്ക് സഹകരണാടിസ്ഥാനത്തിൽ തുടങ്ങാൻ പറ്റുന്ന ഒരു പദ്ധതിയാണ് മുട്ടക്കോഴി വളർത്തൽ. സാമ്പത്തിക ശേഷിയുള്ള കർഷകർ, ഗൾഫിൽ നിന്നും തൊഴിൽ രഹിതരായി വരുന്ന ആൾക്കാർ തുടങ്ങിയവരെ ഏകോപിപ്പിച്ച് മുട്ട ഉല്പാദനസഹകണസംഘങ്ങൾ സ്ഥാപിക്കാം. കോഴിത്തീറ്റ ഉലപാദനം സംഘത്തിന് ഏറ്റെടുത്ത് നടത്താം. ഡീപ് ലിറ്റർ രീതിയിൽ 5000 കോഴികളുള്ള ഒരു ഫാം തുടങ്ങാം.

a) ആട് വളർത്തൽ

പ്രാദേശികമായി വളരെ സാധ്യതയുള്ള ഒരു പദ്ധതിയാണ് ആട് വളർത്തൽ. മാർക്കറ്റിൽ വർദ്ധിച്ച ഡിമാൻറുള്ള ഒരു ഭക്ഷ്യോൽപ്പന്നമാണ് ആട്ടിറച്ചി. വികേന്ദ്രീകൃതമായും കേന്ദ്രീകരിച്ചും നടത്താവുന്ന ഒരു പദ്ധതിയാണ് ആട് ഫാം. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ബ്രോയ്ലർ ആടുകളെ വളർത്തുന്ന ഒരു പദ്ധതി (ആലയിൽവെച്ച്) ചില കാലിത്തീറ്റ കമ്പനികൾ (സുനന്ദിനി പോലെയുള്ളവ) വികസിപ്പിച്ചിട്ടുണ്ട്. അത്തരം യൂണിറ്റുകൾ തുടങ്ങുന്നതിന് ഏറെ സാദ്ധ്യതയുണ്ട്. നല്ലയിനം മലബാറി ആടുകളെ തെരഞ്ഞെടുത്ത് വർഗ്ഗോദ്ധാരണത്തിലൂടെ നല്ലയിനം ആട്ടിൻകുട്ടികളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യണം.

e) താറാവ് വളർത്തൽ

നമ്മുടെ പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്ത് കൂടെ ഏകദേശം 8 കി. മീ. ദൂരം പൂനൂർ പുഴ ഒഴുകുന്നുണ്ട്. കൂടാതെ പഞ്ചായത്തിന്റെ മധ്യത്തിലൂടെ ആവിലോറതോട് ഒഴുകുന്നുണ്ട്. പുഴയുടെയും തോടിന്റെയും ഓരങ്ങളിൽ, താമസിക്കുന്നവർക്ക് താറാവ് വളർത്താവുന്നതാണ്. ഒരു കർഷകന് 10 വീതം താറാവ് കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാം. താറാവ് മുട്ടക്ക് മാർക്കറ്റിൽ നല്ല ഡിമാൻറ് ലഭിക്കുന്നുണ്ട്.

f) കാടക്കോഴി വളർത്തൽ

വലിയ മുതൽ മുടക്കില്ലാതെ പഞ്ചായത്തിലെ മിക്ക വീടുകളിലും ചെയ്യാൻ പറ്റുന്ന ഒന്നാണ് കാടക്കോഴികളെ വളർത്തൽ. ഇതിന് കർഷകർക്ക് സാങ്കേതിക വിദ്യ ലഭ്യമാക്കിയാൽ മതിയാകും.

g) മുയൽ വളർത്തൽ

വലിയ മുതൽ മുടക്കില്ലാത്തതും കൂടുതൽ ശ്രദ്ധ ആവശ്യമില്ലാത്തതും അതേ സമയം ലാഭകരവുമായതാണ് മുയൽ വളർത്തൽ. താല്പര്യമുള്ള കർഷകർക്കും വീട്ടിൽ സ്ത്രീകൾക്കും കുട്ടികൾക്കും ഒരുപോലെ ചെയ്യാൻ പറ്റുന്നതാണ് പ്രസ്തുക പരിപാടി. മുയലിറച്ചി ഹൃദ്യമായ ഒരു മാംസഹാരമാണ്. മാംസാഹാര പ്രിയരാണ് ഈ പ്രദേശത്തെ ഭൂരിപക്ഷം ജനങ്ങളും. കൂടാതെ മുയൽ വളർത്തൽ ഒരു വിനോദവും കൂടിയാണ്.

h) പശു വളർത്തൽ

പാൽ ഉല്പാദന മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.

1980-81 കാലഘട്ടത്തിൽ പാലുല്പാദനം 9.08 ലക്ഷം ടൺ ആയിരുന്നു. 1995-96 ൽ അത് 22.46 ലക്ഷം ടൺ ആയി വർദ്ധിച്ചു. ഈ ഉല്പാദന വർദ്ധനവിന്റെ ഏതാണ്ട് 80% ത്തോളം കൃത്രിമബീജസങ്കലനത്തിലൂടെ വികസിപ്പിച്ചെടുത്ത മേത്തരം പശുജനുസ്സുകളുടെ സംഭാവനയായിരുന്നു. ചെറുകിട നാമമാത്ര കർഷകർക്ക് ഒരു ഉപതൊഴിൽ എന്ന രീതിയിലോ മുഖ്യ തൊഴിലെന്ന രീതിയിലോ പ്രോത്സാഹനം നൽകാം. ഇതിന്നായി വീട്ടമ്മമാരുടെയും വിദ്യാർത്ഥികളുടെയും ഒഴിവുസമയം ഫലപ്രദമായി വിനിയോഗിക്കാം. പാലിന്റെ ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കാൻ ഇത് സഹായകമാവും.

i) മിനി ഡയറി യൂണിറ്റുകൾ

മൂന്ന് പശുക്കൾ അടങ്ങുന്നതാണ് ഈ യൂണിറ്റ്; പദ്ധതിയുടെ പകുതി ബാങ്ക് വായ്പയും. നാലിൽ ഒന്ന് സബ്സിഡിയും ബാക്കി ഗുണഭോക്താവിന്റെ വിഹിതവും അടങ്ങിയതാണ് ഈ പദ്ധതി. പഞ്ചായത്തിലെ വിവിധ വാർഡുകളിൽപ്പെട്ട താൽപര്യമുള്ള വ്യക്തികൾക്ക് ഈ പദ്ധതിയിൽ കീഴിൽ ധനസഹായം വിതരണം ചെയ്യാവുന്നതാണ്.

നിർദ്ദേശങ്ങൾ

1. കന്നുകാലി വളർത്തലിന് ആവശ്യമായ സാമ്പത്തിക സഹായം വായ്പയായോ ദരിദ്രരായ വ്യക്തികൾക്ക് ഗ്രാൻറായോ അനുവദിക്കുക.

2. കോഴിക്കുഞ്ഞുങ്ങൾ, മുയൽക്കുഞ്ഞുങ്ങൾ, തീറ്റപ്പുൽവിത്ത് എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

3. മീൻ, ആട്, ഡയറി, പോൾട്രിഫാമുകൾ സ്ഥാപിക്കുക

4. ക്ഷീരസഹകരണസംഘം, വെറ്റിനറി സബ്സെൻറർ, ശാസ്ത്രീയ അറവുശാല, മത്സ്യ മാർക്കറ്റ്, ഗോബർഗ്യാസ് പ്ലാൻറ് എന്നിവ സ്ഥാപിക്കാൻ എല്ലാ വാർഡുകളിൽനിന്നും നിർദ്ദേശം ഉയർന്നിട്ടുണ്ട്.

5. രോഗബാധയാൽ കാലികൾ ചത്തുപോവുന്ന അവസരത്തിൽ നഷ്ടപരിഹാരം നല്കുക.

6. അകിടുവീക്കത്തിന് ഇൻഷൂറൻസ് ക്ലെയിം അനുവദിക്കുക.

7. തൊഴുത്ത് നിർമ്മാണത്തിന് നല്കിവരുന്ന ധനസഹായം 10,000 രൂപയായി ഉയർത്തുക.

8. കൃത്രിമബീജ സങ്കലനകേന്ദ്രം, നാടൻ കോഴികൾക്കാവശ്യമായ രോഗപ്രതിരോധ ചികിത്സാ കേന്ദ്രം, എന്നിവ ആരംഭിക്കുക.

9. ആഴ്ചയിലൊരു ദിവസമെങ്കിലും കോഴിവസന്തയ്ക്കെതിരെ കുത്തിവെയ്പ് നടത്തുക.

10. ചളിക്കോട് ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രം മുഴുവൻ സമയവും പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

11. അലഞ്ഞുതിരിയുന്ന നായകളെ കൊല്ലുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിക്കുക.

12. നിലവിലുള്ള വെറ്റിനറി ആശുപത്രിക്ക് സ്ഥിരമായ കെട്ടിടം നിർമ്മിക്കുകയും ബീജബാങ്ക്, ഫ്രിഡ്ജ്, ആവശ്യത്തിനുള്ള ജീവനക്കാർ, ഫർണിച്ചർ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

13. പശു, ആട്, കോഴി, മുയൽ വളർത്തലിന് ആവശ്യമായ വായ്പകൾ സഹകരണ സംഘങ്ങളിലൂടെ നല്കുക.

14. ആവിലോറ, വലിയപറമ്പ്, ചളിക്കോട് പ്രദേശങ്ങളിൽ ആനന്ദ് മാതൃകയിലുള്ള ക്ഷിരോത്പാദന സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

15. ക്ഷീരോത്പാദകർക്ക് സംഘം മുഖേന നല്കിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

16. താല്പര്യമുള്ള വ്യക്തികൾക്ക് പ്രാവു, ലൗബേർഡ്സ് എന്നിവ വളർത്തുന്നതിന്ന് ധനസഹായ നല്കുക.

പട്ടിക - 1

വളർത്തുമൃഗങ്ങൾ / പക്ഷികൾ

ഇനം		എണ്ണം
കാള.	നാടൻ	20
,,	സങ്കരം	75
പശു	നാടൻ	1461
,,	സങ്കരം	820
	എരുമ	18
	പോത്ത്	6
	ആട്	1452
	പട്ടി	285
	മുയൽ	ലഭ്യമല്ല
കോഴി	പിട	15768
,,	പൂവൻ	2156
താറാവ്	ആൺ	8
,,	പെൺ	19

"അത്യുൽസാഹം കൊണ്ടല്ലാതെ മഹത്തായ ഒന്നും ആരും നേടിയിട്ടില്ല."

- എമേഴ്സൺ

സാധാരണ മനുഷ്യൻ അവസരത്തിനായി കാത്തിരിക്കുന്നു. ബുദ്ധിമാൻ അവസരങ്ങൾ ഉണ്ടാക്കുന്നു.

- ഫ്രഞ്ച് പഴഞ്ചൊല്ല്

5. 3. വ്യവസായം

ലോകത്തെമ്പാടുമുള്ള വികസിത രാജ്യങ്ങളുടെ ചരിത്രം പരിശോധിച്ചാൽ അവയെല്ലാംതന്നെ സാമ്പത്തികമായി പുരോഗതി പ്രാപിച്ചത് വ്യവസായ വൽക്കരണത്തിലൂടെയാണെന്ന് കാണാൻ കഴിയും. രണ്ടാം മഹായുദ്ധക്കാലത്ത് ഹിരോഷിമയിലും നാഗസാക്കിയിലും അമേരിക്ക ബോംബ് വർഷിച്ചതോടുകൂടി പിച്ചിച്ചീന്തപ്പെട്ട ജപ്പാൻ, യുദ്ധാനന്തര ഉടമ്പടിയുടെ ഫലമായി സാമ്പത്തികമായി കൊള്ളയടിക്കപ്പെട്ട ഒരു രാഷ്ട്രം, ഭക്ഷ്യക്ഷാമം തൊഴിലില്ലായ്മ മാനരോഗങ്ങൾ എന്നിവമൂലം കഷ്ടപപെട്ട രാഷ്ട്രം, ഇന്ന് ലോകത്തുള്ള സമ്പന്ന രാഷ്ട്രങ്ങളുടെ മുൻ നിരയിൽ നിൽക്കുന്നത് വ്യവസായ വൽക്കരണത്തിലൂടെയാണ്.

1947 ലെ ഇന്ത്യയുടെ സ്ഥിതി യുദ്ധാനന്തര ജപ്പാനുമായി താരതമ്യപ്പെടുത്തുമ്പോൾ അല്പം കൂടി മെച്ചമായ നിലയിലായുരന്നുവെന്ന കാണാം. എന്നാൽ ഇന്നത്തെ ജപ്പാനെയും ഇന്ത്യയെയും താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയുടെ സ്ഥിതി പരിതാപകരമാണെന്നത് എടുത്തുപറയേണ്ടതാണ്. ജപ്പാൻ വ്യവാസായിക മേഖലയ്ക്ക് ഊന്നൽ നൽകിയപ്പോൾ നമ്മുടെ രാജ്യം കാർഷിക മേഖലയ്ക്ക് മുൻതൂക്കം നൽകുകയും വ്യവസായ മേഖലയ്ക്ക് വേണ്ടത്ര പരിഗണനനൽകാതിരിക്കുകയും ചെയ്തതാണ് ഇതിന് കാരണം.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ കൃഷി ഭൂമിയുടെ 60 മുതൽ 65% വരെ മാത്രം കൃഷിക്ക് ഉപയോഗിക്കുമ്പോൾ കൃഷി യോഗ്യമായ മുഴുവൻ സ്ഥലവും വിനിയോഗിക്കുന്ന സംസ്ഥാനമാണ് കേരളം. കൃഷി രീതികളും മറ്റും എത്രതന്നെ പരിഷ്കരിച്ചാലും നമുക്ക് ഉണ്ടാക്കാൻ കഴിയുന്ന വളർച്ചയ്ക്ക് പരിമിതിയുണ്ടെന്ന വസ്തുത നാം അംഗീകരിച്ചേ തീരൂ. ഈ പശ്ചാത്തലത്തിലാണ് വ്യവസായ വൽക്കരിക്കുക അല്ലെങ്കിൽ നശിക്കുക എന്ന മുദ്രാവാക്യത്തിന് കേരള ത്തെ സംബന്ധിച്ചേടത്തോളം പ്രസക്തി വർദ്ധിക്കു ന്നത്.

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. ഏതാനും ഫ്ലോർ മില്ലുകൾ മാറ്റി നിർത്തിയാൽ വ്യവസായം എന്ന പേര് പറയാവുന്ന യാതൊരു വിധ സ്ഥാപനങ്ങളും ഒരു ദശകത്തിന് മുമ്പ് ഈ പ്രദേശത്ത് ഉണ്ടായിരുന്നില്ല. അടുത്ത കാലത്തായി സ്ഥാപിതമായിട്ടുള്ള വ്യവസായ യൂനിറ്റുകൾ താഴെ പറയുന്നവയാണ്.

1.	ഈർച്ച മിൽ	1
2.	മെറ്റൽ ക്രഷർ യൂനിറ്റ്	2 എണ്ണം
3.	ഓയിൽ മിൽ	2 എണ്ണം
4.	യന്ത്രവൽകൃത അവിൽ നിർമാണ യൂനിറ്റ്	1
5.	ധാന്യം പൊടി, നെല്ല് കുത്ത് മില്ല്	12 എണ്ണം
6.	ട്രൈസം പദ്ധതി കയർ നിർമാണ യൂനിറ്റ്	1
7.	തീപ്പെട്ടിക്കമ്പ് നിർമാണ യൂനിറ്റ്	1
8.	ഗ്രിൽസ്, ഗെയ്റ്റ്, ഷട്ടർ നിർമ്മാണ യൂണിറ്റ്	2

എല്ലാ വ്യവസായ യൂനിറ്റുകളിലും കൂടി 75 ഓളം

തൊഴിലാളികൾക്ക് മാത്രമാണ് ജോലി ലഭ്യമാവുന്നത്. ഇതിൽ ഭൂരിഭാഗവും സ്ത്രീ തൊഴിലാളികളാണ്. തൊഴിലാളികൾക്ക് സ്ഥിരമായി ജോലി ലഭിക്കും എന്നമെച്ചം ഉണ്ടെങ്കിലും ഇതര രംഗങ്ങളെ അപേക്ഷിച്ച് കുറഞ്ഞ കൂലി മാത്രമാണ് ലഭ്യമാവുന്നത്. ചെറു വ്യവസായങ്ങളുടെ ഇനത്തിൽ പെടുത്താവുന്ന 4Baking unit കളും ഒരു ക്ഷീരോല്പന്ന നിർമാണ യൂണിറ്റും 4 സിമൻറ് കട്ട നിർമാണ യൂണിറ്റുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

തെങ്ങോല മെടഞ്ഞ് വയനാട്ടിലേക്ക് കയറ്റി അയക്കലും, കൈതോലപായ, കുട്ട, വട്ടി, ചൂടി, കയർ മുതലായവ നിർമിച്ച് പ്രാദേശികമായി വിപണനം നടത്തലും കുടിൽ വ്യവസായങ്ങളായി നിലവിലുണ്ടായിരുന്നു. നാമമാത്രമായിപ്പോലും ഇത്തരം സംരംഭങ്ങൾ ഇപ്പോൾ പഞ്ചായത്തിൽ ഇല്ലാതായിരിക്കുകയാണ്.

വലിയ വൈദഗ്ദ്ധ്യം ആവശ്യമില്ലാത്ത കാർഷിക മേഖലയിലും നിർമാണം മേഖലയിലുമാണ് ഈ പ്രദേശത്തെ ഭൂരിഭാഗം തൊഴിലാളികളും ജോലി ചെയ്യുന്നത്. അഭ്യസ്ത വിദ്യരുടെ ഇടയിൽ സർക്കാർ വേതനം വാങ്ങുന്നവരായി 10% ത്തോളം പേർ മാത്രമേ ഉള്ളൂ. ഈ പഞ്ചായത്തിൽ നിന്നും അഭ്യസ്തവിദ്യരും അല്ലാത്തവരുമായി 1000ൽ അധികം പേർ ഗൾഫുനാടുകളിൽ ജോലി ചെയ്യുന്നു.

വ്യാവസായിക തൊഴിൽ ദാന മേഖലകളിൽ കാര്യമായ ഏതെങ്കിലും വികസന സ്കീമുകൾക്ക് വൻ സാധ്യതകൾ ഉണ്ടെങ്കിലും നിർഭാഗ്യവശാൽ ഇതുവരെ തുടക്കം കുറിച്ചിട്ടില്ല.

പ്രശ്നങ്ങൾ

1. വ്യാവസായിക മുന്നേറ്റത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾക്കുള്ള അജ്ഞത

2. അനുയോജ്യമായ വ്യവസായ സംരംഭങ്ങളുടെ Project കളുടെ അഭാവം.

3. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം

4. വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള താമസം

5. വായ്പാ സൗകര്യങ്ങളുടെ ലഭ്യതയിലുണ്ടാവുന്ന കാലതാമസം

6. കൂടുതൽ തൊഴിലാളികൾ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ സ്ഥാപിക്കുമ്പോൾ തൊഴിൽ പ്രശ്നങ്ങൾ ഉടലെടുത്തേക്കുമോ എന്ന ഭയം.

7. ക്രിയാത്മകവും വൈദഗ്ധ്യവും നിറഞ്ഞ തൊഴിലുകളോട് ജനങ്ങൾക്കുള്ള വിമുഖത വ്യവസായ സ്ഥാപനങ്ങളുടെ വളർച്ചക്ക് വിഘാതമായി നിൽക്കുന്നു.

സാധ്യതകൾ

വളരെ നല്ല ഒരു വിപണി ആയതിനാൽ തന്നെ ഗാർമെൻറ്സ് നിർമാണ വ്യവസായത്തിന് പഞ്ചായത്തിൽ ഏറെ വികസന സാധ്യതകളുണ്ട്. ഒരുകൂരക്ക് കീഴിൽ ഏറെ ചെറിയ യൂണിറ്റുകളെ ഏകോപിപ്പിച്ച് ഒരു ചെറുകിട വ്യവസായ ശൃംഖല സ്ഥാപിക്കുകയാണെങ്കിൽ അത് വളരെ ഫലപ്രദമായിരിക്കും. റെഡിമെയ്ഡ് വസ്ത്ര നിർമാണം വലിയ സാധ്യതയുള്ള വ്യവസായമാണ്. തയ്യൽ പരിശീലനം സിദ്ധിച്ചിട്ടുള്ള യുവതികളുടെ സഹകരണാടിസ്ഥാനത്തിലുള്ള പദ്ധതിയായി ഇത് നടത്താവുന്നതാണ്. സംഘം ആസ്ഥാനത്ത് വെച്ച് മാസ്റ്റർ കട്ടർ ശീലകൾ വെട്ടിക്കൊടുത്തശേഷം വീട്ടിൽ കൊണ്ടുപോയി തയ്യൽ ജോലി ചെയ്യുന്ന രീതിയാണ് ഏറ്റവും ഉത്തമം. നമ്മുടെ പഞ്ചായത്തിലെ തൊഴിൽ രഹിതരായ സ്ത്രീകളിൽ നല്ലൊരു വിഭാഗത്തിനും തയ്യൽ അറിയാം എന്നുള്ളതും ഇതിന് അനുകൂലഘടകമാണ്. ആധുനിക രീതിയിലുള്ള ഗാർമെൻറ് നിർമാണ കലയിൽ പരിശീലനം നൽകുന്നതിനുള്ള പരിപാടിയും ഇതിനോടൊപ്പം ഉണ്ടാക്കാവുന്നതാണ്.

പഞ്ചായത്തിലെ സ്കൂളുകളിൽ ഇവിടെ നിർമിക്കുന്ന നോട്ട് പുസ്തകങ്ങൾ മാത്രം വിതരണം ചെയ്യാൻ തീരുമാനിക്കുകയാണെങ്കിൽ നോട്ട് പുസ്തക നിർമാണം ഒരു നല്ല വ്യവസായമായിത്തീരും. സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പേപ്പറുകളുപയോഗിച്ച് വിദ്യാർത്ഥികളെക്കൊണ്ട് 'കൈരളി' നോട്ടുപുസ്തകങ്ങൾ നിർമിച്ചിരുന്ന ഇടക്കാലത്ത് നിന്നുപോയ പദ്ധതി പുനരുജ്ജീവിപ്പിക്കുകയാണെങ്കിൽ വേനലവധിക്കാലത്ത് വിദ്യാർത്ഥികൾക്ക് ഒരു തൊഴിൽ പരിശീലനം കൂടിയാവും അത്.

പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാളികേരം അടക്ക എന്നീ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്. മിഠായികൾ, ക്രീമുകൾ, വെളിച്ചെണ്ണ, ശീതള പാനീയങ്ങൾ എന്നിവ ഉത്പാദിപ്പിക്കുന്ന നാളികേര കോംപ്ലക്സും, അടക്ക ഉപയോഗിച്ച് പാക്ക് നിർമാണവും ഏറെ സാധ്യതകൾ ഉള്ള വ്യവസായങ്ങളാണ്. ചിരട്ട കൊണ്ട് കരകൗശല വസ്തുക്കൾ നിർമിക്കാൻ പരിശീലനം നൽകുകയാണെങ്കിൽ യുവാക്കൾക്ക് അത് ഒരു നല്ല തൊഴിൽ മേഖലയായിരിക്കും. കയർമേഖലയിൽ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ട ഏതാനും കുടുംബങ്ങൾ പഞ്ചായത്തിലുണ്ട് അവരെ സംഘടിപ്പിച്ച് ഒരു ചെറുകിട യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്.

സ്ത്രീകൾക്ക് പ്രത്യേകമായി ഭക്ഷ്യ സംസ്കരണ

യൂണിറ്റ് അച്ചാർ നിർമാണ സംരംഭം എന്നിവ ആരംഭിക്കുമ്പോൾ അത് ഇന്നാട്ടുകാരായ സ്ത്രീകൾക്ക് തൊഴിലാവുന്നതോടൊപ്പംതന്നെ നാട്ടുകാർക്ക് നാടൻ നിർമിതമായ ശുദ്ധമായ വസ്തുക്കൾ ഉപയോഗിക്കുകയും ചെയ്യാം.

കാർഷിക വസ്തുക്കൾ യഥേഷ്ടം ലഭ്യമാവുന്നതിനാൽ അവ ഉപയോഗിച്ച് നടത്തുന്ന വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുകയാണെങ്കിൽ അസംസ്കൃത വസ്തുക്കൾ സുലഭമായിരിക്കും. ഇത്തരം ചെറുകിട കുടിൽ വ്യവസായങ്ങൾക്ക് പുറമെ വൻ തോതിൽ തൊഴിൽ സാധ്യതകൾ സൃഷ്ടിക്കപ്പെടുന്ന വ്യവസായങ്ങളും പഞ്ചായത്തിൽ സ്ഥാപിക്കപ്പെടേണ്ടിയിരിക്കുന്നു. മനുഷ്യവിഭവസമ്പത്ത് സമൃദ്ധമായി ലഭ്യമാകുന്നതിനാൽ ഇത്തരം വ്യവസായ സ്ഥാപനങ്ങൾ തീർച്ചയായും പഞ്ചായത്തിന് ഒരു മുതൽക്കൂട്ടായിരിക്കും. KEL ന്റെ ഒരു യൂനിറ്റ് തുടങ്ങണമെന്ന നിർദ്ദേശവും പരിഗണനാർഹമാണ്.

നിർദ്ദേശങ്ങൾ

നമ്മുടെ നാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക പ്രശ്നമാണ് വളർന്നുവരുന്ന തൊഴിലില്ലായ്മ എന്നതിനാൽ തന്നെ തൊഴിലവസരങ്ങൾ ഏറെ സൃഷ്ടിക്കപ്പെടുന്ന വ്യവസായ മേഖലയിൽ ആവശ്യങ്ങളുടെ ഒരു മഹാപ്രവാഹം തന്നെ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. ഏറെ ഗൗരവമേറിയ ചർച്ചകൾക്ക് ശേഷം ഈ പ്രശ്നത്തിന്റെ പൊതു സ്വഭാവം വ്യക്തമാക്കുന്ന വിധത്തിൽ തന്നെ ഏകദേശം എല്ലാ വാർഡിൽ നിന്നുമുള്ള നിർദ്ദേശങ്ങൾക്കും ഒരു സാമ്യത കാണാൻ കഴിയുന്നു. ജപ്പാൻ, ചൈന, ജർമനി പോലുള്ള വികസിത രാഷ്ട്രങ്ങളിലെപ്പോലെ ചെറുകിട വ്യവസായങ്ങളുടെ ശൃംഖല തന്നെ തങ്ങളുടെ വാർഡിൽ നിർദ്ദേശിച്ചവർ ഏറയാണ്. ഒരുല്പന്നത്തിന്റെ വിവിധ ഭാഗങ്ങൾ ഓരോ സ്ഥലത്ത് നിന്ന് നിർമിച്ച് ഒടുവിൽ ഒന്നിച്ച് കൂട്ടി വിപണിയിലിറക്കാനുള്ള സാധ്യതകളും എല്ലാവരും ആരാഞ്ഞിട്ടുണ്ട്.

പഞ്ചായത്തിൽ തൊഴിലില്ലാത്തവരിൽ നല്ലൊരു പങ്ക് വരുന്ന സ്ത്രീകളുടെ ക്ഷേമത്തിന് പ്രത്യേക ഊന്നൽ നിർദ്ദേശങ്ങളിലുണ്ട്. സ്ത്രീകൾക്കായി തയ്യൽ, വസ്ത്രനിർമാണ യൂണിറ്റ്, അവിൽ നിർമാണ യൂണിറ്റ് മുതലായവ ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തും ഗവൺമെൻറും പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ വ്യവസായ രംഗത്ത് പ്രത്യക്ഷപ്പെടാൻ തയ്യാറാവുന്ന വനിതാ ഗ്രൂപ്പുകൾ പഞ്ചായത്തിലുള്ളതായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

വളർന്നുവരുന്ന ചെറുകിട വ്യവസായങ്ങളായ കോഴിവളർത്തൽ, സോപ്പുനിർമ്മാണം, സെറികൾച്ചർ, തേനീച്ചവളർത്തൽ, കൂൺകൃഷി, കളിപ്പാട്ടനിർമ്മാണം, അച്ചാർ നിർമാണം, മിഠായി നിർമാണം തുടങ്ങിയ മേഖലകളിൽ പ്രോത്സാഹനം ആവശ്യപ്പെട്ടിരിക്കുന്നു. കയർ, ഈറ്റ, തുന്നൽ തുടങ്ങിയ പരമ്പരാഗത തൊഴിലിലേർപ്പെടുന്നവരുടെ ക്ഷേമത്തിനായി സഹകരണസംഘങ്ങൾ രൂപീകരിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

കാർഷിക അസംസ്കൃത വസ്തുക്കൾ സുലഭമായതിനാൽ കാർഷിക വ്യവസായത്തിന് സാധ്യതകളേറെയുള്ള പഞ്ചായത്തിൽ കാർഷിക വ്യാവസായിക സഹകരണ സംഘവും ആവശ്യങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു. കെട്ടിട നിർമാണ രംഗത്തെ വർദ്ധിച്ചുവരുന്ന ഡിമാൻറ് കണക്കിലെടുത്ത് കെട്ടിട നിർമാണ സാമഗ്രികളായ ഹോളോ ബ്രിക്സ്, ഇഷ്ടിക എന്നിവ നിർമിക്കാനുള്ള യൂണിറ്റുകൾ എല്ലാ വാർഡുകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ചൂടി പിരിക്കുക, കയർ നിർമിക്കുക, സോപ്പ്, ബേക്കറി, പ്ലാസ്റ്റിക് സാധനങ്ങൾ നിർമിക്കുക എന്നതിന് സഹായാവശ്യങ്ങൾ നിരവധിയാണ്. നാളികേര - അടക്കസംസ്കരണ സ്ഥാപനങ്ങൾ - ഇവ സാധാരണയായി കിട്ടുന്നതിനാലാകാം - ഒരു പൊതു ആവശ്യമാണ്.

സഹകരണാടിസ്ഥാനത്തിൽ ഫ്ലോർമില്ല്, ഈർച്ചമില്ല്, നെയ്ത്ത് യൂണിറ്റ്, നൂൽനൂൽപ് കേന്ദ്രം, മെഴുകുതിരി നിർമാണ യൂണിറ്റ് എന്നിവയും വിവിധ വാർഡുകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടുതൽ ആളുകൾക്ക് തൊഴിൽ സാധ്യതകളുള്ള തീപ്പെട്ടി - തീപ്പെട്ടിക്കമ്പ് നിർമാണ യൂണിറ്റ് ആവശ്യപ്പെട്ടവരുമുണ്ട്. KEL ന്റെ ഒരു യൂണിറ്റും, ഖാദീകേന്ദ്രവും എളേറ്റിൽ കൊപ്രഡ്രയറും സ്ഥാപിക്കാനുള്ള നിർദ്ദേശങ്ങളും മിക്ക ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. ഒരു കുടക്കീഴിൽ സഹകരണമേഖലയിൽ വ്യാവസായ എസ്റ്റേറ്റും നിർമാണ പ്രവർത്തനമേഖലയിൽ ചൂരൽ കൊണ്ട് കൊട്ട, കയർ, കസേര മുതലായവയും ഫർണിച്ചറുകളും നിർമിക്കുന്നതിന് പരിശീലനം നൽകാനുള്ള കേന്ദ്രങ്ങളും ആവശ്യങ്ങളായി ഉയർന്നുവന്നിട്ടുണ്ട്. ബേക്കറി സ്ഥാപിക്കണമെന്നുള്ള ആവശ്യം എല്ലാ വാർഡിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

നാട്ടിന്റെ വികസനത്തിൽ തല്പരരായ തദ്ദേശീയർ വളരെ ഗൗരവത്തോടെ ഉന്നയിച്ച ഈ ആവശ്യങ്ങളുടെ ഒരു ഭാഗം അനുവദിക്കപ്പെട്ടാൽ തന്നെ പഞ്ചായത്തിന് വ്യാവസായിക സാമ്പത്തിക തൊഴിൽ മേഖലകളിൽ ഏറെ മുന്നോട്ട് പോകാൻ കഴിയുമെന്നതിൽ തർക്കമില്ല. അങ്ങനെ കിഴക്കോത്ത് പഞ്ചായത്തിൽ ഒരു പുതുയുഗപ്പിറവിക്കായി നമുക്കും പ്രതീക്ഷാപൂർവ്വം കാത്തിരിക്കാം.

വ്യവസായമേഖല

പട്ടിക 1

ക്രമ നമ്പർ	ഇനം	തൊഴിലാളികളുടെ എണ്ണം			ശതമാനം
		പു	സ്ത്രീ	ആകെ	
1	പരമ്പരാഗതകുടിൽവ്യവസായം	314	18	332	1.32%
2	കാറി	70	10	80	0.32%
3	മറ്റു വ്യവസായങ്ങൾ	625	8	633	2.51
	ആകെ	1009	36	1045	4.15%

പട്ടിക 2

ചെറുകിട വ്യവസായ യൂണിറ്റ്


ക്രമ നമ്പർ	ഇനം	തൊഴിലാളികളുടെ എണ്ണം		
		പു	സ്ത്രീ	ആകെ
1	കയർമേഖല	–	10	10
2	ഹോളോബ്രിക്സ്	18	6	24
3	അവിൽ	0	8	8
4	മെഴുകുതിരി	2	1	3
5	യന്ത്രവൽകൃതമരച്ചക്ക്	2	0	2
6	ക്രഷർ	5	3	8
7	തീപ്പെട്ടിക്കമ്പ് നിർമ്മാണം	6	9	15

പട്ടിക 3

തൊഴിലാളികളുടെ കൂലിനിരക്കുകൾ

ക്രമനമ്പർ	ഇനം	പു	സ്ത്രീ
1	മരപ്പണി	125 രൂപ	
2	കല്പണി	100	
3	കാറിപ്പണി	150	
4	കൃഷിപ്പണി	90	60
5	മെയ്സൺ	110	
6	ഹെൽപ്പർ	70	50 രൂപ
7	പെയ്ൻറർ	100	

"അദ്ധ്വാനിക്കാതെ നമുക്ക് കിട്ടുന്ന ഏകകാര്യം
വാർദ്ധക്യം മാത്രമാണ്"



5'4' വിദ്യാഭ്യാസം

കോഴിക്കോട് നഗരത്തിൽ നിന്നും 25 കി.മീ അകലെ സ്ഥിതിചെയ്യുന്ന കിഴക്കോത്ത് പഞ്ചായത്ത് പട്ടികജാതിയിൽ പെട്ടവരും മറ്റു പിന്നോക്ക സമുദായങ്ങളും കൂടുതലായി താമസിക്കുന്ന പ്രദേശമായത് കോണ്ട് തന്നെ വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥയിലാണ്. പ്രൈമറി, സെക്കൻററി വിദ്യാഭ്യാസ സൗകര്യങ്ങൾ കുറെയൊക്കെ ലഭ്യമാണെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് സൗകര്യങ്ങൾ തീരെയില്ല. കോഴിക്കോട് നഗരത്തിൽ ലഭ്യമായ സൗകര്യങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നതിൽ കാണിച്ച അലസതയാണ് വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്ക് ഹേതു. ബ്രിട്ടീഷ് സാമ്രാജ്യത്വ ശക്തിക്കെതിരെ നടന്ന ശക്തമായ സമരത്തിൽ പങ്കാളികളായതുമൂലം അവർ നടപ്പിലാക്കിയിരുന്ന വിദ്യാഭ്യാസ രീതിയോടുള്ള പ്രതിഷേധവും ഈ പിന്നോക്കാവസ്ഥക്കു കാരണമായിട്ടുണ്ട്.

ജനസംഖ്യയുടെ 80% വരുന്ന മുസ്ലീംകളുടെ വിശ്വാസപ്രകാരം മത പഠനം നിർബന്ധമായിരുന്നു. `സ്രാമ്പികൾ' എന്നറിയപ്പെട്ടിരുന്ന ഓത്തു പള്ളികൾ അക്കാലത്തെ ഏകാധ്യാപക വിദ്യാലയങ്ങളായിരുന്നു. ഭൗതീക വിദ്യാഭ്യാസത്തിന് യാതോരു സൗകര്യവും ഇല്ലാതിരുന്ന അക്കാലത്ത് ഗുരുകുല വിദ്യാഭ്യാസ രീതി നിലവിലുണ്ടായിരുന്നതായി തെളിവുകൾ കാണാനില്ലെങ്കിലും എഴുത്തച്ചൻമാരുടെ ശിക്ഷണത്തിൽ വിദ്യാഭ്യാസം നടന്നിരുന്നതായി പറയപ്പെടുന്നു. 1930-40 കാലഘട്ടത്തിൽ കോഴിക്കോട് മാപ്പിള റെയിഞ്ചിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഇൻസ്പെക്ടറായിരുന്ന അബ്ദുൽ ഗഫൂർ ഷാ സാഹിബ് മലബാർ മുസ്ലീകളുടെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി അക്ഷീണം പരിശ്രമിച്ച ഒരു വ്യക്തി ആയിരുന്നു. ഓത്തു പള്ളികളിൽ നിരന്തര സന്ദർശനം നടത്തി ഉസ്താദുമാരെയും നാട്ടുകാരണവൻമാരെയും ഭൗതീക വിദ്യാഭ്യാസത്തിൻെറ ആവശ്യകത അദ്ദേഹം ബോദ്യപ്പെടുത്തിയതിൻെറ ഫലമായി നിരവധി ഓത്തു പള്ളികൾ പ്രാഥമിക വിദ്യാലയങ്ങളായി മാറിയിട്ടുണ്ട്. ഇങ്ങനെ മാറിയ വിദ്യാലയങ്ങളിലെ ഉസ്താദുമാർക്ക് സർക്കാർതലത്തിൽ മൊല്ല ട്രെയിനിംഗ് എന്ന പേരിൽ പരിശീലനങ്ങൾ നൽകിയിരുന്നു. ഇക്കാരണത്താലാണ് പഞ്ചായത്തിലെ പന്ത്രണ്ട് സ്കൂളുകളിൽ ഒമ്പത് എണ്ണവും മുസ്ലീം മാനേജ്മെൻറുകളുടെ കീഴിലായത്.

ഭൗതിക വിദ്യാഭ്യാസത്തിൻെറ ആവശ്യകതയും പ്രാധാന്യവും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും അവരെ വിദ്യാലയങ്ങളിലെത്തിക്കുന്നതിനും ഓത്തു പള്ളികളിലെ ഉസ്താദുമാർ വലിയ പങ്കുവഹിച്ചിരുന്നു. സ്കൂളുകൾ സ്ഥാപിക്കുകയും ഭൗതിക വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകുകയും ചെയ്തവരിൽ സ്മരിക്കപ്പെടേണ്ട രണ്ട് വ്യക്തിത്വങ്ങളാണ് കുറുന്താറ്റിൽ അബൂബക്കർ മുസ്ല്യാരും മന്നത്ത് ചെറുമോൻ മുസ്ല്യാർ എന്ന അഹമ്മദ് മുസ്ല്യാരും. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന അഞ്ചോളം പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ മുൻപന്തിയിൽ പ്രവർത്തിച്ച വ്യക്തിയാണ് അബൂബക്കർ മുസ്ല്യാർ. 1928ൽ പന്നൂർ വെസ്റ്റ് എ.എം.എൽപി സ്കൂൾ അടക്കം നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുകയും നടത്തിക്കൊണ്ടുപോ

കുകയും ചെയ്തതിൽ പ്രധാനപങ്കുവഹിച്ച വ്യക്തിയായിരുന്നു ചെറുമോൻ മുസ്ല്യാർ. വീടുവീടാന്തരം കയറി രക്ഷിതാക്കളെ നേരിൽ കണ്ട് കുട്ടികളെ വിദ്യാഭ്യാസത്തിന് അയക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിലും പഠനം കഴിഞ്ഞ ചെറുപ്പക്കാർക്ക് സർക്കാർ തലത്തിലും അല്ലാതെയും വിവിധ മേഖലകളിൽ ജോലി തരപ്പെടുത്തികൊടുക്കുന്നതിലും ഈ രണ്ട് പേരും സ്തുത്യർഹമായ സേവനങ്ങൾ അനുഷ്ടിച്ചിട്ടുണ്ട്. ഓപ്പറേഷൻ തുടങ്ങിയ ആധുനിക ചികിസ്സാരീതികൾ ഈ പ്രദേശത്തുകാരെ പരിചയപ്പെടുത്തിയത് ചെറുമോൻ മുസ്ല്യാരായിരുന്നു.

ഒരു നൂറ്റാണ്ട് മുമ്പ് പന്നൂർ ഗവൺമെൻറ് ഹൈസ്കൂളിന് സമീപം ഒരു ഹിന്ദുസ്കൂൾ പ്രവർത്തിച്ചിരുന്നു. ഈ സ്കൂൾ സ്ഥാപിച്ചത് മറിവീട്ടിൽ കുഞ്ഞൻനായർ, നാരായണൻ നായർ എന്നിവരാണെന്ന് പറയപ്പെടുന്നു. ഇവരുടെ മരണശേഷം തറവാട്ടു കാരണവർ ശേഖരൻ നായരും താവഴിക്കാരണവർ തിയ്യക്കണ്ടി കൃഷ്ണൻ കുട്ടിനായരും സ്കൂളിന്റെ ഉടമസ്ഥതക്കു വേണ്ടി കേസ് നടത്തുകയും തറവാടുകാരണവർ വിജയിക്കുകയും ചെയ്തു. കേസിൽ മനംനൊന്ത രക്ഷിതാക്കൾ കുട്ടികളെ സ്കൂളിൽ അയക്കാത്തത് മൂലം കാലക്രമേണ സ്കൂൾ നശിച്ചുപോവുകയാണുണ്ടായത്. പിന്നീട് മേപ്പടി കേസിൽ തോറ്റ കൃഷ്ണൻകുട്ടി നായർ മുൻകയ്യെടുത്ത് 1932ൽ സ്ഥാപിച്ച ഗവ:എൽ. പി. സ്കൂൾ 1950ൽ യു.പി. സ്കൂളായും 1980ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു.

മുസ്ലീംകൾക്ക് മത വിദ്യാഭ്യാസം നൽകുന്നതിനായി മദ്രസ പ്രവർത്തിക്കുന്നു. മൊത്തം ഇരുപത്തഞ്ചോളം മദ്രസകൾ നിലവിലുണ്ട്. അവ ഗവൺമെൻറ് ഗ്രാന്റോ മറ്റാനുകൂല്യങ്ങളോ ലഭിക്കാതെയാണ് പ്രവർത്തിക്കുന്നത്. കാലത്ത് സ്കൂൾ പഠനത്തിന് മുമ്പ് രണ്ട് മണിക്കൂർ സമയമാണിതിന് വിനിയോഗിക്കുന്നത്. കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ മദ്രസാ പഠനം മുഖ്യപങ്കുവഹിക്കുന്നുണ്ട്.

പഞ്ചായത്തിൽ ആദ്യമായി ഔപചാരിക തലത്തിൽ ആരംഭിച്ചത് ഇപ്പോഴത്തെ എളേറ്റിൽ ജി.എം.യു. പി. സ്കൂളാണ്. 1900മാണ്ടിൽ ലോവർ എലിമെൻററി സ്കൂളായി താലൂക്ക് ബോർഡിന്റെയും പിന്നീട് 1983 ൽ ഡിസ്ട്രിക്ട് ബോർഡിന്റേയും കീഴിലായിരുന്ന ഈ സ്കൂൾ 1958 ലാണ് സംസ്ഥാന സർക്കാറിന്റെ നിയന്ത്രണത്തിലായത്. കാലക്രമേണ പന്നൂർ, വലിയപറമ്പ, ആവിലോറ എന്നിവടങ്ങളിൽ യു. പി. സ്കൂളുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏതാനും എൽ.പി. സ്കൂളുകളും സ്ഥാപിതമായി. സെക്കൻററി വിദ്യാഭ്യാസത്തിന് നൻമണ്ട, കുന്ദമംഗലം, കൊടുവള്ളി, താമരശ്ശേരി, പൂനൂർ എന്നീ ഹൈസ്കൂളുകളെ ആശ്രയിച്ചിരുന്ന ഈ പ്രദേശത്തുകാർക്ക് ഒരു ഹൈസ്കൂൾ സ്ഥാപിച്ചു കിട്ടാനുള്ള ഉൽക്കടമായ അഭിലാഷം സാക്ഷാൽക്കരിക്കപ്പെടുന്നത് 1979ൽ സി.എച്ച്. മുഹമ്മദ് കോയ വിദ്യാഭ്യാസ മന്ത്രിയായിരിക്കേ എളേറ്റിൽ മുഹമ്മദലി ജൗഹർ ഹൈസ്കൂൾ സ്ഥാപിതമായതോടെയാണ്. തുടർന്ന് 1980ൽ പന്നൂർ ഗവൺമെൻറ് യു.പി.സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. ഇതിൽ എം.ജെ. ഹൈസ്കൂൾ മെക്ക (മുസ്ലീം എജുക്കേഷനൽ കൾച്ചറൽ ആൻറ് ചാരിറ്റബിൾ അസോസിയേഷൻ) എന്ന സംഘടനയാണ് നടത്തിക്കൊണ്ടുപോവുന്നത്.

വിദ്യാഭ്യാസ പരമായ പുരോഗതികൊണ്ട് മാത്രമെ ആധുനിക സമൂഹത്തിൽ മാന്യമായി ജീവിക്കാൻ സാധ്യമാവൂ എന്ന ബോധം കുറെയേറെ രക്ഷിതാക്കളിലെങ്കിലും ഉണ്ടായതുമൂലം ഒരു പരിധി വരെ ഉന്നത വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്ന കാര്യത്തിൽ അവർ ഉത്സുകരാണ്. എങ്കിലും ഈ രംഗത്തെ അപര്യാപ്തതയും സാമ്പത്തിക പരാധീനതയും ഈ മുന്നേറ്റത്തിന് തടസ്സമായി നിൽക്കുന്നു.

സ്ഥാപനങ്ങൾ

a)അംഗൻവാടി: ആയിരം ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന അംഗീകൃത തത്വമനുസരിച്ച് ചുരുങ്ങിയത് ഇരുപത്തിഅഞ്ച് അംഗൻവാടികൾക്ക് അർഹതയുണ്ടെങ്കിലും പതിനൊന്നെണ്ണം മാത്രമെയുള്ളൂ.

b)എൽ.പി. സ്കൂൾ - എം ജെ. ഹൈസ്കൂൾ ഒഴികെയുള്ള 11 സ്കൂളുകളിലും എൽ.പി.ക്ളാസുകളുണ്ട്.

c)യു. പി. സ്കൂൾ - പന്നൂർ ഗവൺമെൻറ് ഹൈസ്കൂളിനോട് ചേർന്നുള്ള യു.പി. സ്കൂളടക്കം നാല് യു.പി. സ്കൂളുകളുണ്ട്.

d)സർക്കാർമേഖലയിൽ ഒന്നും പ്രൈവറ്റ് മേഖലയിൽ ഒന്നുമായി രണ്ട് ഹൈസ്കൂളുകളുണ്ട്.

ഇവ കൂടാതെ രണ്ട് ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളും മൂന്ന് ട്യൂട്ടോറിയൽ സ്ഥാപനങ്ങളും സ്വകാര്യമേഖലയിലുണ്ട്.

പോരായ്മകൾ :-

1) ഒരു അംഗനവാടിയിലും കളിപ്പാട്ടങ്ങളോ കളിസ്ഥലങ്ങളോ ഇല്ല.

2) മിക്ക സ്കൂളുകൾക്കും ചുറ്റുമതിലുകളില്ല.

3) മിക്ക പ്രൈമറി സ്കൂളുകളോടുമനുബന്ധിച്ച് മതിയായ കളിസ്ഥല സൗകര്യങ്ങളില്ല.

4) പ്രൈമറി സ്കൂളുകളിൽ ആവശ്യമായ ഫർ

ണിച്ചറുകൾ ഇല്ല.

5) അധിക സ്കൂളുകളിലും ആവശ്യമായ പഠനോപകരണങ്ങളോ, ഉള്ളവ സൂക്ഷിക്കാനോ ഉപയോഗിക്കുവാനോ ഉള്ള സൗകര്യങ്ങളോ ഇല്ല.

6) എൽ.പി. സ്കൂളുകളിലൊന്നും കക്കൂസ് സൗകര്യങ്ങളില്ല.

7) ചില പ്രൈമറി സ്കൂളുകളിൽ കുടിവെള്ള ലഭ്യതക്കുള്ള സംവിധാനമില്ല.

8) സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന എളേറ്റിൽ ജി.എം.യു.പി. സ്കൂളിനും പന്നൂർ ഗവൺമെൻറ് ഹൈസ്കൂളിനും ആവശ്യമായ കെട്ടിട സൗകര്യങ്ങളില്ല.

9) പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ പ്ലസ്. ടു സൗകര്യം ഇല്ല. (കുട്ടികൾ 20kmൽ കൂടുതൽ ദൂരം യാത്ര ചെയ്താണ് ഇത്തരം കോഴ്സുകൾ പഠിക്കുന്നത്)

10) പഞ്ചായത്തിൽ സാങ്കേതിക തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല.

നിർദ്ദേശങ്ങൾ

ഒന്നാം തരത്തിൽ ചേരുന്ന മുഴുവൻ കുട്ടികൾക്കും പ്രീ-പ്രൈമറി വിദ്യാഭ്യാസം ലഭിക്കാത്തത് കാരണം സ്കൂൾ വിദ്യാഭ്യാസ നിലവാരം ഉദ്ദേശിച്ച രീതിയിൽ മെച്ചപ്പെടുത്താൻ കഴിയുന്നില്ല. ഇതിനു പരിഹാരമെന്നോണം ജനസംഖ്യാനുപാതികമായി ലഭിക്കേണ്ടുന്ന പതിനാല് അംഗനവാടികൾ കൂടി പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക. യഥാക്രമം v, vi, viiവാർഡുകളിൽ പറക്കുന്ന്, കാരക്കാട്, തണ്ണിക്കുണ്ട് എന്നിവടങ്ങളിൽ ഓരോ എൽ.പി. സ്കൂളുകൾ സ്ഥാപിക്കുക. കിഴക്കോത്ത് ന്യൂ എ.എം. എൽ. പി. സ്കൂൾ (വാർഡ് 1) പന്നൂര് വെസ്റ്റ് എ.എം.എൽ. പി സ്കൂൽ (വാർഡ്IV) എളേറ്റൽ നോർത്ത് എ. എം. പി. സ്കൂൾ (വാർഡ്VIII)എ. എം. എൽ. പി സ്കൂൾ ഒഴലക്കുന്ന്(വാർഡ്XI) എന്നിവ യു. പി. സ്കൂളുകളായി ഉയർത്തുക.

ആവിലോറ എം. എം. എ. യു. പി. സ്കൂൾ (വാർഡ്VI)എ. എം. യു. പി. സ്കൂൾ വലിയപറമ്പ (വാർഡ്VII)എന്നിവ ഹൈസ്കൂളുകളായും ഉയർത്തുക.

എളേറ്റിൽ എം. ജെ. ഹൈസ്കൂൾ, പന്നൂർ ഗവൺമെൻറ് ഹൈസ്കൂൾ എന്നിവടങ്ങളിൽ പ്ലസ് ടു, വൊക്കേഷനൽ ഹയർ സെക്കൻററി കോഴ്സുകൾ ആരംഭിക്കുക.

എം. ജെ. ഹൈസ്കൂളിൽ കംപ്യൂട്ടർ കോഴ്സ് ആരംഭിക്കുക.(ഇവിടെ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാണ്)

എളേറ്റിൽ അങ്ങാടിയിൽ ഒരു ആർട്സ് ആൻറ് സയൻസ് കോളേജ് സ്ഥാപിക്കുക.

പഞ്ചായത്തിൽ ഒരു തൊഴിലധിഷ്ടിത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.

വനിതകൾക്ക് ടൈലറിങ് ഇൻസ്റ്റിറ്റ്യൂട്ട്, ടൈപ് റൈറ്റിംഗ് സെൻറർ എന്നിവ സ്ഥാപിക്കുക.

എളേറ്റിൽ ജി. എം. യു. പി. സ്കൂളിന് 20 ലക്ഷം രൂപ മതിപ്പു ചെലവിൽ പ്രത്യേകാനുമതി ലഭിച്ച് ടെൻണ്ടർ ക്ഷണിച്ച കെട്ടിടവും പന്നൂർ ഗവൺമെൻറ് ഹൈസ്കൂളിന് 39.2 ലക്ഷം രൂപ മതിപ്പു ചെലവിൽ ടെൻറർ ക്ഷണിച്ച കെട്ടിടവും അടിയന്തിരമായി നിർമിക്കിന്നതിന് നടപടി സ്വീകരിക്കുക. പന്നൂർ ഗവൺമെൻറ് ഹൈസ്കൂളിൽ ഈ കെട്ടിട സൗകര്യമുണ്ടായാൽ മാത്രമെ നിലവിലുള്ള ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാനും അതു വഴി വിദ്യാഭ്യാസ നിലവാരവും S S L C വിജയ ശതമാനവും മെച്ചപ്പെടുത്താൻ കഴിയുകയുള്ളു.

മുഴുവൻ അംഗനവാടികളിലും കളിക്കോപ്പുകളും കളി സ്ഥലങ്ങളും അനുവദിക്കുകയും ശുദ്ധജല വിതരണത്തിന് സംവിധാനമുണ്ടാക്കുകയും ചെയ്യുക. അംഗൻവാടി ടീച്ചർമാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.

S S L C തലത്തിൽ നൽകുന്നതുപോലെ എൽ. പി. യു. പി. തലങ്ങളിൽ വെവ്വേറെയായി മിടുക്കൻമാരായ മൂന്ന് വീതം വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുക.

മിടുക്കൻമാരായ കലാ കായിക പ്രതിഭകളെ കണ്ടെത്തി അവർക്ക് പരീശീലനം നൽകുകയും ക്യാഷ് അവാർഡ് ഏർപ്പെടുത്തുകയും ചെയ്യുക.

IV, VIIക്ലാസുകളിൽ പഞ്ചായത്ത് തലത്തിൽ പൊതുപരീക്ഷ ഏർപ്പെടുത്തുക.

പഠന നിലവാരം മെച്ചപ്പെടുത്താനും അധ്യാപകർക്ക് ജോലി സ്ഥിരതക്കും അധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക.

പി. ടി. എ കളും മദർ പി.ടി.എകളും എല്ലാ വിദ്യാലയങ്ങളിലും പ്രവർത്തിക്കുന്നുണ്ടെങ്കിലും കുറെകൂടി സംജീവമാക്കി അക്കാദമിക് ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ ശ്രദ്ധ പതിപ്പിക്കുക.

എല്ലാ വാർഡിലും ലൈബ്രറികൾ സ്ഥാപിക്കുക.

പഞ്ചായത്തിൽ ഒരു റഫറൻസ് ലൈബ്രറി ഏർപെടുത്തുക.

സെക്കൻററി തലത്തിലും ഉന്നത വിദ്യാഭ്യാ

സരംഗത്തും നിർധനരായ കുട്ടികൾക്ക് സാമ്പത്തിക സഹായം ഏർപ്പെടുത്തുക.

പാഠ പുസ്തകങ്ങൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ ലഭ്യമാക്കുന്നതിന് നിലവിലുള്ള വിതരണ രീതി മാറ്റി സബ് ജില്ലാ തലത്തിൽ വിതരണസംവിധാനം ഏർപ്പെടുത്തുക.

പ്രൈമറി വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി വിതരണം നടത്തുന്നതിന് ആവശ്യമായ ചെലവിനത്തിൽ നൽകപ്പെടുന്ന പണം 95-96 വർഷത്തിൽ പകുതിയോളം കുടിശ്ശികയാണ്. ഇതു കാരണം പല വിദ്യാലയങ്ങളിലും ഉച്ചക്കഞ്ഞി വിതരണം തടസ്സപ്പെടുന്നു. ഇതിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ചെലവു വരുന്ന സംഖ്യ മാസം തോറും പ്രധാനാധ്യാപകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

സ്കൂൾ, വാർഡ് വിദ്യാഭ്യാസ സമിതികൾ നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം വിപുലീകരിച്ച് ഗൃഹസന്ദർശന പരിപാടിയിലൂടെ വിദ്യാഭ്യാസം സംബന്ധിച്ച ബോധവൽകരണം നടത്തുക.



ഒരു കൊച്ചു
കാട്ടാളനെ ഒന്നാന്തരം
മനുഷ്യനാക്കി മാറ്റാനുള്ള
പ്രക്രിയയാണ്
വിദ്യാഭ്യാസം.

- ഡോ. നിക്കോളാസ്
മുറേ ബട്ട്ലർ

വിദ്യാഭ്യാസ അക്കാദമിക് - പൊതു

ക്രമനമ്പർ	സ്കൂളിന്റെ പേര്	വാർഡ്	ഉടമസ്ഥത	കുട്ടികളുടെ എണ്ണം			പട്ടികജാതി പട്ടികവർഗ്ഗം			അദ്ധ്യാപകർ		
				ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	2	3	4	5a	5b	5c	6a	6b	6c	7a	7b	7c
	കിഴക്കോത്ത് ന്യൂ	I	എയിഡഡ്	215	170	385	10	2	12	8	5	13
	എം.എം.എൽ.പി.											
2	എ.എൽ.പി.സ്കൂൾ	II	''	55	47	102	4	3	7	2	3	5
	കിഴക്കോത്ത്											
3	എ.എം.എൽ.പി	II	''	46	58	104	0	2	2	4	1	5
	പന്നൂർ ഈസ്റ്റ്											
4	ജി.എച്ച്.എസ്.	III	ഗവ:	650	625	1275	77	64	141	37	12	53
	പന്നൂർ											
5	പന്നൂർ വെസ്റ്റ് എ.എം.	IV	എയിഡഡ്	164	82	186	3	1 4	4	4	8	7
	എൽ.പി											
6	എം.എം.എ.യു.പി.	VI	''	396	384	760	5	7	12	14	11	25
	ആവിലോറ											
7	എ.എം.യു.പി.	VII	''	396	384	7	520	554	1074	20	28	48
	വലിയ പറമ്പ											
8	എളേറ്റിൽ നോർത്ത്	VIII	''	108	115	223	11	7	18	4	5	9
	എ.എം.എൽ.പി											
9	എളേറ്റിൽ ഈസ്റ്റ്	VIII	"	95	79	174	3	2	5	5	1	6
	എ.എം.എൽ.പി.											
10	ജി.എം.യു.പി.	IX	ഗവ:	395	379	774	24	22	46	14	11	25
	എളേറ്റിൽ											
11	എം.ജെ.എച്ച്.എസ്.	X	എയിഡഡ്	838	924	1762	30	37	67	42	14	56
	എളേറ്റിൽ											
12	എ.എം.എൽ.പി	XI	''	111	96	207	2	1	3	6	2	8
	ഒഴലക്കുന്ന്											

നിലവാര സ്ഥിതി വിവരപ്പട്ടിക

അക്കാദമിക്ക് നിലവാരം കുട്ടികളുടെ എണ്ണം മൂന്നാം ക്ലാസ് മുതൽ					പഠനം നിർത്തിയവർ						ഭൗതിക സൗകര്യങ്ങൾ						
					SC / ST			മറ്റുള്ളവർ									
30% താഴെ	30% 40%	40% 50%	50% 60%	60% മീതെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	കിണർ	മൂത്രപ്പുര	കക്കൂസ്	വൈദ്യുതി	കളിസ്ഥലം	ലാബ്	ലൈബ്രറി
8a	8b	8c	8d	8e	9a	9b	9c	10a	10b	10c	11a	11b	11c	11d	11e	11f	11g
114	53	46	23	16							–	–		–			
23	7	7	11	6				2	2	4	– –					–	
7	8	15	11	7							–			–			
19	241	246	308	206	4	4	8	9	9	18	–	– –	–	–	–	–	
8	9	25	71				0	2 2	–	–			–				
75	84	102	155	176	1	0	1	10	5	15	– –	–		–	–	–	
30	2	32	18	260	264	210	99	1	0	1	3	0	3	–	–	–	
11	2	20	25	52								–			–		–
20	37	46	42	29							– –			–	–		
223	125	74	59	49							–	–	–	–	–	–	
374	420	509	276	173				12	19	31 –	–	–	–	–	–	–	
24	12	47	73	46						–	– –						

"വെള്ളം വെള്ളം സർവ്വത്ര തുള്ളി കുടിക്കാനില്ലത്രെ!"

5.4.(a) കുടിവെള്ളം

ഒരു പ്രദേശത്ത് ആവശ്യത്തിന് ശുദ്ധജലം ലഭിക്കുക എന്നത് ജനങ്ങളുടെ ഏറ്റവും വലിയ ഒരനുഗ്രഹമാണ്. പ്രകൃതി മനോഹരമായ കുന്നുകളും പാടങ്ങളും താഴ്വരകളുമായി കിടക്കുന്ന കിഴക്കോത്ത് പഞ്ചായത്തിന്റെ ഭൂരിഭാഗം സ്ഥലങ്ങളും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നവയാണ്. പഞ്ചായത്തിന്റെ മുഖ്യപ്രശ്നം എന്തെന്നു ചോദിച്ചാൽ എല്ലാവരും ഒരേ സ്വരത്തിൽ കുടിവെള്ളം എന്നു പറയുന്നതാണ്. കുടവെള്ളത്തിന് പ്രദേശത്തെ 70% ആൾക്കാരും കിണറുകളെയാണ് ആശ്രയിക്കുന്നത്.

ശുദ്ധജലലഭ്യത ലക്ഷ്യം വെച്ചുകൊണ്ട് പഞ്ചായത്തിൽ എട്ടോളം പൊതുകിണറുകളും കുഴൽക്കിണറുകളുമുണ്ട്. ഇതിൽ അഞ്ചാം വാർഡിലെ ഒരു കിണർ, നെല്ലാങ്കണ്ടി- വട്ടോളി റോഡ് വീതി കൂട്ടിയപ്പോൾ മണ്ണിട്ട് നികന്നു പോയി.

ശുദ്ധജല വിതരണത്തിനായി പഞ്ചായത്തിൽ നിലവിൽ 3 പദ്ധതികളുണ്ട്. ഒന്ന്, വലിയപറമ്പ് ഭാഗത്ത് കുഴൽ കിണർ നിർമ്മിച്ച് പൈപ്പ് ലൈൻ വഴി (ടാങ്ക് ഇല്ലാതെ) വട്ടോളി കോട്ടോപ്പാറവരെയും ആവിലോറ ഭാഗത്ത് കാരക്കാട് മുക്ക് വരെയും തണ്ണിക്കുണ്ട് വരെയും ഇരുപത്തഞ്ചോളം ടാപ്പുകൾ വഴി ജലവിതരണം നടത്തുന്ന വലിയപറമ്പ് പദ്ധതി. രണ്ട്, ഇതേരീതിയിൽ കച്ചേരി മുക്കിലെ(ഒന്നാം വാർഡിൽ) കുഴൽക്കിണറിലെ വെള്ളം ഉപയോഗപ്പെടുത്തി ഇരുപതോളം ടേപ്പുകൾ വഴി ശുദ്ധജലവിതരണം നടത്തുന്ന ഒരു പദ്ധതിയും. കൂടാതെ ഒന്നാം വാർഡിൽ പഞ്ചായത്ത് സ്വന്തമായി നടത്തുന്ന പാലോറമല ശുദ്ധജലവിതരണ പദ്ധതിയും പഞ്ചായത്തിൽ ഉണ്ട്.

ടാങ്കില്ലാതെ കുഴൽക്കിണറിലെ വെള്ളം പമ്പുചെയ്ത് നടത്തുന്ന രീതി പലതരം പോരായ്മകളുള്ളതാണ്. വൈദ്യുതിയുള്ളപ്പോൾ മാത്രമെ ജലവിതരണം നടക്കുകയുള്ളു. ഇട വിട്ടുള്ള പമ്പ് ഉപയോഗത്തിന്റെ പ്രഷർ മൂലം പൈപ്പുകൾ പൊട്ടിപ്പോകുന്നു. അതു കൊണ്ട് ഇത്തരത്തിലുള്ള ജലവിതരണം ശാശ്വതമായ ഒരു പരിഹാരമാകുന്നില്ല. ശുദ്ധജല വിതരണോദ്ദേശത്തോടെ പഞ്ചായത്തിൽ കോട്ടോപ്പാറയിലും ചളിക്കോട്ടുമ്മലും ജെ.ആർ.വൈ. സ്കീമിൽ രണ്ട് ഗ്രൗണ്ട് ടാങ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതു രണ്ടും തീർത്തും ഉപയോഗശൂന്യമായി കിടക്കുകയാണ്.

പഞ്ചായത്തിൽ നിർമാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നതും കിഴക്കോത്ത്, കൊടുവള്ളി, താമരശ്ശേരി പഞ്ചായത്തുകളുടെ സംയുക്താഭിമുഖ്യത്തിലുള്ളതുമായ തുവ്വക്കുന്ന് ജല സംഭരണിയും പൈപ്പ് ലൈനും നാലാമത്തെ സ്കീമാണ്. മൂന്നുലക്ഷത്തി എൺപതിനായിരം രൂപ ചെലവിൽ വരൾച്ച ദുരിതാശ്വാസ സ്കീം പ്രകാരം ലഭിച്ച തുക ഉപയോഗിച്ചാണ് ഈ പദ്ധതിക്ക് രൂപം കൊടുത്തത്. തുവ്വക്കുന്ന് മലയിൽ ഒരു ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കാണ് നിർമ്മാണത്തിലിരിക്കുന്നത്. ഈ ടാങ്കിലേക്ക് ആവശ്യമായ ജലം നിലവിലുള്ള കുഴൽ കിണർ വഴി ലഭിക്കുകയില്ല. കത്തറമ്മൽ പുഴയിൽ ആവശ്യമായ ജലസ്രോതസ്സ് ഉണ്ടെന്ന് വിദഗ്ധന്മാർ അംഗീകരിച്ചിരിക്കുന്നതിനാൽ ഇവിടെ ഒരു കിണർ കൂടി കുഴിച്ച് ടാങ്കിലേക്ക് ആവശ്യമുള്ള ജലം എത്തിച്ചാൽ എളേറ്റിൽ ഭാഗത്തെ ശുദ്ധജല ക്ഷാമം പൂർണ്ണമായും പരിഹൃതമാകും. താമരശ്ശേരി, കൊടുവള്ളി പഞ്ചായത്തുക ളുടെ സഹകരണത്തോടെ നടപ്പാക്കുന്ന തുവ്വക്കുന്ന് ജലവിതരണ പദ്ധതി

പൂർത്തിയായാൽ വാട്ടർ അതോ റിറ്റി ഏറ്റെടുത്ത് അവരുടെ ജലവിതരണ സ്കീമുമായി കൂട്ടിച്ചേർക്കുമെന്നാണ് പഞ്ചായത്തിന്റെ പ്രതീക്ഷ. കുടിവെള്ളം ശേഖരിക്കുന്നതിന്നായി രണ്ടു കി.മീറ്റർ ദൂരംവരെ സഞ്ചരിക്കേണ്ടതും ചെങ്കുത്തായ കുന്നുകളുടെ മുകളിലേക്ക് വെള്ളം ചുമന്നുകൊണ്ടു പോകേണ്ടതുമായ ദുരവസ്ഥയാണ് പഞ്ചായത്തിലെ അറുപതു ശതമാനം ജനങ്ങൾക്കുമുള്ളത്.

വാർഡ് ഒന്ന്:- പാലോറ മല ഹരിജൻ കോളനിയിലെയും പരിസരത്തെയും ശുദ്ധജലക്ഷാമം, ഹരിജൻ കോളനി ഭാഗത്ത് ഒരു ടാങ്ക് കെട്ടി നിലവിലുള്ള കുഴൽക്കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് പരിഹരിക്കാം. തലപ്പടി, ചരിച്ചിപ്പറമ്പ് ഭാഗത്ത് പൈപ്പ് ലൈനിട്ട് തലപ്പടി, ചരിച്ചിപ്പറമ്പ്, പടിപ്പുരക്കണ്ടി, കല്ലാരങ്കെട്ട്, വടക്കെത്തൊടിക എന്നിവടങ്ങളിലേക്കും ഇതുവഴി ശുദ്ധജലം എത്തിക്കാൻ സാധിക്കും. കരട്ടക്കുന്ന്. പൊയിലങ്ങൽ, തോട്ടുമൂല, ചേലക്കാട്ടിൽ, ഇയ്യംകല്ല്, കുണ്ടത്തിൽ ഭാഗങ്ങളിൽ പുതുതായി ടേപ്പുകൾ കൊടുത്ത് കുടിവെള്ളമെത്തിക്കണം. ചെറിയ പാലോറ ഭാഗത്ത് പഞ്ചായത്ത് ടാങ്കിൽ നിന്നും വാർഡിലൂടെ പോകുന്ന പൈപ്പ് ലൈനിലേക്ക് കണക്ഷൻ കൊടുക്കണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാവർക്കും സ്വന്തമായി കിണറുണ്ടാക്കാൻ സഹായം നല്കുന്നത് നന്നായിരിക്കും.

വാർഡ് രണ്ട്:- പറക്കുന്ന് കോളനി, നെല്ലിക്കുന്ന് കോളനി എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കണം.

വാർഡ് മൂന്ന്:- ചെറുമലയിൽ ചിറ്റീന്തിൽ എന്ന സ്ഥലത്ത് ഒരുടേങ്ക് നിർമ്മിച്ച് കുഴൽ കിണറോ ഓപ്പൺ കിണറോ വഴി വെള്ളമെത്തിച്ച് പൈപ്പിടുകയോ അല്ലെങ്കിൽ വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ടേങ്കിലേക്ക് ഓപ്പൺകിണറിൽ നിന്ന് വെള്ളമെത്തിച്ച് പൈപ്പിടുകയോ ചെയ്ത് ചെറുമല ഭാഗത്തെ ശുദ്ധജലക്ഷാമം ഏറെക്കുറെ പരിഹരിക്കാം. മടവൂർ മുക്കം-പന്നൂർ ഗവ. ഹൈസ്ക്കൂൾ റോഡിലൂടെയുള്ള പൈപ്പ് ലൈൻ എടക്കണ്ടിപ്പുറായി ഭാഗത്തേക്ക് നീട്ടുകയും വെള്ളാറമ്പാറ മലയിൽ ഒരു ടാങ്ക് സ്ഥാപിച്ച് മറിവീട്ടിൽ താഴത്ത് കിണറുണ്ടാക്കി ജലവിതരണം നടത്തിയാൽ വെള്ളാറമ്പാറ മലഭാഗത്തെ പ്രശ്നം പരിഹരിക്കാം. നിലവിലുള്ള പൈപ്പ് ജലം ഇല്ല. ഇത് എത്തിക്കണം.

പുത്തലത്ത് പറമ്പ്- പുവ്വത്തൊടുക റോഡിൽ ആവശ്യമായ ടാപ്പുകൾ സ്ഥാപിക്കുക. എടക്കണ്ടിപ്പുറായിൽ പുത്തലത്ത് പറമ്പ്, കാവിലുമ്മാരം റൂട്ടിൽ കുന്നുഭാഗം, എന്നിവിടങ്ങളിൽ കുഴൽക്കിണർ സ്ഥാപിച്ചാൽ ഈ ഭാഗങ്ങളിലെ കുടിവെള്ളപ്രശ്നം ഭാഗികമായി പരിഹരിക്കാം.പുത്തലത്ത് പറമ്പ്- മടുവൂർ മുക്ക് റോഡ്, പുത്തലത്ത് പറമ്പ്- കാവിലുമ്മാരം റോഡ് എന്നിവിടങ്ങളിൽ പൈപ്പ് കണക്ഷൻ കൊടുത്താൽ കണ്ണോറക്കണ്ടി മാട്ടുമൂലയിൽ, ഭാഗങ്ങളിൽ ശുദ്ധജലം എത്തിക്കാം. കാവിലുമ്മാരം വേറക്കുന്ന് മലയിൽ എല്ലാ വീടുകൾക്കും ലഭ്യമാകത്തക്ക വിധം പൈപ്പ് കണക്ഷൻ നൽകുക. പുത്തലത്ത് പറമ്പ് - മഠത്തും കുഴിയിൽ ഭാഗത്തേക്ക് തെറ്റുമ്മൽ വരെ പൈപ്പ് കണ്ക്ഷൻ നീട്ടുക.

വാർഡ് നാല്:- വാർഡിൽ കട്ടിൽ കുന്ന്, കൊഴപ്പഞ്ചാൽ മീത്തൽ, കയ്യളശ്ശേരി മുക്ക്, നാരോത്തിങ്ങൽ പാറ, പട്ടേരിമുക്ക്, കേളോത്ത് മീത്തൽ, പാറയുള്ള കണ്ടിമുക്ക്, കുന്നുമ്മൽ, എന്നീ ഭാഗങ്ങൾ രൂക്ഷമായ കുടിവെള്ള ക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. മടപ്പാട്ടിൽ താഴത്ത് നല്ല ജലസ്രോതസ്സുണ്ട്. ഇവിടെ കിണർ കുഴിച്ച് കൊഴപ്പഞ്ചാൽ മീത്തൽ ടാങ്ക് കെട്ടി പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം വിതരണം ചെയ്താൽ കൊഴപ്പഞ്ചാൽ മീത്തൽ, ഹരിജൻ കോളനി ഭാഗം, കട്ടിൽ കുന്ന് മലയുടെ കിഴക്ക് ഭാഗം, കുന്നുമ്മൽ എന്നിവടങ്ങളിലെ ശുദ്ധജലക്ഷാമം വലിയൊരളവോളം പരിഹരിക്കാൻ സാധിക്കും. ഇതേ രീതിയിൽ ഇടവലത്ത് താഴത്ത് ഒരു കിണറുണ്ടാക്കി കേളോത്ത് മീത്തൽ ടേങ്ക് നിർമ്മിച്ച് വെള്ളം പൈപ്പ് ലൈൻ വഴി വിതരണം നടത്തിയാൽ കേളോത്ത് മീത്തൽ, കട്ടിൽകുന്ന്, കയ്യളശ്ശേരി മുക്ക്, നാരോത്തിങ്ങൽ പാറ എന്നിവിടങ്ങളിലെ കുടിവെള്ളപ്രശ്നം മിക്കവാറും പരിഹരിക്കപ്പെടും.

നാരോത്തിങ്ങൽ പാറ, പട്ടേരി മുക്ക്, പടിഞ്ഞാറയിൽ, പുതിയോട്ടിൽ മുക്ക്, കണ്ണഞ്ചേരി മുക്ക്, കട്ടിൽകുന്ന്, ആശാരിപ്പാറ, ചീപ്പേടത്ത് മീത്തൽ, കൊഴപ്പഞ്ചാൽമുക്ക്, കുറ്റ്യേങ്ങ് വയൽ എന്നിവിടങ്ങളിൽ കുഴൽക്കിണറുകൾ സ്ഥാപിക്കുക. വാട്ടർ അതോറിറ്റിയുടെ കണക്ഷൻ പണമടച്ചു കാത്തിരിക്കുന്നവർക്ക് കണക്ഷൻ നല്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ കണക്ഷൻ നാരോത്തിങ്ങൽപാറ മുതൽ പട്ടേരിമുക്ക് വരെയും നരിക്കുനി- പന്നൂർ റോഡിൽ പടിഞ്ഞാറയിൽ വരെയും മൂഴിപ്പുറത്ത് താഴം തൊട്ട് കണ്ടിയിൽ മീത്തൽ വരെയും കോളോത്ത് നിന്ന് ആശാരിപ്പാറ വരെയും നീട്ടുക. ഈ ഭാഗങ്ങളിൽ ഇരുപത്തഞ്ചോളം ടാപ്പുകൾ നൽകണം. കൊഴപ്പഞ്ചാൽ മീത്തൽ ഹരിജൻ കോളനിയിൽ നിലവിലുള്ള പൈപ്പ് ലൈനിൽ നിന്നും നാലാം വാർഡിലെ കൊഴപ്പഞ്ചാൽ ഭാഗത്തേക്ക് കണക്ഷൻ നീട്ടിയാൽ ഈ ഭാഗത്തെ പതിനാലോളം കുടുംബങ്ങളുടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകും. പന്നൂർ വെസ്റ്റ് എ.എം.എൽ. പി. സ്ക്കൂളിനടുത്തും പട്ടേരിമുക്ക്, കണ്ണഞ്ചേരി മുക്ക്, കയ്യളശ്ശേരി മുക്ക് എന്നിവിടങ്ങളിലും പൊതു ടാപ്പുകൾ സ്ഥാപിക്കുക.

വാർഡ് അഞ്ച്:- കുണ്ടത്തിൽ വെള്ളപ്പാറമ്മൽ, കൊന്നാലിൽ, കൊത്തമ്പാറമല, കക്കോട്ടുമ്മൽ, കണ്ടിയിൽ, കുടിലാട്ടുമ്മൽ എന്നീ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമമനുഭവപ്പെടുന്നു. പുവ്വത്തൊടുക വയലിൽ ഒരു കിണർ കുഴിച്ച് കൊത്തമ്പാറ മലയിൽ ടേങ്ക്

കെട്ടി പൈപ്പ് ലൈൻ വഴി ശുദ്ധജല വിതരണം നടത്തിയാൽ വാർഡിലെ ജലക്ഷാമം പൂർണ്ണമായും പരിഹരിക്കാം. പറക്കുന്ന്, കോന്നാലിൽ, കുടിലാട്ടുമ്മൽ, കൊള്ളപ്പാറമ്മൽ, ആലപ്പുറായിൽ, ചെറുതോട്ടിങ്ങൽ, മേത്തച്ചാലിൽ എന്നിവിടങ്ങളിൽ കുഴൽക്കിണറുകൾ കുഴിക്കുക.

വാർഡ് ആറ്:- ആവിലോറക്കുന്ന്, കണ്ണൻ കുന്ന്, ചീത്തപ്പാറ, എരേരക്കൽ മുക്ക്, കുന്നുമ്മൽ, പൂക്കാട്ടുപുറായിൽ, കുടിലാട്, പൊമ്പ്രമല എന്നിവടങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്. ആറുമാസക്കാലം ഇവിടങ്ങളിൽ കിണറുകളിൽ വെള്ളം കിട്ടുകയില്ല. ചെറുപുഴയിൽ കൈവേലിയിൽ ഒരു കിണർ കുഴിച്ച് ആവിലോറക്കുന്നിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണ നടത്തിയാൽ വാർഡിലെ ജലക്ഷാമം ഭാഗികമായി തന്നെയെങ്കിലും പരിഹരിക്കപ്പെടും. സ്ഥാപിച്ച ടേപ്പുകളിൽ ജലവിതരണം ആരംഭിക്കുകയും ആവശ്യമായ ടേപ്പുകൾ നല്കുകയും ചെയ്യണം. ചെറുപോയിൽ കുന്നുമ്മൽ റോഡ്, ചെവിടം പാറ കൈവേലിക്കടവ് എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ കൊടുക്കണം. വാർഡിൽ നാല് കുഴൽക്കിണറുകൾ സ്ഥാപിക്കണം.

വാർഡ് ഏഴ്:- മലയോര പ്രദേശങ്ങളിലും ബേങ്ക് റോഡ് മുതൽ തട്ടിൻ പുറംവരെയും ശുദ്ധജലം എത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം.

വാർഡ് എട്ട്:- തടായിൽ, കണ്ണോറക്കണ്ടി, ചീനത്താം പൊയിൽ, തട്ടിൻപുറം, കരിമ്പാക്കണ്ടി, പാലക്കാളി, പാറക്കുണ്ടം, തുവ്വക്കുന്ന്, പാലയുള്ളകുന്ന്, നെല്ലിക്കുന്ന്, ചെറ്റക്കടവ്, തട്ടാൻ കണ്ടി, ചെറോട്ടത്തിൽ, നെല്ലിക്കുന്ന് എന്നിവിടങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. വലിയപറമ്പിലെ കുഴൽക്കിണർ ആഴം കൂട്ടുകയോ പുതിയ കിണർ കുഴിക്കുകയോ ചെയ്ത് ശക്തി കൂടിയ പമ്പ്സെറ്റും സംഭരണ ശേഷിയുള്ള ടേങ്കും സ്ഥാപിച്ച് ജലവിതരണം വിപുലീകരിച്ചാൽ വാർഡിലെ ജലക്ഷാമത്തിന് പരിഹാരമാകും. മാനിപുരം ജലവിതരണ പദ്ധതിയുടെ പൈപ്പ് ലൈൻ കാഞ്ഞിരത്താം പൊയിൽ വലിയപറമ്പ് ഡിസ്പൻസറി റോഡിലും തടായിൽ റോഡിലും ആവുപ്പാട്, ചീനത്താം പൊയിൽ ഇടവഴിയിലും നീട്ടണം. നിലവിലുള്ള പഞ്ചായത്ത് കിണർ റിപ്പയർ ചെയ്യണം. ചീനത്താം പൊയിലിലും പാലയുള്ള കുന്നിന്മേലും പൊതുകിണറുകളും വെട്ടു കല്ലും പുറത്ത് കുഴൽക്കിണറും കുഴിച്ച് ജലക്ഷാമത്തിന് പരിഹാരമുണ്ടാക്കാം.

വാർഡ് ഒമ്പത്:- വാർഡിൽ വെള്ളക്കുന്ന്, പുതുശ്ശേരിക്കുന്ന്, ചെറിയക്കച്ചാലിൽ, കരുമ്പാരക്കുന്ന്, കുരുവമ്പിലാക്കണ്ടിയിൽ, കാഞ്ഞിരമുക്ക്, തേനങ്ങൽ പുറായിൽ മാക്കൂട്ടത്തിൽ ഭാഗം, വീണപാറ എന്നിവിടങ്ങളിൽ രൂക്ഷമായി കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. ശുദ്ധജല വിതരണത്തിന് വാർഡിൽ യാതൊരുവിധ സംവനിധാനങ്ങളോ നിലവിലില്ലെന്ന് ഒരു പരമസത്യമാണ്. വെള്ളനക്കുന്ന്, പുതുശ്ശേരിക്കുന്നുകൾക്കിടയിലുള്ള കൂമ്പാറപ്പൊയിൽ എന്ന വയിലിൽ ഒരു കിണർ കുഴിക്കുകയും പുതുശ്ശേരിക്കുന്നുമ്മൽ ഒരു നല്ല ടാങ്ക് സ്ഥാപിക്കുകയും ചെയ്ത് പൈപ്പ് ലൈൻ വഴി ശുദ്ധജലവിതരണം ചെയ്താൽ വെള്ളനക്കുന്ന്, പുതുശ്ശേരിക്കുന്ന്, ചെറിയക്കച്ചാലിൽ, മാക്കൂട്ടത്തിൽ ഭാഗം, എന്നിവടങ്ങളിലെ ക്ഷാമം വലിയൊരളവോളം പരിഹരിക്കാം. വീണപാറ ഭാഗത്ത് ഒരു ടാങ്ക് നിർമ്മിച്ച് താഴ്ഭാഗത്ത് എളേറ്റിൽ യത്തീം ഖാനക്ക് സമീപം കിണർ കുഴിച്ച് വെള്ളമെത്തിക്കാൻ സാധിച്ചാൽ കുരുവമ്പിലാക്കണ്ടി, വീണപാറ, ഭാഗങ്ങളിൽ പ്രശ്നം ഭാഗികമായി പരിഹരിക്കാം. തൊള്ളപാറ അംഗൻ വാടിമുക്ക്, തേനങ്ങൽ പുറായിൽ, കുണ്ടുങ്ങൽ എന്നിവിടങ്ങളിൽ കുഴൽക്കിണർ സ്ഥാപിക്കുക. എളേറ്റിൽ- വളേള്യാത്ത് എം.എൽ.എ.റോഡിൽ എത്തിയ പൈപ്പ് ലൈൻ പഞ്ചായത്തതിർത്തി വരെ നീട്ടുക, കാഞ്ഞിരത്താംപൊയിൽ തൊട്ട് കാളികുന്ന് വരെ ഇപ്പോഴുള്ള പൈപ്പ് ലൈൻ നീട്ടുക. പുന്നശ്ശേരി- എളേറ്റിൽ റോഡിൽ കാഞ്ഞിമുക്കിലെ കുഴൽക്കിണർ ഉപയോഗപ്രദമാക്കണം.

വാർഡ് പത്ത് :- പത്താം വാർഡിൽ കുടിവെള്ള ക്ഷാമമനുഭവപ്പെടുന്നത് കോട്ടോപ്പാറ ലക്ഷം വീട് ഭാഗം, മുതുവാട്ടുശ്ശേരി നടമുറിക്കൽ, ആയുർവ്വേദാശുപത്രി പുളിക്കിപ്പോയിൽ(തറോൽ റോഡ്) വടക്കെ മുതു വാട്ടുശ്ശേരി, കുണ്ടത്തിൽ, എളേറ്റിൽ മാക്കൂടം എന്നിവിടങ്ങളിലാണ്. വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ചെറ്റക്കടവിൽ സ്റ്റേഡിയത്തിനടുത്ത് ഒരു കുളം കുഴിച്ച് ക്ഷാമമനുഭവപ്പെടുന്ന ഭാഗങ്ങളിലേക്ക് ശുദ്ധജലം വിതരണം ചെയ്യാൻ ഒരുപദ്ധതിക്ക് രൂപം കൊടുക്കേണ്ടതാണ്. എളേറ്റിൽ അങ്ങാടിയിലുള്ള പഞ്ചായത്ത് കിണറിൽ വെള്ളമെത്തിക്കാൻ സംവിധാനമുണ്ടാക്കിയാൽ കോട്ടോപ്പാറ ഭാഗത്തെ പ്രശ്നത്തിന് പരിഹാരമാകും. കത്തറമ്മൽ ഭാഗത്തെ തുവ്വക്കുന്ന് ശുദ്ധജല വിതരണ പദ്ധതി പൂർത്തിയായാൽ ഈ ഭാഗത്തെ കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കപ്പെടും. കോട്ടോപ്പാറയിലും എളേറ്റിൽ പുളിക്കിൽ പൊയിലിലും കുഴൽക്കിണർ സ്ഥാപിക്കാം. വലിയപറമ്പിൽ നിന്നും വരുന്ന കെ.ഡബ്ല്യു.എ. യുടെ പൈപ്പ് ലൈൻ കിഴക്കെതൊടുക, മുതുവാട്ടുശ്ശേരി, നടമുറിക്കൽ, കുണ്ടത്തിൽ, എം.ജെ.ഹൈസ്ക്കൂൾ-പുളിക്കിൽ റോഡ്, പാറച്ചാൽ കൊടക്കാട് എന്നീ ഭാഗങ്ങളിലേക്ക് നീട്ടുക.

പ്രവർത്തന രഹിതമായി കിടക്കുന്ന കത്തറമ്മൽ മോട്ടോർ മാറ്റി കൂടുതൽ ഹെഡുള്ള പുതിയത് സ്ഥാപിക്കുക. കിണറുകളിലെ വെള്ളം നിലനിർത്താൻ തോട്ടിൽ ബണ്ടുകൾ കെട്ടുന്നത് പ്രയോജനപ്രദമായിരിക്കും. കത്തറമ്മൽ കുഴൽക്കിണറിൽ നിന്നും വെള്ളം തുടർന്നും ലഭിക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി ചെയ്യണം.

വാർഡ് പതിനൊന്ന്:- വാർഡിലെ ഏറ്റവും വലിയ പ്രശ്നമേതെന്ന് ചോദിച്ചാൽ കുടിവെള്ളം എന്നുപറയാം.

വേനലിന്റെ ആരംഭത്തോടെ മിക്കവാറും കിണറുകൾ വറ്റിത്തുടങ്ങും. മൂഴിപ്പുറത്ത് പൊയിൽ ലക്ഷം വീട് കോളനി, ചേര്യങ്ങൽ, കട്ടിൽ കുന്ന്, കണ്ടിയിൽ മീത്തൽ ഹരിജൻ കോളനി, പൊളളപ്പാറ, ഒഴലക്കുന്ന്, പുലിവലത്തിലെ കുണ്ടത്തിൽ, അംഗനവാടി ഭാഗം, എന്നിവിടങ്ങളിലാണ് രൂക്ഷമായ കുടിവെള്ളക്ഷാമമ നുഭവപ്പെടുന്നത്. ക്ഷാമകാലങ്ങളിൽ കിലോമീറ്ററു കളോളം നടന്നാണ് വെള്ളം ശേഖരിക്കുന്നത്. ഈ വാർഡിൽ പൊതു കിണറുകളോ പൈപ്പ് ലൈനോ ഇല്ല. കണ്ടിയിൽ മീത്തൽ, ചേര്യങ്ങൽ, കട്ടിൽ കുന്ന്, പുലിവലം, ഒഴലക്കുന്ന്, എന്നിവിടങ്ങളിൽ കുഴൽക്കി ണറുകൾ കുഴിച്ച് പ്രശ്നത്തിന് പരിഹാരമുണ്ടാക്കാം. കച്ചേരിക്കുന്നുമ്മൽ വയലിൽ വെള്ളം ഉള്ളതുകൊണ്ട് അവിടെ ഒരു ഓപ്പൺ കിണറോ കുഴൽക്കിണറോ കുഴിച്ച് കച്ചേരിക്കുന്നിന് മുകളിൽ ടാങ്ക് നിർമ്മിച്ച് ഒരു ജലവിതരണ പദ്ധതിക്ക് രൂപം കൊടുത്താൽ വാർഡിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമുണ്ടാ ക്കാം. ഇത്തരം ഒരു പദ്ധതിക്ക് ഇതിനകം തന്നെ രൂപംകൊടുത്തിട്ടുണ്ടെന്നറിയുന്നു. അതുകൊണ്ട് പദ്ധ തി പ്രവർത്തനം ത്വരിതപ്പെടുത്തി പ്രശ്ന പരിഹാരത്തിന് ശ്രമിക്കാം.


ഒന്നാം വാർഡിൽ നിന്ന് നിർദ്ദേശിക്കപ്പെട്ട, പാലോ റക്കുന്ന് ഹരിജൻ കോളനി ഭാഗത്ത് ടാങ്ക് സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തിയാൽ പ്രസ്തുത വാർഡി ലെ ജലക്ഷാമത്തിന് പരിഹാരം ലഭിക്കുന്നതാണ്. അതേപോലെ ആറാം വാർഡിലെ കൈവേലിക്കട വിലും നല്ല വിധത്തിൽ വെള്ളം കിട്ടുന്നതുകൊണ്ട് ആവിലോറക്കുന്നിൽ ടേങ്ക് കെട്ടി ഒരു പദ്ധതിക്ക് രൂപം കൊടുത്ത് ശുദ്ധജലക്ഷാമത്തിന് വാർഡിൽ പരിഹാ രമുണ്ടാക്കാം. എട്ടാം വാർഡിൽ കരുഞ്ഞിയിൽ കോട്ട യിൽ പ്രകൃതി ജലം ലഭിക്കുന്ന സ്ഥലമാണ്. പു തിയോട്ടിൽ വയലിൽ കിണർ കുഴിച്ച് കരുഞ്ഞിമല യിൽ 50000 ലിറ്റർ ടാങ്ക് നിർമ്മിച്ച് ഉൾപ്രദേശങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിച്ച് വെള്ളമെത്തിക്കാവുന്നതാണ്.

ചെറുകിടപദ്ധതികൾ (മിനി പദ്ധതികൾ)

പഞ്ചായത്തിന് മൊത്തം ഗുണം ലഭിക്കുന്ന വലിയ പ്രോജക്ടുകളേക്കാൾ, ചെറുകിട പദ്ധതികളാണ് പ്രയോജനപ്പെടുക എന്നാണ് പഞ്ചായത്തിന്റെ ഭൂപ്ര കൃതിപരമായി കിടപ്പും ജലസ്രോതസ്സുകളുടെ അവ സ്ഥയും കാണുമ്പോൾ മനസ്സിലാകുന്നത്. 1,3,4,5,8,9, 10,11 വാർഡുകളിൽ നിന്ന് ഇത്തരം പദ്ധതികളെക്കു റിച്ച് നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. മൂന്നാം വാർഡിൽ ചെറുമലയിലെ നിലവിലുള്ള ടാങ്കിൽ ആവശ്യമായ വെള്ളം മറിവീട്ടിൽ താഴത്ത് ലഭ്യമാണ്. ഇവിടെ ഒരു ഓപ്പൺവെൽ ഉണ്ടാക്കി പദ്ധതിക്ക് രൂപം കൊടുക്കാം.

നാലാം വാർഡിലെ എടവലത്ത് താഴത്തും മടപ്പാ ട്ടിൽ താഴത്തും നിർദ്ദേശിക്കപ്പെട്ട ചെറുകിട പദ്ധതി കൾക്ക് ആവശ്യമായ ജല സ്രോതസ്സും ടാങ്ക് നിർമ്മാ ണത്തിന് ഉയർന്ന പ്രദേശവും പൈപ്പുലൈനുകളിടാൻ പറ്റിയ മറ്റു സംവാധാനങ്ങളും കാണുന്നുണ്ട്. ഈ രണ്ടു മിനിപദ്ധതികളും നടപ്പാക്കാൻ സാധിച്ചാൽ വാ ർഡിലെ മുഖ്യപ്രശ്നമായ കുടിവെള്ളക്ഷാമം എഴു പത്തഞ്ച് ശത മാനവും പരിഹരിക്കപ്പെടും. മാത്രമല്ല പഞ്ചായത്തിലെ 5,11 വാർഡുകളിലേക്കും ഇതിന്റെ പ്രയോജനം ലഭി ക്കും. സാമ്പത്തികമായി സഹായം ലഭിക്കുന്ന പക്ഷം അയൽക്കൂട്ടങ്ങൾ ഈ പദ്ധതി ഏറ്റെടുത്ത് നടത്താനും സന്നദ്ധരാണ്. ഈ റിപ്പോ ർട്ടിന്റെ ആമുഖത്തിൽ പരാമർശിച്ച തുവ്വക്കുന്ന് ജ ലവിതരണ പദ്ധതി 5,6,7,8,9,10 വാർഡുകളിലെ പ്രശ്ന ങ്ങൾക്ക് പൂർണ്ണമായും പരിഹാരമുണ്ടാക്കുന്നതാണ്. ഒമ്പതാം വാർഡിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതിക്ക് ആവ ശ്യമായ ജലസ്രോതസ്സ് കൂമ്പാറപ്പൊയിലിൽ ലഭിക്കു മെന്നതുകൊണ്ടും ഭൂമിയുടെ കിടപ്പും ജലക്ഷാമത്തിന്റെ രൂക്ഷതയും വെച്ചുനോക്കുമ്പോൾ ഈ സ്ഥലം ഒരു മിനി പദ്ധതിക്ക് പറ്റിയ ഇടമാണ്. മാത്രമല്ല വാ ർഡിൽ ഇതുവരെ ശുദ്ധജല വിതരണത്തിന് ഒരു സംവിധാനവും ഉണ്ടായിട്ടുമില്ല. അഞ്ചാം വാർഡും പ തിനൊന്നാം വാർഡും യോജിച്ച് ഒരു പദ്ധതിക്ക് രൂപം കൊടുത്താൽ ഇരുവാർഡുകളിലെയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താം.

കൊടുവള്ളി, കിഴക്കോത്ത്, മടവൂർ പഞ്ചായത്തുക ളിലെ ശുദ്ധജല വിതരണം ലക്ഷ്യം വെച്ചു കൊണ്ടുള്ള കൊടുവള്ളി ശുദ്ധജല വിതരണ പദ്ധതി കൊടുവ ള്ളി പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പോലും പ രിഹരിക്കാൻ പര്യാപ്തമല്ലെന്നാണ് വിദഗ്ധർ പറയുന്നത്. മൊത്തം 350 ടാപ്പുകളിൽ മാത്രം. വെള്ളം നല്കാൻ ശേഷിയുള്ള ഈ പദ്ധതിയുടെ കീഴിൽ കൊടുവള്ളി യിൽ തന്നെ 400 ൽപരം ടാപ്പുകൾ നല്കിയിട്ടുണ്ട്. കിഴക്കോത്ത് പഞ്ചായത്തിലെ ശുദ്ധജല വിതര ണത്തിന്ന് ഒന്നും ചെയ്യാൻ ഈ പദ്ധതി മൂലം സാദ്ധ്യ മല്ല. എന്നാൽ ടാപ്പ് കണക്ഷനും മറ്റും പണമടച്ച് കാത്തിരിക്കുന്നവർക്ക് പ്രശ്നപരിഹാരത്തിന്ന് വ്യക്തമാ യ ഒരു പദ്ധതിക്ക് രൂപം കൊടുക്കേണ്ടതാണ്.



5.5.(b) ആരോഗ്യം, പരിസരശുചീകരണം

ആരോഗ്യമുള്ള ജനതയാണ് ഒരു രാജ്യത്തിന്റെ ജീവ നാഡി എന്നതിനാൽ തന്നെ ആരോഗ്യസംരക്ഷണത്തിന് നാം മുഖ്യപരിഗണന നൽകേണ്ടിയിരിക്കുന്നു. ആരോഗ്യമുള്ള ശരീരത്തിലും ചുറ്റുപാടിലും മാത്രമേ ആരോഗ്യമുള്ള സമൂഹം വളർന്നുവരൂ എന്ന വസ്തുത മനസ്സിലാക്കി ഈ രംഗത്ത് കഴിവിന്റെ പരമാവധി പഞ്ചായത്ത് പ്രവർത്തിച്ചിട്ടുണ്ട്. എങ്കിലും പൊതുവിൽ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തായതിനാൽ ഈ മേഖലയിലും സ്ഥിതി തൃപ്തികരമാണെന്ന് പറയാൻ വയ്യ.

പഞ്ചായത്തിൽ ഇപ്പോൾ സർക്കാർ ആശുപത്രികൾ യാതൊന്നും നിലവിലില്ല. പൊതുമേഖലയിലുള്ള ഏകസ്ഥാപനം ഈസ്റ്റ് എളേറ്റിൽ പ്രവർത്തിക്കുന്ന സർക്കാർ ആയുർവേദ ഡിസ്പൻസറിയാണ്. സ്ഥാപിതമായി 24 വർഷങ്ങൾക്ക് ശേഷവും പരാധീനതകൾ മാത്രമേ ഇതിന് പറയുവാനുള്ളൂ. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് അടിസ്ഥാന സൗകര്യങ്ങളായ ശുദ്ധജലം, വൈദ്യുതി മുതലായവയും സ്റ്റാഫിന് ഉപയോഗിക്കാനാവശ്യമായ സ്ഥലസൗകര്യങ്ങളും ലഭ്യമല്ല. ഇപ്പോൾ നിർമ്മാണം നടക്കുന്ന കെട്ടിടം പൂർത്തീകരിച്ചുകഴിഞ്ഞാൽ ഒട്ടുമിക്ക പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാവുമെന്ന് പ്രതീക്ഷിക്കാം. കഴിഞ്ഞ 5 വർഷങ്ങളിൽ ശരാശരി പതിമൂവായിരത്തിൽ പരം രോഗികളെ ഔട്ട്പേഷ്യൻറ് വിഭാഗത്തിൽ ചികിത്സിച്ച ഈ സ്ഥാപനം ഒരു ആശുപത്രിയായി ഉയർത്തപ്പെടാൻ എന്തുകൊണ്ടും യോഗ്യമാണ്. ഇവിടെ ചികിത്സക്കെതിയവരിൽ 50% വിവിധതരത്തിലുള്ള വാതരോഗികളായിരുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ആധുനിക ചികിത്സാസൗകര്യങ്ങൾ എത്തിനോക്കുന്നതിന്റെ മുമ്പ് ഏതാനും പാരമ്പര്യവൈദ്യന്മാരെയായിരുന്നു പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിച്ചിരുന്നത്. ആധുനിക ചികിത്സാരംഗത്ത് സംസ്ഥാനം ഒന്നടങ്കം മുന്നേറിക്കൊണ്ടിരിക്കുകയായിരുന്ന അറുപതുകളിൽ പൊലും പഞ്ചായത്തിലെ ജനങ്ങൾ ഇത്തരം ചികിത്സാ രീതികളെക്കുറിച്ച് ബോധവാന്മാരായി രുന്നില്ല. മന്ത്രവാദം, നേർച്ചകൾ, കാവുകളിലേക്കുള്ള വഴിപാടുകൾ നേരുക മുതലായവ കൊണ്ട് മാത്രം രോഗശമനം ഉണ്ടാവുമെന്നും ആധുനിക ചികിത്സാസൗകര്യങ്ങൾ ആവശ്യമില്ല എന്നുമുള്ള മനോഭാവമായിരുന്നു ജനങ്ങളിൽ ഉണ്ടായിരുന്നത്. സ്ഥിതി അല്പമൊക്കെ പുരോഗമിച്ചിട്ടുണ്ടെങ്കിലും ഇത്തരം നടപടികൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞുവെന്ന് പറയാൻ വയ്യ.

ആരോഗ്യരംഗത്തും സേവനരംഗത്തും പ്രസ്താവ്യരായ പ്രമുഖ വ്യക്തിത്വങ്ങൾ നമ്മുടെ പഞ്ചായത്തിലുമുണ്ടായിരുന്നു എന്ന് പറയുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.

മൃഗചികിത്സാരംഗത്തും മനുഷ്യചികിത്സാരംഗത്തും ഒരുപോലെ വ്യക്തിമുദ്രപതിപ്പിച്ച പ്രഗൽഭവൈദ്യൻ 'മൂസ്സക്കുട്ടിക്കാ'യാണ് ഇവരിൽ പ്രഥമസ്ഥാനീയൻ. അന്യനാട്ടുകാരനാണെങ്കിലും പഞ്ചായത്തിലെ പന്നൂർ പ്രദേശത്ത് വന്ന് താമസിക്കുകയും പ്രദേശത്ത് ആരോഗ്യരംഗത്ത് സ്തുത്യർഹമായ സേവനങ്ങൾ നൽകുകയും അദ്ദേഹത്തെപ്പറ്റി ഇന്നും പഴമക്കാർ നന്ദിയോടെ ഓർക്കുന്നുണ്ട്. ഈ രംഗത്ത് ഏകാശ്രയമാ

യിരുന്നു അദ്ദേഹമെന്നതന്നെ പറയാം.

ഒറ്റമൂലിക ഉപയോഗിച്ചുള്ള ചികിത്സ മാത്രം നടന്നിരുന്ന ആദ്യകാലത്ത് തന്നെ ആയുർവ്വേദ ഔഷധ നിർമ്മാണ രംഗത്ത് ഇന്നും സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്ന ജീവരക്ഷാമണി ആയുർവ്വേദ ഔഷധനിർമാണശാലയുടെ സ്ഥാപകനായ കെ.പി. അബൂബക്കർ ഹാജിയും ചികിത്സാരംഗത്ത് അദ്വിതീയനായിരുന്നു.

പഞ്ചായത്തുകാരനല്ലെങ്കിലും എളേറ്റിൽ അങ്ങാടിയിൽ സൗജന്യ വിഷചികിത്സാകേന്ദ്രം നടത്തിയിരുന്ന ഗ്രാൻറ് – ഇൻ – എയ്ഡ് വിഷവൈദ്യനായിരുന്ന പെരവക്കുട്ടി വൈദ്യരും ആരോഗ്യ രംഗത്ത് തൻറേതായ വ്യക്തിമുദ്ര പതിപ്പിച്ച ഒരു ദേഹമായിരുന്നു.

ആധുനിക ചികിത്സാസ്ഥാപനങ്ങളായി പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ഒരു ആശുപത്രിയും നരിക്കുനി സാമൂഹ്യ ആരോഗ്യകേന്ദ്രത്തിനു കീഴിലുള്ള 4 ഉപകേന്ദ്രങ്ങളുമാണുള്ളത്. കൂടാതെ രണ്ട് അലോപ്പതി ഡോക്ടർമാർ പഞ്ചായത്തിൽ പ്രാക്ടീസ് ചെയ്യുന്നുണ്ട്. ആയൂർവേദ രംഗത്ത് മുൻപറഞ്ഞ സർക്കാർ ഡിസ്പൻസറി, ജീവരക്ഷാമണി വൈദ്യശാല എന്നിവ കൂടാതെ പത്തോളം ചികിത്സാകേന്ദ്രങ്ങളുണ്ട്. ഇതിൽ രജിസ്റ്റർ ചെയ്യപ്പെട്ട പാരമ്പര്യ വൈദ്യന്മാരും അല്ലാത്തവരുമുൾപ്പെടും. രണ്ടു ഹോമിയോ ഡോക്ടർമാരുടെ സേവനം പഞ്ചായത്തിൽ ലഭ്യമാണ്. ഇങ്ങനെയൊക്കെയാണെങ്കിലും പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെൻററിൻെറ അഭാവം വലിയ ഒരു വീഴ്ചയാണ്. ആരോഗ്യരംഗത്ത് ചികിത്സയേക്കാൾ പ്രതിരോധത്തിനു പ്രാധാന്യമുള്ളതിനാൽ പ്രാഥമികാരോഗ്യകേന്ദ്രം കൂടിയേതീരൂ. പഞ്ചായത്തിലുള്ള ആരോഗ്യഉപകേന്ദ്രങ്ങളിൽ എളേറ്റിൽ അങ്ങാടിയിലുള്ളതിന് കെട്ടിടമില്ല. ആവിലോറയിലെ കേന്ദ്രത്തിൽ ജെ. പി. എച്ച്.എൻ. ഇല്ലാതായിട്ട് ഒരു വർഷത്തോളമായി. അധികൃത സ്ഥാനങ്ങളിൽ അറിയിച്ചിട്ട് പരിഹാരമുണ്ടായിട്ടില്ല. തൻമൂലം രോഗപ്രതിരോധപ്രവർത്തനങ്ങൾ വേണ്ടത് പോലെ നടക്കുന്നില്ല. ഏതാനും മാസങ്ങൾക്ക് മുമ്പ് പോളിഇയോ നിർമാർജന പ്രവർത്തനങ്ങളുമായി പഞ്ചായത്ത് ബോഡ് പൂർണമായും സഹകരിച്ചിട്ടുണ്ട്. ആവിലോറയിൽ ഒരു മലേറിയ കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ ആ പ്രദേശമാകെ കൊതുക് നിർമാർജനത്തിനായി മരുന്നടിച്ചിട്ടുണ്ട്. കേരളത്തിൽ ചിലേടത്തൊക്കെ പടർന്നു പിടിച്ചിരുന്ന ജപ്പാനീസ് എൻസഫലൈറ്റിസ് എന്ന രോഗത്തിനെതിരായുള്ള കൊതുക് നിർമാർജന പ്രവർത്തനങ്ങളും പഞ്ചായത്തിൽ ഊർജിതമായി നടന്നിട്ടുണ്ട്.

പരിസരശുചീകരണത്തിൻെറ ഭാഗമായി ഓടകൾ, തെരുവുകൾ മുതലായവ വൃത്തിയാക്കാനുള്ള പദ്ധതി പഞ്ചായത്തിനുണ്ട്. രണ്ടു പാർടൈം ജീവനക്കാർ ഈ രംഗത്ത് പ്രവർത്തിക്കുന്നു.

തെരുവ് നായ്ക്കളുടെ ശല്യം എളേറ്റിൽ, മറിവീട്ടിൽതാഴം പ്രദേശങ്ങളിൽ അനുഭവപ്പെടുന്നുണ്ട്. പട്ടി പിടുത്തത്തിന് ആളുകളെ കിട്ടാനില്ലാത്ത പ്രശ്നമുണ്ട്. സർക്കാർ അനുവദിച്ച തുച്ഛമായ തുകയ്ക്ക് പട്ടികളെ പിടിച്ച് കൊന്ന് മറവ് ചെയ്യാൻ ആളെ കിട്ടുകയില്ല.

ശാസ്ത്രീയരീതിയിലുള്ള അറവുശാലകൾ പഞ്ചായത്തിലില്ല.

നിർദ്ദേശങ്ങളും സാധ്യതകളും

വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദേശങ്ങൾ ചുവടെ കൊടുക്കുന്നു.

1. പഞ്ചായത്തിൽ എത്രയും പെട്ടെന്ന് ഒരു പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കുക.

2. നിലവിലുള്ള 5 ഉപകേന്ദ്രങ്ങളും ആവശ്യമായ സൗകര്യങ്ങളും സ്റ്റാഫും നൽകി പ്രവർത്തനക്ഷമമാക്കുക. സബ്സെൻററുകൾ പ്രൈമറിഹെൽത്ത് സെൻററുകളാക്കി ഉയർത്തണമെന്ന നിർദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്.

3. അംഗനവാടികൾ മുഖേന ഗർഭിണികൾക്കും ശിശുക്കൾക്കും ആരോഗ്യപരിപാലനത്തിനാവശ്യമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

4. വിവിധ ദിക്കുകളിലുള്ള സന്നദ്ധ സംഘടനകൾ കേന്ദ്രമായി പൊതുജനങ്ങളിൽ ആരോഗ്യബോധവൽക്കരണം നടത്തുക.

5. പഞ്ചായത്തിലുള്ള അറവുശാലകളും മത്സ്യവില്പന കേന്ദ്രങ്ങളും ശാസ്ത്രീയമായി പുനസ്സംവിധാനം ചെയ്യുക.

6. ഹോട്ടലുകളും തെരുവുകളും വൃത്തിയായി സൂക്ഷിക്കുന്ന കാര്യം പരിശോധിക്കാനായി ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പരിശോധന കൂടുതൽ കർക്കശമാക്കുക.

7. ആയുർവേദ ഡിസ്പെൻസറിയുടെ കെട്ടിടം പണി അടിയന്തിരമായി പൂർത്തിയാക്കി കൂടുതൽ സ്റ്റാഫിനെയും ആവശ്യമായ ഔഷധങ്ങളും നൽകുക.

8. ആയുർവേദ ഡിസ്പൻസറി ആശുപത്രിയാക്കി ഉയർത്തുക.

9. എല്ലാ വാർഡുകളിലും ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.

10. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സത്വരനടപടി സ്വീകരിക്കുക.

11. പട്ടിപിടുത്തത്തിനുള്ള പ്രതിഫലം 25 രൂപയായി ഉയർത്തുക.

12. സ്കൂൾ ആരോഗ്യപരിപാടി കൂടുതൽ കാര്യക്ഷമമാക്കുക.

5.6. (a) ഗതാഗതം

വികസനരംഗത്ത് ഗതാഗതത്തിനു നിർണ്ണായക പങ്കാണ് വഹിക്കാനുള്ളത്. പൊതു ഫണ്ടിന്റെ സിംഹഭാഗവും ചെലവഴിക്കപ്പെടുന്ന ഈ മേഖല ജനങ്ങളുടെ താത്പര്യങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയുന്ന അവസ്ഥയിലല്ല ഇന്നുള്ളത്. വികസനമെന്നാൽ റോഡ് നിർമ്മാണം മാത്രമാണ് എന്ന ധാരണ ചിലരിലെങ്കിലും രൂഢമൂലമായിട്ടുണ്ടെന്നാണ് ഗ്രാമസഭകളിൽ നിന്നുയർന്ന തത്സംബന്ധിയായ ആവശ്യങ്ങൾ ധ്വനിപ്പിക്കുന്നത്.

ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയയാണ് വികസനം എന്നത് കൊണ്ടർത്ഥമാക്കുന്നത്. ഭൗതികജീവിതത്തിന്റെ ഉപാധികളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയവ വികസനത്തിന്റെ പരിധിയിൽ വരുന്നു.

ഗതാഗതരംഗത്ത് കിഴക്കോത്ത് പഞ്ചായത്തിന്റെ ചരിത്രം 1920 കളോട് ബന്ധപ്പെട്ടു കിടക്കുന്നു. 1926-ൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് സ്ഥാപിച്ച നരിക്കുനി പൂനൂർ റോഡിലെ കാഞ്ഞിരമുക്കു മുതൽ കാന്തപുരം വരെയുള്ള ഭാഗമാണ് കിഴക്കോത്ത് പഞ്ചായത്തിലെ പ്രഥമ റോഡ്. നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ ഉപയോഗിച്ചു വന്നിരുന്ന അനേകം ഊടുവഴികൾ പഞ്ചായത്തിലുണ്ടായിരുന്നു. ഇതിലെ മിക്ക ഭാഗങ്ങളും വീതികൂടിയ പുറമ്പോക്കു ഭൂമിയായിരുന്നതിനാൽ സംഘബോധമുള്ള ജനങ്ങളുടെ കൂട്ടായ്മയിലൂടെ റോഡുകൾ നിർമ്മിക്കുന്നതിനു എളുപ്പമായി.

പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന സുപ്രധാനമായ ഊടുവഴികൾ താഴെ പറയുന്നവയായിരുന്നു.

1. ആരാമ്പ്രം - കാഞ്ഞിരമുക്ക് റോഡിന്റെ ഭാഗമായ ഒതയോത്ത് പുറായിൽ കാഞ്ഞിരമുക്കു ഊടുവഴി.

ഇതിൽ കയ്യളശ്ശേരി മുതൽ മറിവീട്ടിൽതാഴം വരെയുള്ള വയൽ ഭാഗം ഒഴിച്ചുള്ള സ്ഥലം. (റവന്യൂ പുറമ്പോക്ക്)

2. കാഞ്ഞിരമുക്ക് - കാന്തപുരം ഊടുവഴി (റവന്യൂ പുറമ്പോക്ക്)

3. കുണ്ടുങ്ങരപ്പാറ - കത്തറമ്മൽ കടവ് (റവന്യൂ പുറമ്പോക്ക്)

4. എളേറ്റിൽ - ചുഴലിക്കര - ആവിലോറ - നെല്ലാങ്കണ്ടി (സ്വകാര്യ കൈവശം)

5. എളേറ്റിൽ - നെല്ലാങ്കണ്ടി (സ്വകാര്യ കൈവശം)

മേൽ പറഞ്ഞ ഒന്നു മുതൽ മൂന്നുവരെയുള്ളവ 8 മീറ്ററും അതിലധികവും വീതിയുള്ളവയും ധാരാളം നടക്കാവു വൃക്ഷങ്ങളുള്ളവയുമായിരുന്നു. വാഹനഗതാഗതം തീരെയില്ലാതിരുന്ന പഴയ കാലങ്ങളിൽ മേൽ പറഞ്ഞ പെരുവഴികളിൽ കൂടി കാൽനടയായിട്ടാണ് ജനങ്ങൾ കുന്നിക്കൽ (താമരശ്ശേരി), മാക്കൂട്ടം (കുന്ദമംഗലം), കൊരൂൽ (കൊടുവള്ളി) തുടങ്ങിയ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തിരുന്നത്. ഈ ഊട് വഴികളെല്ലാം തന്നെ ഇന്നു റോഡുകളായി മാറിയിട്ടുണ്ട്.

1940 കളിലാണ് നെല്ലാങ്കണ്ടി - എളേറ്റിൽ ഊടുവഴി റോഡിന്റെ രൂപം പ്രാപിച്ചത്. എഴുപതുകളിലും അതിനു മുമ്പും കോഴിക്കോട് നിന്നും എളേറ്റിൽ ഭാഗത്തേക്ക് പല ചരക്ക്, പച്ചക്കറി, മൽസ്യം എന്നിവ കൊണ്ടുവന്നിരുന്നത് ഈ റോഡു വഴി ചുമടുകളിലായിരുന്നു. അമ്പതുകളിലും സമീപകാലങ്ങളിലുമായാണു പുന്നശ്ശേരി - പരപ്പൻ പൊയിൽ, ആരാമ്പ്രം - കാഞ്ഞിരമുക്കു റോഡുകൾ നിലവിൽ വന്നത്. അതിനു

ശേഷം പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കുറേയേറെ മൺറോഡുകൾ നിർമ്മിക്കപ്പെടുകയുണ്ടായി.

സേവനസന്നദ്ധരായ ഒരു കൂട്ടം ജനങ്ങളുടെ തീവ്രയത്നത്തിന്റെ പരിണിതഫലമാണ് നാമിന്നനുഭവിക്കുന്ന യാത്രാ സൗകര്യങ്ങൾ. 1980 മുതൽ ഉപയോഗത്തിലുള്ള മറ്റൊരു റോഡാണ് ചളിക്കോട് ആവുപ്പാട് റോഡ്. വ്യത്യസ്ത ദേശങ്ങളിൽ നിന്നും ആളുകളെത്തിച്ചേർന്നിരുന്ന ആവുപ്പാട്ടിൽ നേർച്ചയാണ് ഈ റോഡിന്റെ ആവിർഭാവത്തിനു ഹേതുവായത്. ലക്ഷം വീടുകൾ, ഹരിജൻ കോളനികൾ എന്നിവ കേന്ദ്രീകരിച്ചും വിവിധ റോഡുകൾക്കുള്ള ശ്രമങ്ങൾ നടന്നുവെങ്കിലും പലതും ഇപ്പോഴും യാഥാർത്ഥ്യമായിട്ടില്ല.

പഞ്ചായത്തിൽ റോഡുകളുടെ ശൃംഖല വളരെ വലുതാണെങ്കിലും അഞ്ച്, പതിനൊന്ന് വാർഡുകളിൽ ഒരിഞ്ചു പോലും ടാർ റോഡില്ല എന്ന സത്യം നിഷേധിക്കാനാവില്ല. മറ്റ് വാർഡുകളിൽ നിലവിലുള്ള ടാർ റോഡ് തന്നെ പൂർണ്ണമായും ഗതാഗതയോഗ്യമാണെന്ന് പറഞ്ഞുകൂടാ. PWD ഉടമസ്ഥതയിൽ $13^{1}/_{2}$ കി.മീറ്ററും പഞ്ചായത്ത് ഉടമസ്ഥതയിൽ $9^{1}/_{2}$ കി. മീറ്ററു മടക്കം മൊത്തം 23 കി.മി. ടാർ റോഡാണ് പഞ്ചായത്തിലുള്ളത്. രണ്ടു വർഷം മുമ്പ് PWD ഏറ്റെടുത്ത് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും ഇപ്പോൾ പണി മുടങ്ങിക്കിടക്കുന്ന 4 കി.മീ ദൈർഘ്യമുള്ള നെല്ലാങ്കണ്ടി – എളേറ്റിൽ റോഡും പണി പുരോഗമിച്ചു കൊണ്ടിരിക്കുന്ന എളേറ്റിൽ – വള്ളിയോത്ത് MLA റോഡിൽ $1^{1}/_{2}$ കി.മീറ്ററും പഞ്ചായത്തിന്റെ പരിധിയിൽ വരുന്നു. ഇതിനു പുറമെ 16 കി.മീറ്റർ മൺറോഡുകൾ കൂടി ഇപ്പോൾ പഞ്ചായത്ത് ഉടമസ്ഥതയിലുണ്ട്. പഞ്ചായത്തിലെ മൊത്തം ഗതാഗ തയോഗ്യമായ റോഡുകൾ $44^{1}/_{2}$ കി.മീറ്ററാണ്. പഞ്ചാ യത്തിന്റെ മൊത്തം വിസ്തീർണ്ണം പരിഗണിക്കുമ്പോൾ ഒരു ച.കി.മീ വിസ്തീർണ്ണത്തിന് ശരാശരി 2.16 കി.മീ/ ച.കി.മീ.റോഡാണു ഗതാഗതയോഗ്യമായിട്ടുള്ളത്. സംസ്ഥാനശരാശരിയായ 3.2 കി.മീ/ച.കി. മീറ്ററിനേക്കാൽ വളരെ കുറവാണിത്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും ടാർ റോഡുകളും താരതമ്യം ചെയ്യുമ്പോൾ ഒരാൾക്കു വെറും തൊണ്ണൂറ്റിയൊന്നു സെ.മീറ്റർ ടാർ റോഡ് മാത്രമേയുള്ളു എന്നു കാണാൻ കഴിയും. ഇതിൽ നിന്നും പഞ്ചായത്തിൽ ഇനിയും അനേകം റോഡുകൾ അടിയന്തിര പ്രാധാന്യത്തോടെ ടാർ ചെയ്തു ഗതാഗതയോഗ്യമാക്കേണ്ടതുണ്ടെന്നു ബോദ്ധ്യമാവുന്നു.

നമ്മുടെ പഞ്ചായത്തിൽ ബസ്സ്റ്റാന്റേറാ, ഓട്ടോ ജീപ്പ് ടാക്സി സ്റ്റാൻറുകളോ നിലവിലില്ലെങ്കിലും പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും ബസ്വെയിറ്റിംഗ് ഷെഡുകൾ ഉണ്ട്. ചളിക്കോട്, എളേറ്റിൽ, എളേറ്റിൽ - ഈസ്റ്റ് വലിയപറമ്പ്, നീരാട്ടുപാറ, പന്നൂർ, മറിവീട്ടിൽതാഴം പുത്തലത്ത് പറമ്പ്, പരപ്പാറ, കച്ചേരിമുക്ക്, ഈസ്റ്റ് കിഴക്കോത്ത്, ഒതയോത്ത് പുറായി, കാവിലുമ്മാരം എന്നീ സ്ഥലങ്ങളിലായി 13 ബസ് വെയിറ്റിങ്ങ് ഷെഡുകൾ നിലവിലുണ്ട്. ചെറ്റക്കടവ് അംഗനവാടി, കാഞ്ഞിരമുക്ക്, കുളിരാന്തിരി , ആവിലോറ, ചക്കാലമുക്ക്, കാരക്കാട്ടിൽ എന്നിവിടങ്ങളിൽ പുതുതായി ബസ് വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കേണ്ടതുണ്ട്. എളേറ്റിൽ വെള്ളിയോത്ത് MLA റോഡ്, എളേറ്റിൽ നെല്ലാങ്കണ്ടി PWD റോഡു എന്നീ റൂട്ടുകളിൽ ബസ് ഗതാ ഗതം ആരംഭിക്കുന്നതോടെ ആവശ്യമായ സ്ഥലങ്ങളിൽ ബസ് വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കേണ്ടിവരും.

രണ്ട് KSRTC ബസ്സുൾപ്പെടെ ഇരുപതോളം ബസ്സുകൾ പഞ്ചായത്തിലൂടെ സർവ്വീസ് നടത്തുന്നുണ്ട്. KSRTC സർവ്വീസ് സ്ഥിരസ്വഭാവത്തോടെയല്ല എന്ന പരാതി പൊതുവെയുണ്ട്. എളേറ്റിൽ നിന്നും കൊടുവള്ളി, പൂനൂർ, നരിക്കുനി, പാലങ്ങാട് ഭാഗങ്ങളിലേയ്ക്കു ജീപ്പുകൾ പാരലൽ സർവ്വീസ് നടത്തുന്നുണ്ട്. മണ്ണിൽകടവ്, എളേറ്റിൽ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് പതിനഞ്ചോളം ഓട്ടോറിക്ഷകളും പഞ്ചായത്തിൽ സർവ്വീസ് നടത്തിവരുന്നു. ബൈക്ക്, കാർ, ജീപ്പ് തുടങ്ങി സ്വകാര്യവാഹനങ്ങൾ ചില വ്യക്തികളെങ്കിലും ഉപയോഗിക്കുന്നുണ്ട്. ഗുഡ്സ്, മിനിലോറി, ലോറി എന്നിവയും ചരക്കു ഗതാഗതത്തിനു സഹായകമാവുന്നു. ജീപ്പുകളുടെ പാരലൽ സർവ്വീസ് ഉപകാരപ്രദമാണെങ്കിലും ഇത് കാരണമായി നഷ്ടത്തിലോടേണ്ടിവന്ന ചില ബസ്സുകളെങ്കിലും ഓട്ടം നിർത്തിയിട്ടുണ്ടെന്ന കാര്യം വിസ്മരിക്കാനാവില്ല.

പൂനൂർ പുഴക്കു കുറുകെ പടനിലം കടവിലും പൂനൂർ – നരിക്കുനി റോഡിൽ ചേപ്പാലയിലും പാലങ്ങൾ വന്ന ശേഷമാണു പഞ്ചായത്തിൽ നിന്നും മറ്റ് ഭാഗങ്ങളിലേക്ക് ഗതാഗതം സാദ്ധ്യമായത്. പൂനൂർ പുഴക്കു കുറുകെ കൊടുവള്ളിക്കടവ്, മണ്ണിൽക്കടവ്, കത്തറമ്മൽക്കടവ് എന്നിവിടങ്ങളിലും ഇയ്യാട് ആവിലോറ തോടിനു കുറുകെ ചെറ്റക്കടവ്, കിളിയമ്പ്രടം എന്നിവിടങ്ങളിലും പാലങ്ങൾ വന്നത് പഞ്ചായത്തിലെ ഗതാഗത വികസനത്തിനു ആക്കം കൂട്ടിയിട്ടുണ്ട്. നെല്ലാങ്കണ്ടി, ചക്കിട്ടകണ്ടി, കുരിക്കൾ തൊട്ടുക എന്നിവിടങ്ങളിൽ അടിയന്തിരമായി പാലങ്ങൾ നിർമ്മിക്കേണ്ടതുണ്ട്.

ഗതാഗത സംബന്ധമായി ഗ്രാമസഭകളിലുന്നയിക്കപ്പെട്ട ആവശ്യങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്. നിലവിലുള്ള ടാർ റോഡുകൾ (പട്ടിക A1), മെറ്റൽ റോഡുകൾ (പട്ടിക A2), പുതുതായി നിർമ്മിക്കേണ്ട റോഡുകൾ (പട്ടിക A3) അടിയന്തിരമായി റിപ്പയർ ചെയ്യേണ്ട റോഡുകൾ (പട്ടിക A4), പുതുതായി നിർമ്മിക്കേണ്ട നടപ്പാതകൾ (പട്ടിക B1), കാട് തെളിയിച്ചും സ്റ്റപ്പ് കെട്ടിയും റിപ്പയർ ചെയ്യേണ്ട നടപ്പാതകൾ (പട്ടിക B2), നടപ്പാലം ആവശ്യമുള്ള സ്ഥലങ്ങൾ (പട്ടിക C) ഓവുപാലം ആവശ്യമുള്ള സ്ഥലങ്ങൾ (പട്ടിക D), സ്ലാബ് ആവശ്യമുള്ള സ്ഥലങ്ങൾ (പട്ടിക -E)ഓവുചാൽ നിർമ്മിക്കേണ്ട സ്ഥലങ്ങൾ (പട്ടിക F), പാലങ്ങൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ (പട്ടിക G) എന്നിവ കാണുക.

പട്ടിക A.Iപഞ്ചായത്തിലെ ടാർ റോഡുകൾ

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം(കി.മി)	വീതി മീ.	ബസ് ഗതാഗതം	മറ്റ് യാത്രാ സൗകര്യം
1	പൂനൂർ- നരിക്കുനി	PWD	3.000	8	ഉണ്ട്	ഇല്ല
2	ആരാമ്പ്രം- കാഞ്ഞിരമുക്ക്	PWD	6.500	8	ഉണ്ട്	ഇല്ല
3	കൊടുവള്ളി- മടവൂർ മുക്ക്	PWD	2.500	8	ഉണ്ട്	ഇല്ല
4	പുന്നശ്ശേരി- പരപ്പൻ പൊയിൽ	PWD	3.000	8	ഉണ്ട്	ഇല്ല
5	വലിയപറമ്പ്- ചക്കിട്ടകണ്ടി- മണ്ണിൽകടവ്	പഞ്ചായത്ത്	4.000	6	ഇല്ല	ഉണ്ട്
6	ഡാപ്പോയിൽ- കാരക്കാട്- മണ്ണിൽകടവ്	പഞ്ചായത്ത്	1.500	6	ഇല്ല	ഉണ്ട്
7	വലിയപറമ്പ്- കരിങ്കുറ്റി	പഞ്ചായത്ത്	3.000	6	ഇല്ല	ഉണ്ട്
8	നരിക്കുനി- ഒഴലക്കുന്ന്	പഞ്ചായത്ത്	1.000	6	ഇല്ല	ഉണ്ട്

പട്ടിക A.2 പഞ്ചായത്തിലെ മെറ്റൽ റോഡുകൾ

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരംകി.മീ	വീതി മീ	ബസ് ഗതാഗതം	മറ്റ് യാത്രാ സൗകര്യം
1	എളേറ്റിൽ- വള്ളിയോത്ത്	PWD	1.200	8	ഇല്ല	ഉണ്ട്
2	പാറക്കണ്ടിമുക്ക്- കരുമ്പാരുതൊടുക	പഞ്ചായത്ത്	0.500	5	ഇല്ല	ഉണ്ട്
3	കാഞ്ഞിരത്താംപൊയിൽ- തടായിൽ	പഞ്ചായത്ത്	2.000	6	ഇല്ല	ഉണ്ട്
4	മുതുവാട്ടിശ്ശേരി- തറോൽ	പഞ്ചായത്ത്	0.800	5	ഇല്ല	ഉണ്ട്

പട്ടിക A.3 പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം(കി.മീ)
	I	കാവിലുമ്മാരം- പാലോറ മല	0.500
		ആലുങ്ങൽ താഴം- പാലോറ മല ഹരിജൻ കോളനി	0.700
		വയലിൽ തറോൽ- മുയ്യിൽ ഇട	0.700
		വയലിൽ കളത്തിങ്ങൽ- ചെറിയ പാലോറ കോളനി	0.500
	II	പുവ്വത്തൊടുക- മാക്കണ്ടി	1.400
		വള്ളുവൻ കുഴിമുക്ക്- ഒരലാക്കോട്ട് കടവ്	0.500
		എഴുവത്ത് കണ്ടി- പാറക്കടവ്	0.500
		കുറുന്താറ്റിൽ സ്കൂൾ- രാരാറമ്പ് മദ്രസ	0.200
	III	പുത്തലത്ത് പറമ്പ്- വെള്ളാറമ്പാറ ഹരിജൻ കോളനി	0.900
		മറിവീട്ടിൽ താഴം- കണിയാൻ കണ്ടി(വഴി കുന്നത്ത് താഴം)	0.900
		മറിവീട്ടിൽ താഴം- വെള്ളാറമ്പാല മല (മുറിയാനിൽ വഴി)	1.000
		ഇല്ലത്ത് തുളുമഠം- മടവൂർ മുക്ക്	0.8000
		പുവ്വത്തൊടുക- വെള്ളാറമ്പാറ മല	0.9000

		മറിവീട്ടിൽ താഴം- നെടിയനാട് (വഴി ചെറുമല വാട്ടർ ടാങ്ക്)	0.500
		കാളൻ കുന്നത്ത്വയൽ- കാവിലുമ്മാരം	1.400
		മറിവീട്ടിൽ താഴം- വെള്ളാറമ്പാറ	
		ഹരിജൻ കോളനി (വഴി: വെള്ളാറമ്പിൽ)	1.000
		ചെറുമല ഹരിജൻ കോളനി- താന്നിക്കൽ പുറായിൽ	0.500
		ഇയ്യക്കോത്ത് താഴം- ചെറുമല വാട്ടർ ടാങ്ക്	1.000
		കണ്ടിയിൽ താഴം- കണ്ടിയിൽ മീത്തൽ ഹരിജൻ കോളനി	0.500
	IV.	രായൻകണ്ടി- കണ്ടിയിൽ മീത്തൽ ഹരിജൻ കോളനി	1.200
		ഓയിൽമില്ല്- പാട്ടത്തിൽ മല	0.500
		നീരാട്ടുപാറ- എടവലത്ത് താഴെ	0.300
		കണ്ടിയിൽ മീത്തൽ കോളനി- കട്ടിൽ കുന്ന്	1.000
		പന്നൂർ- കച്ചേരിക്കുന്ന് (വഴി: എടവലത്ത് താഴെ)	1.000
		പാറയുള്ള കണ്ടിമുക്ക്- കേളോത്ത്	0.800
		ആവിലോറ ഹെൽത്ത് സെൻറർ-	
		കളത്തിൽ തൊടുക (വഴി: വാഴക്കുന്ന്)	0.700
		കരിപ്പിടിപ്പൊയിൽ- കണ്ടിയിൽ മീത്തൽ കോളനി	0.800
		പുവ്വത്തൊടുക- മാക്കണ്ടി ലക്ഷം വീട്	0.500
	VI	ഡാപ്പൊയിൽ- എളേറ്റിൽ (വഴി: പൊമ്പ്ര മല)	
		കൈകവേലിക്കടവ്- മണ്ണിൽക്കടവ് (വഴി: വളപ്പിൻ കുന്നുമ്മൽ)	1.200
		ആവിലോറ- കാരക്കാട് ലിങ്ക് റോഡ് (വഴി; കാവിൽതൊടുക)	1.000
		കൈവേലിക്കടവ്- ചെവിടം പാറ റോഡിൽ നിന്ന് തെക്കെ	
		ഡാപ്പോയിൽ വഴി കാരക്കാട്ട് റോഡിലെ ഡാപ്പോയിൽ	1.200
		കൊല്ലരുകണ്ടി- നെല്ലാങ്കണ്ടി (വഴി: പടുപാലത്തിങ്ങൽ)	0.500
		നുച്ചിപ്പൊയിൽ- കുളരാന്തിരി റോഡ്	
		പൊമ്പ്രമല- നൊച്ചിപ്പോയിൽ- ആവിലോറ (വഴി: ഹരിജൻ കോളനി)	1.900
	VII.	തണ്ണിക്കുണ്ടുങ്ങൽ- നഴ്സറി	0.450
		തണ്ണിക്കുണ്ടുങ്ങൽ മസ്ജിദ് റോഡ്- കോളനി	0.400
	VIII	ചക്കാലമുക്ക് - കോളിപറമ്പത്ത്	0.400
		ചളിക്കോട് ആവുപ്പാട് റോഡ്- മുത്തേടത്ത് താഴം ലിങ്ക് റോഡ്	0.250
		ചളിക്കോട്- പുളിയുള്ളതിൽ- തടായിൽ	3.000
		കാഞ്ഞിരത്താമ്പോയിൽ- തടായിൽ (വഴി: കാവുള്ള പറമ്പിൽ)	2.000
		മുത്തേടത്ത്- അംഗനവാടി	0.500
	IX	അംഗനവാടി- കണ്ണിറ്റമാക്കിൽ MLA റോഡ്	0.450
		ചളിക്കോട്- മുളളികണ്ടി- MLA റോഡ്	0.800
		ചളിക്കോട്- കാളിക്കുന്ന്- എടച്ചേരി- MLA റോഡ്	0.850
		കണ്ണിനമാക്കിൽ- പുതുശ്ശേരിക്കുന്ന്- വീട്ടിമുക്ക്	0.450
		കാഞ്ഞിരമുക്ക്- മങ്ങലോട്ടുകുന്ന് (കുരുവമ്പിലാക്കണ്ടി വഴി)	1.000

X,VIII	കണ്ണൻ കുന്ന്- ചെറ്റക്കടവ് (വഴി: പുതിയപളളി)	1.200
X	എളേറ്റിൽ- പുവ്വത്തിങ്ങൽ- തറോൽ	1.300
	എം.ജെ. ഹൈസ്കൂൾ- കുറിഞ്ഞോറച്ചാലിൽ	0.800
	മുതുവാട്ടുശ്ശേരി- കൊടക്കാട്- ചട്ടിപ്പുര	0.800
	ചീനിയത്ത് താഴം- മാക്കൂട്ടം	0.450
	പുളിക്കിപ്പൊയിൽ- കാരാട്ട്- തറോൽ	0.500
XI	തറോൽ- കട്ടിൽകുന്ന്	1.500
V,XI	നാട്ടിക്കല്ലുങ്ങൽ- കണ്ടിയിൽ മീത്തൽ ഹരിജൻ കോളനി	1.500
XI	ലക്ഷംവീട്- വഴിക്കടവ്	0.200
	ഒഴലക്കുന്ന് L.Pസ്കൂൾ- മുഴിപ്പുറത്ത് പൊയിൽ ലക്ഷം വീട്- ആവിലോറ	2.000
	പുത്തൻപീടിക- എം.ജെ. ഹൈസ്ക്കൂൾ (വഴി: കാഞ്ഞിരമണ്ണിൽ)	1.500
	തറോൽ- കിഴക്കോട്ടുമ്മൽ (വഴി കളുക്കാം ചാലിൽ)	0.600
	പൊള്ളപ്പാറ- ലക്ഷം വീട്- കരുമ്പാരുകുണ്ടം	1.100
	കരുമ്പാരുകുണ്ടം- തറോൽ- കച്ചേരിക്കുന്ന്	1.400
	ഒഴലക്കുന്ന്- ഒതയോത്ത് പൊയിൽ (ആശാരിപ്പാറ വഴി)	1.500
	നാട്ടിക്കല്ലുമുക്ക്- പുലിവലം- മുഴിപ്പുറത്ത് പൊയിൽ കോളനി	1.300
	ഒഴലക്കുന്ന് പള്ളി- LP സ്ക്കൂൾ ലിങ്ക് റോഡ്	0.300

പട്ടിക A.4റിപ്പയർ ചെയ്യേണ്ട റോഡുകൾ

ക്രമ	വാർഡ്	റോഡിന്റെ പേര്	ദൂരം	നിലവിലുള്ള സ്ഥിതി	റിമാർക്സ്
	I	കാവിലുമ്മാരം- മൈലാടിപ്പാറ	0.900	മൺറോഡ്	
		ഈസ്റ്റ് കിഴക്കോത്ത്- അംഗനവാടി- കൈതവളപ്പിൽ	0.700	"	
		കുയ്യപ്പറ്റ- പൊയിൽ താഴം	0.700	"	
		ഒതയോത്ത് പുറായിൽ- പള്ളിക്കടവ്- മഠത്തും കുഴി	1.000	"	
	I,II,V	ചരിച്ചിപ്പറമ്പ്- ആവിലോറ	3.500	"	
	II	പുത്തലത്ത് പറമ്പ്- ആവിലോറ	2.000	"	
		പാടിയിൽ- ഒരലാക്കോട്	1.500	"	
		കലിയമ്പലത്ത് താഴം- പുവ്വത്തൊടുക	1.500	"	
		പരപ്പാറ- കൊന്തളത്ത് താഴം	0.500	"	
		പരപ്പാറ- കുറുന്താറ്റിൽ എൽ.പി.സ്കൂൾ	0.600	"	
	III	മുഴിപ്പുറത്ത് കണ്ടി- കാവിലുമ്മാരം	1.000	"	
		മറിവീട്ടിൽ താഴം- വാട്ടർ ടാങ്ക്	0.800	"	
		ഹൈസ്ക്കൂൾ- കുയ്യണ്ടമാക്കിൽ കോളനി	0.600	"	
		ഹൈസ്ക്കൂൾ- മടവൂർ മുക്ക്	1.400	"	
		പുത്തലത്ത് പറമ്പ്- മാട്ടുമൂല	0.900	"	

	IV,X,XI	പന്നൂർ- ഒഴലക്കുന്ന്- മുതുവാട്ടിശ്ശേരി	3.500	400 മീ. മെറ്റൽ	
	IV	കുറ്റ്യേങ്ങുവയൽ- വേയാട്ടു മല	1.000	മൺ റോഡ്	
		കയ്യളശ്ശേരി- മങ്ങലാട്ടുകുന്ന്	1.500	"	
		മുഴിപുറത്ത്- കണ്ടിയിൽ	1.500	"	
	V	പറക്കുന്ന്- ചക്കിട്ട കണ്ടി	0.900	"	
		തവനൂർ- ആവിലോറ	1.000	"	
		കുടിലാട്- ആലപ്പുറായിൽ	0.400	"	
		കരിയാത്തൻ കാവ്- കുയ്യണ്ണിൽ	0.500	"	
	V,IX,XI	നെല്ലാങ്കണ്ടി- എളേറ്റിൽ	4.000	സ്ഥംഭനാവസ്ഥയിലുള്ള PWD റോഡ്	
	VI	കൈവേലിക്കടവ്- ചെവിടം പാറ	0.500	മൺ റോഡ്	
		മണ്ണിൽക്കടവ്- ആവിലോറ- ഡാപ്പൊയിൽ	1.800	റീടാറിംഗ്	
		മണ്ണിൽക്കടവ്- കാരക്കാട്ട്- ഡാപ്പൊയിൽ	1.400	റീടാറിംഗ്	
	VII	വലിയ പറമ്പ്- ആനപ്പാറ	3.000	റീടാറിംഗ്	
		തുവ്വക്കുന്ന്- കാന്തപുരം	2.000	മൺ റോഡ്	
		വലിയപറമ്പ്- തട്ടുംപുറം	2.100	മൺറോഡ്	
		പൊമ്പ്ര മല- മാട്ടുലായി	0.700	"	
		വലിയപറമ്പ് ബേങ്ക്- പൊന്നുന്തോറ- തട്ടുമ്പുറം	2.900	"	
	VII	പുതിയോട്ടിൽ- വലിയപറമ്പ് സബ് സെൻറർ	2.000	മൺറോഡ്	
		പുതിയോട്ടിൽ- കരുഞ്ഞിയിൽ	1.000	"	
		കോട്ടമല- സബ് സെൻറർ	2.000	"	
		കാഞ്ഞിരത്താംപൊയിൽ- തടായിൽ	2.100	മെറ്റൽ റോഡ്	
		തടായിൽ- തുവ്വക്കുന്ന്- വലിയപറമ്പ്	1.500	മൺ റോഡ്	
		എളേറ്റിൽ- ഇയ്യാട്	0.900	മൺറോഡ്	
	X	മരുതുള്ളതിൽ- പൊമ്പ്രമല	0.400	മൺ റോഡ്	
	X,XI,V	കണ്ണൻകുന്ന്- ചുഴലിക്കര- ആവിലോറ- പറക്കുന്ന്	3.100	"	
	XI	പുലിവലം ബാലവാടി- ലക്ഷം വീട് കോളനി	0.500	"	

പട്ടിക B. 1 പുതുതായി നിർമ്മിക്കേണ്ട നടപ്പാതകൾ

	I	ചേലക്കാട്ടിൽ- ഇയ്യാണ്ടിക്കോത്ത്	
		മുനമണ്ണിൽ- കുളക്കടവ്	
		തലവടി- പടിഞ്ഞാറെ പുറായിൽ	
	I,II,III	ചെരിച്ചിപ്പറമ്പ്- പാലോറ- പുത്തലത്ത് പറമ്പ്	
	I,II	പുത്തലത്ത് പറമ്പ്- ചെരിച്ചിപ്പറമ്പ്	

	I	ഒതയോത്ത് പുറായി- പള്ളിക്കടവ്	
		പൊയിലാക്കുണ്ട്- പൊന്നാറത്ത് പറമ്പ്	
	II	വള്ളുവൻ കുഴി- കൊത്തമ്പാറ മല	
	II	എടക്കണ്ടിപ്പുറായിൽ- ചെറുമല- കരിയാത്തൻ കാവ് ക്ഷേത്രം	
		വെള്ളാറമ്പാറ മല- വെള്ളാറമ്പിൽ	
		പറയരുകണ്ടി- വെള്ളാറമ്പാറ മല	
		കാവിലുമ്മാരം- ചെറുവണ്ണൂർ- പുത്തലത്ത് പറമ്പ്	
		തെക്കെ മറിവീട്ടിൽ താഴം- ചെറുമല	
		ചെറുമല- തിയ്യക്കണ്ടി	
	V	നാട്ടിക്കല്ല്- പനിച്ചിക്കുന്ന്	
		കരിപ്പിടിക്കുന്ന്- കോട്ടക്കൽ	
		കളത്തിങ്ങാപ്പറമ്പ്- കൊത്തമ്പാറ മല	
		നെല്ലാങ്കണ്ടി- ആലപ്പുറായിൽ	
		കുടിലാട്- തിയ്യക്കുടിലാട്	
		കോട്ടക്കൽ- പനിച്ചിക്കുന്ന്	
		മണ്ണാത്തിവയൽ- വെള്ളത്തിങ്ങൽ	
		കരിപ്പിടിപ്പൊയിൽ- കൊത്തമ്പാറ മല	
	V	ആവിലോറ റോഡ്- ചക്കം കൊള്ള്- കുളക്കടവ്	
	VII	നെല്ലിക്കാം കണ്ടി റോഡ്- പുഴക്കടവ്	
		പാറക്കണ്ടി മുക്ക്- പുഴമണ്ണിൽക്കടവ്	
		പാറക്കണ്ടി മുക്ക്- തുവ്വക്കുന്ന് ഇടവഴി	
	VIII	ചള്ളിക്കോട്- പള്ളിയാറക്കം ചാലിൽ	
		ചീനത്താം പൊയിൽ- പാലയുള്ളകുന്ന്	
		പബ്ളിക് ലൈബ്രറി- പാറക്കണ്ടം ഹരിജൻ കോളനി	
		പുതിയോട്ടിൽ- ചട്ടിപ്പുര (കുന്നൽതൊടുക വഴി)	
		പാലയുള്ള കുണ്ട്- വടക്കെ പുര	
	IX	കാഞ്ഞിരമുക്ക് - ചെറുകരത്താഴം	
		കണ്ണിറ്റമാക്കിൽ - ചെറുകരത്താഴം	
		മുള്ളാമ്പൊയിൽ - കാളിക്കുന്നു	
		കരുവമ്പിലാക്കണ്ടിപള്ളി - നടുക്കണ്ടി മുക്ക്	
	X	പാലക്കൽ - പനിച്ചിക്കുന്ന്	
		നാട്ടിക്കല്ല് - കുണ്ടത്തിൽ മല	
		കണ്ണാളി - പുലിബലം - ലക്ഷംവീട്	
		ഒഴലക്കുന്നു - പനിച്ചിക്കുന്നു.	

പട്ടിക B2 റിപ്പയർ ചെയ്യേണ്ട നടപ്പാതകൾ

	I	ആലുങ്ങൽ - അരിക്കുഴി	
	III	പുത്തലത്ത് പറമ്പ് - കുറുപ്പശ്ശൻ കണ്ടി	
	VI	കരണിക്കല്ല് പള്ളി - ഡാപ്പോയിൽ - പാറമ്മൽ മസ്ജിദ്	
		കൈവേലിക്കടവ് മദ്രസ്സ - പുഴക്കടവ്	
		ആവിലോറക്കുന്നു - എരേക്കൽ പറമ്പുകളുടെ മദ്ധ്യത്തിലൂടെയുള്ള വഴി	
		പാറമ്മൽ പള്ളി ഇടവഴി	
	VII	നെല്ലിക്കാംകണ്ടി - പൊന്നുംതോറ	
		വലിയ പീടിക - പുൽപറമ്പ് പുഴ	
		വലിയപറമ്പ് - ചെറുവങ്ങാരി - പൊമ്പ്രമല	
		പുത്തൻ പീടിക - പള്ളിഭാഗം	
	VIII	പുതിയോട്ടിൽ - മേലെ കളുക്കാഞ്ചാലിൽ	
		കളംകെട്ടിയിൽ - പൊന്നുംതോറ	
		ഈർമാം കണ്ടി ഇടവഴി	
	IX	തേനങ്ങൽ പുറായിൽ ഇട	
		ചെറുകരത്താഴം - കുണ്ടുങ്ങരപ്പാറ	
	X	എം.ജെ.ഹൈസ്ക്കൂൾ - ചെറ്റക്കടവ്	
		എം.ജെ. ഹൈസ്ക്കൂളിന്റെ വടക്കുഭാഗത്ത് കൂടെയുള്ള ഇട.	
		കുറുഞ്ഞോറച്ചാൽ - കൈതക്കൽ	
		വടക്കെ മുതുവാട്ടിശ്ശേരി - കുഴിയിൽ പിടിക	
	III,V, XI	മറവീട്ടിൽതാഴം - കണ്ടിയിൽ - കാരമ്പാറ	

പട്ടിക C നടപ്പാലം ആവശ്യമുള്ള സ്ഥലങ്ങൾ

I മുനമണ്ണിൽ - സൗത്ത് കൊടുവള്ളി
ഒതയോത്ത് പുറായി - സൗത്ത് കൊടുവള്ളി
III മറവീട്ടിൽ താഴം - ചെറുമല
V വടക്കേടത്ത്
കല്ലയിൽ കടവ്
ഉരുളിക്കുന്നു കടവ്
വാഴക്കുന്നു കടവ്
VII പാതിരിപ്പറമ്പത്ത് കടവ്
കരിങ്കൊറ്റി - തേറ്റാമ്പുറം
കണ്ണൻ കുന്നു - ചെറ്റക്കടവ് റോഡിൽ
പുതിയപള്ളി
X മുതുവാട്ടിശ്ശേരി - കൊടക്കാട് (കുനിയിൽ)
XI തറോൽ - പുലിബലം - ലക്ഷംവീട് റോഡ്.

പട്ടിക D പുതുതായി ഓവുപാലം ആവശ്യമുള്ള സ്ഥലങ്ങൾ

VII അറക്കൽ ഭാഗത്ത്
VIII മൂത്തേടത്ത് - പാലക്കാളി - നെല്ലിക്കുന്നു റോഡ്
IV പന്നൂർ - കാരുകുളങ്ങര ജംഗ്ഷൻ

പട്ടികE സ്ലാബ് ആവശ്യമുള്ള സ്ഥലങ്ങൾ

I കവുങ്ങാംകുഴി
V പറയരുതൊടുക, കണ്ടിയിൽ, പനാട്ടുവള്ളി, കരിപിടിക്കുന്നു കോട്ടക്കൽ, നാട്ടിക്കല്ലുങ്ങൽ കോളനി റോഡ്

പട്ടികF ഓവുചാൽ നിർമ്മിക്കേണ്ട സ്ഥലങ്ങൾ

VI മണ്ണിൽ കടവ് ജംഗ്ഷൻ, കൈവേലിക്കടവ് മദ്രസക്ക് സമീപം, ചെവിടം പാറക്കൽ മുക്ക്, കരണക്കല്ലിൽ പള്ളിക്ക് സമീപം, കാരക്കാട് മുക്ക്

പട്ടിക G പാലങ്ങൾ നിർമ്മിക്കേണ്ട കടവുകൾ

IX, X, V, VI, XI നെല്ലാങ്കണ്ടിക്കടവ് പാലം
V, VI, XI ആവിലോറ ചക്കിട്ടകണ്ടിപാലം
VII കുരിക്കൾ തൊടുക കടവ് പാലം

പൊതു ആവശ്യങ്ങൾ

ഒന്നിലധികം ഗ്രാമസഭകളിൽ നിന്നുയർന്നുവന്നിട്ടുള്ള ഒരേ ആവശ്യങ്ങളെയാണു പൊതു ആവശ്യങ്ങളായി പരിഗണിച്ചിട്ടുള്ളത്. അവ ഒരു കോളത്തിൽ എല്ലാ വാർഡുകളുടേയും നമ്പറുൾപ്പെടുത്തിയാണ്

ചേർത്തിരിക്കുന്നത്. തീർച്ചയായും ഈ ആവശ്യങ്ങൾ മറ്റുള്ളവയേക്കാൾ പ്രാധാന്യമർഹിക്കുന്നു. എട്ട്, പത്ത് വാർഡുകൾ പുതിയ പള്ളി വഴി കണ്ണൻകുന്നു ചെറ്റക്കടവ് റോഡു നിർമ്മിക്കണമെന്നാവശ്യമുന്നയിച്ചിട്ടുണ്ട്. കണ്ണൻ കുന്നു - ചുഴലിക്കര - ആവിലോറ - പറക്കുന്നു റോഡിനു അഞ്ച്, പതിനൊന്ന്, പത്ത് വാർഡുകൾ ആവശ്യപ്പെട്ടിരിക്കുന്നു. യാത്രാസൗകര്യം തീരെയില്ലാത്ത കണ്ടിയിൽ മീത്തൽ ഹരിജൻ കോളനിയിലേക്കു വ്യത്യസ്ത ഭാഗങ്ങളിൽ നിന്നു റോഡിനാവശ്യപ്പെട്ടിട്ടുണ്ട്. പതിനൊന്ന്, അഞ്ച് വാർഡുകൾ നിർദ്ദിഷ്ട നാട്ടിക്കല്ലുങ്ങൽ - കണ്ടിയിൽ മീത്തൽ ഹരിജൻ കോളനി റോഡിന് അടിയന്തിര പ്രാധാന്യം നൽകണമെന്നാവശ്യപ്പെടുന്നുണ്ട്. ചരിച്ചിപ്പറമ്പ്, ആവിലോറ റോഡ് പെട്ടെന്ന് റിപ്പയർ ചെയ്യണമെന്ന് ഒന്നും രണ്ടും അഞ്ചും വാർഡുകളും പുത്തലത്ത് പറമ്പ് ആവിലോറ റോഡു റിപ്പയർ ചെയ്തു ഗതാഗതയോഗ്യമാക്കണമെന്നു രണ്ട്, മൂന്ന്, അഞ്ച് വാർഡുകളും ആവശ്യപ്പെട്ടിട്ടുണ്ട്. പത്ത് പതിനൊന്നു, നാല് വാർഡുകളുടെ ഒരു പ്രധാന ആവശ്യമാണു മുതുവാട്ടുശ്ശേരി - ഒഴലക്കുന്നു - പന്നൂർ റോഡ്. ചെരിച്ചിപ്പറമ്പ് - പാലോറ - പുത്തലത്ത് പറമ്പ് ഫുട്പാത്തിന് ഒന്ന്, രണ്ട്, മൂന്നു വാർഡുകൾ ആവശ്യമുന്നയിച്ചിട്ടുണ്ട്. മൂന്നു്, അഞ്ച്, പതിനൊന്ന് വാർഡുകളിൽ നിന്നുള്ള പൊതു ആവശ്യമാണ്, കണ്ടിയിൽ താഴം - കാരമ്പാറ ഇടവഴി സ്റ്റപ് കെട്ടി ഗതാഗതയോഗ്യമാക്കണമെന്നത്. നിലവിലുള്ള ടാർ റോഡുകളുടെയെല്ലാം സൈഡുകളിൽ ഓടകൾ നിർമ്മിക്കുന്നതിനും എല്ലാ അങ്ങാടികളിലും ഓടകൾ സ്ലാബിട്ടു മൂടുന്നതിനും വിവിധ ഗ്രാമസഭകളിൽ നിന്നും ആവശ്യങ്ങളുയർന്നിട്ടുണ്ട്. PWD റോഡുകൾ ഇതിൽ പ്രത്യേകം പരിഗണിക്കേണ്ടതാണ്. കൂടാതെ എളേറ്റിൽ അങ്ങാടിയിലെ ഫുട്പാത്തുകൾ കച്ചവടക്കാർ കയ്യേറുന്നത് തടയണമെന്നും എളേറ്റിൽ ജീപ്പ് പാർക്കിംഗ് ഏരിയ വിദ്യാർത്ഥികളുടെ ജീവനു തന്നെ ഭീഷണിയായി മാറിയിരിക്കയാൽ സ്ഥലം മാറ്റണമെന്നും ആവശ്യമുയർന്നിട്ടുണ്ട്.

എളേറ്റിൽ പ്രദേശത്തെ കോഴിക്കോട് - വയനാട് സ്റ്റേറ്റ് ഹൈവേയുമായി ബന്ധിപ്പിക്കുന്നതിന് ഏറ്റവും എളുപ്പവഴിയായ നെല്ലാങ്കണ്ടിക്കടവിൽ പൂനൂർ പുഴയ്ക്ക് കുറുകെ എത്രയും പെട്ടെന്ന് പാലം പണിയണമെന്ന് ഒമ്പത്, പത്ത്, അഞ്ച്, ആറ്, പതിനൊന്നു വാർഡുകളിൽ നിന്നു പ്രത്യേകിച്ചും മറ്റു വാർഡുകളിൽ നിന്നും പൊതുവിലും ആവശ്യമുന്നയിച്ചിട്ടുണ്ട്. PWD ഏറ്റെടുത്ത നെല്ലാങ്കണ്ടി - എളേറ്റിൽ റോഡ് പൂർണ്ണമായി പ്രയോജനപ്പെടുന്നതിന് നെല്ലാങ്കണ്ടിക്കടവ് പാലം പ്രാധാന്യത്തോടെ പരിഗണിക്കേണ്ടിയിരിക്കുന്നു. ഇതുപോലെതന്നെ അഞ്ച്, ആറ്, പതിനൊന്നു വാർഡുകളെ ബന്ധിപ്പിക്കുന്ന ആവിലോറ ചക്കിട്ടകണ്ടി നിർദ്ദിഷ്ട പാലത്തിന്റെ പണി എത്രയും പെട്ടെന്നു ആരംഭിക്കണമെന്ന ആവശ്യവും ശക്തമായി ഉന്നയിക്കപ്പെട്ടിട്ടുണ്ട്. കുരിക്കൾ തൊടുക കടവിൽ 6 മീറ്ററിൽ പാലം നിർമ്മിക്കണമെന്ന ഏഴാം വാർഡിന്റെ ആവശ്യത്തിനും പ്രാധാന്യം നൽകേണ്ടതുണ്ട്. പഞ്ചായത്തിന്റെ അധീനതയിലുള്ള ഏക എട്ട് മീറ്റർ റോഡായ എളേറ്റിൽ - ഇയ്യാട് റോഡ് PWD ഏറ്റെടുത്തു. ഗതാഗതയോഗ്യമാക്കണമെന്ന ആവശ്യം തീർച്ചയായും ന്യായമാണ്.

KSRTC ബസ് റൂട്ടുകളും വിവിധ വാർഡുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. അവ താഴെ ചേർക്കുന്നു.

1. കോഴിക്കോട് - എളേറ്റിൽ
(വഴി : കൊടുവള്ളി, കാരക്കാട്)
2. കോഴിക്കോട് - പൂനൂർ
(വഴി : മെഡി. കോളേജ്, മണ്ണിൽക്കടവ്, ആവിലോറ സ്കൂൾ)
3. കോഴിക്കോട് - കല്പറ്റ (ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ്)
(വഴി : എളേറ്റിൽ, പൂനൂർ)
4. കോഴിക്കോട് - താമരശ്ശേരി
(വഴി : പാലത്ത്, എളേറ്റിൽ, ആവിലോറ, മണ്ണിൽക്കടവ്)
5. കൊടുവള്ളി - ബാലുശ്ശേരി
(വഴി : എളേറ്റിൽ, പാലങ്ങാട്)
6. കോഴിക്കോട് - താമരശ്ശേരി
(വഴി : എളേറ്റിൽ - പരപ്പൻപൊയിൽ)

പ്രശ്നങ്ങളും സാദ്ധ്യതകളും

പഞ്ചായത്തിൽ ഇന്നു നിലവിലുള്ള റോഡുകൾ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും ഗതാഗതരംഗത്തെ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ലെന്നുള്ളത് ഒരു ദുഃഖസത്യമാണ്. പഞ്ചായത്തിലെ ജനങ്ങളുടെ ശരാശരി ആളോഹരി ടാർ റോഡ് വെറും തൊണ്ണൂറ്റിയൊന്നു സെ.മീ. മാത്രമാണെന്നറിയുമ്പോൾ നിലവിലുള്ള മുഴുവൻ റോഡുകളും ഗതാഗതയോഗ്യമാക്കിയാൽ തന്നെയും തികച്ചും അപര്യാപ്തമാണ് എന്നു ബോദ്ധ്യപ്പെടും. അതുകൊണ്ട് തന്ത്രപ്രധാനമായ സ്ഥലങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനും കോളനികൾ, മലയോരപ്രദേശങ്ങൾ എന്നിവിടങ്ങളിലേക്കും ആവശ്യമായ ഒരുപാട് റോഡുകൾ ഇനിയും നിർമ്മിക്കേണ്ടിയിരിക്കുന്നു. മുതുവാട്ടുശ്ശേരി - ഒഴലക്കുന്നു - പന്നൂർ റോഡും ചെറ്റക്കടവ് - കണ്ണൻകുന്നു - ചുഴലിക്കര - പറക്കുന്നു - കിഴക്കോത്ത് പള്ളിറോഡും ഒരു യാഥാർത്ഥ്യമായാൽ നിലവിലുള്ള പ്രധാനറോഡിന് സമാന്തരമായി ഉപയോഗിക്കാൻ കഴിയും.

നിലവിലുള്ള റോഡുകൾ തന്നെ ആവശ്യത്തിന് വീതിയില്ലാത്തതും വളവുകളും തിരിവുകളും നിറഞ്ഞതുമാണ്. ഇത് വാഹനഗതാഗതത്തിന് പ്രതിബന്ധം സൃഷ്ടിക്കുകയും അപകടങ്ങൾ ക്ഷണിച്ചുവരുത്തുകയും ചെയ്യുന്നു. ചെറ്റക്കടവ് പോലുള്ള സ്ഥലങ്ങളിൽ ഇന്നിത് നിത്യസംഭവമായി മാറിയിരിക്കുന്നു. റോഡുകളിലേക്കു ചാഞ്ഞുനില്ക്കുന്ന പോസ്റ്റുകൾ, നടുറോട്ടിലെ പാർക്കിംഗും പാരൽ ജീപ്പുകളുടെ കടന്നുകയറ്റവും, പൊതുറോഡിൽ സ്വകാര്യവ്യക്തികളുടെ ചരക്കുകളിറക്കലും, റോട്ടിലെ കച്ചവടം തുടങ്ങിയവയും വാഹനഗതാഗതത്തെ ബാധിക്കുന്നവയും അപകടങ്ങൾക്കു വഴിവെക്കുന്നവയുമാണ്.

വർഷകാലങ്ങളിൽ ഒഴുകിവരുന്ന വെള്ളം റോഡിനു വശങ്ങളിൽ കൂടി ഒഴുകിപ്പോകുന്നതിനു പര്യാപ്തമായ ഓവുചാലുകളുടെ അഭാവം റോഡുകൾ പെട്ടെന്നുതന്നെ പൊട്ടിപ്പൊളിഞ്ഞുപോകുന്നതിനു കാരണമാകുന്നു. മാത്രവുമല്ല, പല റോഡുകളും താഴ്ന്ന സ്ഥലത്ത് കൂടെയായതിനാൽ വർഷാരംഭത്തോടെത്തന്നെ ഉറവകളുണ്ടാവുകയും അതുവഴി ഗതാഗതയോഗ്യമല്ലാതാവുകയും ചെയ്യുന്നു. കൂടാതെ നിലവിലുള്ള മിക്ക നടപ്പാതകളും വർഷമാവുന്നതോടെ ചളിക്കുണ്ടുകളായി മാറുന്നതിനാൽ കാൽനടയാത്ര അസാദ്ധ്യമാവുന്നതും സാധാരണമാണ്.

പഞ്ചായത്തിലൂടെ കടന്നുപോകുന്ന ബസ്സുകൾ ഇരുപത്തഞ്ച് കി.മീ ദൂരത്തിനിടയിൽ അറുപതും അതിലധികവും സ്റ്റോപ്പുകളിൽ നിർത്തിയാണു ഇപ്പോൾ കോഴിക്കോട്ടെത്തുന്നത്. നേരിട്ടു കോഴിക്കോട്ടേക്കും മറ്റു ദൂരദിക്കുകളിലേക്കും പോകേണ്ട ഉദ്യോഗസ്ഥർ, കച്ചവടക്കാർ, വിദ്യാർത്ഥികൾ എന്നിവരെ ഇത് സാരമായി ബാധിക്കുന്നുണ്ട്. കണ്ണൂർ - വടകര ഭാഗങ്ങളിലേക്ക് അനേകം ഉദ്യോഗസ്ഥർ ഈ പഞ്ചായത്തിൽ നിന്നും പോകുന്നുണ്ട്. അവർക്ക് ഒരു ബസ്സ് പോലും ഇല്ല എന്ന പരാതിയുണ്ട്. പഞ്ചായത്തിലെ ഗതാഗത രംഗത്ത് ഇന്നനുഭവപ്പെടുന്ന പ്രശ്നങ്ങൾക്ക് ഒരളവോളമെങ്കിലും പരിഹാരം കാണുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. നിലവിലുള്ള ടാർ റോഡുകൾ വീതി കൂട്ടുകയും വളവുതിരിവുകൾ ഇല്ലാതാക്കി കയറ്റം കുറക്കുകയും ചെയ്യുക.

2. റോഡുകൾക്ക് പര്യാപ്തമായ ഓടകൾ നിർമ്മിക്കുകയും വർഷംതോറും കാലവർഷത്തിന് മുമ്പായി മണ്ണും ചവറും നീക്കി വൃത്തിയാക്കുകയും ചെയ്യുക.

3. റോഡുകൾക്ക് കാലാകാലങ്ങളിലുണ്ടാവുന്ന അറ്റകുറ്റപണികൾ യഥാസമയം ഏറ്റെടുത്ത് നടത്തുക.

4. റോഡുകളിൽ ഗതാഗതതടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക്, ടെലഫോൺ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.

5. റോഡുകളുടെ പാർശ്വങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ പൂർണ്ണമായോ ചുരുങ്ങിയത് കൊമ്പുകളെങ്കിലും മുറിച്ചുമാറ്റുക.

6. റോഡിലേക്ക് തള്ളിനിൽക്കുന്ന സ്വകാര്യവ്യക്തികളുടെ മരങ്ങൾ മുറിക്കാനും ബിൽഡിങ്ങുകൾ പൊളിച്ചുനീക്കാനും നടപടി സ്വീകരിക്കുക.

7. താഴ്ന്ന പ്രദേശങ്ങളിൽ കൂടി പോകുന്ന റോഡുകൾ വിതാനമുയർത്തി പുനർനിർമിക്കുക.

8. ആവശ്യമായ സ്ഥലങ്ങളിൽ ഓവു പാലം നിർമ്മിക്കുകയും മുഴുവൻ റോഡും സൈഡ് കെട്ടി കോൺക്രീറ്റിടുകയും ചെയ്യുക.

9. ബസ്സുകളുടെ മൽസര ഓട്ടം തടയുന്നതിന് നടപടിയെടുക്കുകയും നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുക.

10. ജീപ്പുകൾ നടത്തിവരുന്ന സമാന്തരസർവ്വീസ് നിയന്ത്രിക്കുകയും ഓവർ ലോഡ് നിരോധനനിയമം കർശനമാക്കി നടപ്പാക്കുകയും ചെയ്യുക.

11. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടുത്തുകൂടെ കടന്നുപോകുന്ന വാഹനങ്ങളുടെ വേഗത കുറക്കുന്നതിനും അതുവഴി വിദ്യാർത്ഥികളുടെ ജീവൻ രക്ഷിക്കുന്നതിനുമായി ആവശ്യമായ സ്ഥലങ്ങളിൽ സൈൻ ബോർഡ്, ഹമ്പുകൾ എന്നിവ സ്ഥാപിക്കുകയും ഹമ്പുകളിൽ സീബ്രലൈനിടുകയും ചെയ്യുക.

12. വിദ്യാർത്ഥികളെ കയറ്റാൻ മടിക്കുന്ന ബസ് ഉടമകൾക്കും ഡ്രൈവർമാർക്കുമെതിരെ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ എന്നിവർ നൽകുന്ന പരാതിയുടെ അടിസ്ഥാനത്തിൽ കർശന നടപടി സ്വീകരിക്കുക.

13. ഇൻഷൂറൻസ് തുക അടക്കാതെ സർവ്വീസ് നടത്തുന്ന വാഹനങ്ങളിൽ യാത്ര ചെയ്യുമ്പോൾ അപകടം സംഭവിച്ചാൽ യാത്രക്കാരനു നഷ്ടപരിഹാരം നിഷേധിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കുകയും അത്തരം സന്ദർഭങ്ങളിൽ വാഹന ഉടമയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി യാത്രക്കാരനു നൽകാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

14. പുതിയ ബസ്സ് റൂട്ടുകൾ സർക്കാർ, പ്രൈവറ്റ് മേഖലകളിൽ അനുവദിക്കുക.

15. എളേറ്റിൽ, വഴി വയനാട് ഭാഗത്തേക്കു KSRTC ബസ്സനുവദിക്കുക.

16. പൂനൂർ, എളേറ്റിൽ, നരിക്കുനി, പാലത്ത് മാത്രം സ്റ്റോപ്പുകളുള്ള പ്രൈവറ്റ് ലിമിറ്റഡ് സ്റ്റോപ്പ് ബസ്സും ഒരു KSRTC ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് ബസ്സും കോഴിക്കോട് – താമരശ്ശേരി റൂട്ടിൽ പുതുതായി അനുവദിക്കുക.

17. സ്തംഭനാവസ്ഥയിലുള്ള എളേറ്റിൽ – നെല്ലാങ്കണ്ടി PWD റോഡിന്റെ പണി പുനരാരംഭിക്കാൻ സത്വരനടപടി സ്വീകരിക്കുക.

18. പുന്നശ്ശേരി – പരപ്പൻപൊയിൽ റൂട്ടിൽ ബസ് ഗതാഗതം പുനരാരംഭിക്കുക.

19. എളേറ്റിൽ-വള്ളിയോത്ത് റോഡ് പണി ത്വരിതപ്പെടുത്തുക.


20. എട്ടുമീറ്റർ വീതിയുള്ള ഏക പഞ്ചായത്ത് റോഡായ എളേറ്റിൽ ഇയ്യാട് റോഡ് PWD ഏറ്റെടുക്കുക.

21. പഞ്ചായത്തിലെ ടാർ റോഡുകളിൽ ആവശ്യമായ റീ ടാറിംഗ് നടത്തുക, മെറ്റൽ റോഡുകളും മൺ റോഡുകളും ടാർചെയ്തു ഗതാഗതയോഗ്യമാക്കുക.

22. കോളനികൾ ഉൾപ്പെടെ പിന്നോക്ക പ്രദേശങ്ങൾക്ക് മുൻഗണന നൽകി പുതിയ റോഡുകളും ആവശ്യമായ സ്ഥലങ്ങളിൽ ലിങ്ക് റോഡുകളും നിർമ്മിക്കുക.

23. നിലവിലുള്ള നടപ്പാതകൾ ഗതാഗതയോഗ്യമാക്കുകയും ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി നിർമ്മിക്കുകയും ചെയ്യുക.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ സജീവപരിഗണനയർഹിക്കുന്നവയാണ്. ജനങ്ങളുടെ കക്ഷിഭേദമന്യേയുള്ള കൂട്ടായ്മയും അധികൃതരിൽ നിന്നുള്ള അനുകൂല സമീപനവും ഒത്തുചേർന്നാൽ ഈ മേഖലയിൽ നമ്മുടെ പഞ്ചായത്തിനും ഒരു കുതിച്ചുചാട്ടം തന്നെ നടത്താനാകും. അർപ്പണബോധത്തോടെ, ശുഭപ്രതീക്ഷയുമായി ഗതാഗതരംഗത്തെ നവയുഗപ്പിറവിക്കായി ഞങ്ങളും കാത്തിരിക്കുന്നു.



5.6.(b) ഊർജം

മലയോര പ്രദേശങ്ങളും താഴ്വരകളും സമതലങ്ങളും കൊണ്ട് സുന്ദരമായ ഈ പഞ്ചായത്തിൽ പരമ്പരാഗത ഊർജ്ജത്തിന്റെ സ്രോതസ്സുകളായി വിറക്, മണ്ണെണ്ണ തുടങ്ങിയവ ഉപയോഗിക്കുന്നു. പരിഷ്കൃത മനുഷ്യന്റെ മുഖ്യ ഊർജോപാധിയായ വൈദ്യുതി 1960-കളിലാണ് നമ്മുടെ പഞ്ചായത്തിൽ കടന്ന് വന്നത്. ആദ്യമായി വൈദ്യുത ലൈൻ സ്ഥാപിതമായത്. പൂനൂർ - നരിക്കുനി റൂട്ടിലാണ്. ആദ്യത്തെ വൈദ്യുത കണക്ഷൻ ലഭ്യമായത് എളേറ്റിൽ ടൗൺ ജുമാഅത്ത് പള്ളിയിലും പരിസര പ്രദേശങ്ങളിലുമാണ്. അതിന് ശേഷം ഒരു പാട് വർഷം കഴിഞ്ഞിട്ടും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വൈദ്യുതി ലഭ്യമല്ല. വൈദ്യുതി ബോർഡിന്റെ ഓഫീസ് നമ്മുടെ പഞ്ചായത്തിൽ ഇല്ല എന്ന് മാത്രമല്ല താമരശ്ശേരി, കൊടുവള്ളി, ഉണ്ണികുളം എന്നീ സെക്ഷൻ ഓഫീസുകളുടെ പരിധിയിലുമാണ് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. അതിനാൽ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ് അടക്കുന്നതിന് വേണ്ടി 5 മുതൽ 10 വരെ കിലോമീറ്റർ യാത്ര ചെയ്യേണ്ടിവരുന്നു. പഞ്ചായത്തിൽ 7 ട്രാൻസ്ഫോമറുകൾ മാത്രമെ ഉള്ളൂ. അതിനാൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. പഞ്ചായത്തിൽ 50% ത്തിൽ അധികം വീടുകളിൽ വൈദ്യുതി ലഭ്യമാണ്. എന്നാൽ കുറഞ്ഞ അളവിൽ മാത്രമെ കാർഷിക വാണിജ്യ വ്യാവസായിക ഉപഭോക്താക്കൾക്ക് വൈദ്യുതി ലഭ്യമാകുന്നുള്ളൂ.

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഗാർഹിക ഊർജസ്രോതസ്സ് വിറകാണ്. പാചകാവശ്യത്തിന്നാണ് ഇത് കൂടുതലായി ഉപയോഗിക്കുന്നത്. ഇതിന്റെ ലഭ്യത ആവശ്യത്തിനുണ്ട്. കേരോല്പന്നങ്ങളായ മടൽ, ഓല, കൊതുമ്പ്, ചകിരി, ചിരട്ട തുടങ്ങിയവയാണ്. പ്രധാനമായും വിറകായി ഉപയോഗിക്കുന്നത്. വളരെ കുറച്ച് പേർ മാത്രം പെട്രോളിയം ഗ്യാസ് ഉപയോഗിക്കുന്നവരാണ്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലൂടെ 110 KV ലൈൻ 11 KV ലൈൻ 3 phase, single phase ലൈനുകൾ കടന്നുപോകുന്നു. 2 സ്വകാര്യ ഗ്യാസ് ഏജൻസികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഒരു പൊതുമേഖലാ ഗ്യാസ് ഏജൻസിയുടെ അഭാവം ജനങ്ങൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മിക്ക വാർഡുകളിലും പല സ്ഥലങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.

2. 3 സെക്ഷൻ ഓഫീസുകളുടെ കീഴിൽ ആയതിനാൽ വൈദ്യുതി ചാർജ് അടയ്ക്കുന്നതിന്നും മറ്റുമായി ഉപഭോക്താക്കൾക്ക് വിഷമം നേരിടുന്നു.

3. വൈദ്യുതി വിതരണ രംഗത്ത് ബോർഡിന്റെ അശ്രദ്ധ കാരണം മരച്ചില്ലകളും മറ്റും മുറിക്കാത്തതു മൂലം ഭീമമായ തോതിൽ വൈദ്യുത പ്രസരണ നഷ്ടം സംഭവിക്കുന്നു.

4. നിലവിലുള്ള പല ഹരിജൻ കോളനികളിലും ലക്ഷം വീട് കോളനികളിലും വൈദ്യുതി ലഭ്യമല്ല.

5. പ്രധാന റോഡുകളിൽ പല ഭാഗങ്ങളിലും

സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്തതിനാൽ ജനങ്ങൾക്ക് പ്രയാസം നേരിടുന്നു. തെരുവ് വിളക്കുകളിലെ ബൾബുകൾ മോഷ്ടിക്കുന്ന സമ്പ്രദായവും ഇല്ലാതില്ല. ആറാം വാർഡിൽ തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ല. അതുപോലെ മറ്റ് വാർഡുകളിലെ പ്രധാന കവലകളിലും തെരുവ് വിളക്കുകൾ ഇല്ല. കത്താത്ത തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് പഞ്ചായത്ത് സമിതി ആവശ്യപ്പെട്ടിട്ട് പോലും അധികൃതരുടെ ഭാഗത്ത് നിന്ന് ഒരു നടപടിയും ഉണ്ടായിട്ടില്ല.

6. വളരെ പരിമിതമായ വോൾട്ടേജ് മാത്രമെ പഞ്ചായത്തിലെ പല സ്ഥലങ്ങളിലും ലഭ്യമാകുന്നുള്ളൂ. ഈ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ആവശ്യമായ 'പവർ' കൂടിയ ട്രാൻസ്ഫോർമറുകൾ പഞ്ചായത്തിൽ ഇല്ല. ആകെ 7 ട്രാൻസ്ഫോർമറുകളാണ് ഇവിടെയുള്ളത്. അത് വോൾട്ടേജ് കമ്മി പരിഹരിക്കാൻ മാത്രം പര്യാപ്തമല്ല.

7. മിക്ക സ്ഥലങ്ങളിലും സിംഗിൾ ഫേസ് ലൈനുകൾ മാത്രമാണ് നിലവിലുള്ളത്. അതിനാൽ Current Load കൂടുകയും വോൾട്ടേജ് കുറയുകയും ചെയ്യുന്നു.

8. പല സ്ഥലങ്ങളിലും സ്വകാര്യവ്യക്തികളുടെ പ്രോപർട്ടി ക്രോസിങ്ങിനുള്ള അനുവാദം ലഭ്യമാകാത്തതിനാൽ വൈദ്യുതി എത്തിപ്പെടാത്ത സ്ഥിതി ഉണ്ട്.

9. 6 മാസത്തിൽ ഒരിക്കൽ മാത്രം 'മീറ്റർ റീഡിങ്ങ്' നടത്തുന്നതിനാൽ ഉപഭോക്താക്കൾക്ക് ഉപഭോഗത്തിന്റെ നിരക്ക് അറിയാൻ പ്രയാസപ്പെടുന്നു.

സാധ്യതകൾ

വിറക് ലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ നിലവിലുള്ള പരമ്പരാഗത വിറകടുപ്പുകൾ കൊണ്ട് ധാരാളം ഊർജ്ജം നഷ്ടപ്പെടുന്നതിനാൽ ദക്ഷത കൂടിയ അടുപ്പുകളുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും അത്തരത്തിലുള്ള അടുപ്പുകൾ സ്ഥാപിച്ചു നൽകാനുള്ള സംവിധാനം സന്നദ്ധസംഘടനകളുടെയും മറ്റും സഹായത്തോടെ പഞ്ചായത്തിന് ഏർപ്പെടുത്താവുന്നതാണ്.

നിലവിലുള്ള വിറകടുപ്പുകളിൽ നിന്ന് കുറഞ്ഞ അളവിൽ ഊർജം ലഭ്യമാക്കി പ്രവർത്തിക്കുന്ന Pressure cooker, കച്ചിപ്പെട്ടി തുടങ്ങിയവയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്താവുന്നതാണ്.

പഞ്ചായത്തിൽ മൊത്തത്തിലുള്ള വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിന്നായി ചില പരിപാടികൾ വൈദ്യുതി ബോർഡ് നടപ്പാക്കുന്നുണ്ട്. അവ ത്വരിതപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ വൈദ്യുതി വിതരണത്തിന്റെ ചുമതല വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത ഓഫീസുകളിലാണ് കൈകാര്യം ചെയ്യുന്നത്. (കൊടുവള്ളി, താമരശ്ശേരി, ഉണ്ണികുളം) അതിനാൽ ഉപഭോക്താക്കൾക്ക് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. എളേറ്റിൽ ആസ്ഥാനമായി വൈദ്യുതി സെക്ഷൻ ഓഫീസ് സ്ഥാപിച്ച് ഈ പ്രശ്നം പരിഹരിക്കണം.

വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന്നായി ആവശ്യമായ സംവിധാനം വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥന്മാരുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ ഏർപ്പെടുത്താവുന്നതാണ്.

വോൾട്ടേജ് കമ്മി പരിഹരിക്കുന്നതിന്ന് കുറഞ്ഞ ഊർജം ആസൂത്രിതമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന്നായി കുറഞ്ഞ പവറിൽ കൂടുതൽ ഊർജം ലഭ്യമാക്കാവുന്ന സംവിധാനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. അതിന്റെ ഭാഗമായി ഇലക്ട്രിക് ബൾബുകൾക്ക് പകരം ഫ്ലൂറസെൻറ് വിളക്കുകൾ ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവല്ക്കരണം നടത്തേണ്ടതാണ്.

നിലവിൽ ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ആവശ്യത്തിന് തികയാത്ത അവസ്ഥയാണുള്ളത്. അത് പരിഹരിക്കാൻ പുതിയ വൈദ്യുത സ്രോതസ്സുകൾ. പഞ്ചായത്തിൽ നിർമ്മിക്കാവുന്നതാണ്. അതിന്റെ ഭാഗമായി ഉയർന്ന പ്രദേശങ്ങളായ പൊന്നും തോറമല, ചെറുല, പാലോറ മല തുടങ്ങിയവയിൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കാവുന്നതാണ്. എളേറ്റിൽ ടൗണിൽ പൊതുമേഖലാ ഗ്യാസ് ഏജൻസി സ്ഥാപിക്കാനുള്ള നിർദ്ദേശം ഉണ്ട്. ഈ ഏജൻസി അംഗീകരിച്ച് കിട്ടുക വഴി ഈ പഞ്ചായത്തിലെ ഇന്ധനക്ഷാമത്തിന് അറുതി വരുത്താവുന്നതാണ്.


സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും പാചകം നടത്തുകയും ചെയ്യാവുന്ന തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ അവ സ്ഥാപിക്കുന്നതിനും കത്താത്ത തെരുവ് വിളക്കുകൾ കത്തിക്കുന്നതിനും അധികൃതരെ കൂടുതൽ ഉണർത്താനുള്ള സംവിധാനം ഉണ്ടാവേണ്ടതാണ്. പ്രധാന അങ്ങാടികളിൽ Sodium vapour lamp കൾ സ്ഥാപിക്കാനുള്ള നിർദ്ദേശം ഗ്രാമസഭകളിൽ ഉയർന്ന് വന്നിട്ടുണ്ട്. ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ പട്ടികരൂപത്തിൽ താഴെ കൊടുക്കുന്നു.

വാർഡുകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള വൈദ്യുതസംബന്ധമായ നിർദ്ദേശങ്ങൾ

Ward No.	ട്രാൻസ്ഫോൽമർ	പുതിയ വൈദ്യുതി ലൈനുകൾ സ്ഥാപിക്കേണ്ട സ്ഥലം	സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലം
Ward I	കച്ചേരിമുക്ക് (നിലിവിലുള്ള ട്രാൻസ്ഫോർമർ power കൂട്ടുക)		കച്ചേരിമുക്ക് - ആരമ്പ്രം റോഡിൽ ഒതയോത്ത് പുറായിൽവരെ 2. ഈസ്റ്റ് കിഴക്കോത്ത് അംഗനവാടി - കൈതവളപ്പിൽ റോഡ് 3. കച്ചേരിമുക്ക്, കൊടുവള്ളിക്കടവ് പാലം (Sodium Vapour Lamp) 2 എണ്ണം
Ward II	കിഴക്കോത്ത് ഈസ്റ്റ്		കച്ചേരിമുക്ക് ഏളേറ്റിൽ റോഡ് കിഴക്കോത്ത് ഈസ്റ്റ് കൊന്തളത്ത് താഴം- ആവിലോറ റോഡ്
Ward III	ചെറുമല ഭാഗം പരപ്പാറ	ചെറുമല ഭാഗം (200 വീടുകൾ) വാട്ടർ ടാങ്ക് ഭാഗം ചെറുമല ഹരിജൻ കോളനി (12 വീടുകൾ)	പള്ളിത്താഴം റോഡ് വരിക്കണ്ടിയിൽ ഭാഗം മറിവീട്ടിൽതാഴം വാട്ടർ ടാങ്ക് റോഡ്
Ward IV	1.പന്നൂർ കുറ്റ്യേങ്ങുവയൽ 2. നാരോത്തിങ്ങൻ പാറ 3. കുന്നോത്ത് വയൽ	മുഴിപ്പുറത്ത് താഴം - കണ്ടിയിൽ മീത്തൽ (3 Phase line) രായൻ കണ്ടി - കട്ടിൽകുന്ന് (3 phase line) മങ്ങലോട്ടുകുന്ന് - കയ്യള ശ്ശേരി റോഡ് (3 phase)	1. മുഴിപ്പുറത്തു താഴം കണ്ടിയിൽ മീത്തൽ റോഡ് 2. രായൻ കണ്ടി-കട്ടിൽ കുന്ന് റോഡ് 3. പന്നൂർ (Sodium vapour lamp) 4. പടിഞ്ഞാറയിൽ-പറശ്ശേരി മുക്ക്
Ward V	പുവ്വത്തൊടുക 2.കോട്ടക്കൽ	ചെറുതോട്ടിങ്ങൽ - കുടിലാട്ടുമ്മൽ തടത്തിൽ കണ്ടിയിൽ	പാറക്കണ്ടി മുക്ക്- കരിമ്പാതൊടിക റോഡ് (5 എണ്ണം) പറക്കുന്ന് - നാട്ടിക്കല്ല് കരിമ്പാതൊടിക - ആലപുറായി പറക്കുന്ന് ചാലങ്ങാ തോട്ടം
Ward VI	ചക്കൻ കൊള്ളിൽ മുക്ക് കൈവേലിക്കടവ്	പൊമ്പ്രമലയിൽ-കണ്ണൻകുന്ന് ചീത്തപ്പാറ ആവിലോറ പാറമ്മൽ - കൈവേലിക്കടവ് (3 phase) മണ്ണിൽക്കടവ് - കാരക്കാട് (3 phase)	മണ്ണിൽ കടവ് - കാരക്കാട് ഡാപ്പോയിൽ റോഡ് കൈവേലിക്കടവ് - ആവിലോറ 3. മണ്ണിൽക്കടവ് - ആവിലോറ
Ward VII	തുവ്വക്കുന്ന് കരിങ്കൊറ്റി	തണ്ണിക്കുണ്ട് - കരിങ്കൊറ്റി തുവ്വക്കുന്ന് - തടായിൽ വലിയപറമ്പ് ബാങ്ക് റോഡ് മുതൽ തട്ടും പുറംവരെ (പൊന്നും തോറ വഴി)	പാറക്കണ്ടി - തണ്ണിക്കുണ്ട് റോഡ് വലിയപറമ്പ് - എളേറ്റിൽ റോഡ് വലിയ പറമ്പ് -ആവിലോറ റോഡ് പൊമ്പ്രമലയിൽ റോഡ്

Ward VII	ചളിക്കോട് (പവർ കൂടിയ ട്രാൻസ്ഫോർമർ)	പാലക്കാളി - നെല്ലിക്കുന്ന് കാഞ്ഞിരത്താം - പൊയിൽ - വലിയ പറമ്പ് ഡിസ്പൻസറി റോഡ് 4. മേലെ പുതിയോട് കാഞ്ഞിരത്താം പൊയിൽ - തടായിൽ റോഡ്	ചളിക്കോട് (Sodium vapour lamp) കാഞ്ഞിരത്താം പൊയിൽ മുക്ക് അവുപാട് മുക്ക് ചക്കാലമുക്ക് ചെറ്റക്കടവ് (Sodium vapour lamp)
Ward IX	ചോലയിൽ ചെറുകരത്താഴം ചെറുകരത്താഴം കണ്ണിറ്റമാക്കിൽ	കാളികുന്ന് പ്രദേശം കുരുവമ്പിലാക്കണ്ടി പ്രദേശം	ഏളേറ്റിൽ-കുണ്ടുങ്ങരപ്പാറ റോഡ് ചെറുകരതാഴം - എളേറ്റിൽ 3. എളേറ്റിൽ - ചോലയിൽ 4. അംഗനവാടി റോഡിൽ മുട്ടത്താംകണ്ടിവരെ 5. എളേറ്റിൽ - കണ്ണിറ്റമാരിൽ 6. എളേറ്റിൽ കാഞ്ഞിരമുക്ക് 7. എളേറ്റിൽ (Sodium Vapour Lamp)
Ward X	എളേറ്റിൽ കുളിരാന്തരി എളേറ്റിൽ അങ്ങാടി (Power കൂടിയ ട്രാൻസ്ഫോർമർ)	ഞേളികുന്ന്, പുതിയോട്ടിൽ കോളനി പുളിക്കിപ്പൊയിൽ കരിമ്പങ്ങൽ	M.J. ഹൈസ്കൂൾ വലിയപറമ്പ് റോഡ് 2. എളേറ്റിൽ ഒഴലക്കുന്നു് മുതുവാട്ടുശ്ശേരി - കൊടക്കാട് മുതുവാട്ടുശ്ശേരി - തറോൽ 5.മുതുവാട്ടുശ്ശേരി - ചുഴലിക്കര 6. എളേറ്റിൽ (Sodium Vapour Lamp)
Ward XI	ചോലയിൽ കണ്ടിയിൽ മീത്തൽ ഹരിജൻ കോളനി	മുതുവാട്ടുശ്ശേരി - പുലിബലം റോഡിൽ പുലിബലം ബാലവാടി - മുഴിപ്പുറത്ത് പൊയിൽ ലക്ഷംവീട്, ആവിലോറ സ്കൂൾ - കരിമ്പാരകുണ്ടം (3 phase) പുത്തൻ പീടിക - കാഞ്ഞിരമണ്ണിൽ ഊഡുവഴി	1. ആവിലോറ സ്കൂൾ - കരിമ്പാരകുണ്ടം തറോൽ - പുലിബലം പന്നൂർ മുതുവാട്ടുശ്ശേരി റോഡ നെല്ലാങ്കണ്ടി എളേറ്റിൽ റോഡ് ഒഴലക്കുന്നു പള്ളി ജംഗ്ഷൻ - ട്യൂബ്



5.7.(a) സാമൂഹ്യക്ഷേമം

സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളെ ഉദ്ധരിക്കുകയും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക വഴി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ഉയർത്തിക്കൊണ്ടു വരികയെന്ന ഉദ്ദേശ്യത്തോടെയാണ് കാലാകാലങ്ങളിൽ മാറിവരുന്ന സർക്കാരുകൾ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. ഈ ലക്ഷ്യപ്രാപ്തിക്കായി ഒട്ടനവധി പദ്ധതികൾ ഇന്ന് നമ്മുടെ രാജ്യത്ത് നടപ്പിലാക്കി വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ ദാരിദ്ര്യനിർമ്മാർജ്ജന ക്ഷേമനിധിയും വിവധതരം പെൻഷനുകളും ഇന്ന് പ്രാബല്യത്തിലുണ്ട്. ഇപ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ പ്രധാനമായും താഴെപറയുന്നവയാണ്.

1. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ

2. ക്ഷേമനിധി ബോർഡുകൾ നടപ്പിലാക്കുന്ന പദ്ധതികൾ

3. പട്ടികജാതി - പട്ടികവർഗ്ഗ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.

4. വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.

ഇത്തരം സാമൂഹ്യക്ഷേമ പദ്ധതികൾ വളരെക്കാലം മുമ്പ്തന്നെ സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നുണ്ടെങ്കിലും പ്രഖ്യാപിത ലക്ഷ്യപ്രാപ്തി പൂർണ്ണമായും കൈവരിച്ചിട്ടില്ല. പദ്ധതികളെക്കുറിച്ചുള്ള അജ്ഞത, പദ്ധതികളുടെ അപര്യാപ്തത, നിയമങ്ങളുടെയും ചട്ടങ്ങളുടെയും നൂലാമാലകൾ, ഉദ്യോഗസ്ഥ തലത്തിലുള്ള അഴിമതി, അർഹതപ്പെട്ടവർക്ക് ലഭിക്കായ്ക, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക എന്നീ കാരണങ്ങൾ മൂലമാണ് ഈ അവസ്ഥ സംജാതമായിട്ടുള്ളത്.

നമ്മുടെ പഞ്ചായത്തിൽ മൊത്തം ജനസംഖ്യയുടെ 40% പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ഇത്തരം ജനവിഭാഗത്തിന്റെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ തീവ്ര ഗ്രാമീണ വികസന പദ്ധതി (ഐ.ആർ.ഡി.പി)യാണ് നമ്മുടെ പഞ്ചായത്തിൽ മുഖ്യമായും നിലവിലുള്ളത്. കൊടുവള്ളി ബ്ലോക്ക് ഡവ: ഒഫീസ് മുഖേന രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ വഴിയാണ് ഈ പദ്ധതി ജനങ്ങളിലെത്തുന്നത്. 1992-ൽ നടത്തിയ ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം നമ്മുടെ പഞ്ചായത്തിൽ 2241 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 133 കുടുംബങ്ങൾ പട്ടികജാതിയിൽപ്പെട്ടവരാണ്. 263 പട്ടികജാതിക്കാർ അടക്കം മൊത്തം 1045 കുടുംബങ്ങൾക്ക് നാളിതുവരെയായി ഈ പദ്ധതിയിൻ കീഴിൽ ധനസഹായം ലഭിച്ചിരുന്നുവെങ്കിലും 340 കുടുംബങ്ങൾ മാത്രമേ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയിട്ടുള്ളൂ എന്ന് ഔദ്യോഗിക സ്ഥിതിവിവരകണക്കുകൾ പട്ടിക-1 കാണുക.

വായ്പാബന്ധിത പദ്ധതികളാണ് ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കി വരുന്നത്. മുകളിൽ കൊ

ടുത്തിരിക്കുന്ന പട്ടിക പരിശോധിച്ചാൽ ഈ പദ്ധതി പൂർണ്ണമായും വിജയിച്ചിട്ടില്ലെന്ന് നിസ്സംശയം പറയാൻ കഴിയും.

തൊഴിൽരഹിതരായ ഗ്രാമീണ യുവതീയുവാക്കൾക്ക് വിവിധ തൊഴിലുകളിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം. നാളിതുവരെയായി ഈ പദ്ധതിയിൻ കീഴിൽ പരിശീലനം ലഭിച്ച് സ്വയം തൊഴിൽ കണ്ടെത്തിയവരുടെ കണക്ക് പട്ടികപ്പെടുത്തിയിരിക്കുന്നു. പട്ടിക 2 കാണുക.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം ലക്ഷ്യമാക്കി രൂപം നല്കിയിട്ടുള്ള പദ്ധിതിയാണ് D.W.C.R.A നമ്മുടെ പഞ്ചായത്തിൽ ഈ പദ്ധതിയിൽ കീഴിൽ ആനുകൂല്യം ലഭിച്ചവരുടെ കണക്കുകൾ പട്ടികപ്പെടുത്തിയിരിക്കുന്നു. പട്ടിക 3 കാണുക.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി (R.A.P)/ യിൻ കീഴിൽ നമ്മുടെ പഞ്ചായത്തിലെ 200 പേർക്ക് മാത്രമേ നാളിതുവരെയായി ആനുകൂല്യം ലഭിച്ചിട്ടുള്ളു, കൂടാതെ തൊഴിൽ രഹിതരായ ഗ്രാമീണർക്ക് തൊഴിൽ നല്കുകയും അതുവഴി സാമൂഹ്യാസ്തികൾ സൃഷ്ടിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജവഹർ തൊഴിൽ ദാന പദ്ധതി. വികസന ബ്ളോക്കുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. പൂർണ്ണമായും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ട ഈ പദ്ധതികൾ ഇന്ന് നടപ്പിലാക്കുന്ന രീതി കുറ്റമറ്റതല്ലെന്ന് മാത്രമല്ല പ്രഖ്യാപിത ലക്ഷ്യസാക്ഷാത്കാരത്തിന് പര്യാപ്തവുമല്ലെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

സംഘടിത, അസംഘടിത മേഖലകളിലെ വിവിധ തൊഴിലാളികളുടെ ക്ഷേമവും, അപകടങ്ങൾ സംഭവിക്കുമ്പോൾ ധനസഹായവും മറ്റ് ആനുകൂല്യങ്ങളും ഉറപ്പു വരുത്തുകയും ചെയ്യുന്നതിന് വേണ്ടിയുള്ളതാണ് ക്ഷേമനിധി ബോർഡുകൾ. പഞ്ചായത്തിൽ നിലവിലുള്ള തൊഴിലാളികളിൽ ചെറിയൊരു ഭാഗം ഇതിൽ അംഗങ്ങളാണ്.

പട്ടികജാതി- പട്ടികവർഗ്ഗക്കാരുടെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമാക്കി പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേനയും പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയും ഒട്ടേറെ വികസന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നുണ്ടെങ്കിലും കിഴക്കോത്ത് പഞ്ചായത്തിലെ ചെറിയൊരു ശതമാനം പേർക്ക് മാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നുള്ളു.

സ്ത്രീകളുടെയും, പ്രീ പ്രൈമറി തലത്തിലുള്ള കുട്ടികളുടെയും ക്ഷേമം ലാക്കാക്കി സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഫലം ഈ പഞ്ചായത്തിൽ വേണ്ടവിധം ലഭ്യമായിട്ടില്ല. മേൽപ്പറഞ്ഞ ലക്ഷ്യപ്രാപ്തിക്കായി ആരംഭിച്ച അംഗൻവാടി കേന്ദ്രങ്ങൾ 11 എണ്ണം മാത്രമേ പഞ്ചായത്തിൽ നിലവിലുള്ളൂ. ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ 2500 പേർക്ക് ഒന്ന് എന്ന തോതിൽ മാത്രമാണുള്ളത്. കുട്ടികളുടെയും ഗർഭിണികളുടെയും ആരോഗ്യപോഷണത്തിന് പോഷകാഹാരങ്ങളും മരുന്നുകളും വിതരണം ചെയ്യുകയും പ്രതിരോധ കുത്തിവയ്പുകൾ നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ഈ അംഗൻവാടികളോടനുബന്ധിച്ച് 11 മഹിളാ സമാജങ്ങളും പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിലെ നിലവിലുള്ള അംഗൻവാടികളുടെ കണക്ക് പട്ടിക-4 ൽ ചേർത്തിരിക്കുന്നു.

സമൂഹത്തിലെ ദുർബല ബിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന വിവിധ പെൻഷൻ പദ്ധതികളിൽ വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, ക്ഷയം, കുഷ്ഠം. ക്യാൻസർ എന്നീ രോഗങ്ങൾ മൂലം കഷ്ടതയനുഭവിക്കുന്നവർക്കുള്ള പെൻഷൻ എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ വിവിധയിനം പെൻഷനുകളും തൊഴിലില്ലായ്മ വേതനവും ലഭിക്കുന്നവരുടെ കണക്കുകൾ പട്ടിക 5 ൽ ചേർത്തിരിക്കുന്നു.(അവലംബം:- ദ്വിതീയ സ്ഥിതി വിവരക്കണക്ക്)

പ്രശ്നങ്ങൾ

1.ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായ നടപ്പാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളായ ഐ. ആർ.ഡി.പി, D.W.C.R.A, ട്രൈസം തുടങ്ങിയവയെക്കുറിച്ച് പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങൾക്കും അറിവില്ലെന്നുള്ളത് ഒരു പരമാർത്ഥമാണ്. അത് കൊണ്ട് തന്നെ ഇത്തരം പദ്ധതികളിൽ നിന്നുള്ള ആനുകൂല്യങ്ങളുടെ ഗുണഭോക്താക്കളാകുന്നതിനും ഭൂരിപക്ഷം പേർക്കും കഴിയുന്നില്ല.

2. ഉദ്യോഗസ്ഥ തലത്തിൽ തയ്യാറാക്കിയ നിലവിലുള്ള I.R.D.P ലിസ്റ്റിൽ അർഹതപ്പെട്ട പല കുടുംബങ്ങളും ഉൾപ്പെട്ടിട്ടില്ലെന്നതും അനർഹരായവർ ഉൾപ്പെടുകയും ചെയ്ത സ്ഥിതി വിശേഷം നിലവിലുണ്ട്. അതിനാൽ അർഹതയുള്ളവർക്ക് ആനുകൂല്യം നിഷേധിക്കപ്പെടുകയും അനർഹരായവർ പലരും ഈ ആനുകൂല്യം അനുഭവിക്കുകയും ചെയ്യുന്നു.

3. ട്രൈസം പദ്ധതിയിൽ തൊഴിൽ പരിശീലനം

ലഭിച്ച് സ്വയം തൊഴിൽ കണ്ടെത്തിയവർ പഞ്ചായത്തൽ 32 പേർ മാത്രമാണ്. ഈ പദ്ധതിയിൽ പഞ്ചായത്തിൽ നിന്നും ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നവരുടെ എണ്ണം വളരെ തുച്ഛമാണ്.

4. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി രൂപം നല്കിയിട്ടുള്ള D.W.C.R.A പദ്ധതിയിൽ 25.12.1993 ൽ നാലാം വാർഡിൽ ആരംഭിച്ച കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റിൽ 10 സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. ഈ പദ്ധതി പഞ്ചായത്തിലെ ഇതര വാർഡുകളിൽ നടപ്പിലാക്കിയിട്ടില്ല.

5. ഗ്രാമീണ തൊഴിൽ ദാന പദ്ധതിയായ ജവഹർ തൊഴിൽദാന പദ്ധതി ജനപങ്കാളിത്തത്തോടെയല്ല ഇന്ന് നടപ്പിലാക്കി വരുന്നത്. ഏതെങ്കിലും ഒരു കോൺട്രാക്ടറെ നോമിനിയായി നിർത്തിയാണ് ഈ പദ്ധതിയിലുള്ള വർക്കുകൾ ചെയ്യുന്നത്. ആയതിനാൽ നോമിനിയുടെ ലാഭേച്ഛ അനുവദിക്കുന്ന തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുക എന്ന തത്വത്തിന് വിഘാതം സൃഷ്ടിക്കുന്നു. ഈ പദ്ധതി നടപ്പാക്കുന്ന രീതിയിൽ അടിമുടി അഴിച്ചുപണി നടത്തേണ്ടതായിട്ടുണ്ട്.

6. ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പദ്ധതിയിൻ കീഴിൽ തെരെഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ എണ്ണം തുലോം കുറവാണ്. അനുവദിക്കുന്ന തുകയുടെ പരിമിതിയാണ് ഇതിന് കാരണമായി നിൽക്കുന്നത്.

7. 1000 ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന കണക്കിൽ 25 അംഗൻവാടികൾ ആവശ്യമായ നമ്മുടെ പഞ്ചായത്തിൽ11 അംഗനവാടികൾ മാത്രമെ നിലവിലുള്ളു. തൻമൂലം പ്രീ പ്രൈമറി ഏജ് ഗ്രൂപ്പിൽപെട്ട മുഴുവൻ കുട്ടികൾക്കും, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഇതിന്റെ ഗുണഫലം പൂർണ്ണമായും ലഭിക്കുന്നില്ല. മാത്രവുമല്ല പഞ്ചായത്തിന്റെ ഹൃദയഭാഗമായ എളേറ്റിൽ അങ്ങാടിയുടെ ഭാഗമായ 10 ാം വാർഡിൽ അംഗൻവാടി നിലവിലില്ല. കൂടാതെ നിലവിലുള്ള അംഗൻവാടികളിൽ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, കക്കൂസ് എന്നിവ ഇല്ലാത്തതും ഫർണ്ണീച്ചർ, കളിക്കോപ്പുകൾ എന്നിവയുടെ അപര്യാപ്തതയും ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. അംഗൻവാടികളിൽ പ്രവർത്തിക്കുന്ന വർക്കർമാരുടെയും ആയമാരുടെയും പ്രവർത്തനം മെച്ചപ്പെട്ടതാണെന്ന് പറഞ്ഞുകൂടാ. തുച്ഛമായ വേതനം മാത്രമേ അവർക്ക് ലഭിക്കുന്നുള്ളൂ. എല്ലാറ്റിനുമുപരി അംഗൻവാടിയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുകയും വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ട സാമൂഹ്യക്ഷേമ വകുപ്പിലെ ചിലഉദ്യോഗസ്ഥന്മാരുടെ താൽപര്യമില്ലായ്മയും ഉത്തരവാദിത്വ ബോധമില്ലായ്മയും ഈ അവസ്ഥയ്ക്ക് പ്രേരക ഘടകങ്ങളാണ്.

8. സംഘടിത- അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി വിവിധ ക്ഷേമബോർഡുകൾ മുഖേന നടപ്പിലാക്കി വരുന്ന ആനുകൂല്യങ്ങൾ പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികൾക്കും ലഭിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിലെ 5000- ൽ അധികം വരുന്ന തൊഴിലാളികളിൽ ഭൂരിപക്ഷം പേരും ഇത്തരം ക്ഷേമ നിധികളിൽ അംഗങ്ങളല്ല.

9. സംസ്ഥാന സർക്കാർ ഇന്ന് നടപ്പിലാക്കിവരുന്ന വിവിധ പെൻഷൻ പദ്ധതികളിൽ നിന്നുമുള്ള ധനസഹായം അർഹരായ പല ആളുകൾക്കും ലഭിക്കാത്ത സ്ഥിതിയും, അനർഹരായവർ കൈപ്പറ്റുന്ന രീതിയും നിലവിലുണ്ട്. കൂടാതെ ഇന്ന് നല്കിവരുന്ന തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നത് മുഖ്യമായും പല തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളാണെന്നുള്ളതും വിരോധാഭാസമായി നിലനിൽക്കുന്നു.

പെൻഷനുകൾ, തൊഴിലില്ലായ്മ വേതനം എന്നീ ഇനങ്ങിളിൽ ലഭിക്കുന്ന വേതനം വളരെ തുച്ഛമായതാണ്. ലഭിക്കുന്നതാകട്ടെ യഥാസമയത്ത് ലഭിക്കുന്നുമില്ല. ഓരോ മാസവും ലഭിക്കേണ്ട ഈ ആനുകൂല്യങ്ങൾ 5 ഉം 8 ഉം മാസങ്ങൾ കഴിഞ്ഞാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത്.

10. വികലാംഗർ, വിധവകൾ, അശരണർ, ആലംബഹീനർ തുടങ്ങി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പിന്തള്ളപ്പെട്ടവരെ പുനരധിവസിപ്പിക്കുവാനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിലില്ല.

11. സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യം, ഉദ്യോഗസ്ഥ തലത്തിലുള്ള അഴിമതി മൂലം പൂർണ്ണമായും താഴേതട്ടിലേക്ക് എത്തുന്നില്ല.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള ക്ഷേമപദ്ധിതികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ ക്ളാസുകൾ, സിംബോസിയങ്ങൾ, ശില്പശാലകൾ മുതലായവ സംഘടിപ്പിക്കേണ്ടതും, ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യേണ്ടതുമാണ്.

2. സന്നദ്ധ സംഘടകളുടെ സഹായത്തോടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് അർഹരായവരെ കണ്ടെത്തുകയും അപ്രകാരം തയ്യാറാക്കപ്പെടുന്ന

ലിസ്റ്റിൽ നിന്നും ഗുണഭോഗ്ലാക്കളെ തെരഞ്ഞെടുക്കുന്നതിനുമുള്ള അധികാരം ഗ്രാമപഞ്ചായത്തിന് കൈമാറ്റുക.

3. I.R.D.P ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വേണ്ടി നടത്തപ്പെടുന്ന സർവ്വെ വർഷം തോറും നടത്തുകയും വാർഷികവരുമാന പരിധി 25000 കയാക്കി ഉയർത്തുകയും ചെയ്യുക.

4. ട്രൈസം, D.W.C.R.A എന്നീ പദ്ധതികളിലെ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കുകയും വായ്പാതുകയും സബ്സിഡിയും വർദ്ധിപ്പിക്കുകയും ചെയ്തു.

5.വായ്പാ പദ്ധതിയിൻ കീഴിൽ വായ്പകൾ നൽകുന്നതിന്ന് വിമുഖത കാണിക്കുന്ന ബാങ്കുകൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും, വായ്പകൾ കാലതാമസം കൂടാതെ ലഭ്യമാക്കുകയും ചെയ്യുക.

6. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും കുടിവെള്ളം ലഭ്യമാക്കുകയും ചെയ്യുക.

7. ജനസംഖ്യാനുപാതമായി 13 അംഗൻവാടികൾ കൂടി ആരംഭിക്കുകയും അതിൽ 2 എണ്ണം തീരെ അംഗൻവാടികളില്ലാത്ത 10 ാം വാർഡിൽ അനുവദിക്കുകയും ചെയ്യുക.

8. എല്ലാ അംഗൻവാടികൾക്കും കക്കൂസ് നിർമ്മിക്കുന്നതിന്ന് ധനസഹായം നല്കുക.

9.ആവശ്യമായ കളിക്കോപ്പുകൾ, ഫർണ്ണിച്ചർ, പഠനോപകരണങ്ങൾ എന്നിവ വിതരണം ചെയ്യുക.

10. അംഗൻ വാടികളുടെ നിയന്ത്രണം ഗ്രാമപഞ്ചായത്തിന് കൈമാറുകയും ഓരോ അംഗൻവാടികളുടെയും പരിധിയിലുള്ളതും ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കേണ്ടതുമായ മുഴുവൻ ആളുകളെയും സെൻററുകളിലെത്തിക്കുവാൻ നടപടി സ്വീകരിക്കുക.

11. അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുകയും ചെയ്യുക.

12. പട്ടികജാതി ക്ഷേമവകുപ്പ്, പട്ടിക ജാതി വികസന കോർപ്പറേഷൻ എന്നിവ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾ കൂടുതൽ പട്ടികജാതി കുടുംബങ്ങൾക്ക് ലഭിക്കുന്നതിന്ന് നടപടി സ്വീകരിക്കുക.


13. മഹിളാ സമാജങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് മഹിളകളെ ബോധവൽക്കരിക്കുകയും കൂടുതൽ മഹിളാ സമാജങ്ങൾ ആരംഭിക്കുന്നതിന്ന് പ്രോത്സാഹനം നല്കുകയും ചെയ്യുക.


14. മഹിളാ സമാജങ്ങൾക്ക് നല്കിവരുന്ന ധനസഹായം വർദ്ധിപ്പിക്കുക.

15. സംഘടിത അസംഘടിത മേഖലകളിലെ മുഴുവൻ തൊഴിലാളികളെയും വിവിധ ക്ഷേമനിധിയിൽ അംഗങ്ങളാക്കി മുഴുവൻ പേർക്കും ആനുകൂല്യം ലങ്ങിക്കുന്നതിന് നടപടി സ്വീകരിക്കുക.

16. അർഹരായ മുഴുവൻ പേർക്കും, വിവിധ പെൻഷനുകൾ ലഭിക്കുന്നതിന്നും മുഴുവൻ തൊഴിൽ രഹിതർക്കും തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിന്നും നടപടി സ്വീകരിക്കുക.

17. വിവിധ പെൻഷൻ പദ്ധതികൾക്കുള്ള അപേക്ഷ സ്വീകരിക്കുവാനും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനുമുള്ള അധികാരം ഗ്രാമപഞ്ചായത്തിന് കൈമാറുക.





പട്ടിക 1

IRDP സർവ്വെ പ്രകാരം ദാരിദ്ര രേഖയ്ക്കു താഴെയുള്ളവരുടെ വിവരം.

വാർഡ് നമ്പർ	സർവ്വെപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച- കുടുംബങ്ങൾ	ഇതിൽ SC(വ്യക്തികൾ)	സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	2	3	4	5	6	7
1	298	10				
2	215	10				
3	294	40				
4	216	6				
5	244	11				
6	294	2				
7	346	33				
8	150	10				
9	93	7				
10	91	4	782	263	340	1901
	2241	133				

പട്ടിക 2.

ട്രൈസം- തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

ഇനം	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം
വയറിങ്	12	12
പ്ളാസ്റ്റിക് വർക്സ്	1	1
ടൈലറിങ്	4	4
അക്കൗണ്ടൻസി	1	1
ചെങ്കൽ കൊത്ത്	1	1
ഡീസൽ മെക്കാനിക്ക്	1	1
ഇലക്ട്രോണിക്സ്	4	4
പ്ളംബിഗ്	5	5
പ്രിൻറിംഗ്& കമ്പോസിങ്	1	1
ടി.വി.റിപ്പയർ	1	1
ഡ്രൈവിംഗ്	1	1
	32	32

പട്ടിക. 3.

DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ്	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ്.
1	2	3	4	5
4	കയറുൽപ്പന്നങ്ങളുടെ നിർമ്മാണം	25.12.1993	10 സ്ത്രീകൾ	നല്ലനിലയിൽ പ്രവർത്തിക്കുന്നു ലോൺസംഖ്യ പൂർണ്ണമായും തിരിച്ചടച്ചു.

പട്ടിക. 4.

അംഗനവാടി സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	അംഗനവാടികളുടെ എണ്ണം	അംഗനവാടി നമ്പർ	കെട്ടിടത്തിന്റെ സ്ഥിതി	അംഗനവാടിയിൽ വരുന്ന കുട്ടികളുടെ എണ്ണം	അംഗനവാടിയുടെ വരിധിയിൽ വരുന്ന കുട്ടികളുടെ എണ്ണം	ഗർഭിണികളുടെ എണ്ണം	മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	അനുപൂരകപോഷകാഹാരം ലഭിക്കുന്ന			കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പ്				
								കുട്ടികൾ	ഗർഭിണികൾ	മുലയൂട്ടുന്ന അമ്മമാർ	B.C.G	DPT	Polio Vaccin	DT	മീസിൽസ്
1	2	17.25	കെട്ടിടം	45	323	28	27	87	10	11	198	626	669	83	141
2	1	18	ഉണ്ട്	20	160	17	17	28	6	4	111	386	386	99	78
3	1	23	ഉണ്ട്	20	166	22	8	25	2	1	8	35	35	14	7
4	1	19	ഉണ്ട്	25	160	19	17	60	15	14	360	718	718	131	150
5	1	25	ഉണ്ട്	24	259	21	23	32	8	7	141	600	600	36	137
6	1	24	ഉണ്ട്	30	270	28	23	30	10	12	21	42	42	–	2
7	1	21	ഉണ്ട്		289	25	24	60	5	8	254	789	789	635	40
8	1	22	ഉണ്ട്		254	17	19	47	8	9	244	792	792	40	215
9	1	26	ഉണ്ട്		198	21	14	50	10	10	186	537	537	–	183
10	–	–	–	–	–	–	–	–	–	–	–	–	–	–	
11	1	104	ഉണ്ട്		159	19	15	15	9	7	156	447	447	12	119

പട്ടിക. 5.

പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ

വില്ലേജ്	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗപെൻഷൻ	വാർദ്ധക്യപെൻഷൻ	അവശ കലാകാര സാഹിത്യകാര പെൻൻ	അവശ കായിക തിര പെൻഷ	ക്ഷയ രോഗി പെൻഷൻ	കുഷ്ഠ രോഗി പെൻഷൻ	കാൻസർ രോഗി പെൻഷൻ	കർഷക തൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മ വേതനം
1	2	3	4	5	6	7	8	9	10	11	12
കിഴക്കോത്ത്		330	153	95	–	–	60	1	15	479	231
	ആകെ	330	153	95	–	–	60	1	15	479	231

5.7.(b) ഭവന നിർമ്മാണം

കുന്നുകളും താഴ്വരകളും നിറഞ്ഞ പ്രകൃതിരമണീയമായ പഞ്ചായത്തിൽ ഭവന നിർമ്മാണരംഗത്ത് ഗണ്യമായ പുരോഗതി ദൃശ്യമാണ്. പഞ്ചായത്തിലെ 26000ത്തോളം വരുന്ന ജനങ്ങൾ 6000ത്തോളം ഭവനങ്ങളിൽ വസിക്കുന്നവരാണ്. പൊതുവെ പഞ്ചായത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വാസഗൃഹങ്ങളുടെ അപര്യാപ്തത ഒരു പ്രശ്നമായി നിലനിൽക്കുന്നില്ല. പട്ടികജാതി വിഭാഗമടക്കം സമൂഹത്തിലെ തഴെക്കിടയിലുള്ളവരെ സംബന്ധിച്ചിടത്തോളം പലർക്കും താമസസൗകര്യമുണ്ടെങ്കിലും അവയൊക്കെ ഗണ്യമായി മെച്ചപ്പെടേണ്ടതുണ്ട്. പഞ്ചായത്തിൽ മൊത്തമുള്ള വാസഗൃഹങ്ങളെ 12.5% കോൺക്രീറ്റ്,50% ഓട്, 32.5%ഓലമേഞ്ഞവ, 5%ചെറ്റകുടിൽ എന്നിങ്ങനെ തരം തിരിക്കാവുന്നതാണ് പട്ടിക(1) നോക്കുക. പുതുതായി നിർമ്മിക്കുന്ന വീടുകളിൽ ഓലമേഞ്ഞവ വളരെ അപൂർവ്വമാണ്. നല്ലൊരു ശതമാനം കോൺക്രീറ്റ് മേൽക്കൂരയോട്കൂടിയ വീടുകളാണ് പുതുതായി നിർമ്മിച്ചുവരുന്നത് ഇതിന്റെ മുഖ്യകാരണം നിർമ്മാണസാമഗ്രികളിൽ പ്രധാന ഇനമായ മരഉരുപ്പടികളുടെ രൂക്ഷമായ ദൗർഭല്യവും അമിത വിലക്കയറ്റവുമാണ്. മുൻകാലങ്ങളിൽ ഈ പ്രദേശത്ത് സുലഭമായി ലഭിച്ചുകൊണ്ടിരുന്ന പ്ളാവ്, തേക്ക്, തുടങ്ങിയ മരങ്ങൾ ഇന്ന് അന്യദിക്കുകളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ട അവസ്ഥയാണുള്ളത്. മറ്റ് നിർമ്മാണ സാമഗ്രീകളായ കരിങ്കല്ല്, വെട്ട്കല്ല്, മണൽ, മെറ്റൽ, കമ്പി, സിമൻറ് എന്നിവയ്ക്കൊക്കെ കാലാനുസൃതമായ വിലക്കയറ്റമുണ്ടെങ്കിലും ലഭ്യത ഒരു പ്രശ്നമല്ല.

ഇടത്തരക്കാരായ ആൾക്കാർ വിവിധ ഭവന നിർമ്മാണ ഏജൻസികളിൽ നിന്നുള്ള വായ്പവഴിയാണ് ഗൃഹനാർമ്മാണത്തിന് ആവശ്യമായ പണം കണ്ടെത്തുന്നത്. കൊടുവള്ളിയിലെ സഹകരണ ഭവന നിർമ്മാണ സംഘം, സംസ്ഥാന ഭവന നിർമ്മാണ ബോർഡ്,സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന സർക്കാർ വായ്പ, L. I. C, K. S. F. E,കാൻഫിൻ ഹോം എന്നിവയാണ് പ്രസ്തുത ഏജൻസികൾ. ദരിദ്രവിഭാഗങ്ങൾ ഗ്രാമ, ബ്ളോക്കു, ജില്ലാപഞ്ചായത്ത്കൾ മുഖേന കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ വിവിധ പദ്ധതികളായ ഇന്ദിര ആവാസ്യോജന, ജവഹർ തൊഴിൽ ധാന പദ്ധതി, ഉപാധിരഹിതഫണ്ട് തുടങ്ങിയവയിൽ നിന്നുള്ള ധനസഹായം ഉപയോഗപ്പെടുത്തിയാണ് ഭവനനിർമ്മാണം നടത്തുന്നത്. വിദഗ്ധതൊഴിലാളികളുടെ കുറവും തൽഫലമായി നിർമ്മാണത്തൊഴിലാളികളുടെ കൂലിയിലുള്ള ക്രമാതീതമായ വർദ്ധനവും ഭവനനിർമ്മാണരംഗത്തെ ഒരു പ്രതിസന്ധിയിൽ എത്തിച്ചിരിക്കുകയാണ്. പഞ്ചായത്തിൽ 4ലക്ഷം വീടുകളിലായി 100ഓളം വീടുകളും 15ഹരിജൻ കോളനികളിലായി 250ഓളം വീടുകളും മൊത്തം വീടുകളുടെഎണ്ണത്തിൽ ഉൾപ്പെടുന്നു.

അതിദുർബലവിഭാഗങ്ങളിൽപ്പെട്ട ചുരുക്കം

കുടുംബങ്ങൾ വീടുവെക്കാൻ ആവശ്യമായ സ്ഥലമില്ലാത്തവരായി ഈ പഞ്ചായത്തിലുണ്ട് എന്ന വസ്തുത വിസ്മരിച്ചുകൂടാ. ഇങ്ങനെയുള്ളവർ കൂട്ടുകുടുംബങ്ങളായാണ് ഇപ്പോൾ താമസിക്കുന്നത്.

പ്രശ്നങ്ങൾ

ഭവന നിർമ്മാണത്തിനാവശ്യമായ ചെങ്കല്ല്, മെറ്റൽ, മരം, സിമൻറ് തുടങ്ങിയവയുടെ അപര്യാപ്തതയും വിലക്കൂടുതലും ഭവനനിർമ്മാണരംഗത്തെ തളർത്തുന്നു. 3വർഷം കൊണ്ട് 1000 ചെങ്കല്ലിന് 3500രൂപ വിലയുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോഴത്തെ വില 9000പൂപയിൽഎത്തിയതും ഒരുചാക്ക് സിമൻറിന്100രൂപയിൽ നിന്ന് 195രൂപയിലേക്കുയർന്നതും ചില ഉദാഹരണങ്ങൾ മാത്രം. ഭവന നിർമ്മാണത്തിനനുയേജ്യമായ ഭൂമിയുടെ ദൗർലഭ്യം കൂടുതലായി അനുഭവപ്പെടുന്നു. തെരഞ്ഞെടുക്കുന്ന പലസ്ഥലങ്ങളിലും കുടിവെള്ളക്ഷാമം നേരിടുന്നു എന്നത്കൊണ്ട് വയലുകൾ നികത്തി വീട് നിർമ്മിക്കാനുള്ള പ്രചോദനം ജനങ്ങളിൽ ഉണ്ടാകുന്നു. കുന്നിൻ പ്രദേശങ്ങളിലെ വീടുകളിൽ എത്തിച്ചേരുന്നതിനുള്ള ഗതാഗത സൗകര്യം പരിമിതമാണ് എന്നതും വയലുകളിൽ വീടുണ്ടാക്കുന്നതിന് ഒരു കാരണമാണ്. ഇടത്തരക്കാർക്കും ദരിദ്രർക്കും ഭവനവായ്പ ലഭിക്കുന്നതിനുള്ള സാങ്കേതീക നൂലാമാലകൾ പലതാണ്. വ്യവസ്ഥകൾ കഠിനങ്ങളുമാണ്. വായ്പാപദ്ധതികളെക്കുറിച്ച് അജ്ഞതയും പഞ്ചായത്തിന് സ്വന്തമായി വായ്പാസ്ഥാപനങ്ങളില്ലാത്തതും മറ്റുതടസ്സങ്ങളാണ്.

പട്ടികജാതി കോളനികളിൽ പശ്ചാത്തലസൗകര്യം വളരെക്കുറവാണ്. പ്രസ്തുത കോളനികളും ലക്ഷംവീടുകോളനികളും കുന്നിൻപ്രദേശത്തോ കുടിവെള്ളം ലഭ്യമല്ലാത്ത സ്ഥലങ്ങളിലോ ആണ് സ്ഥിതിചെയ്യുന്നത്. പ്രസ്തുത കോളനികളിൽ പ്രാഥമീകാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങൾ ഇല്ല. മുൻകാലത്ത് നിർമ്മിച്ച പലവീടുകളും അറ്റകുറ്റപ്പണി നടത്താതെ പൊട്ടിപ്പൊളിഞ്ഞുനിൽക്കുന്ന അവസ്ഥയാണ് ഉള്ളത്. ലക്ഷംവീടുകൾ ഡൂപ്ളക്സ് വീടുകളായതിനാൽ ശരിയായരീതിയിലുള്ള താമസ സൗകര്യമില്ല. കോട്ടോപ്പാറലക്ഷംവീട്, മുയിപ്പുറത്ത് പോയിൽ ലക്ഷംവീട്, വെള്ളാറം പാറ ലക്ഷംവീട്, മാക്കണ്ടി ലക്ഷംവീട് തുടങ്ങിയവയിലും ഹരിജൻ കോളനിവീടുകളിലും ജലദൗർലഭ്യം അനുഭവപ്പെടുന്നു. കൂടാതെ ഗതാഗതം, വൈദ്യുതി എന്നീസൗകര്യങ്ങളും ലഭ്യമല്ല.

ഗൾഫ് ജോലിക്കാരായ ആളുകൾ വരുമാനത്തിൻെറ മുഖ്യപങ്ക് ആഢംബരപൂർണ്ണവും കൊട്ടാരദൃശവുമായ ഭവന നിർമ്മാണത്തിന് വിനിയോഗിച്ച് വരുന്നപ്രവണത മറ്റ് സ്ഥലങ്ങളിലെന്നപോലെ ഇവിടെയും കണ്ടുവരുന്നു. പ്രത്യുല്പാദനപരമല്ലാത്ത ഈ മുതൽമുടക്ക് സ്വന്തത്തിന് തന്നെ ദോഷം ചെയ്യുന്നതോടൊപ്പം ഒരു സമൂഹ്യപ്രശ്നവും കൂടിയാണ്. ചിലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് ആധുനീക സാങ്കേതീകവിദ്യയെക്കുറിച്ചുള്ള അറിവില്ലായ്മയും ഒരു പ്രധാന പ്രശ്നമാണ്.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. നിർമ്മാണസാമഗ്രികൾ കുറഞ്ഞ വിലയക്ക് ലഭ്യമാക്കാനുള്ള ഏർപ്പാടുകൾ ചയ്യുക.

2. ചിലവ് കുറഞ്ഞ വീട് നിർമ്മാണത്തിൽ ബോധവൽക്കരണവും പരിശീലനവും നൽകുക.

3. ഭവന വായ്പാ സൗകര്യങ്ങളെ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ പ്രചാരണം നടത്തുക.

4. പഞ്ചായത്ത്തലത്തിൽ സ്വന്തമായി ഭവനനിർമ്മാണസഹകരണസംഘം ആരംഭിക്കുക.

5. വായ്പാ ലഭ്യതക്കുള്ള നടപടിക്രമങ്ങൾ സുഗമമാക്കുകയും വ്യവസ്ഥകൾ ലഘൂകരിക്കുകയും ചെയ്യുക.

6. ലക്ഷംവീടുകളിലുംമറ്റുമുള്ള ദി മുഖ ഭവനങ്ങൾ മാറ്റി ഒരു കുടുംബത്തിന് ചെറുതെങ്കിലും ഒരു വീട് എന്ന തത്വമനുസരുച്ച് പദ്ധതി നടപ്പാക്കുക.

7. ദരിദ്ര വിഭാഗങ്ങളുടെ വീടുകളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായം ചെയ്യുക.

8. ഗതാഗത സൗകര്യം, ജലലഭ്യത മുതലായ അടിസ്ഥാന സൗകര്യങ്ങളുള്ള സ്ഥലങ്ങൾ കണ്ടുപിടിച്ച് 'നാല് സെൻറ്' വീട് പദ്ധതി പഞ്ചായത്തിൽ നടപ്പാക്കുക.

10. അമിതമായ വലിപ്പവും, അനാവശ്യമായ ആഢംബരവുമുള്ള കെട്ടിടങ്ങൾക്ക് ആഢംബരനികുതി ഏർപ്പെടുത്തുക.


9. കെട്ടിട നിർമ്മാണ രംഗത്തെ തൊഴിലാളികൾക്ക് പരിശീലനം നൽകാനുള്ള ഏർപ്പാടുണ്ടാക്കുകയും അതുവഴി മിതമായ കൂലിക്ക് തൊഴിലാളികളെ കിട്ടാനുള്ള സൗകര്യമുണ്ടാക്കുകയും ചെയ്യുക.

പട്ടിക - 1

കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നില	കോൺക്രീറ്റ്	ഓട്	ഓല
1	664	13	66	383	215
2	448	10	39	248	161
3	653	29	41	343	269
4	476	29	33	242	201
5	649	19	48	336	265
6	484	17	66	333	85
7	657	18	56	322	279
8	538	20	67	270	201
9	635	87	181	428	26
10	552	69	144	183	225
ആകെ	57	56	741	3088	1927







5.8 സംസ്കാരം

എളിയ 'ആർ' ഒഴുകുന്ന എളേറ്റിൽ അംശവും കിഴക്കോത്ത് അംശവും ഉൾക്കൊള്ളുന്ന കിഴക്കോത്ത് പഞ്ചായത്തിലെ ജനതതി മതസൗഹാർദ്ദവും എളിമയും കളിയാടുന്ന സംസ്കാരത്തിന്റെ ഉടമകളാണ്. ശാന്തമായ അന്തരീക്ഷം നില നിൽക്കുന്ന ഈ പഞ്ചായത്തിന്റെ പൈതൃകം ഒത്തുതീർപ്പിനും സഹകരണത്തിനും പുകൾപെറ്റതാണ്. ചെറുകിട കർഷകരും കർഷകത്തൊഴിലാളികളും ഉൾക്കൊള്ളുന്ന ഭൂരിപക്ഷം പിന്നോക്കവിഭാങ്ങൾ അധിവസിക്കുന്ന ഈ ഗ്രാമം വിദ്യഭ്യാസപരമായി പിന്നിലായിരുന്നുവെങ്കിലും സാംസ്കാരികമായി സാമാന്യ നിലവാരം പുലർത്തിയിരുന്നു.

സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ ഖിലാഫത്ത് പ്രസ്ഥാനവുമായി ബന്ധപ്പെട്ട് 1920 ൽ പന്നൂർ-കിഴക്കോത്ത് പ്രദേശത്ത് നടന്ന ചില അനിഷ്ടസംഭവങ്ങൾ പര്യവസാനിച്ചത് രഞ്ജിപ്പിലായിരുന്നു. 1921 ൽ നടന്ന മലബാർ സമരത്തിന്റെ അലയൊലികൾ കിഴക്കോത്ത് ഗ്രാമത്തിന്റെ സമീപപ്രദേശങ്ങളിൽ വീശിയടിച്ചിരുന്നുവെങ്കിലും ഈ ഗ്രാമത്തെ ബാധിക്കാതിരുന്നത് ഒത്ത് തീർപ്പിന്റെ പരിണിത ഫലമായിരുന്നു. കിഴക്കോത്ത് അധികാരിമാർ ബ്രിട്ടീഷ് പട്ടാളക്കാരോടും ഖിലാഫത്ത് നേതാക്കന്മാർ സമരക്കാരോടും ഈ പ്രദേശത്തേക്ക് പ്രവേശിക്കരുതെന്ന ധാരണയുണ്ടാക്കാൻ പ്രേരകമായത് പന്നൂർ- മറിവീട്ടിൽ നടന്ന ചില്ലറ അനിഷ്ട സംഭവങ്ങളിൽ നിന്നുള്ള അനുഭവ പാഠമായിരുന്നു.

മതസൗഹാർദ്ദവും സഹകരണവും കളിയാടിയിരുന്ന അര നൂറ്റാണ്ടിലധികം പഴക്കമുള്ള ജനങ്ങളുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന ഒരാഘോഷമായിരുന്നു ആവുപ്പാട് നേർച്ച. വടകരയിൽ നിന്നും കത്തറമ്മൽ എത്തിയ കാരക്കാട്ടിൽ അബൂബക്കർ കോയ തങ്ങളുടെ മരണശേഷം കത്തറമ്മൽ ആഘോഷിച്ചിരുന്ന ചരമവാർഷികം സന്ദർഭവശാൽ ഗ്രാമത്തിലെ ചളിക്കോടിനടുത്തുള്ള ആവുപ്പാട്ടിലേക്ക് മാറ്റുകയായിരുന്നു. കുന്നത്തെയും പരിസരപ്രദേശങ്ങളിലേയും ജന്മിയായിരുന്ന വലിയ ചന്തുനായർ സ്ഥിരമായി നൽകിയിരുന്ന അരച്ചാക്ക് അരിയും ഉദ്ദിഷ്ടകാര്യ സാധ്യത്തിനായി ജനങ്ങൾ നേർച്ചയായി നൽകിയിരുന്ന ഭക്ഷ്യസാധനങ്ങൾ ഉൾപ്പെടെയുള്ള സംഭാവനകളുമായിരുന്നു പ്രധാന വരുമാനം. 1970 കളിൽ ഈ ആണ്ട് നേർച്ച ഒരു മഹാ ആഘോഷമായിരുന്നു. ആവുപ്പാട്ട് വയലിലെ ഒരു ഹെക്ടറോളം സ്ഥലത്ത് നിർമിച്ച വിശാലമായ പന്തലിനകത്ത് ഒരാഴ്ചക്കാലം നീണ്ട് നിന്നിരുന്ന അന്നദാന പരിപാടിയിൽ ദിനംപ്രതി 65 ചാക്കോളം അരിയും നേർച്ചയായി ലഭിച്ചിരുന്ന ആയിരക്കണക്കിന് കോഴികളും ഉപയോഗിച്ചാണ് നാനാദേശത്ത് നിന്നും എത്തിച്ചേർന്നിരുന്ന വിവിധ ജാതി-മതസ്ഥരായ ആയിരക്കണക്കിനാളുകളെ സൽക്കരിച്ചിരുന്നത്. ഇതിന്റെ ശ്രമകരമായ നടത്തിപ്പിൽ പ്രദേശത്തെ മുസ്ലീം പ്രമുഖരും കുന്നത്ത് നായർ കുടുംബവുമാണ് കയ് മെയ് മറന്ന് പ്രവർത്തിച്ചിരുന്നതെന്ന സത്യം മതസൗഹാർദ്ദ രംഗത്തെ തിളക്കമാർന്ന അദ്ധ്യായമാണ്.

മുസ്ലീംകൾ ഭൂരിപക്ഷമായ കിഴക്കോത്ത് ഗ്രാമ

പഞ്ചായത്തിലെ ഏറ്റവും പുരാതനമായ മുസ്‌ലീം ആരാധനാലയമാണ് കിഴക്കോത്ത് ജുമുഅത്ത് പള്ളി. കത്തറമ്മൽ ഉരുളിക്കുന്ന്, എളേറ്റിൽ, പന്നൂർ, ഒഴലക്കുന്ന്, കണ്ണിറ്റമാക്കിൽ, വഴിക്കടവ്, ചളിക്കോട്, എളേറ്റിൽ ടൗൺ, കൂട്ടാക്കിൽ (കച്ചേരി മുക്ക്), കോട്ടക്കൽ, പുത്തലത്ത് പറമ്പ്, പുവ്വത്തൊടുക, പാറമ്മൽ തുടങ്ങിയ സ്ഥലങ്ങളിലുള്ള ജുമു അത്ത് പള്ളികൾ ഈ ഗ്രാമത്തിലെ മുസ്‌ലീം ആരാധനാലങ്ങളിൽ പ്രധാനമാണ്. കലാവിരുത് മുറ്റി നിൽക്കുന്ന കൊത്തുപണികൾ കൊണ്ടലങ്കൃതമായ ഒരു നൂറ്റാണ്ടിന്റെ കഥ പറയുന്ന മിംബർ (പ്രസംഗ പീഠം) കത്തറമ്മൽ പള്ളിയിലെ ഒരമൂല്യ സമ്പത്താണ്.

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ ഒരു നൂറ്റാണ്ട് പഴക്കമുള്ള ഹൈന്ദവക്ഷേത്രമാണ് കുന്നത്ത് ശിവ ക്ഷേത്രം. ഇതിന്റെ 500 മീ. കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ശിവപാർവതിമാരുടെ ലീലാവിലാസങ്ങൾ അരങ്ങേറിയിരുന്നുവെന്നു ഐതീഹ്യമുള്ള പടുവൃക്ഷങ്ങളും തരുലതാദികളും ഇടതിങ്ങി വളരുന്നതും വറ്റാത്ത നീരുറവ പ്രവഹിച്ചുകൊണ്ടിരിക്കുന്നതുമായ 'കോട്ട'യിൽ നിന്നുള്ള എഴുന്നള്ളത്തോടെയാണ് കുംഭമാസത്തിലെ തിറയാഘോഷം ആരംഭിക്കുന്നത്. വർണശബളമായ എഴുന്നള്ളത്ത്, കോമരം, തെയ്യം കെട്ടി ആടൽ, തായമ്പക, കരിമരുന്ന് പ്രയോഗം എന്നിവ ഈ ആഘോഷത്തിന്റെ മുഖ്യയിനങ്ങളാണ്. കിഴക്കോത്ത് അംശത്തിലെ ചെറുമല കരിയാത്തൻ കാവ്, മറിവീട്ടിൽ താഴം ക്ഷേത്രം എന്നിവ ഉത്സവങ്ങൾ നടക്കുന്ന ഹൈന്ദവക്ഷേത്രങ്ങളാണ്.

എഴുപതുകളുടെ ആദ്യപകുതിയിൽ സാഘോഷം കൊണ്ടാടിയിരുന്ന കാർഷികോത്സവമാണ് ചെറ്റക്കടവ് കന്നുകാലിച്ചന്ത. ചന്ത കുറ്റിയറ്റതോടെ നല്ലയിനം കാലികളെ ലഭിക്കുവാനുള്ള അവസരം കർഷകർക്ക് നഷ്ടമായി. മാത്രമല്ല ലോക വോളിബോളിന് ഇന്ത്യയുടെ സംഭാവനയായ ജിമ്മിയുടെയും ഇന്ത്യൻ താരമായ വടകര മൂസയുടെയും ഉഗ്രൻ സ്മാഷുകൾ കിടിലം കൊള്ളിച്ചിരുന്ന വോളീബോൾ മത്സരങ്ങൾ നിന്നുപോയത് വോളീബോൾ പ്രേമികൾക്ക് തീരാനഷ്ടമാണ്. മരണക്കിണറ്, മാജിക് ഷോ, നൃത്ത നൃത്യങ്ങൾ ഹലുവാ സ്റ്റാളുകൾ, വള സ്റ്റാളുകൾ തുടങ്ങിയവ ഇന്നും ജനമനസ്സുകളിൽ പുളകം കൊള്ളിക്കുന്ന ഓർമ്മകളാണ്.

വടകരയിൽ നിന്നും വന്ന കാരക്കാട്ടിൽ അബൂബക്കർ കോയ തങ്ങളുടെ മരുമകനായിരുന്ന കുഞ്ഞിസീതിക്കോയയുടെ പരമ്പരയാണ് കാരക്കാട്ടിൽ കുടുംബം. പരേതരുടെ ഖബറിടങ്ങൾ ഒരു പ്രത്യേക കെട്ടിടത്തിനകത്ത് സംരക്ഷിച്ചിരിക്കുന്ന ഇവിടെ രോഗശമനത്തിനായി ജനങ്ങൾ സന്ദർശിക്കുക പതിവാണ്.

നഖ്ശ ബന്ധി ത്വരീഖത്തിന്റെ പിൻഗാമികൾ എന്നവകാശപ്പെടുന്ന മലപ്പുറം, വയനാട്, കോഴിക്കോട്, എന്നീ ജില്ലകളിൽ നിരവധി അനുയായികളുള്ള കൊരുൽ ശൈഖ് എന്നറിയപ്പെടുന്ന പുത്തൻ വീട്ടിൽ അഹമ്മദ് കുട്ടിതങ്ങളുടെ ആസ്ഥാനം കിഴക്കോത്ത് ദേശത്താണ്.

സംസ്കാരത്തിന്റെ സ്രോതസ്സുകളാണല്ലോ വിദ്യാലയങ്ങളും ഗ്രന്ഥാലയങ്ങളും. ഒരു നൂറ്റാണ്ട് പിന്നിട്ട എളേറ്റിൽ ജി.എം.യു.പി സ്ക്കൂളും ഒന്നര പതിറ്റാണ്ടിയി ഉന്നത നിലവാരം പുലർത്തി പ്രശോഭിക്കുന്ന എം. ജെ. ഹൈസ്ക്കൂളടക്കമുള്ള പന്ത്രണ്ട് സ്കൂളുകൾ സാംസ്കാരിക രംഗത്തെ നാഴികക്കല്ലുകളാണ്.

60- കളിലാണ് പഞ്ചായത്തിൽ പ്രധാന ഗ്രന്ഥാലയങ്ങളും വായനശാലകളും നിലവിൽ വന്നത്. ഈ സ്ഥാപനങ്ങൾ ഗ്രാമത്തിൽ സാംസ്കാരികോന്നമനത്തിനു വഴി തെളിയിച്ചിട്ടുണ്ട്.

വലിയപറമ്പ് പ്രദേശത്തിന്റെ സാംസ്കാരികോന്നമനത്തിന് സഹായകമായിരുന്ന ഇപ്പോൾ പ്രഭാത് ഗ്രന്ഥാലയം എന്നറിയപ്പെടുന്ന വാഗ്ഭടാനന്ദ ഗ്രന്ഥാലയം ആരംഭിച്ചത് വലിയ പറമ്പിൽ എ.എം.യു.പി. സ്കൂൾ അദ്ധ്യാപകരായ പണിക്കർ മാസ്റ്റർ, ഡാപ്പോയിൽ അത്യമാൻ കുട്ടി മാസ്റ്റർ, ഗോവിന്ദൻ കുട്ടി മാസ്റ്റർ തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു. 1962- ൽ സ്ഥാപിതമായ എളേറ്റിൽ ഗ്രാമീണ ഗ്രന്ഥാലയം ടൗണിലും പരിസരത്തും സാംസക്കാരിക രംഗത്ത് ചലനങ്ങൾ സൃഷ്ടിച്ചിരുന്നു. മർഹൂം കരുമ്പാപ്പൊയിൽ അഹമ്മദ് ഹാജി, ചെറുവത്ത് വേലു തുടങ്ങിയ സാംസ്കാരിക പ്രവർത്തകർ നേതൃത്വം നൽകി സ്ഥാപിച്ച ഗ്രന്ഥാലയം ഇടക്കാലത്ത് നിദ്രാവസ്ഥയിലായിരുന്നുവെങ്കിലും വീണ്ടും സജീവമായി പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നു. ചളിക്കോടിനു സമീപം കാഞ്ഞിരത്താം പൊയിൽ- തടായിൽ റോഡിൽ 1969- ൽ സ്ഥാപിതമായ എളേറ്റിൽ പബ്ളിക് ലൈബ്രറി കെ. ചന്തുനായർ, ഉണ്ണിമോയി ഹാജി, കുമാരൻ നായർ തുടങ്ങിയവരുടെ പരിലാളനയിലാണ് വളർന്നത്.

കിഴക്കോത്ത് പുത്തലത്ത് പറമ്പത്ത് പഞ്ചായത്ത് വകയായുള്ള ലൈബ്രറിക്ക് തുടക്കം കുറിച്ചത് തിയ്യക്കണ്ടി ബാലൻ നായരുടെയും പരേതനായ മറിവീട്ടിൽ ഗോപാൻ കുട്ടിനായരുടെയും നേതൃത്വത്തിലാണ്. പന്നൂരിൽ 1963- ൽ ചാത്തുക്കുട്ടി നായർ മർഹും അഹമ്മദ് കുട്ടി മാസ്റ്റർ തുടങ്ങിയവർ മുൻപന്തിയിൽ നിന്ന് സ്ഥാപിച്ച യുവജനസംഘം വായനശാല, ഗ്രന്ഥാലയം സാസ്കാരിക രംഗത്ത് ചലനങ്ങൾ സൃഷ്ടിച്ചിരുന്നു.

5 ാം വാർഡിൽ കോട്ടക്കലുള്ള സുഭാഷ് ഗ്രന്ഥാലയം ഏറെക്കാലമായി അടഞ്ഞുകിടക്കുകയാണ്. 6 ാം വാർഡിൽപ്പെട്ട ആവിലോറ ദേശത്തെ 30 വർഷത്തോളം പ്രവർത്തിച്ചിരുന്ന യുവജന വായനശാല ഇന്നു പ്രവർത്തിക്കുന്നില്ല. എങ്കിലും ഒരു സെൻറ് ഭൂമി അതുമായി ബന്ധപ്പെട്ട് അവശേഷിക്കുന്നുവെന്നത് പുതിയ ബിൽഡിംങ്ങ് പണിത് വായനശാല പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യത നൽകുന്നു.

എളേറ്റിൽ തറോൽ പ്രദേശത്ത് പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചിരുന്ന ദേശീയ ദിനാഘോഷങ്ങൾ കൊണ്ടാടിയിരുന്ന സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിച്ച ഗ്രന്ഥാലയം എല്ലാം നഷ്ടപ്പെട്ട് കേവലം ഓർമയായി നിലനിൽക്കുന്നു.

പഞ്ചായത്ത് ലൈബ്രറിക്കും 8 ാം വാർഡിലുള്ള എളേറ്റിൽ പബ്ളിക് ലൈബ്രറിക്കും മാത്രമേ കെട്ടിടങ്ങളുള്ളൂ. മറ്റുള്ളവയ്ക്ക് കെട്ടിടങ്ങൾ നിർമിച്ച് പ്രവർത്തനങ്ങൾ സജീവമാക്കുകയും ഇതരവാർഡുകളിൽ ഗ്രന്ഥാലയങ്ങൾ സ്ഥാപിക്കുകയും ചെയ്യേണ്ടത് പഞ്ചായത്തിലെ സാംസ്കാരികോന്നമനത്തിന് ആവശ്യമാണ്.

ഗ്രാമപഞ്ചായത്ത് സമിതി സ്വന്തം മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടത്തുന്ന പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട സാംസ്കാരി കേന്ദ്രമാണ് നാലാം വാർഡിൽ കുറ്റ്യേങ്ങുവയലിൽ നിലകൊള്ളുന്ന സാംസ്കാരിക നിലയം.

എളേറ്റിൽ ഈസ്റ്റ്, സി.എച്ച് സ്മാരക ഗ്രന്ഥാലയം. കുളരാന്തരിയിൽ പ്രവർത്തിക്കുന്ന സംഗമം വായനശാല, തറോൽ അബ്ദുറഹിമാൻ സ്മാരക വായനശാല (കിഴക്കോത്ത് ഈസ്റ്റ്) എളേറ്റിൽ ടൗണിലെ സർസയ്യിദ് വായനശാല, എൻ.ഐ.എസ്.എഫ്. വായനശാല കൈയിൽക്കടവ് എന്നിവ വായനാശീലം വളർത്തുന്നതിൽ പങ്കുവഹിക്കുന്നതിന് സഹായകരമായ സ്ഥാപനങ്ങളാണ്. പഞ്ചായത്തിൽ പൊതുവെ സാംസ്കാരിക രംഗത്ത് ഉണർവ്വ് കാണുന്നതും വിശേഷാൽ ഗ്രാമസഭകളിൽ കൂടുതൽ ഗ്രന്ഥാലയങ്ങൾ ആരംഭിക്കാൻ സഹായം നൽകാൻ നിർദ്ദേശങ്ങൾ വന്നതും ശുഭോദർക്കമാണ്. വിവിധ മഹല്ല്യകൾ കേന്ദ്രീകരിച്ച് നിരവധി സാംസ്കാരിക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘടനകളുടെ പ്രവർത്തനങ്ങളും സാംസ്കാരിക രംഗത്ത് ഒരു മുതൽക്കൂട്ടാണ്.

സമൂഹത്തിലെ അടിസ്ഥാന വിഭാഗമായ 8% ത്തോളം വരുന്ന പട്ടികജാതി വിഭാഗങ്ങൾ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക രംഗത്ത് വളരെയേറെ പിന്നോക്കമായിരുന്നുവെങ്കിലും സർക്കാരുകളുടെ ക്ഷേമപ്രവർത്തനങ്ങൾ സാംസ്കാരിക രംഗത്തെ ചലനങ്ങൾ എന്നിവ കാരണമായി മുന്നോക്കം പ്രാപിച്ചു വരുന്നു.

ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം വായനാശീലം വളരെ പരിമിതമാണ് എന്നത് ഒരു വസ്തുതയാണ്. ബോധവൽക്കരണത്തിന് ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയാൽ മാത്രമേ പ്രശ്നങ്ങൾക്ക്. പരിഹാരമുണ്ടാവുകയുള്ളൂ.

കായിക രംഗം

കായിക രംഗത്ത് ഇന്ന് സംസ്ഥാന തലത്തിൽ അറിയപ്പെടുന്ന ഒരു പഞ്ചായത്താണ് നമ്മുടേതെങ്കിലും, ഈ രംഗത്ത് ഏറെ പാരമ്പര്യങ്ങൾ ഒന്നും തന്നെ അവകാശപ്പെടാനില്ല. ജീവിതത്തിൻെറ എല്ലാതുറകളിലും പിന്നിലായിരുന്ന ഈ പഞ്ചായത്തിന്ന് കായികരംഗത്ത് വ്യത്യസ്തമായൊരു ചരിത്രം അവകാശപ്പെടാനില്ലെന്ന വസ്തുത അദ്ഭുതമുളവാക്കുന്നില്ല. നമ്മുടെ രാജ്യത്ത് പ്രചാരത്തിലിരിക്കുന്ന പല കളികളും നമ്മുടെ പഞ്ചായത്തിലേക്ക് കടന്നു വരുന്നതിന് ഏറെ സമയമെടുത്തിരുന്നു. കായിക രംഗത്തുണ്ടായിരുന്ന ഈ പിന്നോക്കാവസ്ഥക്ക് കാരണം നമ്മുടെ പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും വിദ്യാഭ്യാസരംഗത്ത് അക്കാലത്തുണ്ടായിരുന്ന മാന്ദ്യതയുമായിരുന്നു.

നാടൻ പന്തുകളിയും മറ്റു കായിക വിനോദങ്ങളും അന്നു പ്രചാരത്തിലുണ്ടായിരുന്നു. ഈ കളികളെല്ലാം തന്നെ വേനൽ കാലങ്ങളിൽ മാത്രമേ കളിച്ചിരുന്നുള്ളൂ. മകരക്കൊയ്ത്ത് കഴിഞ്ഞാൽ വയലേലകളിൽ സായാഹ്നങ്ങൾ സജീവമാകുകയായി. പന്തുവെട്ടിക്കളി എന്ന പേരിൽ പരക്കെ അറിയപ്പെട്ടിരുന്ന നാടൻ പന്തുകളിയായിരുന്നു പ്രധാനമായും ഉണ്ടായിരുന്നത്. പ്രവിശാലമായ പാടങ്ങളിൽ ഒരു കിലോമീറ്ററിൽ അധികം ദൂരത്തിൽ രണ്ടു അതിർത്തികൾ നിശ്ചയിച്ച് മത്സരങ്ങളിൽ പങ്കെടുക്കുന്ന കളിക്കാരെ രണ്ട് ടീമുകളാക്കി തിരിച്ച് മൈതാന മധ്യത്തിൽ നിന്നും പന്ത് ഇരുഭാഗത്തേക്കും കൈകൊണ്ട് നീട്ടി അടിച്ച് അതിർത്തി കടത്തുന്ന കളിയായിരുന്നു ഇത്. നിശ്ചിത സമയ പരിധിയിൽ ഏറ്റവും കൂടുതൽ പ്രാവശ്യം പന്ത് അതിർത്തി കടത്തുന്ന ടീം വിജയികളാവും ആധുനിക ഹോക്കികളുടെ പ്രാകൃത രൂപമായിരുന്ന കരടിക്കളിയും അന്ന് സർവസാധാരണമായിരുന്നു.

ആയോധന മുറകൾ പരിശീലിപ്പിച്ചിരുന്ന കളരികളും അക്കാലത്ത് നിലവിലുണ്ടായിരുന്നു. കിഴക്കോത്ത് പഞ്ചായത്തിൽ ചൂരക്കൊടി കളരി സംഘത്തിൻെറ ഒരു ശാഖയും കൂട്ടി ഗുരുക്കൾ നടത്തിയ സി.പി.എം. കളരി സംഘത്തിൻെറ ശാഖയും പ്രവർത്തി

ച്ചിരുന്നു. മലയാളി കളരി സംഘത്തിന്റെ സ്ഥാപകനായിരുന്നു മർഹൂം മുതുവാട്ടുശ്ശേരി അബൂബക്കർ കുട്ടി ഗുരുക്കളുടെ ശിഷ്യനായിരുന്നു.

പഞ്ചായത്തിൽ പ്രചുര പ്രചാരം നേടിയ വോളിബോൾ മറിവീട്ടിൽ താഴത്താണ് ആദ്യമായ സംഘടിപ്പിക്കപ്പെട്ടത്. പരിമിതമായ സ്ഥലവും കുറഞ്ഞ സാമ്പത്തിക ബാധ്യതയും മാത്രം ആവശ്യമായ ഈ കളി പഞ്ചായത്തിന്റെ ഇതര ഭാഗങ്ങളിൽ അതിവേഗം പ്രചരിക്കപ്പെട്ടു. നാടൻ പന്ത് കളിക്ക് വേദിയായിരുന്ന കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിലേക്ക് വോളിബോൾ കടന്നു വന്നു. മകരക്കൊയ്ത്ത് കഴിഞ്ഞ് കാലവർഷം ആരംഭിക്കുന്നത് വരെയുള്ള കാലയളവിൽ മാത്രമേ വോളിബോൾ കളിക്കുന്നതിനും സൗകര്യമുണ്ടായിരുന്നുള്ളൂ. പഞ്ചായത്തിലെ ചളിക്കോട്, കത്തറമ്മൽ, ആവിലോറ, പന്നൂര് മറിവീട്ടിൽ താഴം എന്നീ പ്രദേശങ്ങളിൽ വോളിബോൾ ടീമുകൾ ക്രമേണ രംഗത്ത് വന്നു.

ചളിക്കോട് ആസ്ഥാനമായി പ്രവർത്തനമാരംഭിച്ച വെട്രൻസ് ആർട്സ് & സ്പോർട്സ് ക്ളബ് കോഴിക്കോട് ജില്ലാ വോളിബോൾ അസോസിയേഷന്റെ അംഗീകാരം ലഭിച്ച പഞ്ചായത്തിലെ ആദ്യ ക്ളബ്ബാണ്. വ്യവസ്ഥാപിതമായ രീതിയിൽ വോളിബോൾ മത്സരങ്ങൾ നമ്മുടെ പഞ്ചായത്തിൽ ആദ്യമായി സംഘടിപ്പിക്കപ്പെട്ടതും ഈ ക്ളബ്ബിന്റെ ആഭിമുഖ്യത്തിലായിരുന്നു. എളേറ്റിൽ പൂനൂര് റോഡരുകിൽ ചെറ്റക്കടവ് വയലിൽ വെച്ചായിരുന്നു വോളിബോൾ ടൂർണമെൻറ് സംഘടിപ്പിക്കാറ്. ദേശീയ അന്തർദ്ദേശീയ പ്രശസ്തി നേടിയ ജിമ്മി, മൂസ, ജോസ്, ബാലൻ നമ്പ്യാർ, സാല തുടങ്ങിയ വോളിബോൾ താരങ്ങളണിനിരന്ന ജില്ലയിലെ പ്രഗത്ഭ ടീമുകളായിരുന്നു പ്രസ്തുത ടൂർണ്ണമെൻറിൽ പങ്കെടുത്തിരുന്നത്. വോളിബോളിന് നമ്മുടെ പഞ്ചായത്തിൽ വേരുണ്ടാക്കുന്നതിൽ ഈ ക്ളബ്ബ് വഹിച്ച സേവനം സ്തുത്യർഹമാണ്.

ഏതാണ്ട് ഇതേ കാലഘട്ടത്തിൽ വോളിബോൾ രംഗത്ത് ആവിലോറയിൽ പ്രവർത്തിച്ചിരുന്ന മറ്റൊരു പ്രമുഖ ക്ളബാണ് വിക്ടറി ആർട്സ് ആൻഡ് സ്പോർട്സ് ക്ളബ്. ഈ കാലയളവിൽ തന്നെ പന്നൂര് കുറ്റേങ്ങ് വയൽ കേന്ദ്രീകരിച്ച് ബ്രദേർസ് ആർട്സ് ആൻഡ് സ്പോർട്സ് ക്ളബും സജീവമായി പ്രവർത്തന രംഗത്തുണ്ടായിരുന്നു. ഈ ക്ളബുകളുടെയെല്ലാം പ്രവർത്തനം പല കാരണങ്ങളാലും ക്രമേണ മന്ദീഭവിച്ചു. ഈ അവസ്ഥക്ക് ഒരു മാറ്റം വന്നത് 1984- ൽ എളേറ്റിൽ ആസ്ഥാനമായി എക്ളാറ്റ് ആർട്സ് ആൻഡ് സ്പോർട്സ് ക്ളബിന്റെ ആവിർഭാവത്തോടു കൂടിയാണ്.

എളേറ്റിലും പരിസര പ്രദേശങ്ങളിലുമുള്ള വോളിബോൾ കളിയിൽ താൽപര്യമുള്ള യുവാക്കളെ സംഘടിപ്പിച്ച് ശാസ്ത്രീയ രീതിയിൽ പരിശീലനം നൽകുക എന്ന ഉദ്ദേശത്തോടെയാണ് ക്ളബ് രൂപീകരിക്കപ്പെട്ടത്. ചുരുങ്ങിയ കാലം കൊണ്ട് തന്നെ കോഴിക്കോട് ജില്ലാ ചാമ്പ്യൻഷിപ്പിൽ സി.ബി.ഡിവിഷൻ ചാമ്പ്യൻ പട്ടങ്ങളും എ. ഡിവിഷനിൽ രണ്ടാം സ്ഥാനവും തുടർച്ചയായ വർഷങ്ങളിൽ നേടിയതോടു കൂടി ക്ളബ് ജില്ലാതത്തിൽ അറിയപ്പെടാൻ തുടങ്ങി. ഒട്ടേറെ വോളിബോൾ താരങ്ങളെ സംഭാവന ചെയ്യാൻ ഈ ക്ളബിനു സാധിച്ചിട്ടുണ്ട്. ഇന്ത്യൻ പി. ആൻഡ്.ടി ടീം ക്യാപ്റ്റനായിരുന്ന പി.ഐ. മുഹമ്മദ് ഏതാനും മാസങ്ങൾ മുമ്പ് വാഹന അപകടം മൂലം ജീവിതത്തിന്റെ വസന്തത്തിൽ തന്നെ കൊഴിഞ്ഞു പോയ വയനാട് ജില്ലാ പോലീസ് ടീമിന്റെ കളിക്കാരനായിരുന്ന എളേറ്റിൽ തോട്ടത്തിൽ മുഹമ്മദ് അഷ്റഫ് എന്നീ കളിക്കാർ വളർന്നു വന്നത് ഈ ക്ളബിലൂടെയാണ്.

ഗ്രാമപ്രദേശത്ത് വോളിബോൾ കളിക്ക് പ്രചാരവും അംഗീകാരവും നേടിക്കൊടുക്കുന്നതിൽ ഈ ക്ളബ് വഹിച്ച പങ്ക് പ്രശംസനീയമാണ്. പട്ടണ പ്രദേശങ്ങളിൽ മാത്രം നടത്തപ്പെട്ടിരുന്ന സംസ്ഥാന യൂത്ത് വോളി ബോൾ ചാമ്പ്യൻഷിപ്പ് നാട്ടിൻപുറത്തേക്ക് കൊണ്ട് വരികയും എളേറ്റിൽ എം.ജെ.ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ വെച്ച് 1993- ൽ അത് വിജയകരമായി സംഘടിപ്പിക്കുകയും ചെയ്തതോടു കൂടി സംസ്ഥാന തലത്തിൽ അറിയപ്പെടാൻ തുടങ്ങി. ഇന്നും ഈ പഞ്ചായത്തിൽ ഏറ്റവും നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന ഒരു ക്ളബാണ് എക്ലാറ്റ്.

മേൽപറഞ്ഞ ക്ളബുകൾക്ക് പുറമെ മറിവീട്ടിൽ താഴം കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്ന സ്പോർട്ടോ ആർട്സ് &സ്പോർട്സ് ക്ളബും വോളി ബോൾ രംഗത്ത് ഒട്ടേറെ സംഭാവനകൾ അർപ്പിച്ച ഒന്നാണ്. വോളിബോളിനു പുറമെ ഫുട്ബോൾ ക്ളബുകളും പഞ്ചായത്തിൽ നിലവിലുണ്ട്. കച്ചേരി മുക്ക് സിൻസിയർ സ്പോർട്സ് ക്ളബ്, എളേറ്റിൽ ഓസ്കർ സ്പോർട്സ് ക്ളബ് എന്നിവ ഈ ഗണത്തിൽപ്പെടുന്നു.

പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ഒട്ടുമിക്ക ക്ളബുകളും സാമ്പത്തിക പരാധീനതയനുഭവിക്കുന്നവയാണ്. സ്വന്തമായ ഗ്രൗണ്ടുകൾ ഉള്ള ഒരു ക്ളബു പോലും പഞ്ചായത്തിലില്ല. ക്ളബിന്റെ മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് ഭീമമായ തുക വർഷംതോറും ആവശ്യമായി വന്നതിനാൽ ക്ളബുകൾക്ക് കായികരംഗത്ത് ഏറെ സംഭാവനകളർപ്പിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. കൂടാതെ അത്ലറ്റിക് ഇനങ്ങളിൽ സ്ഥിരമായി പരിശീലനം നൽകുന്ന ക്ളബുകളോ അത്ലറ്റ് ടീമുകളോ ഇന്നു നിലവിലില്ല. അത്ലറ്റിക് മത്സരങ്ങൾ

ഇപ്പോൾ സ്കൂൾ തലങ്ങളിൽ മാത്രമേ സംഘടിപ്പിക്കുന്നുള്ളൂ. അനുയോജ്യരായ സ്റ്റേഡിയങ്ങളുടെ അഭാവമാണ് ഇതിനു പ്രധാന കാരണം. ഈ ആവശ്യത്തിനു വേണ്ടി പഞ്ചായത്ത് ചെറ്റക്കടവിൽ വിലക്കു വാങ്ങിയ സ്ഥലം ഈ ആവശ്യത്തിന് അനുയോജ്യമല്ലാത്തതിനാൽ ഇപ്പോൾ ഉപയോഗ ശൂന്യമായി കിടക്കുകയാണ്.

കായികരംഗം പുഷ്ടിപ്പെടുത്തുക വഴി ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിന് കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ നേതൃത്തിൽ ക്ളബുകൾക്ക് പ്രചോദനം നൽകുകയും ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്യേണ്ടതാവശ്യമാണ്.

കല

കലാസാഹിത്യ രംഗം കിഴക്കോത്ത് പഞ്ചായത്തിൽ ഏറെ സമ്പന്നമാണ് എന്ന് പറയാൻ പറ്റില്ലെങ്കിലും മൊത്തം ജനവിഭാഗത്തിന്റെ ഈ രംഗത്തോടുള്ള പ്രതിപത്തിയുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് തന്നെ സജീവമായിരുന്നു. ജനസംഖ്യയുടെ എഴുപത് ശതമാനത്തിലധികം മുസ്ളീംകളായത് കൊണ്ട് ഈ രംഗത്ത് അവരുടെ സഹകരണത്തിന് പാരമ്പര്യമായിത്തന്നെ പരിമിതികളുണ്ടായിരുന്നുവെന്ന് കേരളീയ കലകളോടും സാഹിത്യത്തോടുമുള്ള അവരുടെ സമീപനത്തിൽ പ്രകടമാണ്.

സാഹിത്യരംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച പഴയകാല വ്യക്തിത്വങ്ങളിൽ പന്നൂർ എടവലക്കണ്ടിയിൽ ചേക്കുമുസ്ല്യാർ, അനുജൻ ഖാദർ മുസ്ല്യാർ എന്നിവർ പ്രത്യേകം സൂരിക്കപ്പെടേണ്ടവരാണ്. ചേക്കുമുസ്ല്യാരുടെ വോളിബോളിനെക്കുറിച്ചുള്ള പാട്ടിലെ ചില വരികൾ ഇവിടെ കുറിക്കുന്നു.

കേട്ടീടുവിൻ ലോകരെ
ഇന്നാട്ടിലിക്കുറി നല്ല
കേളിയൊന്നല്ലാതെ മുന്നം
ബോള് കണ്ടിട്ടില്ല
നാട്ടി രണ്ട് തൂണതിൻമേൽ
കൂട്ടി ക്കെട്ടി ചൂടി
നാണിയപ്പെട്ടുള്ളവർകൾ
വന്നുചോട്ടിൽ ക്കൂടി
തട്ടിടാനായാളടുത്ത്
തഞ്ചവും തായം മികത്ത്
തുഞ്ചിടാ കളിയൊന്നു മൂത്ത്
ആളു പെട്ടെന്നേ-
നിന്നാ ബോള് തട്ടുന്നേ

വിനോദങ്ങളെക്കുറിച്ചു പോലും അന്നു പാട്ടുകൾ രചിക്കപ്പെട്ടിരുന്നുവെന്നത് ഈ വരികളിലൂടെ വ്യക്തമാണല്ലോ.

പഴയകാല കലാഗ്രൂപ്പുകളുടേയും വ്യക്തികളുടേയും കൂട്ടത്തിൽ എളേറ്റിൽ കെ.പി. സെയ്ത് ഹാജി (മാപ്പിള-ഖിസ്സപ്പാട്ട്) ചൂഴലിക്കര നെല്ലമ്പിര(കോൽക്കളി) മുതുവാടുശ്ശേരി അഹമ്മദ് കുട്ടി ഹാജി, കോട്ടക്കുന്നുമ്മൽ മൊയ്തീൻ, പിലാവുള്ളതിൽ പോക്കർ കുട്ടി(ദഫ്), എളേറ്റിൽ ആശാരിതൊടുക അബൂബക്കർ(മുട്ടും വിളിയും) കിഴക്കോത്ത് കച്ചേരി മുക്കിലെ കാരക്കുന്നുമ്മൽ ചന്തു(തെയ്യം) പന്നൂർ കെ.ടി.മുഹമ്മദ് മുറിയാട്ടിൽ ബാലൻ നായർ (നാടകം) എന്നിവരും വലിയപറമ്പ് കത്തറമ്മൽ അറക്കൽ ഒപ്പന സംഘം, പന്നൂർ മാപ്പിള കോൽക്കളി സംഘം, കാരക്കാട്ടിൽ, കിളിയമ്പ്രടത്തിൽ, തയമാടുമ്മൽ ദഫ് സംഘങ്ങൾ തുടങ്ങിയവയും ഉൾപ്പെടുന്നു. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ മാപ്പിള ഗാനമേളകൾ അവതരിപ്പിച്ചിരുന്ന ഫ്രൻറ്സ് മ്യൂസിക് ക്ളബ് പട്ടേരി മുക്ക്, എക്സ്ട്രാ ഓർക്കസ്ട്ര എന്നിവയുടെയും സേവനം എടുത്തുപറയത്തക്കതാണ്.

സംസ്ഥാന യുവജനോത്സവത്തിൽ വിവിധ ചിഹ്നങ്ങളിലായി സ്വർണ മെഡൽ നേടിയ കെ.പി. മുഹമ്മദ് ഇഖ്ബാൽ, എ.കെ. അബ്ദുൽ മജീദ്, പി.പി. അബ്ദു നാസർ എന്നിവർ നമ്മുടെ പഞ്ചായത്തിന്റെ യശസ്സുയർത്തിയവരാണ്.

കലാസാഹിത്യമണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒട്ടേറെ വ്യക്തികൾ നമ്മുടെ പഞ്ചായത്തിലുണ്ട് സാഹിത്യകാരനും കവിയുമായ ഇ.കെ.എം.പന്നൂർ, മാപ്പിളകലാപ്രതിഭ പക്കൽ പന്നൂർ, ക്ഷേത്രകലകളിൽ പ്രാവീണരായ മണ്ണാരക്കൽ വേലുക്കുട്ടി, കാരക്കുന്നുമ്മൽ രാമൻ എന്നീപേരുകൾ പ്രത്യേകം എടുത്തുപറയത്തക്കവയാണ്.

വിവിധ കലാമത്സരങ്ങൾ സംഘടിപ്പിക്കുകയും കലാപ്രതിഭകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിൽ എളേറ്റിൽ എക്സ്ട്രാ ആർട്സ് ക്ളബ്, സിംകൊ പന്നൂർ, സീനിയ മറിവീട്ടിൽ താഴം, ഹിൽവ്യൂ വെള്ളാരമ്പാറ മല, കലാരഞ്ജൻ ചളിക്കോട്, തുടങ്ങിയവയുടെ പങ്ക് നിസ്തുലമാണ്.

സജീവമായ കൂട്ടായ്മയിലൂടെ അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ ജില്ലയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കിഴക്കോത്ത് പഞ്ചായത്തിൽ ഈ രംഗത്ത് ഇനിയും നിരവധി സംഭാവനകൾ നൽകാൻ കഴിയും

പഞ്ചായത്തിന്റെ നേതൃത്വത്തിൽ കലാസാഹിത്യ പരിപോഷണത്തിനായി ഏകീകൃത രൂപമുണ്ടാക്കുകയും ഗ്രാൻറ്, മറ്റു ധനസഹായങ്ങൾ എന്നിവ നൽകി

തനിമ നിലനിർത്തുകയും ചെയ്യാൻ നമുക്ക് കൂട്ടായി യത്നിക്കാം

പ്രശ്നങ്ങൾ

1,2,5,6,9,11 എന്നീ വാർഡുകളിൽ വായനശാലകൾ നിലവിലില്ല. വളരെ പഴക്കം ചെന്ന എളേറ്റിൽ ഗ്രാമീണ ഗ്രന്ഥാലയം, വലിയ പറമ്പ്, പ്രഭാത് ഗ്രന്ഥാലയം, പന്നൂർ യുവജന ഗ്രന്ഥാലയം എന്നിവക്ക് സ്ഥിരം കെട്ടിടമില്ല. ചളിക്കോടിനു സമീപമുള്ള എളേറ്റിൽ പബ്ളിക്ക് ലൈബ്രറിക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ആവശ്യമായ ഫർണിച്ചറുകളുടെ അഭാവവും ഈ ഗ്രന്ഥാലയങ്ങളുടെ പോരായ്മകളാണ്.

2. സാക്ഷരതാ പ്രവർത്തനം തുടർന്നു നടത്തുന്നതിനും സ്ത്രീകൾക്ക് വായനാശീലം വളർത്തുന്നതിനും സംവിധാനങ്ങളൊന്നുമില്ല.

3കലാ കായിക പ്രസംഗം പ്രോത്സാഹന രംഗം പ്രോത്സാഹിപ്പിക്കുന്നതിനു പഞ്ചായത്ത് തലത്തിൽ സംവിധാനമില്ലെന്നു മാത്രമല്ല പഞ്ചായത്തിനു സ്വന്തമായ കളിസ്ഥലം പോലുമില്ല.

4. പ്രൈമറി വിദ്യാലയങ്ങളിൽ ആവശ്യമായ ബാല സാഹിത്യ ഗ്രന്ഥങ്ങളോ വായനാശീലം വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളോ ഇല്ല.

5. പഞ്ചായത്തിൽ ഇൻഫർമേഷൻ സെൻറർ ഇല്ല

സാധ്യതകളും നിർദ്ദേശങ്ങളും

1. 1,2,5,6,9,11 വാർഡുകളിൽ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക

2. 4,7,10 എന്നീ വാർഡുകളിൽ പ്രവർത്തിക്കുന്ന പൊതു ഗ്രന്ഥാലയങ്ങൾക്ക് കെട്ടിടം നിർമിക്കുക.

3. 8 ാം വാർഡിലെ എളേറ്റിൽ പബ്ളിക് ലൈബ്രറി കെട്ടിടം വൈദ്യുതീകരിക്കുന്നതിനു നടപടി സ്വീകരിക്കുക.

4. ഗ്രന്ഥാലയങ്ങൾക്ക് നൽകിവരുന്ന വാർഷിക ഗ്രാൻറ് വർദ്ധിപ്പിക്കുകയും ആവശ്യമായ ഫർണിച്ചർ, റോഡിയോ, ടി.വി, എന്നിവ നൽകുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.

5. പഞ്ചായത്തിലെ ഗ്രന്ഥാലയങ്ങളെയും വായനശാലകളെയും ഏകോപിപ്പിച്ച് ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നതിന് ഒരു കേന്ദ്രസ്ഥാപനം ഉണ്ടാക്കുക.

6. കലാ കായിക രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന ക്ളബുകൾക്ക് വാർഷിക ഗ്രാൻറ് അനുവദിക്കുക.

7. പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുക.

8. സജീവമായി പ്രവർത്തിക്കുന്ന ക്ളബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുക.

9. കായിക പ്രതിഭകളെ 'ചെറുപ്പത്തിലെ കണ്ടെത്തുക' എന്ന മുദ്രാവാക്യത്തിൻെറ ഭാഗമായി പഞ്ചായത്തിൽ വളർന്നുവരുന്ന കായിക പ്രതിഭകളെ കുരുന്നു പ്രായത്തിൽ കണ്ടെത്തി ക്ളബുകളുടെ ആഭിമുഖ്യത്തിൽ ശാസ്ത്രീയ രീതിയിൽ പരിശീലനം നൽകുന്നതിനും ധനസഹായം നൽകുക.

10. സജീവമായി പ്രവർത്തിക്കുന്ന ക്ളബുകൾക്ക് സ്വന്തമായി കളിസ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകുക.

11. പഞ്ചായത്തിലെ പ്രധാന കേന്ദ്രത്തിൽ കമ്യൂണിറ്റി ഹാളും ഓപ്പൺ തീയറ്ററും നിർമ്മിക്കുക.

പഞ്ചായത്തിലെ ക്ലബ്ബുകൾ

1.	എക്ലാറ്റ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, എളേറ്റിൽ
2.	മെട്രോ, ഈസ്റ്റ് പന്നൂർ
3.	ഭാവന ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പുത്തലത്ത്.
4.	തിലക്, സർഗവേദി, കിഴക്കോത്ത്
5.	വോയ്സ് ഓഫ് ആർട്സ്, മറിവീട്ടിൽതാഴം.
6.	സീനിയർ റിക്രിയേഷൻ ക്ലബ്ബ്, മറിവീട്ടിൽതാഴം.
7.	സ്പോർട്ടോ ആർട്സ് മറിവീട്ടിൽതാഴം.
8.	സിംകൊ, പന്നൂർ
9.	സൈമ, പന്നൂർ.
10.	എലൈറ്റ് ആർട്സ് ൗ സ്പോർട്സ് ക്ലബ്ബ്, എളേറ്റിൽ ഈസ്റ്റ്.
11.	കമാൻേറാസ്, എളേറ്റിൽ
12.	ത്രിവർണ്ണ ആർട്സ് ൗ സ്പോർട്സ് ക്ലബ്ബ്, എളേറ്റിൽ തറോൽ.
13.	ഫ്രൻസ്, തുവ്വക്കുന്ന്.
14.	കലാരഞ്ജൻ ആർട്സ്, ചളിക്കോട്.
15.	സിൻസിയർ, കച്ചേരിമുക്ക്.
16.	ഹൈമ, കച്ചേരിമുക്ക്.
17.	താര ആർട്സ് ൗ സ്പോർട്സ്, ചളിക്കോട്.
18.	ഓസ്കാർ, എളേറ്റിൽ
19.	സേവന പരപ്പാറ
20.	ഹവാല, കൈവേലിക്കടവ്.
21.	സംഗമം റീഡിംഗ് റൂം, എളേറ്റിൽ കുളരാന്തിരി.
22.	ഗ്രാമോദയം വായനശാല, ആവിലോറ
23.	തറോൽ അബ്ദുറഹിമാൻഹാജി വായനശാല, കിഴക്കോത്ത് ഈസ്റ്റ്.
24.	എൻ.ഐ.എസ്.എഫ്. വായനശാല, കൈവേലിക്കടവ്.
25.	സർസയ്യിദ് വായനശാല, എളേറ്റിൽ.

മുകളിൽപറഞ്ഞ ക്ലബ്ബുകളധികവും സജീവമായി പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിലെ പ്രധാനഗ്രന്ഥാലയങ്ങൾ

പേര്	സ്ഥാപിത വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെഎണ്ണം	ശരാശരി പ്രതിമാസ വിതരണം	ആനുകാലികങ്ങളുടെ എണ്ണം	അനുബന്ധ പ്രവർത്തനങ്ങൾ
ഗ്രാമീണ ഗ്രന്ഥാലയം ഏളേറ്റിൽ	1960	ഇ	1950	500	2 പത്രങ്ങൾ 8 വാരികകൾ 6 മാസികകൾ	ഗ്രാമീണ കലാവേദി
എളേറ്റിൽ പബ്ലിക്ക് ലൈബ്രറി	1971	ഇ	1800	460	2 പത്രങ്ങൾ 2 വാരിക	
പ്രഭാത് ഗ്രന്ഥാലയം വലിയപറമ്പ	1964	ഇ	1900	300	2 പത്രങ്ങൾ 2 വാരിക	നീർജീവം
യുവജനസംഘം വായനശാല & ഗ്രന്ഥാലയം പന്നൂർ	1963	ഇ	2200	300	5 ദിനപത്രങ്ങൾ 3 വാരിക 1 മാസിക	
പഞ്ചായത്ത് ഗ്രന്ഥാലയം പുത്തലത്ത് പറമ്പ്	1965		150	നീർജീവമായിക്കിടക്കുന്ന ലൈബ്രറി വീണ്ടും പ്രവർത്തനം ആരംഭിക്കും		
സി.എച്ച് സ്മാരക ഗ്രന്ഥാലയം, ഏളേറ്റിൽ ഈസ്റ്റ്	1984	അഫിലയേഷനില്ല	650	260	2ദിനപത്രങ്ങൾ 2 വാരിക	

"നമ്മിലുറങ്ങിക്കിടക്കുന്ന ഇച്ഛാ ശക്തിയെ ഉണർത്തുകയും ജീവിതത്തിലെ പരീക്ഷണങ്ങളെ പൗരുഷത്വത്തോടെ നേരിടാനാവശ്യമായ മനക്കരുത്തുണ്ടാക്കിത്തരികയും ചെയ്യുന്ന കലയാണ് ഏറ്റവും നല്ല കല."

- ഇഖ്ബാൽ

5.9 വനിതാക്ഷേമം

ഇന്ത്യയിൽ പൊതുവെ പുരുഷന്മാരേക്കാൾ എണ്ണത്തിൽ കൂടുതലുള്ളത് സ്ത്രീകളാണല്ലോ. അവരുടെ ഉന്നമനം സാധ്യമാവാത്തിടത്തോളം കാലം സമൂഹത്തിന്റെ വികസനം നമുക്ക് അപ്രാപ്യമാണ്. എങ്കിലും ഇക്കാലമത്രയും അവർ അവഗണിക്കപ്പെട്ടു കിടക്കുന്നതായാണ് നമുക്ക് കാണാൻ കഴിയുന്നത്. വനിതകളുടെ കാര്യത്തിൽ നാം കാണിച്ച നിസ്സംഗതയാണ് നമ്മുടെ സാമൂഹ്യ രംഗത്തെ തകർച്ചക്ക് കാരണം.

കോഴിക്കോട് ജില്ലിയിൽ പെട്ട കൊടുവള്ളി വികസന ബ്ലോക്കിൽ സാമൂഹ്യ വികസന രംഗത്ത് ഏറെ പിന്നോക്കം നിൽക്കുന്ന കിഴക്കോത്ത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 12,480 പേർ സ്ത്രീകളാണ്. ഏകദേശം 49.55% വരുമിത്.

ചരിത്രപരമായ കാരണങ്ങളാൽ സ്ത്രീവിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കപ്പെടാതിരുന്ന ഇന്നലെകളിൽ ഈ പഞ്ചായത്തിന്റെ സ്ഥിതിയും വ്യതസ്തമായിരുന്നില്ല. എന്നാൽ ഇടക്കാലത്ത് നാട്ടിൽ മൊത്തത്തിലുണ്ടായ പുരോഗതി സ്ത്രീകളുടെ ഇടയിലും മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ സ്ത്രീ സാക്ഷരത 74.73% മുണ്ടെങ്കിലും സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലിയുള്ളവരോ ഉന്നത വിദ്യാഭ്യാസം നേടിയവരോ ആയ സ്ത്രീകൾ വളരെ വിരളമാണ്. എണ്ണത്തിൽ കുറവാണെങ്കിലും കലാശാലാദ്ധ്യാപികമാർ വരെ പഞ്ചായത്തിലുണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല.

സ്ത്രീധന സമ്പ്രദായം നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും നമ്മുടെ നാട്ടിൽ ഇന്നും ഇതൊരു പ്രശ്നമായി അവശേഷിക്കുന്നു. സാമ്പത്തികമായി കുറഞ്ഞ രക്ഷിതാക്കളെയാണിത് സാരമായി ബാധിക്കുന്നത്. സാമൂഹ്യ പ്രവർത്തകരുടെ ശ്രദ്ധ ഈ രംഗത്ത് പതിയേണ്ടിയിരിക്കുന്നു. ബോധവൽക്കരണം വഴി ഈ സമ്പ്രദായത്തിന്റെ കണിശതയെങ്കിലും കുറക്കാൻ ശ്രമിക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് ചാരായം നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ ചില പ്രത്യേക സ്ഥലങ്ങളിൽ ഇന്നും വ്യാജവാറ്റും വിതരണവും നടക്കുന്നുണ്ടെന്നത് നമുക്ക് കാണാതിരിക്കാനാവില്ല. ഇത് മൂലം ഏറ്റവും കഷ്ടതയനുഭവിക്കുന്നത് വനിതകളാണ്.

പ്രശ്നങ്ങൾ

ഗ്രാമസഭകളിൽ ഉയർന്ന് വന്ന ചർച്ചകളിൽ നിന്നും വനിതകൾക്കിടിയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ താഴെ പറയും വിധം സമാഹരിക്കാം.

1. ഉന്നത വിദ്യാഭ്യാസ രംഗത്തും അത് വഴി സർക്കാർ ഉദ്യോഗ രംഗത്തുമുള്ള പിന്നോക്കാവസ്ഥ

2. സർക്കാർ തലത്തിലും സാമൂഹ്യ സേവന രംഗങ്ങളിലും വനിതകൾക്ക് മാത്രമായുള്ള വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അജ്ഞത. മഹിളാ സമാജങ്ങൾ, മഹിളാ സഹകരണ സംഘങ്ങൾ ഡി. ഡബ്ളിയൂ. സി.ആർ. എ, തുടങ്ങിയ രംഗങ്ങളിൽ ഉള്ള നിരവധി സാധ്യതകൾ നാമമാത്രമായി

പോലും പ്രയോജനപ്പെടുത്തുന്നില്ല.

3.സ്ത്രീ ജനങ്ങളുടെ ഇടയിൽ 25% ത്തിൽ അധികം വരുന്ന നിരക്ഷരതയും തന്മൂലം പൊതുരംഗത്തേക്ക് ഇറങ്ങി വരാനുള്ള വൈമുഖ്യവും സ്ത്രീകളെ പിന്നോക്കാവസ്ഥയിലേക്ക് തള്ളി വിടുന്നു.

4. നാട്ടിലൊരു പകർച്ചാവ്യാധി പോലെ വ്യാപിച്ചിട്ടുള്ള സ്ത്രീധന സമ്പ്രദായവും ആഭരണ ഭ്രമവും മൂലം വിവാഹ മാർക്കറ്റിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി. ഇടത്തരത്തിലും അതിന് താഴെയുമുള്ള കുടുംബത്തിലെ യുവതികൾക്ക് ഒരു കുടുംബ ജീവിതം പലപ്പോഴും സ്വപ്നമായി അവശേഷിക്കുന്നു.

5. ഒരു വിഭാഗം കുടുംബനാഥന്മാർക്കിടയിൽ നിലനിൽക്കുന്ന മദ്യപാനശീലം സാമ്പത്തിക ദുരിതത്തിനും കുടുംബ വഴക്കുകൾ കാരണമാകുന്നു. യുവാക്കൾക്കിടയിൽ ചെറിയ തോതിൽ വ്യാപിച്ചു വരുന്ന മയക്കുമരുന്ന് ഉപയോഗം സ്ത്രീകളുടെ സുരക്ഷിതത്വത്തിനെതിരേയുള്ള ഒരു ഭീഷണിയായി വളർന്നു വരുന്നു.

6.രോഗ പ്രതിരോധ പരിപാടികളെയും ആരോഗ്യ ശീലങ്ങളെയും സംബന്ധിച്ച് കുടുംബിനികൾക്കിടയിലുള്ള അജ്ഞത.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് വിദ്യാർത്ഥിനികളെ ആകർഷിപ്പിക്കാൻ സ്കൂൾ തലത്തിൽ മാതൃ പി.ടി.എ കൾ കാര്യക്ഷമമായി പ്രവർത്തിക്കുകയും വനിതാസംഘടനകൾ വഴിയായി പ്രചരണം നടത്തുകയും ചെയ്താൽ സ്ത്രീകൾക്കിടയിൽ ഉന്നത വിദ്യാഭ്യാസരംഗത്തും സർക്കാർ ഉദ്യോഗ രംഗത്തും നേട്ടം കൈവരിക്കാൻ കഴിയും.

2. നമ്മുടെ ബ്ളോക്കിലും പഞ്ചായത്തിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇന്ദിരാ മഹിളാ സമാജങ്ങളുടെ പരിധിയിൽ അർഹരായ മുഴുവൻ സ്ത്രീകളെയും കൊണ്ട് വരികയും പ്രസ്തുത സമാജങ്ങൾ വഴിയായി മഹിളാ സഹകരണ സംഘങ്ങൾ, ഡി.ഡബ്ളിയു, സി.ആർ.എ, യൂണിറ്റുകൾ റെഡിമെയ്ഡ് നിർമ്മാണ യൂണിറ്റുകൾ, അച്ചാർ, സ്കാഷ്, ജാം നിർമ്മാണ യൂണിറ്റുകൾ. എന്നിങ്ങനെ സ്ത്രീകൾക്ക് കുടിൽ വ്യവസായമായും സംഘടിതമായും ജോലി ചെയ്യാവുന്ന സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

സ്ത്രീകൾക്ക് സ്വന്തമായി ചെയ്യാവുന്ന തൊഴിലുകളിലുള്ള പരിശീലനത്തിന്റെ അഭാവം പരിഹരിക്കാൻ വിവിധ തെഴിലുകളിൽ പരിശീലന പരിപാടികളെ സംഘടിപ്പിക്കേണ്ടതാണ്.


3. വനിത കൾക്കിടയിൽ സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കാവുന്നതാണ്.

4. മദ്യപാനത്തിനു മയക്ക് മരുന്ന് ഉപഭോഗത്തിനും എതിരെ വ്യാപകമായ പ്രചാരണ പരിപാടികളും ബോധവൽക്കരണവും സന്നദ്ധ സംഘടനകൾ വഴിയായി നടത്താവുന്നതാണ്. എക്സൈസ്- പോലീസ് വകുപ്പുകളുടെ സഹകരണ ഈ രംഗത്ത് അനുപേക്ഷണീയമാണ്.

5. സ്ത്രീധന സമ്പ്രദായം, ആഭരണ ഭ്രമം, വിവാഹ ധൂർത്ത് എന്നിവയ്ക്കെതിരായി യുവാക്കൾക്കിടയിൽ ഫലപ്രദമായ പ്രചരണം നടത്തുക വഴി ഈ രംഗത്ത് ഒരു പരിധി വരെ മാറ്റം ഉണ്ടാക്കാൻ സാധിക്കുന്നതാണ്. ഇതിന്നായി മതസംഘടകളുടെയും മതനേതാക്കളുടെയും സേവനങ്ങൾ നമുക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

6. രോഗപ്രതിരോധ പരിപാടികളെക്കുറിച്ചുള്ള ബോധത്തിന്റെ കുറവും ആരോഗ്യ ശീലങ്ങളിലുള്ള അജ്ഞതയും ഇല്ലായ്മ ചെയ്യാൻ വനിതകളെ മാത്രം പങ്കെടുപ്പിച്ചുകൊണ്ട് വനിതാ ഡോക്ടർമാർ നടത്തുന്ന പഠനക്ളാസുകൾ പഞ്ചായത്തിലെ എല്ലാ വാർഡിലും നിർബന്ധമായും സംഘടിപ്പിക്കേണ്ടതാണ്.

ഉദ്യോഗ രംഗങ്ങളിലും തൊഴിൽ രംഗങ്ങളിലും സ്ത്രീകൾക്കിടയിൽ മുന്നേറ്റം ഉണ്ടാവുകയും അത് വഴി അവർക്ക് സാമ്പത്തിക സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുകയും ചെയ്താൽ സമൂഹത്തിൽ അവർക്ക് അധികാരവും മാന്യതയും ഉണ്ടാവുമെന്ന കാര്യം നിസ്തർക്കമാണ്.



5.10. സഹകരണം

ഭൂപ്രകൃതിയുടെ പ്രത്യേകത മൂലം കാലാകാലങ്ങളിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ വെള്ളപ്പൊക്കം, വരൾച്ച മുതലായ പ്രകൃതിക്ഷോഭങ്ങൾ സർവ്വസാധാരണമായിരുന്നു. ഉൽപാദനത്തിലുണ്ടായ ഗണ്യമായ കുറവ് മൂലം കർഷകർ കടബാദ്ധ്യതയിൽ അകപ്പെടുകയും, നിത്യവൃത്തിക്കുപോലും ബുദ്ധിമുട്ട് അനുഭവിക്കുന്ന അവസ്ഥ സംജാതമാവുകയും ചെയ്തു. ഇത്തരം കർഷക സമൂഹത്തെ സഹായിക്കുക എന്ന ഉദ്ദേശത്തോടെയാണ് 1904-ൽ സഹകരണ നിയമം പാസ്സാക്കപ്പെട്ടത്. ആയതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ടവയാണ് ഐക്യനാണയ സംഘങ്ങൾ.

കിഴക്കോത്ത് പഞ്ചായത്തിലെ കുറ്റ്യേങ്ങ് വയൽ പ്രദേശത്ത് 1920-കളിൽ ഐക്യനാണയസംഘം എന്ന പേരിൽ സഹകരണസംഘം നിലവിലുണ്ടായിരുന്നു. ഈ സംഘത്തിൽ നിന്ന് 25/- രൂപ വീതം കർഷകർക്ക് വായ്പ നൽകിയിരുന്നു. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി നടന്ന മലബാർ കലാപത്തോടെ ഈ സംഘം നാമാവശേഷമാവുകയാണുണ്ടായത്.

1950-കളിൽ വലിയപറമ്പ്, കിഴക്കോത്ത്, ആവിലോറ എന്നീ സ്ഥലങ്ങളിൽ ഐക്യനാണയസംഘങ്ങൾ രൂപീകരിക്കപ്പെട്ടു. വലിയപറമ്പിൽ 1954-ൽ കെ. ചെക്കു, ശങ്കരപ്പണിക്കർ (പണിക്കർ മാസ്റ്റർ) എന്നിവരും, ആവിലോറയിൽ 1956-ൽ ചക്കിട്ടകണ്ടിയിൽ കാതിരിക്കുട്ടി ഹാജിയും, കിഴക്കോത്ത് പി.വി.എസ് ഹുസൈൻ എന്ന വ്യക്തിയുമായിരുന്നു ഇതിന്റെ സ്ഥാപകന്മാർ. 1961-ലെ കേരളസഹകരണനിയമപ്രകാരം ഇവ സേവനസഹകരണ സംഘങ്ങളായി രൂപാന്തരപ്പെട്ടു.

നമ്മുടെ പഞ്ചായത്തിൽ ഇന്ന് പ്രവർത്തിച്ചുവരുന്ന സഹകരണസംഘങ്ങൾ താഴെ പറയുന്നവയാണ്.

1. സേവനസഹകരണ സംഘങ്ങൾ - മൂന്ന്
2. ക്ഷീരോല്പാദകസഹകരണ സംഘങ്ങൾ - മൂന്ന്
3. സ്കൂൾ സഹകരണ സംഘങ്ങൾ - അഞ്ച്
4. ക്ഷീരോല്പന്ന നിർമ്മാണ സഹകരണസംഘങ്ങൾ - ഒന്ന്

സംഘങ്ങളുടെ എണ്ണം കൊണ്ട് സമ്പുഷ്ടമാണെന്ന് തോന്നാമെങ്കിലും പഞ്ചായത്തിൽ ഇന്ന് പ്രവർത്തിച്ചുവരുന്ന മൂന്ന് സഹകരണ ബാങ്കുകളും നഷ്ടത്തിലാണ്. സംഘത്തിലെ ഓഹരി ഉടമകൾക്ക് വായ്പകളും, സഹായങ്ങളും യഥാസമയം വിതരണം ചെയ്യുന്നതിന് മേൽപറഞ്ഞ സംഘങ്ങൾക്ക് സാധിക്കുന്നില്ല. കൂടാതെ വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്ക് മറ്റ് ദേശസാൽകൃത ബാങ്കുകളെ അപേക്ഷിച്ച് കൂടുതലുമാണ്. കൂടാതെ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നിയമങ്ങളും ചട്ടങ്ങളും സങ്കീർണ്ണമാണെന്ന പരാതിയും വായ്പകൾ എടുക്കുന്ന ഓഹരി ഉടമകൾ ആയത് യഥാസമയം തിരിച്ചടക്കാതിരിക്കുന്ന സ്ഥിതിയും നിലവിലുണ്ട്. ഇപ്പോൾ നിലവിലുള്ള സഹകരണ ബാങ്കുകളുടെ അവസ്ഥ പട്ടിക - 1 ൽ കാണിച്ചിരിക്കുന്നു.

പഞ്ചായത്തിലെ കർഷകരുടെയും മറ്റു ജനവിഭാഗങ്ങളുടെയും ദൈനംദിന ജീവിതത്തിൽ വളരെയ

ക്രമനമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തനപരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	കടം	നിക്ഷേപം	വായ്പകൾ		പ്രവർത്തനമൂലധനം	ലാഭമോ നഷ്ടമോ		ജീവനക്കാർ സ്ഥിരം	മറ്റുള്ളവർ
								കാർഷികം	കാർഷികേതരം		ലാഭം	നഷ്ടം		
1	വലിയപറമ്പ് സർവ്വീസ് സഹകരണ ബാങ്ക്	1966	വലിയപറമ്പ് എളേറ്റിൽ	2476	510,000	24,00000	1916695	1243765	787815	6000000	----	2200000	6	---
2	ആവിലോറ സർവ്വീസ് സഹകരണ ബാങ്ക്	1965	ആവിലോറ	1329	50,0000	700000	2238000	699955	2396555	3500000	-----	1000000	4	---
3	കിഴക്കോത്ത് സർവ്വീസ് സഹകരണ ബാങ്ക്	1966	കിഴക്കോത്ത് പന്നൂർ	2807	50,0000	1500000	3520616	721727	3851763	------	----	1500000	5	---

ധികം സ്വാധീനം ചെലുത്തുന്നതിന് സഹകരണമേഖലയ്ക്ക് സാധ്യതകളുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ബാങ്കുകൾ നിക്ഷേപസമാഹാരത്തിലും വായ്പ കൾ നൽകുന്നതിലും രാസവള വിതരണത്തിലും മാത്രമായി ഒതുങ്ങിനിൽക്കുകയാണ്. പഞ്ചായത്തിലെ ജനങ്ങൾക്ക് മുഖ്യ വരുമാനസ്രോതസ്സായ അവരുടെ ഉല്പന്നങ്ങൾക്ക് മതിയായ വില നൽകുന്നില്ല. ഉൽപാദകർക്ക് ലഭിക്കുന്ന ലാഭത്തേക്കാൽ എത്രയോ മടങ്ങ് ഇടത്തട്ടുകാരുടെ കൈകളിലാണ് എത്തിച്ചേരുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന ഈ കാലഘട്ടത്തിൽ ജനങ്ങൾക്കാവശ്യമായ സാധനങ്ങൾ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നതിനും തദ്വാരാ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും സംഘങ്ങൾക്ക് കഴിയുന്നില്ല.

പഞ്ചായത്തിൽ നിലവിലുള്ള സഹകരണസംഘങ്ങളുടെ ഒരു പൊതുചിത്രം താഴെ ചേർക്കുന്നു.

1. വലിയപറമ്പ് സർവ്വീസ് സഹകരണബാങ്ക്

എളേറ്റിൽ, വലിയപറമ്പ് പ്രദേശങ്ങൾ പ്രവർത്തന മേഖലയായ ഈ സ്ഥാപനത്തിന്റെ ആദ്യകാല പ്രസിഡണ്ടുമാരായിരുന്നു ഡി. രാരു, കെ. ദാമോദരൻ, സി. മമ്മുണ്ണി ഹാജി, ടി.കെ. കാതിരി, കെ.കെ. അബ്ദുറഹിമാൻ മാസ്റ്റർ, കേളുക്കുട്ടി വി.പി. എന്നിവർ. ഇപ്പോൾ പി.എം അബ്ദുൾ ഹമീദ് പ്രസിഡൻറായുള്ള ഭരണസമിതി തുടരുന്നു.

1966-ൽ സ്ഥാപിതമായ ഈ സ്ഥാപനം അതിന്റെ പ്രവർത്തനപരിധിയിലുള്ള ജനങ്ങളുടെ ക്ഷേമത്തിന് തങ്ങളുടെ പരിമിതമായ മൂലധനം ഉപയോഗിച്ച് പ്രവർത്തിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. ഹ്യസ്വകാല ദീർഘ കാല കാർഷിക, കാർഷികേതര വായ്പകൾ സഹായ നിരക്കിൽ നിത്യോപയോഗസാധനങ്ങൾ, തുണി, രാസ വളങ്ങൾ മുതലായവ സംഘം മുഖേന വിതരണം ചെയ്തുവരുന്നു. 5,10,000 രൂപ ഓഹരി മൂലധനവും, 14800 രൂപ സർക്കാർ ഓഹരിയുമുള്ള ഈ സംഘത്തിൽ 2476 മെമ്പർമാർ നിലവിലുണ്ട്.

ഏകദേശം 600ൽ അധികം കർഷക കുടുംബങ്ങൾ ഈ ബാങ്കിന്റെ പ്രവർത്തനപരിധിയിലുണ്ടെങ്കിലും മുഴുവൻ പേരും അംഗങ്ങളല്ല. ബാങ്കിന്റെ സാമ്പത്തികസ്ഥിതി മെമ്പർമാരുടെ ആവശ്യങ്ങൾ ചെറിയ തോതിലെങ്കിലും നിറവേറ്റുന്നതിന് പര്യാപ്തമല്ല. 1995-96 വർഷത്തിൽ അഞ്ച് ലക്ഷം രൂപ മാത്രമാണ് വായ്പ ഇനത്തിൽ വിതരണം ചെയ്യാൻ ബാങ്കിന് സാധിച്ചത്. വായ്പ തിരിച്ചടക്കുന്നതിൽ ഗുണഭോക്താക്കൾ വരുത്തുന്ന വീഴ്ചയും ബാങ്കിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്.

2. ആവിലോറ സർവ്വീസ് സഹകരണബാങ്ക്

കിഴക്കോത്ത് പഞ്ചായത്തിലെ 5,6 വാർഡുകളും 11-ാം വാർഡിന്റെ ചില പ്രദേശങ്ങളും പ്രവർത്തന മേഖലയായുള്ള ഈ സഹകരണ സ്ഥാപനത്തിൽ 1329 അംഗങ്ങൾ മാത്രമെയുള്ളു. 600ൽ അധികം കർഷക കുടുംബങ്ങളും 6000-ൽ അധികം ജനസംഖ്യയും ഇതിന്റെ പ്രവർത്തന പരിധിയിലുണ്ടെങ്കിലും മെമ്പർണാരുടെ എണ്ണം തുലോം കുറവാണെന്നത് പ്രത്യേകം സൂരണീയമാണ്. ഇപ്പോൾ എൻ.കെ അബൂബക്കൽ പ്രസിഡൻറായുള്ള ഭരണസമിതിയാണ് സ്ഥാപനത്തിന്റെ പ്രവർത്തനം നിയന്ത്രിച്ചുവരുന്നത്. 1995-96 വർഷത്തിൽ മൂന്ന് ലക്ഷം രൂപ മാത്രമെ വായ്പ ഇനത്തിൽ കർഷകർക്ക് വിതരണം ചെയ്യാൻ കഴിഞ്ഞുള്ളുവെന്നത് ഈ സ്ഥാപനത്തിന്റെ മോശമായ സാമ്പത്തികസ്ഥിതിയെയാണ് കാണിക്കുന്നത്. ഒരു രാസവള ഡിപ്പോ ബാങ്കിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

3. കിഴക്കോത്ത് സർവ്വീസ് സഹകരണബാങ്ക്

26.1.66 ൽ പ്രവർത്തനമാരംഭിച്ച ഈ സഹകരണബാങ്കിന്റെ പ്രവർത്തനപരിധി കിഴക്കോത്ത്, പന്നൂർ ദേശങ്ങളാണ്. 5 ലക്ഷം രൂപ മാത്രമാണ് ഇതിന്റെ ഓഹരി മൂലധനം. 1995-96 വർഷത്തിൽ വായ്പ ഇനത്തിൽ 4 ലക്ഷം രൂപ മാത്രമാണ് ബാങ്കിന് വിതരണം ചെയ്യാൻ സാധിച്ചത്. 2807 അംഗങ്ങൾ നിലവിൽ ഉണ്ടെങ്കിലും ബാങ്കിന്റെ ഗുണഫലം ഭൂരിപക്ഷം പേർക്കും ലഭിക്കുന്നില്ല. പടിഞ്ഞാറക്കണ്ടി മഹ്മൂദ് പ്രസിഡൻറായുള്ള ഭരണസമിതിയാണ് നിലവിലുള്ളത്.

ക്ഷീരോല്പാദകസഹകരണസംഘങ്ങൾ

കിഴക്കോത്ത് പഞ്ചായത്തിലെ ഏളേറ്റിൽ, മറിവീട്ടിൽതാഴം കിഴക്കോത്ത് എന്നിവിടങ്ങളിൽ ആനന്ദ് മാതൃകയിലുള്ള ക്ഷീരോല്പാദകസഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന പാൽ ശേഖരിച്ച് വിതരണം ചെയ്യുക, കാലിത്തീറ്റകളും, പുൽവിത്തുകളും വിതരണം ചെയ്യുക മുതലായവയാണ് ഈ സ്ഥാപനങ്ങളുടെ മുഖ്യപ്രവർത്തനം.

5000-ൽ അധികം ലിറ്റർ പാൽ പഞ്ചായത്തിൽ പ്രതിദിനം ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെങ്കിലും 450 ലിറ്റർ പാൽ മാത്രമെ മേൽ പറഞ്ഞ മൂന്ന് സംഘങ്ങളിലും കൂടി എത്തിച്ചേരുന്നുള്ളു. കാലി വളർത്തുന്നവരിൽ ഭൂരിപക്ഷം പേരും ഉല്പാദിപ്പിക്കപ്പെടുന്ന പാൽ കുടുംബപരമായ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നത്. ശേഷിക്കുന്ന പാൽ ഹോട്ടലുകളിലും കൂൾബാറുകളിലുമാണ് എത്തിച്ചേരുന്നത്.

കൂടാതെ കോഴിക്കോട് പട്ടണത്തിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ സഹകരണ ആശുപത്രി സംഘത്തിൽ പഞ്ചായത്തിലെ ഏതാനും പേർ അംഗങ്ങളാണ്. കൊടുവള്ളി ആസ്ഥാനമായി പ്രവർത്തിക്കുന്ന കൊടുവള്ളി സഹകരണ ആശുപത്രി സംഘത്തിലും കൊടുവള്ളി സഹകരണ ഹൗസിംഗ് സൊസൈറ്റിയിലും അംഗങ്ങളായ ധാരാളം പേർ ഈ പഞ്ചായത്തിലുണ്ട്.

സ്കൂൾ സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ 12 സ്കൂളുകൾ നിലവിലുണ്ടെങ്കിലും അഞ്ച് സ്കൂളുകളിൽ മാത്രമാണ് സഹകരണസംഘങ്ങൾ നിലവിലുള്ളത്. കുട്ടികൾക്കാവശ്യമായ പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിൽ മാത്രമായി ഈ സംഘങ്ങളിൽ ഭൂരിപക്ഷവും ഒതുങ്ങിക്കൂടുന്നു.

സാധ്യതകൾ

ബാങ്കുകളുടെ പ്രവർത്തനപരിധിയിലുള്ള എല്ലാ കർഷകരെയും അംഗങ്ങളാക്കി ഓഹരിമൂലധനവും നിക്ഷേപസമാഹരണം നടത്തി പ്രവർത്തനമൂലധനവും വർദ്ധിപ്പിക്കുക വഴി സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താവുന്നതാണ്. കൂടാതെ ബാങ്കുകളുടെ നിലവിലുള്ള നഷ്ടം നികത്തുന്നതിനു തുല്യമായ തുക പലിശരഹിത ദീർഘകാല വായ്പയായോ ഓഹരിമൂലധനമായോ സർക്കാറിൽനിന്നും അനുവദിക്കുക.

2. കർഷകർക്ക് അനുവദിക്കുന്ന ലോണിന്റെ പരിധി ഉയർത്തുകയും ചട്ടങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.

3. കർഷകരിൽ നിന്നും കാർഷികോൽപ്പന്നങ്ങൾ ശേഖരിക്കുക വഴി കർഷകർക്ക് അർഹമായ വില ലഭ്യമാക്കുന്നതിനും ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും സഹായിക്കുക. കൂടാതെ കാർഷികോൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനും ഉല്പന്നങ്ങൾക്ക് വില കുറയുമ്പോൾ കീലോൺ അനുവദിച്ച് കൊടുക്കുന്നതിനും സംവിധാനമുണ്ടാക്കു. പഞ്ചായത്തിൽ നിലവിലുള്ള മൂന്ന് സഹകരണസംഘങ്ങൾ സംയോജിപ്പിച്ച് ഒരു വലിയ സഹകരണസംഘം രൂപീകരിക്കുക.

4. വലിയ പറമ്പിൽ സർവ്വീസ് സഹകരണബാങ്കിന്റെ ഒരു ശാഖ എളേറ്റിൽ സ്ഥാപിക്കുക.

5. പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനും പഞ്ചായത്തിലെ പ്രധാനപ്പെട്ട അങ്ങാടികളിൽ സഹകരണ മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക.

6. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹക

രണസംഘം രൂപികരിക്കുക.

7. ചിട്ടി നിയമവ്യവസ്ഥകൾ ലഘൂകരിക്കുകയും ഗ്രൂപ്പ് ഡപ്പോസിറ്റ് സ്കീം എന്ന നിക്ഷേപ പദ്ധതി സാർവ്വത്രികമാക്കുകയും ചെയ്യുക.

8. സഹകരണബാങ്കുകൾ കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളോട് കൂടിയ ലാൻറ് റജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് ഓരോ വർഷത്തേക്കും ആവശ്യമായ വായ്പാ തുക തിട്ടപ്പെടുത്തുകയും ചെയ്യുക.

9. ഓരോ കർഷകനും ഒരു വർഷത്തേക്കാവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിനുമുമ്പ് തന്നെ പാസ്സാക്കി കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

10. കാർഷികാവശ്യത്തിനായി നബാർഡിൽ നിന്നും ''കൺസഷണൽ'' ഫിനാൽസ് കൃത്യമായി അനുവദിച്ച് കിട്ടുന്നതിന് നടപടിയെടുക്കുക.

11. സർക്കാറിൽ നിന്നും അനുവദിച്ച് കൊടുക്കുന്ന പലിശ സബ്സിഡി യഥാകാലം വായ്പക്കാർക്ക് ലഭിക്കുന്നില്ല. നേരത്തെ എഴുതിത്തള്ളിയ ലോണുകളുടെ തുക ബാങ്കുകൾക്ക് പൂർണ്ണമായും ഇതുവരെ ലഭിച്ചിട്ടില്ല. ഇത് രണ്ടും ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.

12. റെഡിമെയ്ഡ് വസ്ത്രങ്ങൾ ഉല്പാദിപ്പിക്കുന്ന ഒരു വനിതാ സഹകരണസംഘം പഞ്ചായത്തിൽ സ്ഥാപിക്കുക. സഹകരണസ്ഥാപനങ്ങൾ വഴി കുടിൽ വ്യവസായങ്ങൾക്ക് സാമ്പത്തികസഹായം അനുവദിക്കുക.

13. പഞ്ചായത്തിൽ ഒരു ഹരിജനക്ഷേമ സഹകരണസംഘം സ്ഥാപിക്കുക.

14. വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ ഇല്ലാത്തതുകൊണ്ട് സഹകരണ അടിസ്ഥാനത്തിൽ വ്യവസായ ശാലകൾ സ്ഥാപിക്കുക. പരമ്പരാഗത തൊഴിൽ രംഗത്ത് പ്രവർത്തിക്കുന്ന ഒട്ടനവധി ആൾക്കാർ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ട്. ഇവർക്ക് സംഘടിതമായ രീതിയിൽ തങ്ങളുടെ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും വിറ്റഴിക്കുന്നതിനും സഹായകരമായ രീതിയിൽ മൂന്നാം വാർഡ് കേന്ദ്രമായി ഒരു സഹകരണ സംഘം രൂപീകരിക്കുക.

15. കിഴക്കോത്ത് പഞ്ചായത്തിൽ 1,3,9 എന്നീ വാർഡുകളിലായി മൂന്ന് ക്ഷീരോല്പാദക സഹകരണസംഘങ്ങളാണുള്ളത്. ആയതിനാൽ പഞ്ചായത്തിൻെറ മറ്റു വാർഡുകളിൽ വിശിഷ്യ, ചളിക്കോട്, വലിയപറമ്പ്, ആവിലോറ എന്നീ സ്ഥലങ്ങളിൽ ക്ഷീരോൽപാദകസഹകരണസംഘം സ്ഥാപിക്കുക. ഇപ്പോഴുള്ള സഹകരണ സംഘങ്ങളിൽ കൂടുതൽ കറവമാടുകളെ സംഘം മുഖേന വിതരണം ചെയ്യാനും ഉല്പാദനം പ്രതിദിനം 1000 ലിറ്ററായി വർദ്ധിപ്പിക്കാനും വേണ്ട നടപടി സ്വീകരിക്കുക.

16. ഇവക്കാവശ്യമായ തീറ്റ പ്രതിരോധ ചികിത്സാ, ഇൻഷൂറൻസ്, കുത്തിവെയ്പ്, മുതലായ യഥാസമയത്ത് നടത്തുക.


17. കേരോല്പന്ന നിർമ്മാണ യൂണിറ്റ് ഓരോ സംഘത്തിനോട് അനുബന്ധമായി സ്ഥാപിക്കുക.

18. പഞ്ചായത്തിൽ ലേബർ കോൺട്രാക്ട് സഹകരണസംഘം സ്ഥാപിക്കുക.

19. കൊടുവള്ളി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭവനനിർമ്മാണ സഹകരണസംഘത്തിൽ നിന്നാണ് ഈ പഞ്ചായത്തിലുള്ളവർക്ക് വീട് നിർമാണത്തിന്ന് ലോൺ ലഭിക്കുന്നത്. കിഴക്കോത്ത് പഞ്ചായത്തിന്നു സ്വന്തമായിട്ടുള്ള ഒരു ഭവനനിർമ്മാണ സഹകരണ സംഘം ആരംഭിക്കേണ്ടതാണ്.

20. പഞ്ചായത്തിൻെറ ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കുന്നതിനു പകരം പഞ്ചായത്തിലെ മൂന്ന് സഹകരണ ബാങ്കുകളിലും തുല്യമായി വീതിച്ചു നിക്ഷേപിക്കുക.

21. ജില്ലാ സഹകരണബേങ്കിൻെറ ഒരു ശാഖ പഞ്ചായത്തിൽ സ്ഥാപിക്കുക.



5.11. പട്ടികജാതി വികസനം

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 8.14% പട്ടികജാതിവിഭാഗമാണ്. 103 പട്ടികജാതി കുടുംബങ്ങൾ കോളനികളിലായും 128 കുടുംബങ്ങൾ കോളനികളിൽ ഉൾപ്പെടാതെയും ഇവിടെയുണ്ട്. 7 അംഗീകൃതകോളനികളും 8 അംഗീകാരം തേടുന്ന കോളനികളുമുണ്ട്. (പട്ടിക 1 a, b, c നോക്കുക)

വിദ്യാഭ്യാസ സാമൂഹ്യ രംഗങ്ങളിൽ നേട്ടങ്ങളുണ്ടായിട്ടുണ്ടെങ്കിലും ഈ വിഭാഗം ജനത ഇന്നും പിന്നോക്കാവസ്ഥയിൽ തന്നെയാണ്. സാമ്പത്തികരംഗത്ത് ഈ പഞ്ചായത്തിലെ ഒരു കോളനിക്കും വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. സാമൂഹിക സാമ്പത്തിക രംഗത്ത് നിരവധി കാലത്തെ ചൂഷണത്തിന് വിധേയമായ ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ചഭൂമിലഭ്യതയും ഒരു പരിധിവരെ സാമൂഹ്യ പുരോഗതി കൈവരിക്കാൻ സഹായിച്ചിട്ടുണ്ട്. സമുദായങ്ങളിലെ ഉച്ചനീചത്വങ്ങളിൽ നിന്നും മോചനം നേടാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ രംഗത്തൊക്കെ പുരോഗതി ഉണ്ടായെകിലും അടിസ്ഥാന ജീവിത സൗകര്യങ്ങളുടെ കാര്യത്തിൽ വളരെ പിന്നിലാണ്. പട്ടികജാതി കുടുംബങ്ങൾക്കുള്ള സഹായവും പദ്ധതികളും കോളനികൾക്ക് മാത്രമായി നടപ്പിലാക്കുന്നത് കൊണ്ട് ഒറ്റപ്പെട്ട കുടുംബങ്ങളുടെ സ്ഥിതി കൂടുതൽ കഷ്ടത്തരമാണ്.

വിദ്യാഭ്യാസരംഗത്ത് പുരോഗതി തൃപ്തികരമല്ല. ഉയർന്ന വിദ്യാഭ്യാസം നേടിയവർ അംഗുലീപരിമിതമാണ്. ഒന്നോ രണ്ടോ പേരെ മാറ്റി നിർത്തിയാൽ അഭ്യസ്തവിദ്യരത്രയും തൊഴിൽ രഹിതരാണ് എന്നതാണവസ്ഥ. ഈ തൊഴിൽരഹിതരുടെ പട്ടികയിൽ സാങ്കേതികബിരുദം നേടിയവർ പോലുമുണ്ട് എന്നതൊരു ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. സ്കൂൾ തലത്തിനു ശേഷം തുടർവിദ്യാഭ്യാസം നടത്തുന്നവർ വളരെ വളരെ കുറവാണ്. ഇതിൽ പെൺകുട്ടികളുടെ ശതമാനം കൂടുതൽ പരിതാപകരവുമാണ്. രക്ഷിതാക്കളാണെങ്കിൽ ഈ കാര്യത്തിൽ വേണ്ടത്ര ബോധമുള്ളവരുമല്ല. സ്കൂൾ തലത്തിൽ ഏറ്റവുമധികം കൊഴിഞ്ഞുപോക്ക് പട്ടികജാതി വിഭാഗങ്ങളിലാണ്. ഇവർ പിന്നീട് കൂലിവേലകളിലും മറ്റുമേർപ്പെട്ട് കുടുംബവരുമാനത്തിലേക്ക് മുതൽക്കൂട്ടേണ്ടവരായി ഭവിക്കുകയാണ്.

പട്ടികജാതി കോളനികളിലെ സ്ത്രീകളിൽ മിക്കവരും കൃഷിപ്പണികളിലും നാടൻ കൂലിവേലകളിലും നിർമ്മാണപ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നവരാണ്. ഇവർ പൊതുവെ വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്നവരാണ്. കോളനികൾ കേന്ദ്രീകരിച്ച് സാക്ഷരതാപ്രവർത്തനം നടന്നിരുന്നെങ്കിലും ഇപ്പോഴും നിരക്ഷരരായി ഒരുപാട് പേരുണ്ട്. പട്ടികജാതി വിഭാഗങ്ങളിലെ പുരുഷന്മാരും കൂലിവേല ചെയ്യുന്നവരാണ്. ഇവരുടെ ഇടയിൽ മദ്യപാനം വ്യാപകമായതുകൊണ്ട് കുടുംബങ്ങളിൽ സാമ്പത്തികഞെരുക്കം അനുഭവപ്പെടുന്നു.

കൃഷിപ്പണി, സീസണുകളിൽ മാത്രമേ ഉണ്ടാകുകയുള്ളൂ എന്നത് കൊണ്ടും കൃഷിരംഗത്തുള്ള തകർച്ചയും മൂലം മിക്കവരും ഇപ്പോൾ നിർമ്മാണപ്രവർത്തനങ്ങളിലേക്ക് നീങ്ങുന്നു. സ്ത്രീകൾക്ക് 70 രൂപയും പുരുഷന്മാർക്ക് 90 രൂപയും ഇവിടെ വേതനം ലഭിക്കുന്നു.

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. പഞ്ചായത്തിലെ മിക്ക വാർഡുകളിലും ചെറ്റക്കുടിലുകളിൽ ജീവിക്കുന്ന പട്ടികജാതി വിഭാഗക്കാരുണ്ട്. ഓല മേഞ്ഞ വീടുകൾക്ക് വർഷത്തിലും അറ്റകുറ്റപ്പണികൾ നടത്തേണ്ടി വരുന്നതിനാൽ അത് ഒരു ബാധ്യതയായി വരുന്നു. സർക്കാർ ഏജൻസികൾ അനുവദിക്കുന്ന തുക വീടുവെയ്ക്കാൻ അപര്യാപ്തമായതിനാൽ പല വീടുകളും പണി പൂർത്തിയാകാതെ കിടക്കുന്നു. അതുപോലെ മറ്റൊരു പ്രശ്നം ഈ കോളനികളിലൊന്നും വേണ്ടത്ര കക്കൂസുകൾ അടക്കമുള്ള പ്രാഥമികസൗകര്യങ്ങൾ ഇല്ലായെന്നതാണ്.

പട്ടികജാതി വിഭാഗക്കാർ 95%വും കുന്നിൻ പ്രദേശത്തും മലമുകളിലുമായിട്ടാണ് ജീവിക്കുന്നത്. അതുകൊണ്ട് തന്നെ കുടിവെള്ളത്തിന് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുന്നതും ഇവർ തന്നെയാണ്. മിക്ക കുടുംബങ്ങൾക്കും കിണറുകളില്ല. കോളനികളിലേക്ക് പൈപ്പ് കണക്ഷനുകൾ ഇതുവരെ എത്തിയിട്ടില്ല.

സാധ്യതകൾ

ഇനി ഈ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിന്റെ ഉയർച്ചക്കാവശ്യമായ ചില സാധ്യതകൾ നോക്കാം. ചെറുമല, കണ്ടിയിൽ മീത്തൽ എന്നീ കോളനികളിൽ മാത്രമെ വൈദ്യുതീകരണം നടന്നിട്ടുള്ളൂ. 3-ാം വാർഡിലെ വെള്ളാരം പാറമല കോളനിയിൽ 38 വീടുകളിൽ ഗ്രാമപഞ്ചായത്ത് സ്കീമനുസരിച്ച് വയറിംഗ് നടത്തിയെങ്കിലും ആ ഭാഗത്തേക്ക് ലൈനെത്തുകയോ വൈദ്യുതി കണക്ഷൻ കിട്ടുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ അക്ഷന്തവ്യമായ അലംഭാവമാണ് അധികൃതരുടെ ഭാഗത്തുനിന്നുള്ളത്. ബാക്കിയുള്ള കോളനികളിലും വൈദ്യുതി എത്തിക്കാൻ നടപടിയെടുക്കണം. എല്ലാ കോളനികളിലും കുടിവെള്ളത്തിന് അതിരൂക്ഷമായ ക്ഷാമമുണ്ട്. അതിനാൽ പഞ്ചായത്ത്, ബ്ലോക്ക് എന്നീ ഏജൻസികൾ മുഖേന കിണർ, കുഴൽ കിണർ എന്നിവ സ്ഥാപിക്കുകയും വേണം. പഞ്ചായത്തിൽ നിലവിലുള്ളതും വരാനിരിക്കുന്നതുമായ പൈപ്പ് ലൈനുകൾ എല്ലാ കോളനികളിലേക്കും എത്തിക്കുകയും വേണം.

ആരോഗ്യപരമായി പിന്നോക്കം നിൽക്കുന്ന കോളനികളിൽ ഹെൽത്ത് സെൻററുകൾ തുറന്ന് ആരോഗ്യനിലവാരം മെച്ചപ്പെടുത്താൻ വേണ്ടുന്ന നടപടികൾ കൈക്കൊള്ളണമെന്ന ആവശ്യം ഉയർന്ന് വന്നിരിക്കുന്നു. പഞ്ചായത്തിൽ പൊതു സ്മശാനം ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് ഏറ്റവും അധികം അനുഭവിക്കുന്നത് പട്ടികജാതിയിൽപെട്ട വിഭാഗമാണ്. പഞ്ചായത്തിലെ ഏറ്റവും രൂക്ഷമായ പ്രശ്നങ്ങളിലൊന്നാണിത്.

നിർദ്ദേശങ്ങൾ

കുടിവെള്ളം

(a) കിണറുകൾ കുഴിക്കാൻ വേണ്ട സഹായം ലഭ്യമാക്കണം.

b) കണ്ടിയിൽ മീത്തൽ കോളനിയിൽ അനുവദിച്ച ബ്ലോക്ക് കിണർ പണി പൂർത്തിയാക്കി, ടാങ്ക് നിർമിച്ച് കുടിവെള്ളമെത്തിക്കണം.

c) മൂന്നാം വാർഡിലെ താഴ്ന്ന പ്രദേശങ്ങളിലെ നീരുറവ ഉപയോഗിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാൻ വേണ്ട പദ്ധതികൾ നടപ്പാക്കണം.

d) ഒന്നാം വാർഡിൽ ടാങ്ക് നിർമിച്ച്, പൊതുകുഴൽ കിണറിൽ നിന്നും വെള്ളം സംഭരിച്ച് പാലോറമലക്കോളനിയിൽ കുടിവെള്ളമെത്തിക്കണം.

e) നാലാം വാർഡിൽ നെരോത്ത്, കുന്നോത്തിതാഴം എന്നിവിടങ്ങളിൽ കിണർ കുഴിച്ച് പമ്പ് സെറ്റ് ഉപയോഗിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണം.

പാർപ്പിടം

a) എല്ലാ വാർഡുകളിലെയും കോളനികളിൽ പൂർത്തിയാവാത്ത വീടുകൾ പൂർത്തീകരിക്കുന്നതിന് വേണ്ട സാമ്പത്തിക സഹായവും പൊളിഞ്ഞുപോയ വീടുകൾക്ക് അറ്റകുറ്റപ്പണിക്കാവശ്യമായ സഹായവും വേണം.

b) എല്ലാ കോളനികളിലും ആവശ്യമായ കക്കൂസുകൾ നിർമ്മിക്കാൻ വേണ്ട സഹായം നൽകണം.

c) സ്വന്തമായി വീടില്ലാത്തവർക്ക് വീട് വെക്കാനുള്ള സഹായം ലഭ്യമാക്കണം.

d) വീടുവെക്കാൻ ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കണം.

e) ഓലോ മേഞ്ഞ വീടുകൾ ഓടുമേഞ്ഞതാക്കാൻ ഒരു സമഗ്ര പദ്ധതി നടപ്പിലാക്കണം.

സഹകരണസംഘം

a) ഹരിജൻ സഹകരണ സംഘങ്ങൾ രൂപീകരിച്ച് കൂട്ടമേയൽ, പായ, നെയ്ത്ത് ചൂടിപ്പട നിർമ്മാണം മുതലായ പാരമ്പര്യതൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

b) ഓരോ കോളനികളിലും ഓരോ സഹകരണസംഘമുണ്ടാക്കുകയോ പഞ്ചായത്തിന് മൊത്തമായി

ഒരു കേന്ദ്രസഹകരണസംഘമുണ്ടാക്കിയോ അതിന്റെ ശാഖകൾ മറ്റു സ്ഥലങ്ങളിൽ ഏർപ്പെടുത്തുകയോ വേണ്ടതാണ്. ഇതുവഴി ഹരിജനക്ഷേമവകുപ്പിൽ നിന്നും സഹകരണവകുപ്പിൽനിന്നും പരമാവധി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ശ്രമിക്കണം.

പഞ്ചായത്തിൽ കൂടുതലായി ആവശ്യപ്പെട്ടിട്ടുള്ള അംഗനവാടി കേന്ദ്രങ്ങൾ പട്ടികജാതി കുടുംബങ്ങൾക്കുകൂടി പ്രയോജനപ്പെടാവുന്ന സ്ഥലങ്ങളിൽ അനുവദിക്കണം.

എല്ലാ കോളനികളിലും ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കണം.

പഞ്ചായത്തിലെ തൊഴിൽ രഹിതർക്ക് ആട്, കോഴി, പശു എന്നിവ സൗജന്യനിരക്കിൽ എത്തിക്കണം.

തുന്നൽ പരിശീലനം ലഭിച്ച വനിതകൾക്ക് സൗജന്യമായി തുന്നൽ മെഷീൻ വിതരണം ചെയ്യുക. സന്നദ്ധതയുള്ള യുവതികൾക്ക് തുന്നൽ പരിശീലനം നൽകാൻ പഞ്ചായത്ത് തലത്തിൽ ഒരു പരിശീലന കേന്ദ്രം ഏർപ്പെടുത്തുക.

കാർഷിക തൊഴിലുകളിലും നിർമ്മാണതൊഴിലുകളിലും ഏർപ്പെട്ടിട്ടുള്ളവർക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുക.

സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുക.

മദ്യാപനത്തിനും മയക്കുമരുന്നിനുമെതിരെ കോളനികൾ കേന്ദ്രീകരിച്ച് ശരിയായ ബോധവൽക്കരണം നടത്തുകയും വ്യാജച്ചാരായ നിർമ്മാണം തടയുന്നതിന്നുള്ള സർക്കാർ സംവിധാനം ഈ പ്രദേശങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കാൻ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുക.

കോളനികളിലല്ലാതെ ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടിക ജാതി കുടുംബങ്ങളെയും സമീപസ്ഥ കോളനികളിൽ പെട്ടവരായി പരിഗണിച്ച് എല്ലാവിധ ആനുകൂല്യങ്ങളും അവർക്കും നൽകുക.

പട്ടികജാതി കോളനികളിലേക്കുള്ള റോഡുകളും ഇടവഴികളും ഗതാഗതയോഗ്യമാക്കുന്നതിന് പ്രത്യേക മുൻഗണന നൽകുക.

ഗവ. അംഗീകൃത കോളനികൾ പട്ടിക I - A

നമ്പർ	വാർഡ് നമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1	VII	പാറക്കുണ്ടം	11	54
2.	I	പാലോറന്മാൽ	13	62
3.	XI & IV	കണ്ടിയിൽ മീത്തൽ	11	65
4.	III	വെള്ളാറമ്പാറ മല	38	118
5.	III	ചെറുമല	10	53
6.	VII	വെള്ളിലോട്ടു പൊയിൽ	10	53
7.	VIII	പന്ന്യങ്ങാട്ട് പുറായിൽ	10	61

IHDP കോളനികളാക്കാൻ നിർദ്ദേശിച്ചവ പട്ടിക I - B

നമ്പർ	വാർഡ് നമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1.	VIII	പാറക്കുണ്ടം	11	54
2.	I	പാലോറന്മൽ	13	62
3.	XI & IV	കണ്ടിയിൽ മീത്തൽ	11	65
4.	III	ചെറുമല	10	53
5.	VII	പന്ന്യങ്ങാട്ട് പുറായാൽ	10	61

അംഗീകാരം തേടുന്ന കോളനികൾ പട്ടിക I - C

നമ്പർ	വാർഡ് നമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1.	II	മാക്കണ്ടി ലക്ഷംവീട്	25	
2.	X	ഞേളിക്കുന്ന് കോളനി	23	
3.	X	പുതിയോട്ടിൽ	20	
4.	III	വേറക്കുന്ന് മല	10	
5.	III	താന്നിക്കപ്പുറായിൽ	10	
6.	XI	മൂഴിപ്പുറത്ത് പൊയിൽ	15	
7.	V	കൊത്തമ്പാറ മല	25	

ആത്മൈശ്വര്യത്തിലൂടെയും വ്യക്തി
വൈശിഷ്ട്യത്തിന്റെ വികാസത്തിലൂടെയും
മാത്രമേ മനുഷ്യന് സ്വതന്ത്രനും
ശക്തനുമാവാൻ കഴിയൂ.

- ഇഖ്ബാൽ

5. 12 വിഭവ സമാഹരണം

ഏതൊരു പഞ്ചായത്തിന്റെയും വികസനവും പുരോഗതിയും അതിന്റെ വരുമാനത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഗ്രാമ പഞ്ചായത്തുകളുടെ വരുമാന സ്രോതസ്സുകളെ 5 ആയി തരംതിരിക്കാം.

1. കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസ് ഫീസ്, തുടങ്ങി പഞ്ചായത്ത് നേരിട്ട് ഈടാക്കുന്ന നികുതികൾ

2. അടിസ്ഥാന ഭൂനികുതി, മോട്ടോർ വാഹന നികുതി, വസ്തുകൈമാറ്റ നികുതി എന്നീ ഇനങ്ങളിൽ മറ്റുവകുപ്പുകൾ ഈടാക്കി പഞ്ചായത്തിനു കൈമാറുന്ന വിഹിതം.

3. ജവഹർ തൊഴിൽ ദാനപദ്ധതി, ഉപാധിരഹിത ഫണ്ട് എന്നിവ വഴിയുള്ള ഗ്രാൻറുകൾ.

4. സർക്കാരിൽ നിന്നു ലഭിക്കുന്ന ഇഷ്ടാനുസാരധനസഹായം, പാർലിമെൻറ് അംഗങ്ങൾ മുഖേന ലഭിക്കുന്ന പ്രാദേശിക വികസനഫണ്ട് എന്നിങ്ങനെ പ്രത്യേക സ്കീമുകൾക്ക് ലഭിച്ചേക്കാവുന്ന സ്ഥിരസ്വഭാവമില്ലാത്ത വരുമാനം.

5. ബസ് സ്റ്റാൻഡ്, ഷോപ്പിംഗ് കോംപ്ലക്സ് മുതലായവയിൽ നിന്നുള്ള വരുമാനം.

എന്നാൽ നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒന്നാമത്തെ വകുപ്പിൽപ്പെട്ടവയിൽ കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവമാത്രമാണ് ലഭ്യമാകുന്നത്. പല പഞ്ചായത്തുകൾക്കും ഗണ്യമായ വരുമാനം നൽകുന്ന വിനോദനികുതിയിനത്തിൽ ഒരു ചില്ലിക്കാശുപോലും നമുക്ക് ലഭിക്കുന്നില്ല. രണ്ടാമത്തെ ഇനത്തിൽപ്പെട്ട വരുമാനങ്ങളാവട്ടെ സർക്കാരിൽ നിന്ന് ലഭിക്കുന്നത് പലപ്പോഴും രണ്ടും മൂന്നും വർഷങ്ങൾക്ക് ശേഷമാണ്. നാലാം വകുപ്പിൽപ്പെട്ട വരുമാനം ഒരു നിശ്ചിത വരുമാനമായി പരിഗണിക്കാവുന്നതല്ല. പല പഞ്ചായത്തുകളുടെയും വരുമാന മാർഗങ്ങളായ ബസ്സ്റ്റാൻഡ്, ഷോപ്പിംഗ് കോംപ്ലക്സ്, സിനിമാശാലകൾ കമ്മ്യൂണിറ്റിഹാൾ, തുടങ്ങിയ വരുമാന മാർഗ്ഗങ്ങളൊന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. തുചരമായ പ്രത്യക്ഷനികുതികളും വൈകി ലഭിക്കുന്ന സർക്കാർ ഗ്രാൻറുകളും അൺടൈഡ്, ജെ. ആർ.വൈ ഫണ്ടുകളും മാത്രമാണ് പഞ്ചായത്തിന്റെ ആശ്രയം. കെട്ടിട നികുതിയിനത്തിൽ വാടകയ്ക്ക് ആനുപാതികമായ നികുതി പഞ്ചായത്തിന് ലഭിക്കുന്നില്ല. ഈ അവസ്ഥയിൽ വികസനരംഗത്ത് കാര്യമായതൊന്നും ചെയ്യാൻ സാധിക്കാതെ വരുമാനത്തിന്റെ ഗണ്യമായൊരു ഭാഗം ഭരണകാര്യങ്ങൾക്കായി പഞ്ചായത്ത് ചെലവിടേണ്ടിവരുന്നു. ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്ന കുറേയധികം ആളുകൾ ഈ പ്രദേശത്തുണ്ടെങ്കിലും അവരുടെ വരുമാനത്തിന്റെ നല്ലൊരു ശതമാനം പ്രത്യുല്പാദന പരമല്ലാത്ത ഭവന നിർമ്മാണ രംഗത്തും മറ്റുമാണ് ചെലവഴിക്കുന്നത്.

1991ലെ സെൻസസ് പ്രകാരം പുരുഷൻമാരിൽ 60%വും സത്രീകളിൽ 96%വും തൊഴിൽ രഹിതരാണ്. സർക്കാർ വേതനം ലഭിക്കുന്നവരിൽ നിന്ന് മാത്രമാണ് പഞ്ചായത്തിനു തൊഴിൽ നികുതി ലഭിക്കുന്നത്.

വിഭവ സമാഹരണം എങ്ങിനെ നടത്താം

1. നമ്മുടെ പഞ്ചായത്തിലെ ഗൾഫുകാരിൽ നിന്നും സമ്പന്നരായ വ്യക്തികളിൽ നിന്നും ഓഹരികൾ ശേഖരിച്ച് വ്യവസായങ്ങളാരംഭിക്കുക.

2. മേൽവിഭാഗത്തെ പ്രയോജനപ്പെടുത്തി പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുക. എളേറ്റിൽ പ്രദേശത്ത് ഇതിന് വളരെ സാദ്ധ്യതയുണ്ട്.

3. താമസ ആവശ്യത്തിന് വേണ്ടി നിർമ്മിക്കുന്ന ചെറുകിട കെട്ടിടങ്ങളെ (40– ചതുരശ്രമീറ്ററിൽ കുറഞ്ഞ) കെട്ടിട നികുതിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കികൊണ്ട് അതിന് മേലോട്ട് വലിപ്പമുള്ളവയെ വലിപ്പത്തിനും ആഡംബര സ്വഭാവത്തിനും അനുസൃതമായി വ്യത്യസ്ഥസ്ലാബുകളാക്കി നികുതിയുടെ തോത് വർദ്ധിപ്പിച്ച് കൊണ്ടും നികുതി ഘടന പുന: സംവിധാനം ചെയ്യുക. വീട് നിർമ്മാണ രംഗത്തെ അമിതമായ മുതൽമുടക്കിനെ നിരുത്സാഹപ്പെടുത്താനും ഇത് വഴി സാധിക്കും.

4. 100 ച. മീറ്ററിന് മീതെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് റവന്യൂ ഡിപ്പാർട്ട്മെൻറ് ചുമത്തുന്ന നികുതി പഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക.

5. എളേറ്റിൽ അങ്ങാടിയ്ക്ക് സമീപമായി ഒരു ബസ്റ്റാൻഡ്, ഷോപ്പിംഗ്സെൻറർ, കംഫർട്ട്സ്റ്റേഷൻ, കമ്മ്യൂണിറ്റിഹാൾ എന്നിവ സ്ഥാപിക്കുക.

6. പ്രധാന കേന്ദ്രങ്ങളിൽ സിനിമാശാലകൾ സ്ഥാപിക്കുക.

7. എല്ലാവിഭാഗം തൊഴിലാളികളെയും നിർബന്ധമായും ക്ഷേമനിധികളുടെ പരിധിയിൽ കൊണ്ട്വരികയും ക്ഷേമനിധിയുടെ രജിസ്റ്റർ പ്രകാരമുള്ള തൊഴിലാളികളിൽ നിന്നും തൊഴിലിനനുസരിച്ച് നികുതി വസൂലാക്കുകയും ചെയ്യുക.

8. പഞ്ചായത്ത് പുറമ്പോക്ക്ഭൂമി പൂർണ്ണമായി അളന്ന് തിട്ടപ്പെടുത്തുകയും കൃഷിയോഗ്യമായവയും അനധികൃത കൈവശത്തിലുള്ളവയും കർഷകർക്ക് പാട്ടത്തിനേൽപ്പിച്ച്കൊടുക്കുകയും ചെയ്യുക. തരിശായുള്ളവ പഞ്ചായത്ത് നേരിട്ട് തേക്ക് വെച്ച്പിടിപ്പിക്കുക.

9. എളേറ്റിൽ അങ്ങാടിയിൽ നടന്നുവന്നിരുന്നതും ഇപ്പോൾ ശുഷ്കിച്ച്കൊണ്ടിരിക്കുന്നതുമായ ആഴ്ചചന്ത വിപുലീകരുക്കുകയും പുറമെ നിന്നുള്ള കച്ചവടക്കാരെ ചന്തയിലെക്കാകർഷിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

വർഷങ്ങൾക്ക് മുമ്പ് ചെറ്റക്കടവിൽ നടന്നിരുന്ന വാർഷിക കാലിച്ചന്ത കൃഷിഭവൻ, മൃഗസംരക്ഷണ വകുപ്പ്, ബ്ളോക്ക് പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോട്കൂടി കൂടുതൽ വിപുലമായ തോതിൽ പുനരാരംഭിക്കുക. ആവിശ്യമെങ്കിൽ സ്ഥലം മാറ്റാവുന്നതാണ്.

11. പഞ്ചായത്ത് ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വിവിധ വികസന പ്രവർത്തനങ്ങളിൽ ഇടത്തട്ടുകാരെ ഒഴിവാക്കുകയും പരമാവധി ജനകീയ പങ്കാളിത്തം ലഭ്യമാക്കുകയും ചെയ്യുക.

"നിങ്ങളുടെ പേഴ്സിൽ ഒന്നുമിട്ടില്ലെങ്കിൽ അതിൽ നിന്ന് ഒന്നും എടുക്കാനാവില്ല."


ശ്രീമാൻ പഴഞ്ചൊല്ല്

6. ഉപസംഹാരം

ആസൂത്രണ പ്രക്രിയയ്ക്ക് അടിസ്ഥാനമാകേണ്ടതരത്തിൽ സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണവും വിഭവഭൂപട നിർമ്മാണവും നടത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. എങ്കിലും ലഭ്യമായ വിവരങ്ങളുടെയും ഗ്രാമസഭാ ചർച്ചകളിലൂടെയും നമ്മുടെ പ്രദേശത്തിന്റെ പ്രശ്നങ്ങളെ പരമാവധി സമഗ്രതയോടെ കാണാനും അതനുസരിച്ച് റിപ്പോർട്ട് തയ്യാറാക്കാനും ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഇത് കൂടുതൽ ആഴത്തിൽ ചർച്ച ചെയ്ത് സമ്പുഷ്ടമാക്കി നമുക്ക് ലഭ്യമാകുന്ന വിഭവങ്ങളും ജനങ്ങളുടെ കൂട്ടായ്മയും സമന്വയിപ്പിച്ച് പരിഹാരം കാണാൻ കഴിയുമെന്ന പ്രത്യാശയോടെ ഈ വികസന രേഖ നിങ്ങൾക്കായി സമർപ്പിക്കുന്നു..

.....

"നാട്യപ്രധാനം. നഗരം ദരിദ്ര്യം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം
കാട്ടിന്നകത്തോ, കടലിന്നകത്തോ
കാട്ടിത്തരുന്നു വിധി രത്നമെല്ലാം."


വള്ളിയോത്ത്
പുനൂർ
ഉണ്ണികുളം
താമരശ്ശേരി
പാലങ്ങാട്
പരപ്പൻപൊയിൽ
നരിക്കുനി
കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത്
കൊടുവള്ളി
നരിക്കുനി
കൊടുവള്ളി
ആരാമ്പ്രം
1
2
3
4
5
6
ഗ്രാ. പഞ്ചാ. ഓഫീസ്
1. ചളിക്കോട്
2. എളേറ്റിൽ
3. കുറ്റ്യേങ്ങുവയൽ
4. കച്ചേരുമുക്ക്
5. ആവിലോറ
6. കത്തറമ്മൽ
പുഴ
തോട്
നിരത്ത്
പഞ്ചാ. നിരത്ത് ടാർ

വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്.

ചെയർമാൻ:

പി.പി. അബ്ദുറഹിമാൻ മാസ്റ്റർ

കൺവീനർ:

കെ.സി. മുഹമ്മദ് ബഷീർ

1. കൃഷി, ജലസേചനം
   - സി. അബൂബക്കർ
   - കെ.കെ.സി. അബൂബക്കർ
   - വി. സുധീർ രാജ്
   - പി.കെ. ഷാജഹാൻ
2. മൃഗപരിപാലനം.
   - പി.സി. ജാഫർ
   - കെ.പി. ഷമീർ
   - കെ.കെ.അബ്ദുറഹിമാൻ കുട്ടിമാസ്റ്റർ
   - എം.പി. മൊയ്തീൻ മാസ്റ്റർ
3. വിദ്യാഭ്യാസം
   - എൻ.കെ. അബൂബക്കർ
   - കെ.കെ.അബ്ദുസ്സലാം
   - എൻ. സുബൈദ
   - കെ.ടി. അബ്ദുൽ നാസർ
4. ആരോഗ്യം, കുടിവെള്ളം
   - എം. അബ്ദുൽ സത്താർ മാസ്റ്റർ
   - മങ്ങലങ്ങാട്ട് മുഹമ്മദ്
   - ടി. മുരളീധരൻ
   - ടി.വി. അബ്ദുൽ മജീദ്
5. റോഡുകൾ, ഊർജ്ജം
   - എൻ.കെ. അഹമ്മദ്
   - പി.സി. അബ്ദുൽസലാം
   - കെ.കെ.സി. അബ്ദുൽസലാം
   - പി. മറിയം
6. ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനം
   - സി.പോക്കർ മാസ്റ്റർ
   - പി.ടി. ബിജു
   - എൻ.സി. ഉസ്സയിൻ
   - പി.എം. ഷൈലജ
7. സംസ്കാരം, കായികം
   - എം.എസ്. മുഹമ്മദ്
   - വി.കെ. അബൂബക്കർ
   - പി.പി. മുഹമ്മദ് ഫൈസൽ
   - സി. സതീഷ് കുമാർ
8. വ്യവസായം
   - സി. സുബൈർ
   - എം. അബ്ദുൽ മജീദ്
   - വി.കെ. അബ്ദുൽ മജീദ്
   - വി.കെ. അബ്ദുറഹിമാൻ
   - ടി.ഡി. മൊയ്തീൻ മാസ്റ്റർ
9. സഹകരണം.
   - പി.എം. അബ്ദുൽ ഹമീദ്
   - ടി.കെ മുഹമ്മദ് കോയ
   - എൻ.കെ. സുരേഷ്
   - കെ.കെ. അബ്ദുറഹിമാൻ കുട്ടി
10. വനിതാ ക്ഷേമം
    - കെ.കെ. അബ്ദുൽ നാസർ
    - കെ. കാർത്ത്യായനി
    - പി. സരിത
    - കെ.പി. മൈഥിലി
11. പട്ടികജാതി പട്ടികവർഗ്ഗം
    - കെ.പി. നസീർ
    - വി.എം. ബാബുരാജ്
    - എം.പി. അബ്ദുൽ മജീദ്
    - പി.മൊയ്തീൻ കുഞ്ഞി മാസ്റ്റർ
12. വിഭവസമാഹരണം.
    - പി.പി. അബ്ദുറഹിമാൻ മാസ്റ്റർ
    - വി.കെ. ആയിഷക്കുട്ടി
    - എൻ.ടി. ഇബ്രാഹിം മുസ്ളാർ
    - കെ.സി മുഹമ്മദ് ബഷീർ



അധികാരം ജനങ്ങളിലേക്ക്